Go to CONTENTS



ഫ്യൂഡൽ ഭാഷാ മാനസിക അന്തരീക്ഷം ദക്ഷിണേഷ്യയിൽ

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചരിത്രത്തെക്കുറിച്ചുള്ള ഒരു അനുഭാവ്യ ചിത്രീകരണം Volume 1

VED from VICTORIA INSTITUTIONS

It is foretold! The torrential flow of inexorable destiny!

Other books!

Go to CONTENTS

ഫ്യൂഡൽ ഭാഷാ മാനസിക അന്തരീക്ഷം ദക്ഷിണേഷ്യയിൽ

An Impressionistic History of the South Asian Subcontinent – Vol 1

by

VED from VICTORIA INSTITUTIONS

It is foretold! The torrential flow of inexorable destiny!

VICTORIA INSTITUTIONS

Aaradhana, **DEVERKOVIL** 673508 India

www.victoriainstitutions.com

admn@victoriainstitutions.com

Telegram: **https://t.me/VICTORIA_INSTITUTIONS**

Telegram HomePage: **https://t.me/VI_Home/8**

Other books!

Direct ENGLISH and other classes via TELEGRAM.

Or Search inside Telegram for : DEVERKOVIL Inc.

Other books!

Whatappലൂടെ ഏതാണ്ട് 2016 മുതൽ നിരന്തരമായി പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുന്ന ഒരു എഴുത്തു പരമ്പരയാണ് ഇത്.

ദക്ഷിണേഷ്യൻ ചരിത്രത്തേയും, അവിടെ സംഭവിച്ച കാര്യങ്ങളേയും തികച്ചും വ്യത്യസ്തമായി കാണുന്ന ഒരു എഴുത്താണ് ഇത്.

ചരിത്രം എഴുതിത്തുടങ്ങുന്നതിന് മുൻപായി, ഈ പ്രദേശത്തുള്ള വ്യത്യസ്ത ജനങ്ങളെ വ്യക്തമായി തിരിച്ചറിയാനും അവരുടെ യഥാർത്ഥ പാരമ്പര്യങ്ങളും, മാനസിക ഭാവങ്ങളും, അവരിൽ യാന്ത്രികമായി പ്രകോപനം സൃഷ്ടിക്കുന്ന നിഗൂഢ ഭാഷാ കോഡുകളും, അങ്ങിനെ പലതും ആദ്യംതന്നെ വ്യക്തമാക്കാനാണ്, ഈ എഴുത്തിന്റെ ആദ്യ ഭാഗങ്ങൾ ശ്രമിക്കുന്നത്.

ദക്ഷിണേഷ്യയിൽ ഉള്ള ഫ്യൂഡൽ ഭാഷകളേയും അവയിൽ ആന്തരികമായി അടങ്ങിയിരിക്കുന്ന അതീവ അപകടകാരികളായ കോഡുകളേയും നിർവ്വചിച്ചും വിശദീകരിച്ചും ആണ് ഈ എഴുത്ത് മുന്നോട്ട് നീങ്ങുന്നത്.

ഈ എഴുത്തിന്റെ മുഴുവൻ രൂപവും Telegramൽ കാണാവുന്നതാണ്. അത് കമ്പ്യൂട്ടറിലൂടേയും സ്മാർട്ട്ഫോണിലൂടേയും വായിക്കാവുന്നതാണ്. Telegramൽ SouthAsiahistory എന്ന് തിരയുക. അപ്പോൾ ഈ എഴുത്തിന്റെ ചാനൽ കണ്ടെത്താൻ ആവും.

ഈ പതിപ്പ് നിങ്ങൾക്ക് സ്വന്തമായി പ്രിന്റ് ചെയ്യാൻ സൌകര്യപ്രദമായ രീതിയിൽ ആണ് ഡിസൈൻ ചെയ്യപ്പെട്ടിട്ടുള്ളത്.

First published in 2016

This print version edition published in January 2020

©VICTORIA INSTITUTIONS

All rights reserved

1. അവതാരികയുടെ അവതാരിക 1
2. അഹംതത്ത്വാത്മകമോ വസ്തുനിഷ്ഠമോ 3
3. എഴുത്തുകാരൻ്റെ വ്യക്തിപരമായ കുറവുകൾ 5
4. ആപേക്ഷിക മേൽക്കോയ്മയുടെ തെളിവുകൾതേടി 7
5. ഫ്യൂഡൽ ഭാഷകളും പ്ളെയ്ൻ ഭാഷകളും 9
6. ചരിത്രവും ഭാഷാ കോഡുകളും 11
7. ഭാഷാകോഡുകൾക്ക് മനുഷ്യമനസ്സിന്മേലുള്ള സ്വാധീനം 15
8. മലബാറിയും മലയാളവും 17
9. ചുറ്റിക പ്രഹരം ഏൽപ്പിക്കുന്ന വാക്ക്-കോഡുകൾ 21
10. വാക്ക്കോഡുകളുടെ പ്രഹരം ഏൽക്കുമ്പോൾ 23
11. ഒരു ഇങ്ഗ്ളിഷ് രാജ്യത്തിൽ കാപ്പിരികൾക്കുണ്ടായ അനുഭവം 25
12. ആരെ അകറ്റിനിർത്തേണം 27
13. മനോവിഭ്രാന്തി ഉളവാക്കുന്ന വാക്ക്-കോഡുകൾ 29
14. കപട മനോഭാവത്തിൻ്റെ കോഡുകൾ 31
15. ആത്മാഭിമാനവും മറിച്ചിടാനുള്ള വെപ്രാളവും 33
16. ഇരുത്തേണ്ടടിടത്ത് ഇരുത്തേണം എന്നതിൻ്റെ കോഡുകൾ 37
17. പീക്കിരിത്തരത്തിൻ്റെ മാനസിക കോഡുകൾ 39
18. പരുക്കൻ പ്രതികരണത്തിൻ്റെ കോഡുകൾ 43
19. വ്യക്തമല്ലാത്ത വ്യക്തിത്തം 45
20. മോശമായത് പടരുന്നു, നല്ലത് അപ്രത്യക്ഷമാകുന്നു 47
21. മുകൾപ്പരപ്പ് മുഷിഞ്ഞതെങ്ങിനെ 49
22. സർക്കാർ തൊഴിലാളികളും സാധാരണ തൊഴിലാളികളും 51
23. താഴെക്ക് പിടിച്ച് വലിക്കുന്നതെങ്ങിനെ 53
24. ഇങ്ഗ്ളിഷ് പഠിപ്പിക്കുന്നതിനോടുള്ള എതിർപ്പ് 55
25. നിലവാരത്തകർച്ച നേരിടുന്ന ഇങ്ഗ്ളിഷ് 57
26. വിരസമായ ഇങ്ഗ്ളിഷ് പഠനത്തിൻ്റെ ഉത്തരവാദിത്വം 59
27. നിലവിട്ടുള്ള കാര്യക്ഷമത 61
28. അമിത വിധേയത്വവും സാമൂഹിക വളർച്ചയും 63
29. ഭാഷാപരമായ കുണ്ടും കുഴിയും 65
30. ഒരു വിധേയൻ്റെ അനിവാര്യത 67
31. നിഷേധാത്മതകളുടെ ഉറവിടം 69

32. ബഹുമാനത്തിനായുള്ള അത്യാഗ്രഹം	71
33. ഇന്ത്യൻ ഭരണഘടനയുടെ മൌലിക ഘടന	73
34. ബ്യട്ടണിലെ അവസ്ഥ	75
35. ഇന്ത്യൻ പൌരന്റെ നൈസർഗികമായ അവകാശങ്ങൾ	77
36. അവകാശങ്ങൾ ഫ്യൂഡൽ ഭാഷകളിലേക്ക് തർജ്ജമചെയ്യുമ്പോൾ	79
37. മൂന്ന് വ്യത്യസ്ത നിലവാരത്തിലുള്ള പൌരത്വം	81
38. നിഗൂഡ കോഡുകൾ നിർവ്വീര്യമാക്കുന്നതെങ്ങിനെ	83
39. എളുപ്പപ്പണികളിലൂടെ കാര്യങ്ങൾ നേടാനായുള്ള വെമ്പൽ	85
40. പ്രാദേശിക സംസ്ക്കാരത്തിന് അനുസൃതമായുള്ള ഭരണഘടന	87
41. ചരിത്രത്തിൽനിന്നും ഒരു ജനകീയ മുന്നേറ്റത്തിന്റെ കഥ	89
42. പുതിയ സവർണ്ണർ	91
43. രാഷ്ട്രം ഫ്യൂഡൽ ഭാഷാ കോഡുകൾക്ക് കീഴടങ്ങുമ്പോൾ	93
44. പാഠപുസ്തകങ്ങളിലെ തരിശായ വിഢ്ഢിത്തങ്ങൾ	95
45. George Washington എന്ന പമ്പരവിഢ്ഢി	97
46. ഇങ്ഗ്ളിഷ് കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ	99
47. ഭരണഭാഷ മലയാളമാകുമ്പോൾ ഉളവാകുന്ന പ്രശ്നങ്ങൾ	103
48. ആര് ആരെ ബഹുമാനിക്കേണം	105
49. പാരമ്പര്യ സംസ്ക്കാരം തിരിച്ചുവന്നാൽ	107
50. താഴെപ്പെടുന്നരുടെ തമ്മിൽത്തമ്മിലുള്ള മത്സരം	111
51. 'അവൻ' 'അദ്ദേഹം' ആകുമോ എന്ന ഭയം	113
52. ഭാഷാ കോഡുകളുടെ പ്രഹരശക്തി	115
53. സമൂഹത്തെ മലക്കം മറിക്കാനാവുന്ന ഹ്രസ്വശബ്ദം	119
54. മലബാറിൽ കുട്ടിരാജാക്കളുടെ അധികാരം അസ്തമിക്കുന്നു	121
55. പക്ഷപാതപരമായ ഒരു നിയമം	123
56. സർക്കാർ തൊഴിലാളികളുടെ ഒരു അധികാരം	127
57. അക്രമാസക്തമായ പ്രകോപനത്തിന്റെ കോഡുകൾ	129
58. അസഭ്യത്തിന്റെ ദിശാഘടകാംശം	131
59. ധൈര്യം കാണിക്കലിലൂടെയുള്ള ആത്മമൂല്യ വർദ്ധനവ്	135
60. ധൈര്യമല്ലാത്ത ധൈര്യം	137
61. ഐപിഎസ്സ് ഓഫിസറുടെ ഇങ്ഗ്ളിഷ് അനുഭവം	139
62. ബ്യട്ടിഷുകാർ ഇന്ത്യൻ പോലീസ് സ്റ്റേഷനിൽ	143

63. സമത്വത്തിന്റെ മൂന്ന് നിലവാരങ്ങൾ 145

64. വാക്ക്കോഡുകളാൽ പിടിച്ച് താഴ്ത്തി സമത്വപ്പെടുത്തുന്നത് 147

65. സമത്വത്തിലൂടെ തരംതാഴ്ത്തപ്പെടുന്നത് 149

66. അടിക്കാനും, ചവിട്ടാനും, അസഭ്യം പറയാനും ഉള്ള അധികാരം 153

67. ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ കവചമില്ലാതെ ഇങ്ഗ്ളിഷ് ഭാഷാ കോഡുകൾ അകപ്പെട്ടുപോയാൽ 157

68. ബ്യട്ടിഷ് നാവികർ ഇന്ത്യൻ ജെയിലിൽ 159

69. സ്പർശ്യവേദ്യമല്ലാത്ത പൈശാചികത 163

70. ഉള്ളുതുറക്കുന്നതിലെ ആപത്ത് 165

71. കീഴെയുള്ളവരെ ഇങ്ഗ്ളിഷ് പഠിക്കുന്നതിൽനിന്നും നിരുത്സാഹപ്പെടുത്തേണം 167

72. ഭാഷാപരമായി ഉളവാകുന്ന ജാതിവ്യവസ്ഥ 169

73. അറബിക്കടലിൽ എന്താണ് എറിയേണ്ടത്? 171

74. നിർവ്വചിക്കപ്പെടനാവാത്ത പൈശാചികത 173

75. സൌകര്യങ്ങൾ നൽകിയാലുള്ള വിന 175

76. ഇങ്ഗ്ളിഷ് സമൂഹങ്ങൾ തകിടംമറിക്കപ്പെടുന്നതെങ്ങിനെ 177

77. അവകാശം പ്രസ്താവിച്ചാൽ, എന്തുസംഭവിക്കും? 179

78. 'അവൻ' 'അദ്ദേഹത്തെ' അടിച്ചിട്ടാൽ 181

79. തട്ടിപ്പിലൂടെയുള്ള ഒരു ഐതിഹാസികത 183

80. തൊൽക്കുന്നതിനും ഒരു നിലവാരമുണ്ട് 187

81. വാക്കുകൾ വിക്രിയങ്ങൾ കാട്ടുന്നതെങ്ങിനെയെല്ലാം 191

82. വാക്ക് കോഡിൽ നാറിപ്പോയാൽ, പിന്നെ ജീവിച്ചിട്ടെന്ത് കാര്യം 195

83. ഫ്യൂഡൽ ഭാഷകളിലെ മാസ്മരിക സൌന്ദര്യം 199

84. വിട്ടുവീഴ്ചയും മഹാമനസ്കതയും, വിവരക്കേടും കഴിവില്ലായ്മയും ആവുന്ന അന്തരീക്ഷം 201

85. വാക്കുകളുടെ ബാഹുല്യം 203

86. ഭാഷയും മുഖഭാവവും 205

87. ഇങ്ഗ്ളണ്ടിലേക്ക് ഇരച്ചുകയറുന്ന പൈശാചികത 207

88. പേനത്തുമ്പിലൂടെ മറ്റുള്ളവരെ തരംതാഴ്ത്തുന്ന കഴിവ് 209

89. ചെറിയൊരു സ്വാതന്ത്ര്യം അമിത സ്വാതന്ത്ര്യമാകുന്നതെങ്ങിനെ 213

90. അടിമത്തത്തിലൂടെ മാനസിക ഔന്നിത്യത്തിൽ എത്തിയവർ 215

91. യൂഎസ്സ്എയിലെ അടിമത്ത ചിത്രങ്ങൾ 219

92. അടിമത്തത്തെക്കാൾ മോശമായ അവസ്ഥ 225

93. ഇരുത്തേണ്ടിടത്ത് ഇരുത്താനുള്ള വാക്ക് കോഡുകൾ ഇല്ലെങ്കിൽ 229

94. ഇങ്ഗ്ളിഷിൽ പറഞ്ഞറിയിക്കാൻ വാക്കുകളില്ലാത്ത കാര്യങ്ങൾ 231

95. കൂടുതൽ സ്വീകാര്യമായ അടിമത്തം ഏത് 233

96. ഇങ്ഗ്ളിഷിൽ എന്താണ് ദിവ്യമായിട്ടുള്ളത് 235

97. നാറുന്ന നിർവ്വചനം എങ്ങിനെ ഇങ്ഗ്ളിഷ് വാക്യത്തിൽ ഒളിപ്പിക്കുന്നു 237

98. ഇങ്ഗ്ളിഷ് ഉപയോഗിക്കുന്ന മറ്റുള്ളവർ 239

99. ഫ്യൂഡൽ ഭാഷകളിലെ സാമൂഹീക പരിവർത്തകരുടെ ഉള്ളിലിരിപ്പ് 243

100. ബിലാത്തിയുമായൊരു ബന്ധത്തിന്റെ മെച്ചം 247

101. ദൈവവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സംഭാഷണങ്ങൾ 251

102. ഫ്യൂഡൽ ഭാഷകളും ഇസ്ലാമും 255

103. പ്രത്യയശാസ്ത്രങ്ങൾ ഫ്യൂഡൽ ഭാഷാകോഡുകൾക്ക് മുന്നിൽ പരാജയപ്പെടുന്നു 259

104. കുറുക്കുവഴികളിലൂടെ പ്രശ്നപരിഹാരത്തിന് മുതിരുന്നവർ 263

105. ഈ എഴുത്തിനെക്കുറിച്ച് 265

1. അവതാരികയുടെ അവതാരിക

കുറേ കാലമായി ചില കാര്യങ്ങൾ എഴുതണം എന്ന് ആഗ്രഹം ഉണ്ടായിരുന്നു. പലതും എഴുതിയിട്ടുണ്ട് എന്നുള്ളത് വാസ്തവമാണ്. എന്നാൽ ഇതിൽ മിക്കതും ഇങ്ഗ്ളിഷിലാണ്.

പലപ്പോഴും 'ഇന്ത്യൻ' ചരിത്രം എന്ന് ഔപചാരിക വിദ്യാഭ്യാസപരമായി കാണപ്പെടുന്ന പലതും, തെറ്റാണ് എന്ന ധാരണ ഉണ്ടാവാറുണ്ട്. ഏതാണ്ട് 75000 രൂപ മാസ ശമ്പളമായി ലഭിക്കുന്ന ചരിത്ര പ്രൊഫസർമാർക്ക് പലതും എഴുതാനും പ്രസിദ്ധീകരിക്കാനും ആവും, ഈ പാഴ്‌വേലക്കുള്ള പാശ്ചമയം ലഭിക്കും. വിക്കീപീഡിയ പോലുള്ള ഇടങ്ങളിൽ ഇന്ത്യൻ പേജുകൾ ഇക്കൂട്ടർ കൈവശപ്പെടുത്തിയിരിക്കുകയാണ്.

ഇതിനെയെല്ലാം ഖണ്ഡിച്ച് എഴുതുക എന്നുള്ളത് അത്ര എളുപ്പമുള്ള കാര്യമല്ല. സ്വന്തം സമയവും സാമ്പത്തികവും ചിലവാക്കേണ്ടിവരും.

എഴുതിയാൽത്തന്നെ ഇത് ആരുടേയും ശ്രദ്ധയിൽപെടുത്താൻ പ്രയാസം തന്നെയാണ്. മാത്രവുമല്ല, ശ്രദ്ധയിൽ പെടുത്തിയാൽ തന്നെ, നീണ്ടലേഖനങ്ങൾ വായിപ്പിക്കാൻ പ്രയാസകരമാണ്. കാരണം, അത്രയ്ക്ക് അധികം എഴുത്തുകളാണ് എല്ലായിടത്ത് നിന്നും പുറത്ത് വരുന്നത്.

ഇന്ന് ഏറ്റവും അരോചകമായിട്ടുള്ള എഴുത്ത്, പിഎച്ച്ഡി ഡോക്ടറൽ തീസിസുകളാണ് (PhD Doctoral Thesis). മിക്കതും വെറും സമയംപോക്ക് ഏർപ്പാടും, എന്തെങ്കിലും പ്രത്യേക ഉപകാരമോ, വിവരമോ ഉള്ളതു അല്ല. ഇവ സാധാരണ ജനങ്ങളുടെ ശ്രദ്ധയിൽ വരുന്നില്ലായെങ്കിലും, വിദഗ്ദ്ധ വിഷയ ചർച്ചാ ഇടങ്ങളിൽ ഈ ഡോക്ടറൽ തീസിസുകൾ ഒരുതരം തരംതാഴ്ന്ന പ്രളയം തന്നെ സൃഷ്ടിച്ചിട്ടുണ്ട്.

ഈ പ്രശ്നങ്ങളെ മുന്നിൽ കണ്ടുകൊണ്ടു തന്നെയാണ് ഈ എഴുത്ത് ആരംഭിക്കാൻ പോകുന്നത്.

ഈ എഴുത്ത് എല്ലാ ദിവസവും തുടരണം എന്ന് ആഗ്രഹിക്കുന്നുണ്ട്. ആവുമോ എന്ന് അറിയില്ല.

Go to CONTENTS

2. അഹംതത്ത്വാത്മകമോ വസ്തുനിഷ്ഠമോ

പണ്ട് ഒരു 'വിദ്വാൻ' എന്റെ എഴുത്തുകൾക്ക് ഉള്ള ഒരു പോരായ്മ എന്താണ് എന്ന് എന്നോട് പറഞ്ഞിരുന്നു. അവ മുഴുവനും Subjective ആണ് എന്നും, ഒട്ടുംതന്നെ Objective അല്ലായെന്നും.

ഈ ആൾ ഉദ്ദേശിച്ചത്, ഞാൻ എഴുതുന്നത് എല്ലാംതന്നെ എന്റെ വ്യക്തിപരമായ തോന്നലുകളോ, അല്ലെങ്കിൽ വ്യക്തിപരമായ അനുഭവങ്ങളോ ആണ് എന്നും, യാഥാർത്ഥ്യ ബോധം ഇല്ലാത്തതുമാണ് എന്നാണ്.

എന്നിരുന്നാലും ഈ Subjective / Objective പ്രശ്നം ഈ എഴുത്തുകളെ എങ്ങിനെ ബാധിക്കുന്നു എന്ന് ഒന്ന് സൂചിപ്പിച്ചിട്ട് മുന്നോട്ട് നീങ്ങാം.

ഒരാൾ ഡ്രൈവിങ്ങ് ലൈസൻസിനായി അപേക്ഷിക്കുന്നു. അതിനായുള്ള ഫീസ് ആർടിഓ ഓഫിസിൽ പോയി അടക്കുന്നു. അതിന് ശേഷം Driving Learner's Test പരീക്ഷ എഴുതി പാസാകുന്നു. ഈ ലൈസൻസ് നൽകുന്ന സൌകര്യം ഉപയോഗിച്ച്, ഒരു പരിശീലകന്റെ സഹായത്താൽ ഒരു കാർ ഓടിച്ച് പഠിക്കുന്നു.

അതിന് ശേഷം മുഖ്യ Driving Testന് അപേക്ഷിക്കുന്നു. അതിന് ശേഷം Driving Testൽ പങ്കെടുക്കുന്നു. ആ ആളുടെ ഡ്രൈവിങ്ങിലുള്ള നൈപുണ്യം മനസ്സിലാക്കി, അയാൾക്ക് Driving Licence അനുവദിച്ചുകൊണ്ടുള്ള രേഖ ആർടിഓ ഓഫിസ് നൽകുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ അയാൾക്ക് Driving Licence ലഭിക്കുന്നു.

ഇതാണ് Driving Licenceനെ സംബന്ധിച്ചുള്ള Objective ആയുള്ള വിവരണം.

എന്നാൽ, യഥാർത്ഥിൽ ഇങ്ങിനെ ലളിതമായുള്ളതല്ല Driving Licence ലഭിക്കാനുള്ള നടപടിക്രമം. യഥാർത്ഥത്തിൽ ഉള്ള അനുഭവം തന്നെ ഏറ്റവും കുറഞ്ഞത് രണ്ട് വ്യത്യസ്ഥ രീതിയിലുള്ളതാവാം. ഒന്ന് ഡ്രൈവിങ്ങ് സ്ക്കൂൾ പറയുന്ന പണം നൽകുക. ഇതിൽ, ആർടിഓ ഓഫിസിലെ ജീവനക്കാർക്ക് കൈക്കൂലിയായി നൽകാനുള്ള വിഹിതം ഉൾപ്പെടും.

Other books!

ഇത് നൽകപ്പെട്ടാൽ, Driving Licence ലഭിക്കാൻ എളുപ്പമാണ്. നേരത്തെ പറഞ്ഞ Objective വിവരണത്തിൽ ഈ കൈക്കൂലിപ്പണം എന്ന അതി പ്രധാനമായുള്ള ഘടകത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടില്ല.

കൈക്കൂലിപ്പണം നൽകാതെ, ഡ്രൈവിങ്ങിൽ നല്ല നൈപുണ്യം ഉണ്ട് എന്ന 'ധിക്കാരപരമായ' ധാരണയോടുകൂടി, വെറും സർക്കാർ ഫീസ് മാത്രം നൽകി ഡ്രൈവിങ്ങ് ലൈസൻസിനായി അപേക്ഷിച്ചാൽ, ലഭിക്കുന്ന അനുഭവം വേറയാകാൻ സാധ്യതയുണ്ട്.

ഈ രണ്ട് അനുഭവങ്ങളും വിവരിച്ചാൽ, അത് ആദ്യം സൂചിപ്പിച്ച Objectiveൽ നിന്നും വ്യത്യസ്തമായിരിക്കും. എന്നാൽ അവ വെറും Subjective ആണ് എന്ന് വേണമെങ്കിൽ പറയാം. കാരണം, വെറും വ്യക്തിപരമായ അനുഭവമല്ലെ?

ഈ പ്രകാരമുള്ള ഒരു Subjective സ്വഭാവം എന്റെ എഴുത്തുകൾക്ക് ഉണ്ട്. ഇത് ഒരു പോരായ്മയായി കാണാമെങ്കിലും, വ്യത്യസ്തമായി നിന്ന് കാര്യങ്ങൾ അനുഭവിക്കുമ്പോൾ, പൊതുവായുള്ള കീഴ്വഴക്കങ്ങളിലൂടെ നീങ്ങാതിരുന്നാലും, ചിന്തിക്കാതിരുന്നാലും, സാധാരണയായി അറിവ് ലഭിക്കാത്ത പലതും അനുഭവിച്ചേക്കാം.

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചരിത്രം എഴുതുമ്പോൾ, മുകളിൽ സൂചിപ്പിച്ച Subjective കാര്യം (കൈക്കൂലിപ്പണം എന്ന അതി പ്രധാനമായുള്ള ഘടകത്തെക്കുറിച്ചുള്ള സൂചന) പലപ്പോഴും സൂചിപ്പിക്കപ്പെടാതെ പോകുന്നുണ്ട് എന്നുള്ളതാണ് വാസ്തവം.

3. എഴുത്തുകാരന്റെ വ്യക്തിപരമായ കുറവുകൾ

ചരിത്രം എഴുതാൻ തുടങ്ങുന്നതിന് മുൻപായി ഏതാനും കാര്യങ്ങൾ പ്രസ്താവിക്കാനുണ്ട്.

ആദ്യം പറയാനുള്ളത് ഭാവത്തെക്കുറിച്ചാണ്.

ഈ എഴുത്തുകാരൻ അതി ബുദ്ധിമാനും വിവരമുള്ള ആളും, മറ്റുള്ളവർ ബുദ്ധികുറഞ്ഞവരും, വിവരമില്ലാത്തവരും ആണ് എന്ന യാതോരു വിചാരവും ഈ എഴുതുന്ന ആൾക്ക് ഇല്ലതന്നെ.

സമൂഹത്തിന്റെ പലതട്ടുകളിലുള്ളവരുമായി കാര്യമായിത്തന്നെ ഇടപഴകി പരിചയമുള്ളതിൽ നിന്നും നേരിട്ടു മനസ്സിലാക്കിയിട്ടുള്ള കാര്യം ബുദ്ധിയും വിവരവും പല തരത്തിൽ മിക്ക ആളുകളിലും ഉണ്ട് എന്നുള്ളതാണ്.

എന്നാൽ ഈ ഉപദ്വീപിലെ ആൾക്കാർക്ക് പ്രത്യേകമായും, ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്ന എല്ലാ ജനതകൾക്കും പൊതുവായും മറ്റ് ചില പരാതീനതകൾ ഉണ്ട് എന്നുള്ളതാണ് കാണാൻ പറ്റിയിട്ടുള്ളത്. അവ എന്താണ് എന്നത് പിന്നീട് പ്രസ്താവിക്കുകയും വിശദീകരിക്കുകയും ചെയ്യാം.

ഈ എഴുത്തുകാരന്റെ എഴുത്തുകൾക്ക് ഒരു പരാധീനത ഉണ്ട്. അത് ഈ പ്രദേശത്തിലുള്ള ജനങ്ങളിൽ കാണുന്ന ഒരു പൊതുവായുള്ള സ്വഭാവവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ആ പ്രശ്നവും ഈ പ്രദേശത്തിലെ ഉച്ചനീചത്വ ഭാഷാകോഡുകളുടെ ഒരു പ്രതിഫലനമാണ്.

ഈ ഉപദ്വീപിൽ പല ഭാഷക്കാരും പല മതസ്ഥരും, വ്യത്യസ്ത നിലവാരത്തിൽ കുടുക്കി നിർത്തപ്പെട്ടിട്ടുള്ള ജാതികളും, തൊഴിലുകാരും ഉണ്ട്. പലതരം മാനസിക പ്രതിഭാസങ്ങൾ ഇവരിൽ ഭാഷാകോഡുകൾ സൃഷ്ടിച്ചിട്ടുണ്ട്.

അതിൽ ഇവിടെ വളരെ പ്രസക്തമായിട്ടുള്ളത് എല്ലാ മതസ്ഥർക്കും ജാതിക്കാർക്കും വളരെ കാര്യമായും, ചില ഭാഷക്കാർക്കെങ്കിലും ചെറുതായെങ്കിലും കണ്ടുവരുന്ന കുലീനതാ പാരമ്പര്യ അവകാശവാദമാണ്. ഈ കാര്യം പിന്നീട് വിശദമായി പ്രതിപാദിക്കാം.

എന്നാൽ ഇവിടെ പറയാനുള്ളത്, ഈ എഴുത്തുകരന്‍റെ എഴുത്തിന് പലപ്പോഴും, ആരെയും പ്രത്യേകമായി പുകഴ്ത്താതെ, സംഭാവ്യമായ സത്യാവസ്ഥ യാതോരു വിട്ടുവീഴ്ചയും ഇല്ലതെ എഴുതുക എന്ന ഒരു പോരായ്മ ഉണ്ട് എന്നുള്ളതാണ്.

ഇത് പല ജാതിക്കാരെയും ഭാഷക്കാരെയും മതസ്ഥരെയും ചെറുതായെങ്കിലും ചൊടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇക്കൂട്ടരിൽ പെട്ടവർക്ക് ഈ എഴുത്തുകളിൽ മറ്റുള്ളവരെക്കുറിച്ചുള്ള വാസ്തവ വിവരങ്ങൾ കാണുന്നതിൽ സന്തോഷമേ ഉണ്ടാവാറുള്ളു.

ഈ പ്രശ്നത്തെക്കുറിച്ച് കുറച്ചു കൂടി എഴുതാനുണ്ട്. അടുത്ത എഴുത്തിലാകാം.

ഇത്രയും പറഞ്ഞ് നിർത്തുന്നതിന് മുൻപായി, മറ്റൊരു കാര്യം കൂടി രേഖപ്പെടുത്താൻ താൽപ്പര്യപ്പെടുന്നു. അത് ഇതാണ്:

ഈ എഴുത്തുകൾക്ക് വ്യക്തമായ തത്വസംഹിതയും ലക്ഷ്യവും മറ്റും ഉണ്ടെങ്കിലും, ആരെയും വ്യക്തിപരമായി അധിക്ഷേപിക്കുക, അപമാനിക്കുക, ആരോപണവിധേയനാക്കുക എന്നിവ ഈ എഴുത്തിന്‍റെ ലക്ഷ്യങ്ങളിൽ പെടുന്നകാര്യമല്ല.

എന്നാൽ, ചില ആളുകളുടെ വ്യക്തിപരമായ ചെയ്തികൾ ചരിത്ര സംഭവങ്ങളുടെ ഒഴുക്കിനെ സാരമായി ബാധിച്ചിട്ടുള്ളത് പറയുമ്പോൾ, ആ വ്യക്തിയെ പഴിചാരാൻ വേണ്ടി എഴുതുന്നതല്ല ആ വക കാര്യങ്ങൾ.

മറ്റുള്ളവരെ പഴിചാരി സ്വയം മാന്യനായി വിലസാനുള്ള ശേഷിയുള്ള ആളല്ല ഈ എഴുത്തകാരൻ. അങ്ങിനെ ശേഷിയുള്ള ആളുകൾ ഇല്ലാ എന്നും അഭിപ്രായപ്പെടുന്നില്ല.

4. ആപേക്ഷിക മേൽക്കോയ്മയുടെ തെളിവുകൾതേടി

ഈ ഉപദ്വീപിലെ വ്യത്യസ്ത ജാതിക്കാരിൽ, തമ്മിൽ തമ്മിൽ ആർക്കാണ് ആപേക്ഷിക മേൽക്കോയ്മയുള്ളത് എന്ന് തെളിയിക്കാനായി പലവിധ കഥകളും ബന്ധങ്ങളും അവകാശവാദങ്ങളും പറഞ്ഞ് ഫലിപ്പിക്കുന്നതിനെ കുറിച്ച് REV. SAMUEL MATEER തന്റെ NATIVE LIFE IN TRAVANCORE എന്ന ഗ്രന്ഥത്തിൽ 1883-ൽ ആശ്ചര്യത്തോടെ എഴുതിയിരിക്കുന്നത് കാണുക:

— the amount of research bestowed by each to discover local traditions, verbal derivations, analogies in ceremonies or usages, or anything whatever that might enable them to outvie rival castes — the contempt felt for the boasting of others — and the age-long memories of reported or imagined honours once enjoyed by them.

തർജ്ജമയുടെ തുടക്കം: പ്രാദേശിക ആചാരങ്ങൾ, പുരാവൃത്തങ്ങൾ, വാമൊഴിയായ അനുമാനങ്ങൾ, അനുഷ്ഠാനങ്ങളിലോ അല്ലെങ്കിൽ ആചാരങ്ങളിലോ ഉള്ള സാദൃശ്യം, അത് പോലെ, അവരോട് മത്സരിക്കുന്ന ജാതിക്കാരെ കടത്തിവെട്ടാനായി ഉപയോഗപ്രദമായ മറ്റെന്തും - മറ്റുള്ള പക്ഷക്കാരുടെ വീമ്പുപറച്ചിലോട് ഉള്ള പുച്ഛം - പോരാത്തതിന് അവരുടെ പക്ഷക്കാർക്ക് പഴമയിൽപറയപ്പെടുന്ന സംഭവവിവരണങ്ങളിൽ ഉള്ളതോ അല്ലെങ്കിൽ സാങ്കൽപ്പികമോ ആയിട്ടുള്ള സാമൂഹിക പൂജ്യത, കുലീനത, ശ്രേഷ്ഠപദവി തുടങ്ങിയവ ഓരോ കൂട്ടരും കണ്ടെത്താനായി കാട്ടുന്ന ഉൽസാഹം. തർജ്ജമയുടെ അന്ത്യം.

ഈ ചെറിയ കുറിപ്പ് തിരുവിതാംകൂർ രാജ്യത്തിനെക്കുറിച്ചാണ് രേഖപ്പെടുത്തിയിട്ടുള്ളത് എങ്കിലും, ഇന്ന് പാക്കിസ്ഥാൻ, ഇന്ത്യ, ബങ്ഗ്ളാദേശ് തുടങ്ങിയ രാജ്യങ്ങൾ ഉൾക്കൊള്ളുന്ന ഈ ഉപദ്വീപിലെ മിക്ക സ്ഥലങ്ങൾക്കും ബാധകമാണ് ഈ പുരാവൃത്തം.

ഈ പ്രദേശത്തിലെ ചരിത്രം ഫലപ്രദമായി മനസ്സിലാക്കണമെങ്കിൽ ഈ പ്രദേശത്തിലുള്ള ഭാഷാകോഡുകളെക്കുറിച്ച് കാര്യമായ വിവരം ഉണ്ടായേതീരൂ. കാരണം, ഈ ഭാഷാകോഡുകൾ ഈ പ്രദേശത്ത് വസിച്ചിരുന്ന എല്ലാ ജനക്കൂട്ടങ്ങളുടേയും ചെറുതും വലുതുമായ എല്ലാ പെരുമാറ്റങ്ങളെയും ജീവിതചര്യയേയും വ്യക്തിബന്ധങ്ങളെയും കാര്യമായിത്തന്നെ സ്വാധീനിച്ചിട്ടുണ്ട്.

അതിനാൽ തന്നെ ചരിത്രം എഴുതാൻ മുതിരുന്നതിന് മുൻപായി ഈ വിഷയത്തെക്കുറിച്ച് ചെറിയ തോതിൽ ഒരു വിവരണം നൽകാതെവയ്യ.

ഈ കാര്യം അടുത്ത എഴുത്തിൽ ആവാം എന്ന് വിചാരിക്കുന്നു.

5. ഫ്യൂഡൽ ഭാഷകളും പ്ളെയ്നാർ ഭാഷകളും

ഈ എഴുത്തുകാരൻ ചെറിയതോതിലുള്ള നിരീക്ഷണ-പരീക്ഷണ-പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഭാഷകളെ മുഖ്യമായി രണ്ടുതരത്തിൽ ഉള്ളതായി നിർവ്വചിച്ചിട്ടുണ്ട്. ഇങ്ഗ്ളിഷ് പോലുള്ള നിരപ്പുള്ള ഭാഷകളെ Planar (നിരപ്പുള്ള) languages എന്നും ജന്മികുടിയാൻ ഉച്ചനീചത്വകോഡുകളുള്ള ഭാഷകളെ Feudal (ഫ്യൂഡൽ) languages എന്നും വ്യത്യസ്തമായി തരംതിരിച്ചു.

ഇതുമായി ബന്ധപ്പെട്ട് 1989ൽ MARCH of the EVIL EMPIRES: English versus the feudal languages എന്ന പുസ്തകത്തിന്റെ കരട് രൂപം (ഡ്രാഫ്റ്റ്) എഴുതി. ഏതാണ്ട് 2000ന് ചുറ്റുപാടിൽ ഈ ഗ്രന്ഥം ഓൺലൈനായി പ്രസിദ്ധീകരിച്ചു.

ഈ ഗ്രന്ഥത്തിൽ ഭാഷ എന്നത് ഒരു സോഫ്റ്റ്‌വേറോ, അല്ലെങ്കിൽ ഒരു സോഫ്റ്റ്‌വേർ ആപ്ളിക്കേഷനോ ആണ് എന്ന ഒരു വാദം വച്ചിരുന്നു.

കുറെ വർഷങ്ങൾക്ക് ശേഷം ഭാഷകളുടെ യഥാർത്ഥകോഡുകളെക്കുറിച്ചുതന്നെ നേരിട്ട് നിരീക്ഷണം ചെയ്ത് തുടങ്ങിയപ്പോൾ, 'ഫ്യൂഡൽ' എന്ന പദം തന്നെ അപര്യാപ്തമായ ഒരു സാങ്കേതിക പദം ആണ് എന്ന് മനസ്സിലാക്കിത്തുടങ്ങി.

അങ്ങിനെയാണ് ഏതാനും വർഷങ്ങൾക്ക് മുൻപ് ഈ പദത്തിന് പകരം കൂടുതൽ ഉചിതമായിട്ടുള്ള സാങ്കേതിക പദപ്രയോഗം '3-D Virtual Arena-coded languages' ആണ് എന്ന് മനസ്സിലാക്കുകയും Pristine-English: What is different about it? എന്ന ഗ്രന്ഥത്തിൽ അത് ഉപയോഗിക്കുകയും ചെയ്തത്.

എന്നാൽ കൂടുതൽ സൌകര്യപ്രദമായി ഉപയോഗിക്കാൻ പറ്റുന്ന പ്രയോഗം 'ഫ്യൂഡൽ ഭാഷ' എന്നുള്ളത് തന്നെയാണ്.

ദക്ഷിണ ഏഷ്യൻ ഉപദ്വീപിലെ ഭാഷകളിൽ 'ജന്മികുടിയാൻ ഉച്ചനീചത്വ കോഡുകൾ' ഉണ്ട്. ഇത് ഒരു പുതിയ കണ്ടുപിടുത്തമാണ് എന്ന് അവകാശപ്പെടാൻ ആവുന്ന കാര്യമല്ല. കാരണം, ഈ പ്രദേശത്തിലുള്ള ഏവർക്കും ഇത് അറിവുള്ള കാര്യമാണ്.

ഈ കാര്യം വിക്കീപീഡിയയിലുള്ള ഭാഷാ പഠനത്തെക്കുറിച്ചുള്ള പേജിൽ കുറേവർഷങ്ങൾക്ക് മുൻപ് എഴുതിയപ്പോൾ, ഉടനടി അത് മായ്ക്കപ്പെട്ടു.

മലയാളം ഭാഷയെക്കുറിച്ചുള്ള പേജിന്‍റെ ചര്‍ച്ചാ (Talk) പേജില്‍ ഈ കാര്യം മലയാളം ഭാഷയുടെ സവിശേഷതകളില്‍ രേഖപ്പെടുത്തണമെന്ന് ഒരു സൂചന കൊടുത്തപ്പോള്‍, ആ പേജ് നിര്‍വ്വഹണം ചെയ്യുന്ന അമിത വിവരമുള്ള ഏതോ 'ഭാഷാ പണ്ഡിതന്‍' വന്ന് തികച്ചും പരിഹാസ വാക്കുകളോടെയും, വിദ്യാഭാസമില്ലാത്ത ആളുകള്‍ക്ക് എഴുതാനുള്ള സ്ഥലമല്ലാ വിക്കീപീഡിയ എന്ന ധ്വനിയും നല്‍കിക്കൊണ്ടും, തന്‍റെ കൈവശമുള്ള 'അഭിനവ ഇങ്ഗ്ളിഷ് ഭാഷാ പാണ്ഡിത്യം' കാട്ടിക്കൊണ്ടും (Yeah? എന്നപ്രയോഗം) ഈ എഴുത്തുകാരന്‍ എഴുതിയ സൂചന വെട്ടിക്കളഞ്ഞുകൊണ്ട് പേജില്‍ പ്രദര്‍ശിപ്പിക്കുകയും, പിന്നീട് പൂര്‍ണ്ണമായും മാച്ചുകളയുകയും ചെയ്തു.

2011ല്‍ മലയാളം ഭാഷ നിര്‍ബന്ധിച്ചു പഠിപ്പിക്കണമെന്ന് സര്‍ക്കാര്‍ കല്‍പ്പന വന്നപ്പോള്‍, ഫ്യൂഡല്‍ ഭാഷകള്‍ ഇന്ത്യന്‍ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങള്‍ക്ക് എതിരാണ് എന്നും, അവ ഈ നാട്ടിലെ പൌരന് ഭരണഘടന നല്‍കുന്ന ഭരണ യന്ത്രത്തിന് മുന്നിലുള്ള സമത്വത്തിനും, പൌരന് അവകാശപ്പെട്ടിട്ടുള്ള വ്യക്തിപരമായ അന്തസ്സിനും ഘടകവിരുദ്ധവുമാണ് എന്നും, ഈ വക ഭാഷകള്‍ ഈ രാജ്യത്ത് ഏറ്റവും കുറഞ്ഞത് മൂന്ന് വ്യത്യസ്ത നിലവാരത്തിലുള്ള പൌരന്മാരെ സൃഷ്ടിക്കുമെന്നും വാദിച്ചുകൊണ്ട് ഈ എഴുത്തുകാരന്‍ ബഹുമാനപ്പെട്ട കേരളാ ഹൈകോടതിയില്‍ നേരിട്ട് വാദിച്ചു. വാദഗതി പൂര്‍ണ്ണമായി ഈ ലങ്കില്‍ കാണാവുന്നതാണ്.

ഈ വാദങ്ങളില്‍ മലയാളവും ഒരു ഫ്യൂഡല്‍ ഭാഷയാണ് എന്ന് ചേര്‍ത്തിരുന്നു. എന്നാല്‍ സര്‍ക്കാര്‍ പക്ഷവും, റിറ്റ് പെറ്റിഷനില്‍ കക്ഷിചേര്‍ന്ന മലയാള ഭാഷാ സംരക്ഷണ സംഘടനയും, ഭാഷാ ശാസ്ത്രത്തില്‍ ഇങ്ങിനെയൊരു 'ഫ്യൂഡല്‍ ഭാഷ' എന്ന കാര്യം തന്നെയില്ലാ എന്ന് പറഞ്ഞ് ഈ വാദഗതിയെ നിലംപരിശാക്കാന്‍ ശ്രമിച്ചു.

ഈ ഉപദ്വീപിലെ ജനങ്ങളില്‍ ഒട്ടുമിക്കവര്‍ക്കും വ്യക്തമായോ അല്ലെങ്കില്‍ അവ്യക്തമായോ അറിവുള്ള കാര്യമാണ് ഈ പ്രദേശത്തുള്ള ഒട്ടുമിക്ക ഭാഷകളിലും ഉച്ചനീചത്വ വാക്ക് കോഡുകള്‍ ഉണ്ട് എന്നത്. ഇത് ഭാഷാ ശാസ്ത്രത്തിന് അറിവില്ല എന്നത് തന്നെ ഈ വക ശാസ്ത്രങ്ങളുടെ ആഴമില്ലാത്ത 'ഗഹന'തയെക്കുറിച്ചുള്ള ഒരു സൂചനയാണ്.

ഭാഷാ ശാസ്ത്രത്തിന് Honorific എന്ന ഒരു പ്രയോഗം അറിവുള്ളതാണ് എന്നുതോന്നുന്നു. എന്നാല്‍ ഈ പദപ്രയോഗം ഫ്യൂഡല്‍ ഭാഷാകോഡുകളെ ഉള്‍ക്കൊള്ളാന്‍ പര്യാപ്തമല്ല എന്നാണ് തോന്നുന്നത്.

6. ചരിത്രവും ഭാഷാ കോഡുകളും

ഈ ഉപദ്വീപിന്റെ ചരിത്രം എഴുതാൻ തുടങ്ങുമ്പോൾ, ഈ പ്രദേശത്തിലുള്ള ഭാഷകളിൽ ഉണ്ട് എന്ന് പറഞ്ഞ് സമർത്ഥിക്കപ്പെടുന്ന ഫ്യൂഡൽ ഭാഷാ സവിശേഷതളെക്കുറിച്ച് പ്രതിപാദിക്കേണ്ടി വരുന്നത് എന്ത് കൊണ്ടാണ്?

ചരിത്രത്തിൽ പലതും സംഭവിക്കും. അതിൽ പ്രതിപാദിക്കപ്പെടുന്നവർ നല്ലവരെന്നും ചിലർ ദുഷ്ടരെന്നും, ചിലർ ഗുണമേന്മയുള്ളവരെന്നും, അങ്ങിനെ പലതുമായി ആളുകളെ വേർതിരിച്ച് നിർവ്വചിക്കപ്പെട്ട് കാണും. എന്നാൽ വാസ്തവത്തിൽ പലപ്പോഴും ഓരോ ജനതയ്ക്കും അവരുടെ മുകൾത്തട്ടിലുള്ളവർക്കും, കീഴിലുള്ളവർക്കും ഉള്ള പല പൊതു സ്വഭാവങ്ങളും, പ്രതികരണങ്ങളും മാനസിക പെരുമാറ്റങ്ങളും മറ്റും അവർ സംസാരിക്കുന്നതോ, ജീവിക്കുന്ന ചുറ്റുപാടിലുള്ളതോ ഉള്ള ഭാഷയിൽ അന്തർലീനമായിട്ടുള്ള സാമൂഹിക രൂപകൽപനാ കോഡുകൾക്ക് അനുസൃതമായിരിക്കും.

ഇതിനെക്കുറിച്ച് കാര്യമായി ഇവിടെ പ്രതിപാദിക്കുന്നില്ല, ഇപ്പോൾ.

എന്നാൽ, എന്താണ് ദക്ഷിണ ഏഷ്യൻ ഉപദ്വീപിലെ ഭാഷകളുടെ പൊതുവായുള്ള മനുഷ്യ ബന്ധകോഡുകൾ എന്നത് തെളിച്ച് പറയാം.

ഇതിന് മുൻപായി ഇതും കൂടി പറയാം. ആഫ്രിക്ക, കിഴക്കൻ യൂറോപ്പ്, പടിഞ്ഞാറൻ യൂറോപ്പ്, ദക്ഷിണ അമേരിക്കൻ രാജ്യങ്ങൾ, ഏഷ്യയിലെ മറ്റ് രാജ്യങ്ങൾ തുടങ്ങിയ ഇടങ്ങളിലെ ഓരോ ഭാഷയ്ക്കും, വ്യത്യസ്തങ്ങളായ മനുഷ്യ ബന്ധ രൂപകൽപനാ കോഡുകൾ ഉണ്ടാവാം. ഇവ ഓരോന്നും ഏത് വിധത്തിലുള്ളതാണ് എന്ന് മനസ്സിലാക്കേണമെങ്കിൽ ആ ഓരോ ഭാഷയും പ്രത്യേകമായി പഠനത്തിന് വിധേയമാക്കേണ്ടിവരും.

ദക്ഷിണ ഏഷ്യൻ ഉപദ്വീപിലെ പല ഭാഷകൾക്കും ഉള്ള ഫ്യൂഡൽ രൂപഘടന ഇങ്ങിനെയാണ്.

ഇങ്ഗ്ളിഷിലെ YOU എന്ന പദത്തിനെ ഹിന്ദിയിൽ തൂ, തും, ആപ്പ്

എന്നും,

മലയാളത്തിൽ നീ, നിങ്ങൾ, സാർ (താങ്കൾ)

എന്നും,

ഇങ്ഗ്ളിഷിലെ HE എന്ന പദത്തിന്

ഹിന്ദിയിൽ ഉസ്സ്, ഉൻ എന്നും,

മലയാളത്തിൽ അവൻ, അയാൾ, സാർ (അവര്, അദ്ദേഹം)

എന്നൊക്കെയാണ്.

ഭാഷാ ശാസ്ത്രപരമായ കാര്യങ്ങൾ കൂടുതലായി ഇവിടെ പ്രതിപാദിക്കുന്നില്ല. കാരണം, ഇത് വളരെ വലിയ ഒരു വിഷയമാണ്.

ഇവിടെ ചെറുതായി ഒന്ന് സൂചിപ്പിക്കാനുള്ള സംഗതി ഉണ്ട്. മലയാളവും മലബാറിയും (മലബാറിലെ പാരമ്പര്യ ഭാഷ) തമ്മിൽ മനുഷ്യബന്ധ കോഡുകളിൽ കാര്യമായ വ്യത്യാസം ഉണ്ട്. കൂടുതൽ ഇവിടെ പ്രസ്താവിക്കുന്നില്ല.

ഫ്യൂഡൽ ഭാഷകളിൽ മനുഷ്യവ്യക്തിത്വത്തിലും, മനുഷ്യബന്ധങ്ങളിലും, സമൂഹത്തിന്റെ ഘടനയിലും, മറ്റും ഇങ്ഗ്ളിഷിൽ നിന്നും വീക്ഷിക്കുമ്പോൾ കാര്യമായ വ്യത്യാസം കാണാൻ പറ്റുന്നതാണ്.

അതിലേക്കും കടക്കുന്നില്ല.

എന്നാൽ പൊതുവായി പറയുകയാണെങ്കിൽ, മനുഷ്യനോട് അറപ്പ്, അമിത ബഹുമാനം, അമിതമായുള്ള വിദേയത്വവും, അത് ഇല്ലാതാകുമ്പോൾ ചതിക്കാനുള്ള മനോഭാവം, അമിതമായുള്ള കുശുമ്പ്, പിന്നിൽ നിന്നും കുത്താനുള്ള മാനസിക പ്രേരണ (പാരപണി), അച്ചടക്കത്തെക്കുറിച്ച് ഇങ്ഗ്ളിഷിൽ നിന്നും വ്യത്യസ്തമായ കാഴ്ചപ്പാട്, തൊഴിലാളി-തൊഴിലുടമാ ബന്ധത്തിൽ ഇങ്ഗ്ളിഷിൽ നിന്നും കാര്യമായ വ്യത്യാസം, തുടങ്ങി മനുഷ്യന്റെ ഒട്ടുമിക്ക കാര്യങ്ങളെയും ഇത് ബാധിക്കുന്നുണ്ട്.

ഉദാഹരണത്തിന്, ഒരാളെ കസേരയിൽ ഇരുത്തണമോ വേണ്ടയോ എന്നത് തീരുമാനിക്കാൻ അവസരം നൽകുന്ന കോഡുകൾവരെ ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്. ഇങ്ഗ്ളിഷിൽ നിസ്സാരമായി കണക്കാക്കപ്പെടുന്ന

പലതിനും സങ്കീർണ്ണങ്ങളായ സവിശേഷതകൾ ഫ്യൂഡൽ ഭാഷകളിൽ കാണപ്പെടുന്നുണ്ട്.

ഒരു തൊഴിലുടമ തന്റെ വേതനക്കാരിൽ ആരോടെങ്കിലും, ഒരു ഗ്ലാസ് ചായ കൊണ്ടുവരുവാൻ പറയുന്നതിൽ വരെ, പലപ്പോഴും താങ്ങാൻ പറ്റാത്ത സാമൂഹിക ഭാരം ഫ്യൂഡൽ ഭാഷകൾ നൽകും. ഒരു ഗ്ലാസ് ചായക്ക് യഥാർത്ഥത്തിൽ അത്രയ്ക്ക് ഭാരമൊന്നുമില്ലതന്നെ.

7. ഭാഷാകോഡുകൾക്ക് മനുഷ്യമനസ്സിന്മേലുള്ള സ്വാധീനം

മുന്നോട്ട് നീങ്ങുന്നതിന് മുൻപായി ഫ്യൂഡൽ ഭാഷകൾക്ക് മനുഷ്യ മനസ്സിന് മേലും, മനുഷ്യ വികാരങ്ങൾക്ക് മേലും, മനുഷ്യന്റെ ശാരീരിക രൂപകൽപനയുടേയും മേലും ഉള്ള സ്വാധീനശക്തിയെക്കുറിച്ച് കുറച്ച് കൂടി പ്രതിപാദിക്കാം എന്ന് കരുതുന്നു.

ആദ്യം ഒരു ചെറിയ ഉദാഹരണം എടുക്കാം.

സമൂഹത്തിലെ അറിയപ്പെടുന്ന മാന്യനായ മനുഷ്യൻ ഒരു നിയമപരമായ പ്രശ്നത്തിൽപ്പെട്ട് ഒരു ഐപിഎസ് ഓഫിസറെ വീട്ടിൽ പോയികാണുന്നു. ഐപിഎസ് ഓഫിസർ എല്ലാം കേട്ടതിന് ശേഷം, അയാളോട് ഇങ്ങിനെ പറയുന്നു, 'നീ എന്തിനാണ് ഇതെല്ലാം ചെയ്യാൻ പോയത്?'

തീർച്ചായും 'നീ' എന്ന പ്രയോഗം തരംതാഴ്ത്തിക്കൊണ്ടാണ് ഉപയോഗിച്ചിരിക്കുന്നത്.

എന്നാൽ ഇത് പറഞ്ഞത്, പോലീസ് വകുപ്പിലെ ഏറ്റവും ഉയർന്ന ജീവനക്കാരനാണ്. വലിയ പ്രശ്നം ഇല്ല. ചെറുതായൊന്നു താഴ്ന്നു അത്രമാത്രം.

കുറച്ച് നേരം വിഷാദത്തോടു കൂടി വരാന്തയിൽ ഇരിക്കുമ്പോൾ, ഐപിഎസ്സുകാരന്റെ വീട്ടു വേലക്കാരൻ അടുത്ത് വന്ന് അയാളോട് പറയുന്നു, 'നീ എന്തിനാണ് ഇതിനെല്ലാം പോയത്?'

ഇവിടെയും 'നീ' എന്ന പ്രയോഗം തരംതാഴ്ത്തിയാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ഈ പ്രാവശ്യം തരംതാഴ്ന്നത് കുത്തനെ സാമൂഹിക ഗർത്തത്തിലേക്കാണ്.

ഇങ്ങിനെയുള്ള നിസ്സാരം എന്ന് തോന്നാവുന്ന വാക്ക്-കോഡ് ഉപയോഗിച്ച് ആളെ മലക്കംമറിക്കുന്നത് പോലെ എടുത്ത് കുടയാനും എറിയാനും ഉള്ള കഴിവ് ഫ്യൂഡൽ ഭാഷകളുടെ വാക്ക്-കോഡുകൾക്ക് ഉണ്ട്.

ഉദാഹരണത്തിന്, പോലീസ് കോൺസ്റ്റബ്ൾ ഐപിഎസ് ഓഫീസറെ നീയെന്നോ, ഇഞ്ഞിയെന്നോ വളരെ സ്നേഹാദരങ്ങളോടുകൂടി സംബോധന ചെയ്താലും ഇതേ പോലുള്ള കുടച്ചിൽ അനുഭവപ്പെടും. വാക്ക്-

കോഡ് ആണെങ്കിൽ, ശരിക്കും കേൾക്കാൻപോലും പറ്റാത്ത ചെറിയൊരു ശബ്ദം മാത്രം.

8. മലബാറിയും മലയാളവും

ഇനി മറ്റൊരു ഉദാഹരണം എടുക്കാം. ഇത് മലയാളവും (വടക്കേ മലബാറിലെ) മലബാറിയും തമ്മിലുള്ള ഒരു നിസ്സാരമായ വാക്ക്-കോഡ് താരതമ്യപ്പെടുത്തലാണ്.

മലയാളത്തിൽ YOU എന്ന പ്രയോഗം സാറ്, അങ്ങുന്ന്, നിങ്ങൾ, താൻ, ഇയാള്, നീ തുടങ്ങി പലവാക്കുകളാലും ആണ്.

മലബാറിയിൽ, YOU എന്ന പ്രയോഗത്തിന് ഇഞ്ഞി എന്നും നിങ്ങൾ/ ഇങ്ങൾ എന്ന രണ്ട് പ്രയോഗങ്ങളേ ഉള്ളു (നിങ്ങളും ഇങ്ങളും തമ്മിൽ ചെറിയൊരു വ്യത്യാസം ഉണ്ട്. അത് ഇവിടെ ചർച്ചക്ക് ഇപ്പോൾ എടുക്കുന്നില്ല).

നിങ്ങൾ/ ഇങ്ങൾ വളരെ ഉയരത്തിലും, ഇഞ്ഞി വളരെ താഴെയും ആണ്.

ഇതേ പോലെ, HE എന്ന വാക്ക് മലയാളത്തിൽ, സാറ്, അദ്ദേഹം, അങ്ങുന്ന്, അങ്ങേര്, അയാൾ, പുള്ളി, പുള്ളിക്കാരൻ, അവൻ തുടങ്ങിയ വാക്കുകളാണ്. (വേറെയും വാക്കുകൾ ഉണ്ട്)

മലബാറിയിൽ, HE എന്ന പ്രയോഗത്തിന് ഓൻ, അയാൾ, മൂപ്പര്, ഓര്/ ഓല്, എന്ന പ്രയോഗങ്ങൾ ഉണ്ട്.

SHE എന്ന വാക്ക് മലയാളത്തിൽ സാറ്, മാഡം, മേഡം, അവര്, അയാൾ, പുള്ളി, പുള്ളിക്കാരി, അവൾ തുടങ്ങിയ പ്രയോഗങ്ങളാണ്. (വേറെയും വാക്കുകൾ ഉണ്ട്).

മലബാറിയിൽ, SHE എന്ന പ്രയോഗത്തിന് ഓള് എന്നും ഓര്/ ഓല് എന്ന രണ്ട് വ്യത്യസ്ത നിലവാരങ്ങളുള്ള പ്രയോഗങ്ങളാണ് മുഖ്യമായി ഉപയോഗിച്ചുവരുന്നത്.

ഇവിടെ ചർച്ചക്ക് ഈ SHE എന്ന വാക്ക് മാത്രം എടുക്കാം.

മലയാളത്തിൽ തൊഴിലിനുവരുന്ന സ്ത്രീയെക്കുറിച്ചും, ആ ആളോടും പലപ്പോഴും, അയാൾ, പുള്ളി, പുള്ളിക്കാരി, നിങ്ങൾ തുടങ്ങിയ വാക്കുകളാണ് തിരുവിതാംകൂറിൽ ഉപയോഗിക്കാറുണ്ടായിരുന്നത് എന്ന്

തോന്നുന്നു. ഇതിൽ 'അവൾ' എന്ന പ്രയോഗം പലപ്പോഴും ഉപയോഗിക്കില്ലായിരുന്നു.

അതേ അവസരത്തിൽ മലബാറിൽ, ബഹുമാനിക്കപ്പെടുന്ന സ്ത്രീയെ നിങ്ങൾ/ഇങ്ങൾ എന്ന് സംബോധന ചെയ്യുകയും, 'ഓർ/ഓല്' എന്ന് പരാമർശിക്കുകയും ചെയ്യും. എന്നാൽ ചെറിയതോതിൽ ഇത്രമാത്രം ബഹുമാനം നൽകാൻ പറ്റാത്ത ഏത് സ്ത്രീയേയും, വടക്കെ മലബാറിൽ 'ഇഞ്ഞി' എന്ന് സംബോധന ചെയ്യുകയും, 'ഓള്' എന്ന് പരാമർശിച്ച് സംസാരിക്കുകയും ചെയ്യും.

ഇത് മലബാറിന്റെ സാമൂഹികാന്തരീക്ഷത്തെത്തന്നെ വികലപ്പെടുത്തിയിട്ടുണ്ട്. പല ഉൾനാടൻ പ്രദേശങ്ങളിൽ കുറച്ച് സാമൂഹിക മഹിമയുള്ള വീടുകളിലെ സ്ത്രീകൾ തൊട്ടടുത്തുള്ള അങ്ങാടിയിൽ സാധനം വാങ്ങിക്കാൻപോകാൻ പോലും ഇഷ്ടപ്പെടില്ല.

പല സ്ത്രീകളും 'ഓള്', 'ഇഞ്ഞി' പ്രയോഗത്തിന്റെ പ്രഹരത്താൽ, അവരുടെ മേൽ ആധിപത്യം ഉള്ള ആളുകളുടെ മുന്നിൽ ഒരു അമിതവിനയം കാട്ടിനടക്കാൻ ശ്രമിക്കും. എന്നാൽ, ഏതെങ്കിലും രീതിയിൽ ഒരു അദ്ധ്യാപികയോ മറ്റോ ആവാൻ പറ്റിയാൽ, ഈ ഭാഷാ കെടുതിയിൽ നിന്നും രക്ഷനേടും. അങ്ങാടിയിൽ പോകാനുള്ള വൈമനസ്യം നന്നായിത്തന്നെ മാറിക്കിട്ടും. ആളുടെ പെരുമാറ്റവും സ്വഭാവവും ശരിക്കും കുത്തനെ മാറിമറിയാനും മതി.

ഈ വിഷയം ഇവിടെ നിർത്തുകയാണ്. എന്നാൽ, വായനക്കാരന് ചിന്തിക്കാനുള്ള ഒരു കാര്യം നൽകാം.

മലബാറിയിൽ, പുരുഷന് 'ഓൻ' എന്ന നിലവരത്തിൽനിന്നും 'അയാൾ' എന്ന നിലവാരത്തിലേക്ക് ഉയരാൻ പറ്റും. എന്നാൽ 'ഓര്' എന്ന നിലവാരത്തിലേക്ക് ഉയരാൻ അത്ര എളുപ്പമല്ല, പലർക്കും.

അതേസമയം, ആ ആളുടെ ഭാര്യക്ക് കുറച്ച് സാമൂഹിക മഹിമ ലഭിച്ചാൽ, നേരേ ഉയരുന്നത് 'ഓര്' എന്ന നിലവാരത്തിലേക്കാണ്.

മലയാളത്തിൽ, കാര്യങ്ങൾ വേറെ വിധത്തിലാണ്.

ഇതിനെക്കുറിച്ച് വായനക്കാരന് സ്വയമായി ചിന്തിക്കാവുന്നതാണ്. ഭാഷാ കോഡുകളുടെ ഒരു ചെറിയ ചിത്രീകരണം മാത്രമാണ് ഇവിടെ നൽകിയിട്ടുള്ളത്.

ഇതു മാതിരി, ആയിരക്കണക്കിന് വാക്ക്-കോഡുകൾ ഓരോ ഭാഷയിലും ഉണ്ട്. കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ മാത്രം, ഇത് മാതിരിയുള്ള അതീവ സങ്കീർണ്ണതകൾ ഉള്ള വാക്ക്-കോഡുകൾ ഇല്ലതന്നെ. ഇത് ഇങ്ഗ്ളിഷിന്റെ ഒരു പരാജയമായി ഫ്യൂഡൽ ഭാഷക്കാർ ചിത്രീകരിക്കുന്നത് കണ്ടിട്ടുണ്ട്.

Go to CONTENTS

9. ചുറ്റിക പ്രഹരം ഏൽപ്പിക്കുന്ന വാക്ക്-കോഡുകൾ

ഈ ഉപദ്വീപിന്റെ ചരിത്രത്തിലേക്ക് പോകുന്നതിന് മുൻപായി, ഫ്യൂഡൽ ഭാഷാ-കോഡുകൾ ജനക്കൂട്ടങ്ങളെ പ്രഹരിക്കുന്ന അവസരത്തിൽ, അവ ഏൽപ്പിക്കുന്ന ബലത്തെക്കുറിച്ച് ചെറുതായി ഒന്ന് സൂചിപ്പിക്കാം.

നേരത്തെ നൽകിയ ഉദാഹരണത്തിൽ, ഐപിഎസ് ഉദ്യോഗസ്ഥന്റെ വീട്ടുവേലക്കാരൻ 'നീ' എന്നോ 'ഇഞ്ഞി' എന്നോ സംബോധനചെയ്താലും, 'അവൻ' ('ഓൻ'), 'അവള്' ('ഓള്') എന്നോക്കെ പരാമർശിച്ച് സംസാരിച്ചാലും, ഉളവാക്കുന്ന സാമൂഹികമായി അമർത്തുന്നതിന്റെ ശക്തി, ഒരു ഉദാഹരണം മാത്രമാണ്.

പൊതുവായിപ്പറഞ്ഞാൽ, പഴയ കാലങ്ങളിലെ ബ്രാഹ്മണരെ ഇന്നത്തെ സർക്കാർ ഉദ്യോഗസ്ഥരിലെ ഉന്നതരുമായി താരതമ്യം ചെയ്യാവുന്നാണ്. മലബാർ, തിരുവിതാംകൂർ പ്രദേശങ്ങളിൽ പൊതുവായി നായന്മാരെ, പോലീസ് കോൺസ്റ്റബ്ൾമാരായും താരതമ്യം ചെയ്യാവുന്നതാണ്. ചുറ്റുപാടിലുള്ള ജനങ്ങൾ 'ബഹുമാനം' ഇവർക്ക് നൽകിയേ തീരൂ. മാത്രവുമല്ല, ഇവർക്ക് കൈയ്യൂക്കും കൈയ്യാംകളിയും ആവാം. താഴെയുള്ളവരോട് നീ (ഇഞ്ഞി), അവൻ (ഓൻ), അവൾ (ഓള്), അവറ്റകൾ (ഐറ്റിങ്ങൾ) തുടങ്ങിയ വാക്കുകൾ ഉപയോഗിക്കാം. അവരെ വെറും പേരുവിളിക്കാം.

ബ്രാഹ്മണർക്ക് തൊട്ടുതാഴെയായി അമ്പലവാസികൾ എന്ന കൂട്ടർ ഉണ്ട്. ഇവർ അമ്പലവുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്യുന്നവരാണ്. സർക്കാർ തൊഴിലുകാരിലും ഇതുപോലുള്ള പലതട്ടുകളും ഉണ്ട്.

ജാതിപരമായി താഴോട്ട് പോകുമ്പോൾ, നീ, എടാ, എടി, അവൻ, അവൾ, അവറ്റകൾ (മലബാറിയിൽ ഇഞ്ഞി, ഓൻ, ഓള്, ഐറ്റിങ്ങൾ) എന്നീ വാക്കുകളുടെ പ്രഹര ശക്തിക്ക്, മുകളിലെ പല സാമൂഹിക തട്ടുകളുടേയും ഭാരം വൻ ഊക്ക് നൽകും.

അങ്ങ് താഴോട്ടേക്ക് എത്തുമ്പോഴേക്കും, ഈ വാക്കുകൾക്ക് ശരിക്കും ചുറ്റികയുടെ പ്രഹരശക്തിതന്നെ വന്നുചേരും.

ഏൽക്കുന്ന ആളുടെ മുഖഭാവത്തിലും, ശരീരഘടനയിലും ഈ പ്രഹരത്തിന്റെ ഊക്ക് തട്ടിയതിന്റെ അടയാളം കാണാനായേക്കാം.

Other books!

10. വാക്ക്കോഡുകളുടെ പ്രഹരം ഏൽക്കുമ്പോൾ

വാക്കുകളുടെ പ്രഹര ശക്തിയെക്കുറിച്ച് പറയുമ്പോൾ, മറ്റൊരു കാര്യം കൂടി പറയേണ്ടിവരും. ജാതീയമായോ, മറ്റേതെങ്കിലും വിധേനെയോ തരം താഴ്ത്തി ഉച്ചനീചത്വ കോഡുകളിൽ ബന്ധിക്കപ്പെട്ടിട്ടുള്ളവരിലാണ് ഈ മാതിരിയുള്ള ചുറ്റികയ്ക്ക് ഊക്ക് കൂടുന്ന പ്രതിഭാസം കൂടുതലായും സംഭവിക്കുള്ളു.

ഉദാഹരണത്തിന്, പഴയകാല ബ്രാഹ്മണൻ തന്റെ മകനെ 'നീ' എന്ന് സംബോധന ചെയ്താലുളവാകുന്ന പ്രഹരം നിസ്സാരമായിരിക്കും. കാരണം, അതേ മകന് കീഴെയായി ബഹുമാനിക്കുകയും അങ്ങിനെ ഉയർത്തിപ്പിടിക്കുന്നതുമായ വലിയൊരു ജനസംഖ്യ ഉണ്ടാവും. മാത്രവുമല്ല, ഈ മകന് അവരെ നീ(ഇഞ്ഞി), അവൻ (ഓൻ), അവൾ(ഓള്) തുടങ്ങിയ വാക്കുകളാൽ അമർത്തിപ്പിടിക്കാനും, അതിനാൽതന്നെ ലഭിക്കുന്ന പ്രതിപ്രവർത്തനത്താൽ, മാനസികമായും ശാരീരികമായും ഉയരാനും ആവും.

അതേ സമയം, ജാതീയ സംവിധാനത്തിൽ വളരെ അടിയിൽ അകപ്പെട്ടുപോയ വളരെ താഴ്ന്ന ജാതിക്കാരൻ തന്റെ മകനെ 'നീ' എന്നോ 'ഇഞ്ഞി'യെന്നോ സംബോധന ചെയ്താൽ, ചുറ്റിക പ്രഹത്തിന് കാര്യമായ ഊക്ക് ഉണ്ടായിരിക്കും.

Note: മനുഷ്യ രൂപകൽപ്പനാ കോഡുകുളിൽ പലതരം കോഡുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ വാക്കുകൾ കൊണ്ടുള്ള കോഡുകൾ ഒന്നുമാത്രമേ ആകുന്നുള്ളു. വാക്കുകൾ അല്ലാത്ത വേറെ പലതും ഉണ്ട്. ഈ കാര്യത്തെക്കുറിച്ച് ചെറുതായുള്ള ഒരു വിവരണം, ഈ എഴുത്തുകാരന്റെ തന്നെ ഗ്രന്ഥമായ Software codes of mantra, tantra, witchcraft, black magic, evil eye, evil tongue &c.ൽ കാണാവുന്നതാണ്.

ഇതേ പാതയിൽ ചിന്തിച്ചാൽ, ഈ പ്രത്യേകമായിട്ടുള്ള പ്രഹരം ബ്രാഹ്മണ മതത്തിന് അടിമപ്പെടാത്ത ജനസമൂഹങ്ങളെ കാര്യമായി ബാധിക്കില്ല എന്നാണ് തോന്നുന്നത്. ഉദാഹരണത്തിന്, ഈ ഉപഭൂഖണ്ടത്തിൽ, മതം മാറിയും അല്ലാതെയും ഉള്ള മുസ്ളിംസ്, ക്രിസ്ത്യാനികൾ എന്നിവരെ ഈ പ്രത്യേകമായുള്ള പ്രഹരം ചെറുതായേ ബാധിക്കുള്ളു. എന്നാൽ, ഭാഷാ കോഡുകളിലെ പൈശാചികത ഇവരേയും മറ്റുവിധത്തിൽ ബാധിച്ചേക്കാം.

1780കളിൽ ഫ്രഞ്ച് പട്ടാളം ഒരു ഇങ്ഗ്ളിഷ് നാവിക കപ്പിലിനെ കീഴ്പ്പെടുത്തി, അതിലുള്ള നാവികരെ ടിപ്പു സൽത്താന്റെ (Sultan Tipuവിന്റെ) ആളുകൾക്ക് കൈമാറി. ഇവരിൽ James Scurry എന്ന ചെറുപ്പക്കാരനെ ടിപ്പുവിന്റെ ആളുകളിൽ ചിലർ വീട്ടുവേലക്കാരനായി ഏറ്റെടുത്തു. തുടർന്ന് ഏതാണ്ട് 10 വർഷക്കാലം ഇദ്ദേഹം പ്രാദേശിക ഭാഷ സംസാരിക്കാൻ പഠിച്ച്, അവരുടെ ഇടയിൽ ഒരു വീട്ടുവേലക്കാരനായി ജീവിച്ചു. നിലത്ത് മറ്റ് പണിക്കാരോടൊപ്പം ഇരുന്ന് ഭക്ഷണം കഴിച്ചു. യജമാനന്മാർ നൽകിയ പഴയ വസ്ത്രങ്ങൾ ധരിച്ചു. നിലത്ത് കിടന്നു. യജമാനന്മാരുടെ ആട്ടും YOU, HE, HIS, HIM എന്ന വാക്കുകളുടെ താഴെക്കിടയിലുള്ള പദപ്രയോഗങ്ങളും കേട്ടും അനുഭവിച്ചും ജീവിച്ചു. ഇദ്ദേഹത്തിന്റെ ശരീരം ശരിക്കും പ്രാദേശിക ഭാഷയിലെ ചെക്കൻ, ചെറുക്കൻ എന്ന രീതിയിലേക്ക് മാറി. കസേരയിൽ ഇരിക്കാൻ പോലും ഇദ്ദേഹം മറന്നുപോയി.

ഇങ്ഗ്ളിഷുകാർ വർഷങ്ങൾക്ക് ശേഷം ടിപ്പുവിനെ തോൽപ്പിച്ചപ്പോൾ, ഇദ്ദേഹം തിരിച്ച് ഇങ്ഗ്ളണ്ടിലേക്ക് പോയി. അവിടെ വച്ച് പലർക്കു ഇദ്ദേഹം ഒരു ഇങ്ഗ്ളിഷുകാരനാണ് എന്ന് സമ്മതിച്ചുകൊടുക്കാൻ പോലും പ്രയാസമായിവന്നു. കാരണം, ശരീരപ്രകൃതം തിക്കച്ചും ഈ ഉപദ്വീപിലെ വളരെ താഴ്ന്ന പണിക്കാരുടേത് പോലെയായിരുന്നു. മാത്രവുമല്ല, ഇദ്ദേഹത്തിന് ഇങ്ഗ്ളിഷുകാരിൽ സ്വതസിദ്ധമായി ഉണ്ടായിരുന്ന ആത്മവിശ്വാസവും ആത്മാഭിമാനവും നഷ്ടപ്പെട്ടിരുന്നു. മേശക്കരികിൽ ഇരുന്നു ഭക്ഷണം കഴിക്കാൻ പോലുമുള്ള ആത്മവിശ്വാസം നഷ്ടമായിരുന്നു. ഇവയെല്ലാം തിരിച്ചു കിട്ടാൻ വർഷങ്ങൾ തന്നെ വേണ്ടിവന്നു. കൂടുതൽ വിവരത്തിന് James Scurryയെക്കുറിച്ച് archive.orgൽ തിരയുക.

Go to CONTENTS

11. ഒരു ഇങ്ഗ്ലിഷ് രാജ്യത്തിൽ കാപ്പിരികൾക്കുണ്ടായ അനുഭവം

തൊട്ടു താഴെ നൽകിയിരിക്കുന്നത് 1808ന് ചുറ്റുപാടിൽ, British West African Squadron അമേരിക്കയിലേക്ക് അടിമ വ്യാപാരികൾ കാപ്പിരികളെ കൊണ്ടുപോകുന്ന കപ്പൽ തടഞ്ഞ് വച്ച് അതിലെ അടിമകളെ 'രക്ഷിച്ച'ചിത്രമാണ്. കാപ്പിരി അടിമകൾ അഫ്രിക്കൻ സമൂഹത്തിലെ താഴെക്കിടയിലുള്ളവരായിരുന്നു മിക്കവരും. അതുമല്ലെങ്കിൽ മറ്റ് ആഫ്രിക്കൻ നേതൃസംഘങ്ങൾ യുദ്ധത്തിൽ തോൽപ്പിച്ച് അടിമ വ്യാപാരികൾക്ക് വിറ്റവരായിരുന്നു.

ചിത്രം A - Negro slaves saved from Slave traders

ഈ അടിമകളെ ലോകത്തിന്റെ പലദിക്കുകളിലും വിറ്റിരുന്നെങ്കിലും, അമേരിക്കയിലെ ഇങ്ഗ്ളിഷ് പ്രദേശങ്ങളിൽ വിറ്റവർക്ക് യഥാർത്ഥത്തിൽ മാനസികമായി ഉന്നമനമായിരുന്നു സംഭവിച്ചത്. അവരുടെ യജമാനന്മാരുമായി ഇങ്ഗ്ളിഷിൽ സംഭാഷണം ചെയ്തപ്പോൾ, അവരുടെ പ്രാദേശിക ഭാഷയിൽ ഉണ്ടായിരുന്ന മിക്കവാറും അമർത്തലുകൾ അപ്രത്യക്ഷപ്പെട്ടു.

Other books!

ഇങ്ങിനെ നോക്കുമ്പോൾ, British West African Squadron മുകളിലെ ചിത്രത്തിലെ കാപ്പിരികളോട് ചെയ്തത് 100% നല്ലകാര്യമാണ് എന്ന് ഉറപ്പിച്ച് പറയാൻ പറ്റില്ല. കാരണം, ഇവർ യൂഎസ്ഏ പ്രദേശങ്ങളിൽ ആണ് വിറ്റഴിക്കപ്പെട്ടിരുന്നതെങ്കിൽ, വെറും 50 വർഷങ്ങൾക്കുള്ളിൽ നല്ല ഇങ്ഗ്ളിഷ് സംസാരിക്കുന്ന യൂഎസ് പൌരന്മാരായിത്തീരുമായിരുന്നു.

എന്നാൽ British West African Squadron രക്ഷിച്ച അടിമകൾ അവരുടെ ഭീകരമായ സാമൂഹിക അന്തരീക്ഷത്തിലേക്കാണ് മിക്കവാറും തിരിച്ചുപോയത്.

ആഫ്രിക്കൻ സമൂഹങ്ങളിലെ ഭീകരാവസ്ഥ ശരിക്കും മനസ്സിലാകണമെങ്കിൽ, അവിടങ്ങളിൽ ഉള്ള പ്രാദേശിക ഭാഷകളിലെ ഭീകരങ്ങളായ കോഡുകളെക്കുറിച്ച് ബോധവാന്മാരിയിരിക്കേണം. എന്നാൽ പൊതുവെ പറഞ്ഞാൽ, ഈ കാര്യത്തെക്കുറിച്ച് ഇന്നുള്ള ഇങ്ഗ്ളിഷുകാർക്ക് യാതോരു വിവരവും ഇല്ലതന്നെ.

ചരിത്രമെഴുത്തിലും, സാമൂഹീക ശാസ്ത്രങ്ങളിലും (Social Science) രാഷ്ട്രതന്ത്രത്തിലും (Political Science), മനശാസ്ത്രത്തിലും (Psychology) മറ്റും മറ്റും, ഈ കാര്യത്തെക്കുറിച്ച് സൂചനകൾ കാണാനാവുമോ എന്ന് തീർത്തും പറയാനാവില്ല.

യൂഎസ്ഏയിൽ ഇങ്ഗ്ളിഷ് നിർബന്ധപൂർവ്വം പഠിച്ച് അടിമത്തത്തിലും വർണ്ണവിവേചനത്തിലും പെട്ട് ഉഴലുന്ന കാപ്പിരികളുടെ ചിത്രമാണ് താഴെ. ഇവർക്ക് ഇന്നും പരാതികളെ ഉള്ളു:

കഴിഞ്ഞപേജിൽ നൽകിയത്, ആഫ്രിക്കയിലെ സ്വതന്ത്ര ജനതയുടെ ചിത്രമാണ്. അടിമ വ്യാപാരികൾ പിടികൂടിയപ്പോൾ.

12. ആരെ അകറ്റിനിർത്തേണം

നേരത്തെ സൂചിപ്പിച്ച James Scurryയുടെ കഥയിൽ നിന്നും മറ്റ്ചില കാര്യങ്ങൾകൂടി പറയുവാനുണ്ട്.

അത് അയിത്തത്തെക്കുറിച്ചാണ്.

മുൻകാലങ്ങളിൽ ബ്രാഹ്മണരോട് നായന്മാർ പ്രത്യക്ഷമായിത്തന്നെ ബഹുമാനം നൽകുമായിരുന്നു. ബ്രാഹ്മണരെ നായന്മാർ ബഹുമാനിച്ചില്ലെങ്കിൽ പ്രശ്നമാണ്.

കോൺസ്റ്റബ്ൾ, ഐപിഎസ് കാരെ 'നീ' എന്ന് സംബോധന ചെയ്യുന്നത് പോലെയും, 'അവൻ', 'അവൾ' എന്ന് പരാമർശിക്കുന്നതും പോലെയാണ് ഇത്.

അങ്ങിനെയുള്ള നായന്മാർ പ്രശ്നക്കാരും അപ്രിയരും അറപ്പുളവാക്കുന്നവരും ആകും. അടുപ്പിക്കാൻ കൊള്ളില്ല.

എന്നാൽ, സാധാരണ ഗതിയിൽ നായന്മാർ ഇതിന് മുതിരില്ല. കാരണം, ഇതിന് മുതിരുന്നത്, അവർക്ക് സാമൂഹികമായി ഉന്നമനം നൽകുന്ന സാമൂഹിക ഘടനക്ക് മഴുവെക്കുന്ന പരിപാടിയാകും.

എന്നാൽ, ജാതി വ്യവസ്ഥയിൽ താഴോട്ടുള്ളവർക്ക് ഈ വ്യവസ്ഥ നിലനിർത്താൻ അത്രകണ്ട് താൽപ്പര്യം ഉണ്ടാവില്ല. അവർ അവസരം ലഭിച്ചാൽ, 'ബഹുമാനം' പിൻവലിക്കും.

ഇങ്ങിനെയുള്ള താഴ്ന്ന ജാതിക്കാരെ അകറ്റി നിർത്തുക തന്നെ വേണം എന്ന് ഫ്യൂഡൽ ഭാഷാ-കോഡുകൾ അനുശാസിക്കുന്നു. അവരെ കായികമായും മാനസികമായും തളർത്തിയിരിക്കേണം.

മറ്റൊന്ന്, ഫ്യൂഡൽ ഭാഷകളിൽ ഉള്ള ബഹുമാനം എന്ന സങ്കൽപ്പത്തിന് തത്തുല്യമായ ഒരു പദപ്രയോഗം കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ (pristine-ENGLISH) ഇല്ലതന്നെ. ഇങ്ഗ്ളിഷിലെ 'Respect' എന്ന പദപ്രയോഗവും ഫ്യൂഡൽ ഭാഷകളിലെ ബഹുമാനവും തമ്മിൽ വളരെ കുറച്ച് മാത്രമെ ബന്ധമുള്ളു. ഫ്യൂഡൽ ഭാഷകളിലെ ബഹുമാനം ഭയപ്പെടുത്തിയും,

ഭീഷണിയുടെ നിഴലിലും, കായിക ശക്തി പ്രകടിപ്പിച്ചും, മറ്റും നിർബന്ധപൂർവ്വം പിടിച്ചുവാങ്ങുന്ന അടിയാളത്തഭാവമാണ്.

ഇങ്ഗ്ളിഷിലെ 'Respect' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്, മനസ്സിൽ തോന്നുന്ന ഒരു ലളിതവും, ലോലവും, ദിവ്യവുമായ ഒരു അനുഭൂതിയാണ്. ഇത് നൽകുന്ന ആൾക്ക് യാതോരുവിധ അടിയാളത്തഭാവവും വേണ്ടതന്നെ.

13. മനോവിഭ്രാന്തി ഉളവാക്കുന്ന വാക്ക്-കോഡുകൾ

ഫ്യൂഡൽ ഭാഷകളുടെ വിവിധതരം സവിശേഷതകളെക്കുറിച്ച് ആയിരക്കണക്കിന് കാര്യങ്ങൾ പറയാവുന്നതാണ്. കാരണം, അവയിലെ വാക്ക് കോഡുകൾ ഈ ഭാഷകൾ സംസാരിക്കുന്നവരുടെ ഓരോ വാക്കിലും പ്രവർത്തിക്കും.

ഇവയെക്കുറിച്ച് പിന്നീട് അവസരോചിതമായി സൂചിപ്പിക്കാം.

എന്നാൽ ഇവയെന്താണ് എന്നതിനെക്കുറിച്ച് ചില ചെറിയ ഉദാഹരണങ്ങൾ ഇവിടെ നൽകാം.

ഏറ്റവും ആദ്യം ഇവിടെ സൂചിപ്പിക്കുന്നത്, ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്നവരിൽ പൊതുവെ കണ്ടുവരുന്ന വിവിധവും വൈരുധ്യപൂർണ്ണവുമായ വ്യക്തിത്വ ഭാവങ്ങൾ ആണ്.

ഒരേ വ്യക്തിയെ അയാളെക്കാൾ സാമൂഹികമോ മറ്റോ ആയ രീതിയിൽ ഉയർന്ന ആൾ, 'നീ', 'നിങ്ങൾ', 'സാർ'/'മാഡം' എന്ന് സംബോധന ചെയ്യുന്നതിന് അനുസൃതമായി ആ ആളുടെ വ്യക്തിത്തവും വളരെ വ്യക്തമായിത്തന്നെ മാറും.

ഇതേ വ്യക്തിയെത്തന്നെ അയാളെക്കാൾ സാമൂഹികമോ മറ്റോ ആയ രീതിയിൽ താഴ്ന്ന ഒരു വ്യക്തി 'നീ', 'നിങ്ങൾ', 'സാർ'/'മാഡം' എന്ന് സംബോധന ചെയ്യുന്നതിന് അനുസൃതമായും ആ ആളുടെ വ്യക്തിത്വത്തിൽ വ്യതിചലനം സംഭവിക്കും.

മുകളിൽ ചെറുതായി സൂചിപ്പിച്ച ഉദാഹരണങ്ങൾ പ്രകാരം ആ വ്യക്തിക്ക് ആറുതരം വ്യക്തിത്വ ഭാവങ്ങൾ ഉണ്ടാവാം.

ഒരാളോട് മാന്യമായി പെരുമാറുക, ഞെട്ടിച്ച് സംസാരിക്കുക, പരിഹസിച്ച് സംസാരിക്കുക, തരംതാഴ്ത്തി സംസാരിക്കുക, പുകഴ്ത്തി സംസാരിക്കുക, കളവില്ലാതെ സംസാരിക്കുക, കളവ് ചേർത്ത് സംസാരിക്കുക, സമയകൃത്യതപാലിക്കുക, സമയകൃത്യതപാലിക്കാതിരിക്കുക, വാക്ക് പാലിക്കുക, വാക്ക് പാലിക്കാതിരിക്കുക തുടങ്ങിയ ഓരോ മനോഭാവവും ഈ മുകളിൽ

സൂചിപ്പിച്ച ആപേക്ഷികമായ വാക്ക്-കോഡ് നിലവാരത്തെ ആശ്രയിച്ചായിരിക്കും ഇരിക്കുക.

ശരിക്കും പറഞ്ഞാൽ, എല്ലാവരും 'സാറ്' എന്ന് സംബോധന ചെയ്യുകൊണ്ടിരിക്കുന്ന ഒരാളെ പെട്ടെന്ന് ആൾക്കൂട്ടത്തിൽ നിന്നും ഒരു വ്യക്തി 'നിങ്ങൾ' എന്ന് സംബോധന ചെയ്താൽ, മനശ്ശാസ്ത്രം എന്ന വിഡ്ഢി ശാസ്ത്രത്തിൽ 'schizophrenia' എന്ന് വിളിക്കുന്ന മനോരോഗത്തിന്റെ പല ലക്ഷണങ്ങളും ചെറുതായോ കാര്യമായിത്തന്നെയോ പ്രകോപിപ്പിക്കപ്പെട്ടേക്കാം.

ഇതിന്റെ ഏറ്റവും വ്യക്തമായ ഉദാഹരണം, കേരളത്തിൽ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ പോയി അവിടുള്ള ജീവനക്കാരിൽ ആരെയെങ്കിലും ഒരു 'സാധാരണ' പൌരൻ, 'നിങ്ങൾ' എന്ന് സംബോധന ചെയ്താൽ, (പ്രത്യേകിച്ചും ഇൻസ്പെക്ടറെ), ആ ജീവനക്കാരന് മനോനില നഷ്ടപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്. ആഗതന്റെ മുഖത്ത് അടിവീഴാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല.

സർക്കാർ ഓഫിസുകളിൽ പോയി അവിടെയുള്ള ജീവനക്കാരനെ ഒരു 'സാധാരണ' പൌരൻ, 'നിങ്ങൾ' എന്ന് സംബോധന ചെയ്താൽ, അസഭ്യവർഷവും അടിയും കിട്ടുകയില്ലെങ്കിലും, കിട്ടാനുള്ള ഔദ്യോഗിക കടലാസുകൾ കിട്ടാൻ ചിലപ്പോൾ പ്രയാസം വന്നേക്കും. കാരണം, ജീവനക്കാരന് അതികഠിനമായ വ്യക്തിവിരോധം വന്നുപെട്ടിട്ടുണ്ടാവും. മനസ്സിൽ ഒരു തരം വിഷം കയറിയ അവസ്ഥയായിരിക്കും.

ഇവിടെ ഈ വക മാനസിക വിക്ഷോഭങ്ങൾ സൃഷ്ടിക്കുന്നത് ഭാഷാ കോഡുകളാണ്. വ്യക്തിയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

ഈ വക നിരീക്ഷണങ്ങൾ ഇങ്ഗ്ളിഷ് പോലുള്ള ഒരു നിരപ്പുള്ള ഭാഷാ മനോഭാവത്തിൽ നിന്നും നോക്കിയാലാണ് വളരെ വ്യക്തമായി കാണാനാവുക.

14. കപട മനോഭാവത്തിൻ്റെ കോഡുകൾ

ഫ്യൂഡൽ ഭാഷയുടെ പ്രവർത്തന രീതിയെക്കുറിച്ച് പ്രതിഫലിക്കുന്ന മറ്റൊരു ഉദാഹരണം നൽകാം.

ചതിക്കുക എന്നുള്ളത് ഒരു വ്യക്തിയുടെ സ്വഭാവഗുണത്തിനേക്കാൾ ഏറെ ഭാഷാ കോഡിന്റെ നിർബന്ധപൂർവ്വമായുള്ള പ്രവർത്തനം ആവാം. ഫ്യൂഡൽ ഭാഷകളിൽ ഈ വക കാര്യങ്ങൾ പലപ്പോഴും ഒരു നിത്യചര്യയായി കോഡ് ചെയ്യപ്പെട്ടിരിക്കും.

ഏറ്റവും ചെറിയ ഒരു ഉദാഹരണം നൽകാം.

പൊതുവെ കൈയിൽ ഒരുങ്ങാത്ത സാമൂഹിക നിലവാരമോ ഔദ്യോഗിക പദവിയോ പ്രായമോ സാമ്പത്തിക നിലവാരമോ ഉള്ള ഒരാളെ അയാളുടെ മുന്നിൽ വച്ച് പരാമർശിക്കുമ്പോൾ, ബഹുമാനപൂർവ്വമായുള്ള വാക്കുകൾ, ചെറിയൊരു അടിയാളഭാവത്തോടൊപ്പം ഉപയോഗിക്കേണ്ടിവരും. ഇത് ചെയ്യില്ലായെങ്കിൽ, പ്രത്യക്ഷമായ് അപമാനിക്കലും തരംതാഴ്ത്തലും, സാമൂഹികമായോ തൊഴിൽ നിലവാരപരമായോ അച്ചടക്കലംഘനവും ആയേക്കാം.

ഇങ്ങിനെ ബഹുമാനപൂർവ്വമായുള്ള വാക്കുകൾ ഉപയോഗിക്കുന്നത് നല്ലതായി മനസ്സിലാക്കപ്പെടും.

എന്നാൽ പലപ്പോഴും ഇങ്ങിനെ ചെയ്യുന്നതിൽ ഉളവാകുന്ന ആപേക്ഷികമായ തരംതാഴത്തപ്പെടലും അടിയാളത്തഭാവവും പലർക്കും ഒരു സുഖമുള്ള മാനസികാവസ്ഥ നൽകില്ല. ഇതിന് പ്രിതിവിധിയെന്നോണം, ബഹുമാനിക്കപ്പെടുന്ന ആളുടെ സാന്നിദ്ധ്യം ഇല്ലാത്ത ഇടങ്ങളിൽ വച്ച് അയാളെ പരാമർശിക്കുമ്പോൾ, നേരത്തെ ബഹുമാനം നൽകിയ ആൾത്തന്നെ അയാളെ തരംതാഴ്ത്തിയും ബഹുമാനം ഇല്ലാത്ത വാക്കുകളാൽ പരാമർശിച്ചും സംസാരിക്കും.

ഉദാഹരണത്തിന്, അദ്ദേഹം, സാറ്, അവര് (ഓര് /ഓല്), ചേട്ടൻ, ചേച്ചി, മാഡം/മേഢം തുടങ്ങിയ പദങ്ങളാൽ പരാമർശിച്ച ആളെത്തന്നെ അയാൾ, അവൻ (ഓൻ), അവൾ (ഓള്) തുടങ്ങിയ വാക്കുകളാൽ പരസ്യമായിത്തന്നെ ഈ ആൾ പരാമർശിക്കും.

ഈ തരം വാക്ക് കോഡുകളുടെ ആന്ദോളനം അനുഭവപ്പെടുന്നത് പലപ്പോഴും ശക്തമായ അധികാര പദവിയും, ശിക്ഷിക്കാനുള്ള കഴിവും കുറയുന്നവരും, എന്നാൽ ഏതെങ്കിലും വിധേനെ അയാളുടെ മുന്നിൽവച്ച് ബഹുമാനം നൽകപ്പെടേണ്ട ആളുകളും ആണ്.

ഈ രീതിയിലുള്ള ഒരു നെറികേട് ഇങ്ഗ്ളിഷ് പോലുള്ള ഒരു പരന്ന കോഡുകളുള്ള ഭാഷകളിൽ നടപ്പിൽ വരുത്താൻ കാര്യമായിത്തന്നെ പദ്ധതിയിട്ടാലെ നടപ്പുള്ളു. ഫ്യൂഡൽ ഭാഷകളിൽ ഇത് ആരും കാര്യമായിത്തന്നെ കരുതിക്കൂട്ടാതെ തന്നെ നടപ്പിൽ വരുത്താൻ ആവും.

ഇത്യാദി കോഡ് പ്രയോഗങ്ങളും, അതുപോലുള്ള നിസ്സാരം എന്ന് പരിഗണിക്കാവുന്ന പലതും ഈ ദക്ഷിണ ഏഷ്യൻ ഉപഭൂഖണ്ഡ സാമൂഹിക ആശയവിനിമയ ലോകത്തിൽ പടർന്ന് കിടപ്പുണ്ട്. ഇവ ഈ പ്രദേശത്തിലെ ചരിത്രഗതിയെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്.

15. ആത്മാഭിമാനവും മറിച്ചിടാനുള്ള വെപ്രാളവും

ഫ്യൂഡൽ ഭാഷാ കോഡുകൾ പ്രകോപിപ്പിക്കുന്ന ചതിക്കാനുള്ള വാസനയുമായി ബന്ധപ്പെട്ട മറ്റൊരു ഉദാഹരണം നൽകാം.

ഇങ്ഗ്ളിഷിൽ പൊതുവായി ഉപദേശിക്കപ്പെടാറുള്ള ഒരു വ്യാപാര നിർവ്വഹണ തന്ത്രമാണ് ഡെലിഗേഷൻ (delegation of power) അഥവാ അധികാരം പങ്കിട്ടുകൊടുക്കൽ. ഇതിന്റെ രീതിയെന്തെന്നാൽ, വ്യാപാരത്തിലെ കീഴ്ജീവനക്കാർക്ക് കാര്യമായ വ്യാപാരവിവരവും, കാര്യങ്ങൾ സ്വന്തമായി നടത്തിക്കൊണ്ടുപോകാനുള്ള അധികാരങ്ങളും നൽകുക എന്നതാണ്.

എന്നാൽ ഫ്യൂഡൽ ഭാഷകളിൽ സംസാരിക്കുന്ന സാമൂഹികാന്തരീക്ഷത്തിൽ ഇത് വളരെ അപകടം പിടിച്ച ഒരു പദ്ധതിയും തനിവിഡ്ഢിത്തവും ആയേക്കാം.

ഇതിന് പിന്നിൽ ഫ്യൂഡൽ ഭാഷാ കോഡുകൾ നാനാവിധ വെപ്രാളങ്ങൾ മനുഷ്യമനസ്സിൽ സൃഷ്ടിക്കും.

വ്യാപാരം വലുതും, അതിന് വേണ്ടുന്ന സമ്പത്ത് വളരെയും മറ്റും ആകുമ്പോൾ, കീഴ്ജീവനക്കാർ വ്യാപാരം സ്വന്തമായി തുടങ്ങുവാൻ യത്നിക്കില്ല. സർക്കാർ ക്ളാർക്കിന് തനിക്ക് മുകളിലുള്ള ഐഏഎസ് ഓഫിസറെ മറിച്ചിട്ട്, ഐഏഎസ് ഓഫിസർ ആകാൻ പറ്റില്ല എന്ന കണക്കെ ഇതിന് ആരും തുനിയില്ല.

എന്നാൽ സാധ്യമായി തോന്നുന്ന ഇടത്ത് കീഴ്ജീവനക്കാരനിൽ അതിനുള്ള പ്രകോപനങ്ങൾ ഫ്യൂഡൽ ഭാഷാ കോഡുകൾ നൽകിയേക്കാം. ഇതിൽ ആ വ്യക്തിയെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

ഇതിലേക്ക് നയിക്കുന്ന മാനസിക സോഫ്ട്വേർ യന്ത്ര സംവിധാനം ഇപ്രകാരം ആകാം.

കീഴ്ജീവക്കാരൻ പലപ്പോഴും 'അവനും', 'നീയും', വെറും പേരും മറ്റുമാണ് മലയാളം, തമിഴ് തുടങ്ങിയ ഭാഷകളിൽ. ചിലപ്പോൾ 'പയ്യനും' ആവാം. തമിഴിൽ തമ്പി. (മലബാറിയിൽ, 'ഇഞ്ഞ്', 'ഓൻ' തുടങ്ങിയ പദങ്ങൾ.

ചിലപ്പോൾ 'ചെക്കനു'മാകാം.) ചിലപ്പോൾ 'എടാ' എന്നോ 'എടേ' എന്നോ ഉള്ള വിളിവിശേഷത്തിൽപ്പെടുന്ന ആളുമായിരിക്കും.

മുതൽ ഉടമ 'അദ്ദേഹവും', 'അവരും', 'സാറും', 'ചേട്ടനും' മറ്റുമാണ്, വ്യാപാരത്തിലും പുറംലോകത്തിലും.

മുതലുടമയുടെ ഭാര്യയ്ക്കും മക്കൾക്കും ഇതിന്റെ പ്രഭാവം വാക്ക് കോഡുകളിൽ ലഭിച്ച് കൊണ്ടിരിക്കും. ഭാര്യ 'അദ്ദേഹത്തിന്റെ' ഭാര്യയാണ്, 'അവരാണ്' അല്ലെങ്കിൽ 'മാഡമാണ്', അതുമല്ലെങ്കിൽ 'ചേച്ചി'യാണ്.

മക്കൾ 'അദ്ദേഹത്തിന്റെ' മക്കളാണ്.

ഇതിന്റെയെല്ലാം സൌകുമാര്യത മറ്റ് ജനങ്ങളുടെ സാമൂഹികമായ പല പെരുമാറ്റങ്ങളിലും അനുഭവിച്ച് അവർക്ക് സുഖം ലഭിക്കും.

അതേ സമയം കീഴ്ജീവനക്കാരന്റെ ഭാര്യ 'അവന്റെ' ('ഓന്റെ') ഭാര്യയാണ്. 'അവളാണ്' (ഓളാണ്), വെറും പേരാണ്, 'നീ'യാണ് (ഇഞ്ഞിയാണ്). മുതൽ ഉടമയുടെ ഭാര്യയുടെ മുന്നിൽ എഴുന്നേറ്റു നൽക്കേണ്ട ആളാണ്. മുതലുടമയേയും ഭാര്യയേയും എല്ലാ സംഭാഷണങ്ങളിലും, സ്വയം താണ്, വാക്ക് കോഡുകളിൽ ഉയർത്തിപ്പിടിക്കേണ്ട ആളാണ്. ചിലപ്പോൾ പലരും 'എടീ' എന്ന സവിശേഷമായ വിളിയാലും നിർവ്വചിക്കപ്പെടുന്ന ആളാണ്.

പലരും ഇത്രത്തോളം സങ്കീർണ്ണമായി ചിന്തിക്കില്ലെങ്കിലും, മനസ്സിൽ ഇതിന്റെയെല്ലാം അലയടി ഒരു നിഴൽപോലെ കിടക്കും. കീഴ്ജീവനക്കാരന്റെ മകൻ 'അവന്റെ' (ഓന്റെ) മകനാണ്. മുതലുടമയുടെ മക്കളുമായി താരതമ്യം ചെയ്യപ്പെടുമ്പോൾ, അവർ 'അദ്ദേഹത്തിന്റെ' മകനും, ഇക്കൂട്ടർ 'അവന്റെ' മകനും.

ഇത് വെറും സ്വന്തം തൊഴിലുടമയുമായുള്ള താരതമ്യമായി ഒതുങ്ങി നിൽക്കില്ല. മറിച്ച് മറ്റെല്ലാ തൊഴിലുടമകളുടേയും ഭാര്യമാരുടേയും മക്കളുടേയും കാര്യത്തിലും ഇത് കീഴ്ജീവനക്കാരന്റെ മക്കൾക്ക് ബാധകമാണ്.

കീഴ്ജീവനക്കാരനും അയാളുടെ ഭാര്യയും മക്കളും മാനസിക അഭിമാനം വളരെ കുറവുള്ളവരാണെങ്കിൽ വലിയ പ്രശ്നമില്ല. കാരണം, അവർക്ക്

ലഭിക്കുന്നതോ ലഭിക്കാത്തതോ ആയ സാമൂഹിക നിലവാരത്തിൽ അവർക്ക് കാര്യമായ വേവലാതി ഉണ്ടാവില്ല.

എന്നാൽ ഇക്കൂട്ടരിൽ ആർക്കെങ്കിലും ചെറുതായുള്ള ഒരു ആത്മാഭിമാനം (self-esteem) ഉണ്ടെങ്കിൽ പ്രശ്നമാണ്.

കീഴ്ജീവനക്കാരൻ തന്റെ മുതലുടമയോട് എത്രതന്നെ കൂറുള്ള ആളാണെങ്കിലും, ഒന്നുകിൽ സ്വന്തം മനസ്സ്, അല്ലെങ്കിൽ അയാളുടെ ഭാര്യയുടെയോ മക്കളുടേയോ മനസ്സ്, സ്വന്തം തൊഴിലുടമയെ മറിച്ചിടാനും, സ്വന്തമായി വളരാനും ഉത്തേജനം നൽകിക്കൊണ്ടിരിക്കും.

എന്നാൽ പലപ്പോഴും, കീഴ് ജീവനക്കാരന്, താൻ തൊഴിൽചെയ്യുന്ന വ്യാപാരത്തിനെക്കുറിച്ചുള്ള വിവരം മാത്രമേ അനുഭവ ജ്ഞാനമായി ഉണ്ടാവുള്ളു.

സ്വന്തം വ്യപാര വിവരങ്ങളും അധികാരങ്ങളും കീഴ്ജീവനക്കാരന് നൽകിയ മുതൽ ഉടമക്കാണ് ഇത് പ്രശ്നമായി വരിക.

ഈ ഒരു മാനസിക താന്തോന്നിത്തം ദക്ഷിണ ഏഷ്യൻ ഉപഭൂഖണ്ഡ ചരിത്രഗതിയെ, പലപ്പോഴും സ്വന്തമായോ, അല്ലെങ്കിൽ ഇതുപോലുള്ള മറ്റ് ചില ഭാഷാ കോഡുകളോടൊപ്പമോ, കാര്യമായിത്തന്നെ സ്വാധീനിച്ചിട്ടുണ്ട്.

NOTE: ഇത്യാദി ആശയങ്ങളിൽ കീഴെവരുന്നവർ നല്ലവെരെന്നും മുകളിൽവരുന്നവർ ചൂഷകരെന്നും മറ്റും വിശേഷിപ്പിക്കുന്നതിൽ അർത്ഥമില്ല. കാരണം രണ്ട് കൂട്ടരും ഒരേ ഭാഷാകോഡുകളിൽ ആപേക്ഷികമായി വ്യത്യസ്ത നിലവാരങ്ങളിൽ നിലകൊള്ളുന്നവർ മാത്രമാണ്. END OF NOTE

16. ഇരുത്തേണ്ടടിടത്ത് ഇരുത്തേണം എന്നതിന്റെ കോഡുകൾ

ഫ്യൂഡൽ ഭാഷകളുടെ ഏതാനും ചില സവിശേഷതകൾ ചൂണ്ടിക്കാണിക്കാം. ഇതിൽ ഒന്ന് ഇങ്ഗ്ളിഷ് കൊളോണിയൽ ഭരണകാലത്ത്, ഇങ്ഗ്ളിഷുകരിൽപെട്ട പലരും കണ്ട് അത്ഭുതപ്പെട്ട ഒരു കാര്യമായിരുന്നു.

ഈ ഉപഭൂഖണ്ഡത്തിൽ ജന്മികളും, ഭൂവുടമകളും, മറ്റ് സാമൂഹിക അധിപന്മാരും, അവരുടെ കീഴിൽ താഴ്ന്ന നിലവാരത്തിലായി നിർവ്വചിക്കപ്പെടുന്ന തൊഴിലുകൾ ചെയ്യുന്നവരോട് കഠിനമായാണ് പെരുമാറിയിരുന്നുത്. പ്രത്യേകിച്ചും കായികമായി അദ്ധ്വാനിക്കുന്ന, അടിമയെപ്പോലുള്ളവരോട്.

പലപ്പോഴും അവർക്ക് മതിയായ ആഹാരം നൽകാതെയും, വീടിന് പുറത്തായി വെറും നിലത്ത് കാര്യമായ പുതപ്പും മറ്റും നൽകാതെയും മറ്റും അവർക്ക് കഴിയേണ്ടി വന്നു. ഇങ്ഗ്ളിഷ് ഭാഷാന്തരീക്ഷത്തിൽ നിന്നും നോക്കിയാൽ, തികച്ചും പരുക്കാനും മൃഗീയവുമായ പെരുമാറ്റം.

എന്നാൽ ഈ രീതിയിൽ കഷ്ടപ്പാട് അനുഭവിക്കുന്നവരിൽ, അവരുടെ ജന്മിയോടും, ഭൂവുടമയോടും, മറ്റും യതോരു വിരോധമോ, എതിർപ്പോ വന്ന് കണ്ടില്ല. മറിച്ച് അവരോട് കൂടുതൽ ആദരവാണ് ഇങ്ങിനെ കഷ്ടപ്പെടുന്നവർ നൽകിയത്.

ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്ന പ്രാദേശിക ഭാഷയിലെ വാക്ക്-കോഡുകളെക്കുറിച്ച് ഇങ്ഗ്ളിഷുകർക്ക് യാതോരു വിവരവും ഉണ്ടായിരുന്നതായി കണുന്നില്ല.

Impolite (മര്യാദയില്ലാതെ) ആയി പെരുമാറുന്നവരോട് കൂടുതൽ ആദരവും വിനയവും നൽകുക എന്നുള്ളത് ഇങ്ഗ്ളിഷിൽ മനസ്സിലാക്കാൻ പറ്റാത്ത ഒരു വികാരമാണ്.

എന്നാൽ ഇങ്ങിനെയാണ് ഉപഭൂഖണ്ഡത്തിലെ മിക്ക ഫ്യൂഡൽ ഭാഷകളിലും കോഡ് ചെയ്യപ്പെട്ടിട്ടുള്ളത്.

കീഴെ പെട്ടിരിക്കുന്നവരോട് കഠിനമായിത്തന്നെ പെരുമാറണം. അല്ലെങ്കിൽ അവർക്ക് ബഹുമാനം കുറയും. നിലത്ത് ഇരുത്തേണ്ടവനെ നിലത്ത് തന്നെ ഇരുത്തേണം. അതേ സമയം ബഹുമാനിക്കപ്പെടേണ്ട ആൾക്ക് കൂടുതൽ കൂടുതൽ സൌകര്യങ്ങളും ആദരവുകളും നൽകേണം.

താഴ്ന്ന വാക്കുകളാൽ നിർവ്വചിക്കപ്പെടുന്നവർക്ക് വളരാനുള്ള അവസരം നൽകിയാൽ, മുകളിൽ ഇരിക്കുന്ന ആളുകൾക്ക് ലഭിച്ചിരുന്ന ബഹുമാനം നഷ്ടമാകും.

വളരെ കുനിഞ്ഞും തൊഴുതും അടിയാളത്തം പ്രകടിപ്പിച്ചും ബന്ധപ്പെട്ടിരുന്നവർക്ക് അവരുടെ സാമൂഹികവും കുടുംബപരവും തൊഴിൽപരവും ആയുള്ള നിലവാരത്തിന് അതീതമായുള്ള ഐശ്വര്യം വന്നുപെട്ടാൽ, പിന്നീടങ്ങോട്ട് അവരിൽ ബഹുമാനവും തൊഴലും ഉയർന്ന വാക്കുകൾ നൽകേണ്ടുന്ന ആവശ്യവും അടിയളത്തഭാവവും ഇല്ലാതെ വരും.

ഇതിനാൽത്തന്നെ താഴെയുള്ളവർ ഉയരാനുള്ള യാതൊരു പഴുതും മുകളിൽ ഉള്ളവർ നൽകില്ല. മാത്രവുമല്ല, ഇങ്ങിനെ താഴെനിലവാരത്തിൽ കുടുങ്ങി നിൽക്കുമ്പോൾ, അവർ നൽകുക സ്നേഹാദരങ്ങളാണ്. വളർന്നാൽ നൽകുക പുച്ഛമാണ്.

ഈ വാക്ക്-കോഡ് പ്രവർത്തനത്തിൽനിന്നും നേരിട്ട് ആവിർഭവിക്കുന്ന ഒരു പ്രതിഭാസമാണ് 'പീക്കിരി' എന്നുള്ളത്. ഇതിനെക്കുറിച്ച് അടുത്ത എഴുത്തിൽ ആവാം.

17. പീക്കിരിത്തരത്തിന്റെ മാനസിക കോഡുകൾ

'പീക്കിരി', 'അൽപ്പൻ' തുടങ്ങിയ വാക്കുകൾക്ക് തത്തുല്യമായ ഇങ്ഗ്ളിഷ് പദങ്ങൾ ഉണ്ടോ എന്ന് എനിക്ക് അറിയില്ല. ആലോചിച്ചിട്ട് ഇങ്ങിനെയുള്ള പദങ്ങൾ കണ്ടെത്താൻ പറ്റിയില്ല. ഇതിന് അടുത്തുള്ള അർത്ഥങ്ങൾ വരുത്താൻ പറ്റുന്ന വാക്കുകൾ ഉണ്ടെങ്കിലും, മലയാളത്തിൽ ഈ വാക്കുകൾ പ്രതിനിധീകരിക്കുന്ന വ്യക്തിത്വങ്ങളെ നിർവ്വചിക്കാനാവുന്ന വാക്കുകൾ ഇങ്ഗ്ളിഷിൽ ഇല്ലാ എന്നാണ് തോന്നുന്നത്. തീർത്ത് പറയാൻ മാത്രം ഗഹനമായി ഇക്കാര്യം പഠനത്തിന് വിധേയമാക്കിയിട്ടില്ല.

(ഇങ്ഗ്ളിഷിൽ 'over-smart' എന്നൊരു പദം 'അൽപ്പൻ' എന്നതിന് അടുത്തായി ഉപയോഗിച്ച് കാണുന്നുണ്ട് എന്നാൽ ആ പദം ഇങ്ഗ്ളിഷ് നിഘണ്ടുവിൽ ഇല്ലാ എന്നാണ് തോന്നുന്നത്. ഈ വാക്ക് മലയാളത്തിലെ 'അൽപ്പൻ' എന്ന വാക്കിനെ ഉൾക്കൊള്ളാൻ പര്യാപ്തമല്ല. അതേ പോലെതന്നെ 'small guy acting too big' എന്ന വാക്കുകൾ 'പീക്കിരി' എന്ന വാക്കിനെ നിർവ്വചിക്കുന്ന രീതിയിൽ ഉപയോഗിക്കാമെങ്കിലും, അതും അപര്യാപ്തമാണ്.)

ഈ വാക്കുകൾ ഫ്യൂഡൽ ഭാഷകളിലെ ഉച്ചനീചത്വ കോഡുകൾ പലവിധേനെ സൃഷ്ടിക്കുന്ന മനുഷ്യവ്യക്തിത്വങ്ങളാണ് എന്നാണ് തോന്നുന്നത്.

ഇവിടെ ഇപ്പോൾ 'പീക്കിരി' എന്ന വാക്ക് എടുക്കാം.

പലപ്പോഴും പലകാരണത്താൽ, മനുഷ്യാത്മാവിന് അർഹതപ്പെട്ട വ്യക്തിത്വം ഭാഷാ കോഡുകളിലൂടെ മറ്റുള്ളവർ നൽകാതിരുന്നാൽ ഉളവാകുന്ന വ്യക്തിത്വമാവാം 'പീക്കിരി' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

തന്നെപ്പോലുള്ള മറ്റുള്ളവർക്ക് വാക്ക്-കോഡുകളിൽ ലഭിക്കുന്ന ബഹുമാനം ലഭിക്കാതിരിക്കുന്ന ആളുകളാണ് ഈ 'പീക്കിരി' വ്യക്തിത്വം പ്രദർശിപ്പിക്കുക. സാധാരണയായി, മലയാളവും, തമിഴും, മലബാറിയും മറ്റും തരംതാണതായി നിർവ്വചിക്കുന്ന തൊഴിലുകളിൽപ്പെട്ടവാരാണ് ഈ വ്യക്തിത്വത്തിന് അടിമപ്പെടുക. എന്നാൽ വാസ്തവത്തിൽ ഈ ഭാഷകൾ സംസാരിക്കുന്ന ആളുകളിൽ, എല്ലാ തൊഴിൽ നിലവാരത്തിലും, 'പീക്കിരി' വ്യക്തിത്വം കാണാവുന്നതാണ്.

കുറച്ചുംകൂടി തെളിച്ചു പറയുകയാണെങ്കിൽ, ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്ന നല്ലൊരു ശതമാനം ആളുകൾക്കും ഒരു വേദിയിൽ അല്ലെങ്കിൽ മറ്റൊരു വേദിയിൽ 'പീക്കിരി' വ്യക്തിത്വം ഉണ്ടാവാം. ഇതിന് ഒഴിവായിനിൽക്കുന്നവർ ഫ്യൂഡൽ ഭാഷയിൽ എല്ലാ വേദിയിലും ബഹുമാനം മാത്രം ലഭിക്കുന്നവരാണ്.

പൊതുവായിപ്പറയുകയാണെങ്കിൽ 'പീക്കിരി' വ്യക്തിത്വം പ്രദർശിപ്പിക്കുന്ന അവസരത്തിൽ, ആളുകൾ കിട്ടുന്ന അവസരങ്ങളിലെല്ലാം 'ഓവർസ്മാർട്ടാകാൻ' ശ്രമിക്കും.

തൊഴിൽപരമായി ജനങ്ങൾ പൊടുന്നനെ താരതമ്യരീതിയിൽ 'നീ' ('ഇഞ്ഞി'), 'അവൻ' ('ഓൻ'), 'പയ്യൻ' ('ചെക്കൻ'), 'ലവൻ', 'ഒരുത്തൻ' തുടങ്ങിയ പദപ്രയോഗങ്ങളിൽ പതിക്കുന്നവർക്ക് പലപ്പോഴും ആവശ്യമായി വരുന്ന ഒരു വ്യക്തിത്വം ആണ് ഇത്. ഇതിൽ അവരെ കുറ്റം പറയാൻ ആവില്ലതന്നെ. കാരണം, എല്ലാവരേയും എല്ലാറ്റിനേയും പൊതിയുന്നതും, ആവരണം ചെയ്യുന്നതുമായ പൈശാചിക ഭാഷാ കോഡുകളിൽ എല്ലാവരും അകപ്പെട്ടിരിക്കുകയാണ്. അതിനുള്ളിലെ വാക്ക്-കോഡുകൾ സൃഷ്ടിക്കുന്ന മാനസിക ഭാവങ്ങളിൽ നിന്നും വേറിട്ടുനിൽക്കുക എന്നത് അത്ര എളുപ്പമല്ല.

മറ്റ് രീതിയിൽ സാമൂഹികമായി ഭാഷാ കോഡുകളിൽ തരംതാണ് നിൽക്കുന്ന അവസരത്തിൽ, എങ്ങിനെയെങ്കിലും മറ്റുള്ളവരെ കടത്തിവെട്ടിയും, മറികടന്നും, പലവിധ കായിക ശേഷികൾ പ്രദർശ്ശിപ്പിച്ചും, പൊങ്ങച്ചം പറഞ്ഞും, വലിയ ബന്ധങ്ങൾ സൂചിപ്പിച്ചും മറ്റും മുകളിൽ പിടിച്ചുകേറുക എന്ന് വേണമെങ്കിൽ ഈ കൂട്ടരുടെ പെരുമാറ്റത്തെ വിലയിരുത്താം.

എന്നാൽ, മനുഷ്യ ജീവന്റെ സോഫ്ട്വേർ കോഡുകളുമായി (Software codes of life) കോർത്തിണങ്ങിക്കിടക്കുന്ന യാഥാർത്ഥ്യത്തിന്റെ കോഡുകളിൽ (Codes of reality) ഈ പ്രതിഭാസത്തിന് വ്യക്തമായ പരിവേഷം ഉണ്ട്. ഇതിനെക്കുറിച്ച് ഇവിടെ പ്രതിപാദിക്കാൻ ആവില്ല.

വാഹനം ഓടിക്കുന്നവരിൽ 'പീക്കിരി'ക്കൂട്ടരെ പെട്ടെന്ന് തിരിച്ചറിയാൻ ആകും.

അനാവശ്യമായും മറ്റുള്ളവരെ അസ്വാസ്ഥ്യപ്പെടുത്തുന്നതുമായ രീതിയിൽ ഹോൺ അടിക്കുക, വീരസാഹസികത കാട്ടുന്ന രീതിയിൽ ഡ്രൈവ്

ചെയ്യുക, മറ്റ് വാഹനങ്ങൾ ഡ്രൈവ് ചെയ്യുന്നവരെ ശല്യം ചെയ്യുന്ന രീതിയിലും, അവരുടെ സഞ്ചാരത്തിന് തടസ്സം നൽകിയും വാഹനം ഓടിക്കുക എന്നിവ ഈ കൂട്ടരുടെ വ്യക്തമായ പെരുമാറ്റമാണ്.

അതെ സമയം, സർക്കാർ ഓഫിസുകളിൽ വ്യക്തിത്വം കുറഞ്ഞ തൊഴിൽ സ്ഥാനങ്ങളിൽ പെടുന്നവർ, ഓഫിസിലേക്ക് എന്തെങ്കിലും കാര്യത്തിനായി വരുന്ന ആളെ സാങ്കേതികതകൾ പറഞ്ഞും അലോസരപ്പെടുത്തിയും വെറുതെയിട്ട് നടത്തിപ്പിക്കുക എന്നത് മറ്റൊരു മേഖലയിലെ പീക്കിരികളാണ്.

18. പരുക്കൻ പ്രതികരണത്തിന്റെ കോഡുകൾ

പ്രാദേശിക ഫ്യൂഡൽ ഭാഷകളിൽ ചെറിയ തൊഴിൽ സ്ഥാനങ്ങളായി നിർവ്വചിക്കപ്പെടുന്ന തൊഴിലുകളിൽപ്പെടുന്നവരോട് മാന്യമായി ഇടപെടുമ്പോൾ, ഞെട്ടിച്ച് സംസാരിക്കുക, കുരക്കുന്ന രീതിയിൽ പ്രതികരിക്കുക, മുരളുക, ചോദ്യങ്ങൾക്ക് മറുചോദ്യം ഉത്തരമായി നൽകുക എന്നിവ മറ്റ് ചിലരിലെ 'പീക്കിരിത്തര'മാവാം.

സാധാരണ സംസാരം തന്നെ ഒരുതരം സാമൂഹിക യുദ്ധരംഗത്തിന്റെ കോഡുകളുള്ളതാണ്. 'പോർവിളി' എന്നത് പ്രാകൃത യുദ്ധരംഗത്തിന്റെ ഒരു അവിഭാജ്യ ഘടകമാണ്. അട്ടഹാസങ്ങളും, ബഹളങ്ങളും മറ്റും വെച്ച് പ്രതിയോഗിയെ വിരട്ടുക. ഇതാണ്, 'പീക്കിരിത്തത്തിന്' പിന്നിലുള്ള ഭൌതികമായ ചേതോവികാരം എന്ന് തോന്നുന്നു.

ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന പൊതുവായുള്ള പ്രശ്നം ഫ്യൂഡൽ ഭാഷകളിലെ ആശയവിനിമയം മിക്കവാറും തമ്മിൽതമ്മിൽ കുത്തിക്കുത്തികൊണ്ടുള്ളതാണ് എന്നതാണ്.

ഇങ്ങിനെ ചെപ്പടി വിദ്യകളിലൂടെ മറികടക്കാൻ ശ്രമിക്കുന്നവരുമായി ബന്ധപ്പെടുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക സാമൂഹിക സംവിധാനം തന്നെ ഈ ഉപഭൂഖണ്ഡത്തിൽ ഉണ്ട്. അതായത്, ഇക്കൂട്ടരുമായി ഒന്നുകിൽ സംസാരിക്കുന്നത് ഒഴിവാക്കുക അല്ലെങ്കിൽ, അവരുമായി സംസാരിക്കാൻ ഒന്നുകിൽ അവരെപ്പോലുള്ളവരെയോ, അതുമല്ലെങ്കിൽ അവരെക്കാൾ തരംതാണതായി ഭാഷാകോഡുകൾ നിർവ്വചിക്കുന്നവരെയോ നിയമിക്കുക.

ഇത് തന്നെ ഒരു വലിയ അലിഖിത സാമൂഹിക പ്രത്യയശാസ്ത്രമായി വികസിച്ചുവന്നിട്ടുണ്ട്. ഈ പ്രശ്നം ഈ ഉപഭൂഖണ്ഡത്തിൽ ഇങ്ഗ്ളിഷ് ഭരണം നേരിട്ടു നിലവിൽ ഉണ്ടായിരുന്ന പ്രദേശങ്ങളിൽ ഇങ്ഗ്ളിഷ് ഭരണ കർത്താക്കൾക്ക് ചെറുതായെങ്കിലും അറിവുണ്ടായിരുന്നു എന്നും, അതിനെ കാര്യക്ഷമമായി നേരിടാനും അതിന്റെ നിഷേധാത്മതകളെ പൂർണ്ണമായി ഉന്മൂലനം ചെയ്യാനും അവർ കരുതിക്കൂട്ടി പ്രവർത്തിച്ചിട്ടുണ്ട് എന്നും കാണുന്നു. ഇതിനെക്കുറിച്ച് പിന്നീട് സംസാരിക്കാം.

'പീക്കിരിത്തം' എന്ന പ്രതിഭാസവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പല കോഡുകളും ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്. അവയെപ്പറ്റി ഇവിടെ കൂടുതലായി പ്രതിപാദിക്കാൻ ആവില്ല.

എന്നാൽ ചെറിയൊരു ഉദാഹരണം അടുത്ത എഴുത്തിൽ നൽകാം.

ഈ 'പീക്കിരി' പ്രതിഭാസവും ഈ ദക്ഷിണ ഏഷ്യൻ ഉപഭൂഖണ്ഡത്തിന്റെ ചരിത്രത്തെ കാര്യമായിത്തന്നെ സ്വാധീനിച്ചിട്ടുണ്ട്.

19. വ്യക്തമല്ലാത്ത വ്യക്തിത്തം

ഈ എഴുത്തിൽ യാതോരുവിധ കടിച്ചാൽ പൊട്ടാത്ത സാങ്കേതിക പദങ്ങളും, അഗാധ പാണ്ഡിത്യത്തിന്റെ സൂചന നൽകുന്ന ഗഹനം എന്ന് കരുതിക്കൂട്ടി സൂചനയും അവകാശവാദവും നൽകുന്ന കാര്യങ്ങളും ഇല്ലാ എന്നാണ് പറയാനുള്ളത്.

ആശയങ്ങൾ വിശദീകരിക്കാനായി ഉപയോഗിക്കുന്ന ഉദാഹരണങ്ങളും ചിത്രീകരണങ്ങളും മറ്റും പലപ്പോഴും സാമൂഹിക നിത്യ ജീവിതത്തിൽ നിന്നും ഒപ്പിയെടുക്കുന്നവ തന്നെയാണ്.

മനുഷ്യനെ 'പീക്കിരി' പ്രകൃതത്തിലേക്ക് നയിക്കുന്ന ഭാഷാ കോഡുകളുടെ പ്രവർത്തനം ഒരു ഉദാഹരണത്തിലൂടെ ചിത്രീകരിക്കാനാണ് ഇനി ശ്രമിക്കുന്നത്.

ഈ എഴുത്തുകാരൻ 1980കളിൽ തിരുവനന്തപുരത്ത് പഠിക്കുന്ന കാലത്തിന് തൊട്ടു പിന്നാലെയായി കൂടെ പഠിച്ചവർ പലരും മലബാറിലേക്ക് സർക്കാർ /ബാങ്ക് ജോലികിട്ടി വന്നിരുന്നു.

അന്ന് മലബാറിൽ മലയാളം ഔപചാരിക വിദ്യാഭ്യാസം കിട്ടിയവരിൽ പടർന്നിരുന്നെങ്കിലും, ഈ പാതയിലൂടെ കടന്നുവരാത്തവർ മലബാറി ഭാഷയുടെ പലവിധ വകഭേദങ്ങൾ തന്നെയാണ് സംസാരിച്ചിരുന്നത്.

തിരുവിതാംകൂറിൽ നിന്നും വന്നവർക്ക് അന്ന് ഏറ്റവും കൂടുതൽ അത്ഭുതമായിരുന്നത് മലബാറിൽ ജനങ്ങൾ ഉദ്യോഗസ്ഥരെ 'നിങ്ങൾ' എന്ന് സംബോധന ചെയ്യാനും മാത്രം ധൈര്യം കാട്ടുന്നു എന്നുള്ളതായിരുന്നു. ഈ സംഗതിയെക്കുറിച്ച് അവർക്ക് ഗഹനമായ വിവരം ഇല്ലായിരുന്നു. മലബാറിയിൽ 'നിങ്ങൾ' എന്നും 'ഇങ്ങൾ' എന്നും രണ്ട് പദ ഭേദങ്ങൾ ഉള്ളത് പലപ്പോഴും ശ്രദ്ധിക്കപ്പെട്ടിരുന്നില്ല.

സ്വകാര്യ ബസ് ജീവനക്കാർ പോലീസുകരേയും പോലീസ് ഇൻസ്പെടറേയും മറ്റും 'നിങ്ങൾ' എന്ന് സംബോധന ചെയ്യുന്നത് ഒരു മലയാളിക്ക് വിശ്വസിക്കാൻ പോലും പറ്റാത്ത കാര്യമായിരുന്നു.

ഇതുമായി ബന്ധപ്പെട്ട് പലകാര്യങ്ങളും പറയുവാനുണ്ട്. കാരണം, യാഥാർത്ഥ്യം പൊടുന്നനെ കാണുന്ന ഉദാഹരണങ്ങളിൽ

ഒതുങ്ങിനിൽക്കുന്നതല്ല. കാര്യങ്ങൾ വളരെ സങ്കീർണ്ണമാണ്. അതിലേക്ക് ഇപ്പോൾ കടക്കാൻ ആവില്ല.

മലബാറിലെ സ്വകാര്യ ബസ് ജീവനക്കാർക്ക് തിരുവിതാംകൂറിലെ വാണിജ്യ വാഹന ഡ്രൈവർമാരെ അപേക്ഷിച്ച്, കുറച്ച് ഉയർന്ന വ്യക്തിത്വം ആണ് ഉള്ളത് എന്ന ഒരു തോന്നൽ വന്നു. തിരുവിതാംകൂറിൽ അന്നു പല ഉൾപ്രദേശങ്ങളിലും സ്വകാര്യ ബസ്സുകൾ ഓടുന്നുണ്ടായിരുന്നു. ആ ബസ്സുകളിലെ ജീവനക്കാർക്ക് വ്യക്തിത്വം കുറവും, ആകപ്പാടെ ഒച്ചയും ബഹളവും ഞെട്ടിക്കലും ബസ്സിന്റെ ബോഡിയിൽ ഇട്ട് അടിക്കലും മറ്റും നിത്യസംഭവമായിരുന്നു.

എന്നാൽ മലബാറിൽ, സ്വകാര്യ ബസ്സുകൾക്ക് നല്ല നിലവാരവും ജീവനക്കാർക്ക് ആപേക്ഷികമായി കൂടുതൽ മെച്ചപ്പെട്ട വ്യക്തിത്വവും ഉണ്ട് എന്നൊരു തോന്നൽ മലബാറിലെ പല പട്ടണങ്ങളിലും ജോലിചെയ്യുന്ന തിരുവിതാംകൂറിൽനിന്നും വന്ന സർക്കാർ /ബാങ്ക് ജീവനക്കാർക്കും പെട്ടന്ന് അനുഭവപ്പെട്ടിരുന്നു.

(എന്നാൽ, പൊതുജനങ്ങളെക്കുറിച്ച് മറ്റ് ചില തോന്നലുകൾ ഉണ്ടായിരുന്നതിനെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നില്ല ഇപ്പോൾ)

ഈ വിലയിരുത്തൽ പൂർണ്ണമായും ശരിയായിരുന്നില്ല. കാരണം, മലബാറി ഭാഷ, താഴോട്ടേക്ക് കാര്യമായിത്തന്നെ മനുഷ്യവ്യക്തിത്വം അമർത്തുന്ന വാക്ക്-കോഡുകൾ ഉള്ളതാണ്.

എന്നാൽ, പൊതുവായിപ്പറഞ്ഞാൽ, മലബാറിലെ മാപ്പിളമാരും (മലബാർ മുസ്ളിംസ്) മലബാറിതന്നെയാണ് സംസാര ഭാഷയായി ഉപോഗിച്ചിരുന്നതെങ്കിലും, അവർ ഈ ഭാഷയിലെ 'ഇഞ്ഞി',' ഓൻ', 'ഓള്', തുടങ്ങിയ വാക്കുകൾ കുറച്ചുകൂടി സമത്വസൂചനാ വാക്കുകളായാണ് (പ്രാദേശിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടുതന്നെ) ഉപയോഗിച്ചിരുന്നത്.

ഇതിനാൽത്തന്നെ ഈ വാക്കുകളുടെ പ്രഹരം മാപ്പിളമാരിൽ അധികമായുള്ള മാനസികാഘാതം സൃഷ്ടിച്ചില്ലാ എന്നാണ് തോന്നുന്നത്. വേറെയും കാരണങ്ങൾ ഉണ്ടാവാം.

ഇത്രയും പറഞ്ഞത് മറ്റൊരു കാര്യം വിശദീകരിക്കാനുള്ള പശ്ചാത്തലം ഒരുക്കാനാണ്. അത് അടുത്ത എഴുത്തിൽ നൽകാം. ...

20. മോശമായത് പടരുന്നു, നല്ലത് അപ്രത്യക്ഷമാകുന്നു

മലബാറിൽ മലയാളം പടർന്നതോടുകൂടി, ഭാഷാപരമായി പലമാറ്റങ്ങളും സംഭവിച്ചു. മലയാളത്തിലെ നല്ലവശങ്ങൾ മലബാറിൽ പടർന്നില്ല. മറിച്ച് അതിലെ ദോഷവശങ്ങൾ പടർന്നു.

തിരുവിതാംകൂർ പട്ടണങ്ങളിൽ മലയാളം സംസാരിക്കുന്നവരിൽ അന്ന് പൊതുവായിക്കണ്ടിട്ടുള്ള ഗുണകരമായ സംസാര രീതി, 'നീ', 'അവൻ', 'അവൾ' തുടങ്ങിയ വാക്കുകൾ, കാണുന്ന പ്രായത്തിലും മറ്റ് ഉന്നമനങ്ങളിലും കുറവുള്ളവരോട് ലക്കും ലഗാനും ഇല്ലാതെ ഉപയോഗിക്കില്ലാ എന്നുള്ളതായിരുന്നു. ഗ്രാമങ്ങളിൽ കാര്യങ്ങളിൽ വ്യത്യാസം കണ്ടേക്കാം.

സ്കൂൾ കുട്ടികളെവരെ, നേരിട്ട് പരിചയമില്ലാത്തവർ, 'നിങ്ങൾ' എന്ന് വിളിക്കുന്നത് കണ്ട അനുഭവമുണ്ട്.

ഇത് മലബാറി സംസാരിക്കുന്നവർക്ക് പലപ്പോഴും അതിശയകരമായുള്ള കാര്യമായിരുന്നു.

സ്വന്തം മകന്റെ / മകളുടെ കാര്യം പറയുമ്പോൾ, പിതാവ് 'അയാൾ' എന്ന വാക്ക് പരാമർശവാക്കായി ഉപയോഗിക്കുന്ന പതിവ് Alleppeyയിൽ കണ്ടിരുന്നു.

സ്കൂളുകളിലും കോളജുകളിലും പലപ്പോഴും അദ്ധ്യാപകർവരെ 'അവൻ', 'അവൾ' എന്ന പ്രയോഗത്തിന് പകരം 'അയാൾ' എന്ന് ഉപയോഗിക്കാൻ ശ്രമിച്ചിരുന്നു. 'നീ' എന്ന വാക്കിന് പകരം 'താൻ', 'ഇയാൾ', 'നിങ്ങൾ' തുടങ്ങിയ പ്രഹരംകുറഞ്ഞ വാക്കുകൾ ഉപയോഗിക്കുന്ന പതിവും കണ്ടിരുന്നു.

ഇവിടെ പറയാനുള്ളത് പലവിധേനെ മേൽസ്ഥാനത്ത് അല്ലാത്തവരെ മലബാറിയിൽ ചെയ്യുന്നത് പോലെ മലയാളത്തിൽ അന്ന് അമിതമായി അമർത്തിയിരുന്നില്ല.

എന്നിരുന്നാലും, പലവിധ കായികതൊഴിൽ ചെയ്യുന്നവരോടും, വാണിജ്യവാഹന തൊഴിലാളികളോടും മറ്റും മലയാളം തികച്ചും പരുക്കനായിരുന്നു. മാത്രവുമല്ല, അസഭ്യവാക്കുകൾ മലബാറിൽ

വിശ്വസിക്കാൻ പോലും പറ്റാത്തവിധം തരംതാഴ്ന്ന നിലവാരത്തിലുള്ളതും ആയിരുന്നു. അതുപോലുള്ള അസഭ്യവാക്കുകൾ മലബാറിയിൽ ലവലേശം പോലും ഇല്ലായിരുന്നു.

തിരുവിതാംകൂറിൽ പോലീസുകാർ, അവർ 'നീ' എന്നുവിളിക്കുന്നവരോട് അസഭ്യ വർഷം തന്നെ നടത്തുമായിരുന്നു.

ഇതെല്ലാം വളരെ സങ്കീർണ്ണതകൾ ഉള്ള ഒരു വിഷയമാണ്. അതിനാൽതന്നെ ഇപ്പോൾ അവ ചർച്ചയ്ക്ക് എടുക്കുന്നില്ല.

കാരണം പലവാക്കുകളേയും പറ്റിപ്പറയേണ്ടിവരും. അവ മറ്റ് വാക്കുകളിൽ എന്തെല്ലാം ചലനവും വലിവും ഉന്തലും സൃഷ്ടിക്കുന്നു എന്നു പറയേണ്ടിവരും.

21. മുകൾപ്പരപ്പ് മുഷിഞ്ഞതെങ്ങിനെ

മലബാറിയിൽ, മുകൾപ്പരപ്പിൽ ആശയവിനിമയം കൂടുതൽ സുഖകരമാണ്. ഏറ്റവും വലിയ ബഹുമാനം നൽകുന്ന സംബോധനാ വാക്ക് (YOU) 'നിങ്ങൾ'/ 'ഇങ്ങൾ' ആണ്. അതിന് മുകളിൽ പോകേണ്ടുന്ന ആവശ്യം ഇല്ലതന്നെ. കാരണം മുകളിൽ വേറെ വാക്കുകൾ ഉള്ളതായി ആർക്കും അറിയില്ല.

എന്നാൽ മലയാളം പടർന്നതോട് കൂടി, 'നിങ്ങൾ' /'ഇങ്ങൾ', ഉദ്യോഗസ്ഥരോടും അദ്ധ്യാപകരോടും തൊഴിലിൽ മേൽസ്ഥാനത്തിരിക്കുന്നവരോടും മറ്റും പറയുന്നത് അസഭ്യ വാക്കായിമാറി.

ഇത് മലബാറിലെ സാമൂഹിക ആശയവിനിമയത്തെ കൂടുതൽ വഷളാക്കി. നേരത്തെ 'ഇഞ്ഞി' (തെക്കൻ മലബാറിൽ ഇജ്ജ്') എന്ന് പോലീസുകാരൻ വിളിച്ചാൽ, തൊട്ടടുത്തുള്ള 'നിങ്ങൾ' എന്ന വാക്കാൽ തിരിച്ച് സംബോധന ചെയ്യാം. മലയാളം വന്നപ്പോൾ, ഈ' നിങ്ങൾ' പോരാതായി. 'സാറ്' എന്നും 'മാഡം' എന്നും പുതിയ രണ്ട് വാക്കുകൾ മലബാറിലേക്ക് മലയാളത്തോടൊപ്പം 'നിങ്ങളിന്' മുകളിലായി കടന്നു വന്നു.

(ഇവയ്ക്ക് ഇങ്ഗ്ളിഷിലെ HE, HIM, HIS, SHE, HER, HERS എന്നീവാക്കുകളും ആയും കാര്യമായ ബന്ധമുണ്ട്.)

അപ്പോൾ പൊതുജനം താഴെ നിലയിലും സർക്കാർ ജീവനക്കാരൻ, രണ്ടാം നിലവിട്ട്, മൂന്നാം നിലയിലേക്കും ഉയർന്നു.

മലബാറിന് ചരിത്രപരമായി മറ്റൊരു പ്രത്യേകതയുണ്ട്. മലബാർ (തെക്കേ മലബാറ് + വടക്കേ മലബാറ്) ഇങ്ഗ്ളിഷ് ഭരണത്തിന് കീഴിലായിരുന്നു. ഭരണചക്രം നടന്നിരുന്നത് പരന്ന കോഡുകളുള്ള ഇങ്ഗ്ളിഷിലായിരുന്നു. ഇത് ഉദ്യോഗസ്ഥ - പൊതുജന ആശയവിനിമയത്തിൽ ആപേക്ഷികമായി നോക്കിയാൽ കാര്യമായ മയം കൊണ്ടുവന്നിരുന്നു.

തിരുവിതാംകൂർ ഒരിക്കലും ഇങ്ഗ്ളിഷ് ഭരണത്തിന് കീഴിൽ വന്നിരുന്നില്ല. 1947ൽ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതുവരെ തിരുവിതാംകൂർ സ്വതന്ത്ര രാജ്യമായാണ് കഴിഞ്ഞിരുന്നത്. ജാതിയടിസ്ഥാനത്തിലും മറ്റും തികച്ചും പ്രാകൃതമായ ഉച്ചനീചത്വങ്ങൾ ഭരണയന്ത്രത്തിൽ നിലനിന്നിരുന്നു.

മുകളിലുള്ള ഭരണകർത്താക്കൾ ഇതിനെ ഇല്ലാതാക്കാൻ പരിശ്രമിച്ചിരുന്നെങ്കിലും, സാമൂഹിക ഘടനയിലും സാമൂഹിക ആശയവിനിമയത്തിലും മാറ്റം വരുത്താൻ അവർക്ക് കഴിഞ്ഞിരുന്നില്ല.

Ref: 1. Travancore State Manual 2. NATIVE LIFE IN TRAVANCORE

അതിനാൽത്തന്നെ ഇങ്ഗ്ളിഷ് ഭാഷയുടെ മയവും വിനയവും തിരുവിതാംകൂറിലെ താഴെക്കിടയിലുള്ള സർക്കാർ 'ഓഫിസർമാർക്ക്' പരിചയിക്കാൻ ഒരിക്കലും അവസരം ലഭിച്ചിരുന്നില്ല.

ഇതുമായി ബന്ധപ്പെട്ട് അനവധി കാര്യങ്ങൾ പറയുവാനുണ്ട്. അവ അനുയോജ്യമായ അവസരങ്ങളിൽ പറയുന്നതാണ്.

ഇനി മലബാറിൽ ഒരു പ്രത്യേക തൊഴിൽ പെരുമാറ്റത്തിൽ വന്ന മാറ്റത്തെക്കുറിച്ച് സൂചിപ്പിക്കാം. അടുത്ത എഴുത്തിൽ.

....

NOTE 1: 'സാറ്', 'മാഡം' തുടങ്ങിയ വാക്കുകളെ മുകളിൽ സൂചിപ്പിച്ചതിനേക്കാൾ ഗഹനമായി പരിശോധിക്കാനുള്ള ആവശ്യം ഉണ്ട്. അത് ഇപ്പോൾ ചെയ്യാവുന്ന കാര്യമല്ല.

NOTE 2: ഈ പ്രക്ഷേപണം വായിക്കുന്ന ആളുകൾക്ക് ചരിത്രവിവരവും സാമൂഹിക വിവരവും മറ്റും ഉണ്ട് എന്നും പലതുംപഠിച്ചിട്ടുണ്ട് എന്നതും വാസ്തവം തന്നെയാണ്. അവ വീണ്ടും എഴുതി വായിക്കുവാനായി അയക്കുകയല്ല ഈ പ്രക്ഷേപണം കൊണ്ട് ഉദ്ദേശിക്കുന്നത്.

തികച്ചും വ്യത്യസ്തമായ കാഴ്ചപാടിലൂടെ, പലപ്പോഴും ചർച്ചക്കും പഠനത്തിനും ചിന്തയ്ക്കും വിധേയമാക്കത്തതുമായ കാര്യങ്ങൾ ആണ് ഈ എഴുത്തിൽ പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നത്.

22. സർക്കാർ തൊഴിലാളികളും സാധാരണ തൊഴിലാളികളും

കഴിഞ്ഞ രണ്ട് പോസ്റ്റുകളും ഇന്നത്തെ മലബാറിലെ വാണിജ്യവാഹന തൊഴിലാളികളുടെ പെരുമാറ്റത്തെ ഭാഷാ കോഡുകളിൽ വന്ന മാറ്റം എങ്ങിനെ ബാധിച്ചു എന്ന് ഒരു സൂചന നൽകാനാണ്.

സ്വകാര്യ ബസ്സുകളിൽ നേരത്തെ തിരുവിതാംകൂറിൽ ഉണ്ടായിരുന്നു എന്ന് പറഞ്ഞ ബഹളമയമായ പെരുമാറ്റ രീതി മലബാറിൽ ഇന്ന് സർവ്വസാധാരണമാണ്. ഒച്ചവച്ചും, ഞെട്ടിച്ചും, ബസ്സിൽ നിന്നും ഇറങ്ങുന്നവരെ വാക്കുകൾ കൊണ്ട് പ്രഹരിച്ചും, ബസ്സിന്റെ ബോഡിയിൽ ഇട്ട് അടിച്ചും, അനാവശ്യമായി ഹോൺ അടിച്ചും മറ്റും ആണ് വ്യക്തിത്വം തിരിച്ച് പിടിക്കാൻ ബസ്സ് തൊഴിലാളികൾ ശ്രമിക്കുന്നത്.

എന്നാൽ ഇതിന് പിന്നിൽ കൂറേകൂടി വ്യാപകമായ അടിത്തറയുണ്ട്.

ഇത് വ്യക്തമാക്കാൻ, സ്വകാര്യ ബസ്സ് ജീവനക്കാരെ കെഎസ്ആർടിസി ബസ് ജീവനക്കാരുമായി താരതമ്യം ചെയ്തു നോക്കുക. പൊതുവെ പറയുകയാണെങ്കിൽ, ഇക്കൂട്ടരിൽ ജോലിസ്ഥിരത ലഭിച്ചവർ പ്രത്യേകിച്ചും, മുകളിൽ സൂചിപ്പിച്ച പീക്കിരിപ്പെരുമാറ്റം കാഴ്ച വെക്കാറില്ല.

ഭാഷാപരമായ വ്യക്തിത്വം ഇവർക്ക് വ്യത്യസ്തമാണ്. ഇവരെ 'ഇഞ്ഞി', 'നീ', 'അവൻ' തുടങ്ങിയവാക്കുകളാൽ തരംതാഴ്ത്തുന്ന മുതലാളിമാർ ഇവർക്ക് ഇല്ല. (തൊഴിൽമേധാവികൾ ഉണ്ട് എന്നത് ശരിയാണ്). സർക്കാർ ഉദ്യോഗസ്ഥർ എന്ന നിർവ്വചനം ഉണ്ട്. ഇത് പലവിധത്തിൽ ഭാഷാകോഡുകളെ സ്വാധീനിക്കുന്നുണ്ട്.

ഇവരെ സാധാരണ പൌരൻ അവരിൽനിന്ന് ലഭിച്ച പ്രകോപനപരമായ പെരുമാറ്റത്താൽപോലും തിരിച്ച് നീ (ഇഞ്ഞി) എന്ന് സംബോധന ചെയ്യുന്നത് ഉദ്യോഗസ്ഥനെ 'നീ' എന്നു വിളിക്കുന്നതിന് തുല്യമായാണ് പരിഗണിക്കപ്പെടുക. അത് സർക്കാർ അനുവദിക്കുന്ന കാര്യമല്ല. ഇതുമായി ബന്ധപ്പെട്ട് ചരിത്രത്തിൽ ഒരു പ്രത്യേക സംഭവവികാസം തന്നെയുണ്ടായിട്ടുണ്ട്.

അത് പിന്നീട് പറയാം.

കെഎസ്ആർടിസി ഡ്രൈവറെ പോലീസുകാർ 'എടാ', 'നീ' ('ഇഞ്ഞ്'), 'അവൻ' ('ഓൻ') തുടങ്ങിയ വാക്കുകളാൽ തരംതാഴ്ത്തുന്നത് അപൂർവ്വമായിരിക്കും.

സ്വകാര്യ ബസ് ജീവനക്കാരനെ പോലീസുകാർ 'എടാ', 'നീ' ('ഇഞ്ഞ്'), 'അവൻ' ('ഓൻ') തുടങ്ങിയവാക്കുകളിലല്ലാതെ നിർവ്വചിക്കുന്നതും അപൂർവ്വമായിരിക്കും.

സ്വകാര്യ ബസ് ജീവനക്കാരും കെഎസ്ആർടിസി ബസ് ജീവനക്കാരും തമ്മിൽ എന്തെങ്കിലും തർക്കം തെരുവിൽ വച്ചുസംഭവിച്ചാൽ, ഈ രണ്ട് കൂട്ടരോടും പോലീസ് വ്യത്യസ്തമായാണ് പലപ്പോഴും പെരുമാറുക. കാരണം രണ്ട് കൂട്ടരോടും വ്യത്യസ്തമായ ഭാഷാ കോഡുകളാണ് ഉപയോഗിക്കുക.

പൊതുജനവും പലപ്പോഴും ബസ് ജീവനക്കാരോട് തർക്കിച്ചാൽ, ഇതേ പോലെതന്നെ വിവേചനം ചെയ്താണ് സംസാരിക്കുക. കെഎസ്ആർടിസി ജീവനക്കാരോട് താരതമ്യേനെ ബഹുമാനത്തോടും, മറ്റവരോട് യാതോരുവിധ മര്യാദയുമില്ലാതെയും.

സ്വകാര്യ ബസ് ജീവനക്കാർക്ക് പലപ്പോഴും ആത്മാഭിമാനവും വ്യക്തിത്വവും തിരിച്ച് പിടിക്കാനുള്ള ഹ്രസ്വമാർഗ്ഗം മുകളിൽ സൂചിപ്പിച്ച ഒച്ചാപ്പാടുകൾ മാത്രമാണ് ഉള്ളത്. മിക്കവർക്കും മറ്റ് യാതോരു പിൻബലവും അവരുടെ കൈയിൽ ഇല്ലതന്നെ.

23. താഴെക്ക് പിടിച്ച് വലിക്കുന്നതെങ്ങിനെ

കഴിഞ്ഞ പോസ്റ്റിൽ നിന്നും തുടരുന്നു......

അതേ സമയം, ഇതൊന്നും കാണിക്കാതെ തന്നെ കെഎസ്ആർടിസി ജീവനക്കാർക്ക് ആപേക്ഷികമായ നിലവാരം ഉയരത്തിൽ നിർത്താനാകും. അവരെ ഉയരത്തിൽ നിർത്തുന്ന കാര്യങ്ങൾ പിന്നണിയിൽ ഉണ്ട്.

യഥാർത്ഥത്തിൽ ഈ പെരുമാറ്റങ്ങളുടെ ആപേക്ഷികമായ വ്യത്യാസത്തിന് വളരെ ആഴമേറിയ കാര്യങ്ങൾ പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. അവയെക്കുറിച്ച് പ്രതിപാദിക്കാൻ ഇവിടെ സ്ഥലപരിധി അനുവദിക്കുന്നില്ല.

എന്നാൽ ഒന്ന് രണ്ട് കാര്യങ്ങൾ ചെറുതായി സൂചിപ്പിക്കാം.

ഒന്ന്, ഈ ഉപദ്വീപിലെ ഫ്യൂഡൽ ഭാഷകളിൽ ആളുകൾ തമ്മിൽ വാക്ക് തർക്കങ്ങളിൽ, പെട്ടെന്ന് തന്നെ ഒരുപക്ഷമെങ്കിലും ഏറ്റവും താഴ്ന്ന വാക്ക് കോഡുകളിലേക്ക് സംഭാഷണത്തെ വലിച്ചിറക്കും. അതായത്, 'നീ' ('ഇഞ്ഞി'), 'എടാ', 'എടി', 'അവൻ' ('ഓൻ'), എന്താടാ, എന്താടി, അവള് (ഓള്) തുടങ്ങിയ പദങ്ങളിലേക്ക്.

ഇത് സാമൂഹികമായും, തൊഴിൽപരമായും അതേ ഭാഷയിൽ തരംതാണതായി വിശേഷിപ്പിക്കപ്പെട്ട ആൾക്ക് ഗുണം ചെയ്യുന്നതാണ്. കാരണം, ഉയർന്ന പക്ഷത്തെ തങ്ങളുടെ നിലയിലേക്ക് തരംതാഴ്ത്താൻ ഈ ഒരു സംഭാഷണം മാത്രംമതി.

ഈ മുകളിൽ പറഞ്ഞ കാര്യം വളരെ സങ്കീർണ്ണമായ ഒരു കോഡ് പ്രവർത്തനമാണ്. ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞു ഫലിപ്പിക്കാൻ ആവില്ല. എന്നാൽ, ആലോചിച്ചു നോക്കുക. സ്വാകര്യ ബസ് ജീവനക്കാരും ഒരു സംഘം ചെറുപ്പക്കാരും തമ്മിൽ വാക്ക് തർക്കം വന്നാൽ, ചെറുപ്പക്കാർ വളരെ വേഗത്തിൽ ബസ് ജീവനക്കാരെ 'എടാ',' നീ' ('ഇഞ്ഞി') എന്നൊക്കെ വിളിക്കും. ബസ് ജീവനക്കാർക്ക് പ്രായം കൂടുതൽ ആണെങ്കിൽ കൂടി.

(ശരിക്കും പറഞ്ഞാൽ മിക്കവാറും ഏത് വാഗ്വാദങ്ങളിലും ഇതാണ് ഏറ്റവും സംഭാവ്യമായ സാധ്യത. ഇത് അതീവ പ്രകോപനം ഉള്ള ഒരു ദിക്കാണ്. കൊലപാതകം വരെ നടക്കാം.)

ഈ ഉപഭൂഖണ്ഡത്തിലെ ഫ്യൂഡൽ ഭാഷകളിൽ ഇന്ന്, പ്രായം ഒരു പ്രധാന ഘടകം ആണ് എന്ന് ഓർക്കുക.

രണ്ട്. ഭാഷാകോഡുകളിൽ തരംതാണതായി നിർവ്വചിക്കപ്പെട്ടിട്ടുള്ള തൊഴിലുകൾ ചെയ്യുന്നവർ, സൌമ്യമായും മാന്യമായും, വിനയത്തോടും, ബുദ്ധിപരമായും പെരുമാറിയാൽ അവർക്ക് ബഹുമതിയും, പരിഗണനയും, ബഹുമാന വാക്കുകളും ലഭിക്കില്ല. എന്നാൽ, ഭാഷാകോഡുകളിൽ ഉയർന്ന സ്ഥാനങ്ങളിൽ ഉള്ളവർ സൌമ്യമായും മാന്യമായും, വിനയത്തോടും, ബുദ്ധിപരമായും പെരുമാറിയാൽ ജനങ്ങൾ അവരെപ്പറ്റി നല്ലതേ പറയുള്ളു.

മൂന്ന്. സ്കൂൾ വിദ്യാർത്ഥികൾ എന്ന കൂട്ടരെ കെഎസ്ആർടിക്കാർക്ക് അയിത്തമാണ്. കാരണം, ഭാഷാപരമായി ഏറ്റവും അപകടകാരികളാണ് ഇക്കൂട്ടർ എന്ന് അവർ തിരിച്ചറിയുന്നു. അവരെ മുഴുവനും സ്വകാര്യ ബസ് ജീവനക്കാരുടെ മേലാണ്, വളരെ കുരുട്ടു ബുദ്ധിയോടുകൂടി, സർക്കാർ വച്ചിട്ടുള്ളത്.

വായനക്കാരന് മുകളിൽ പറഞ്ഞ കാര്യങ്ങൾ എല്ലാം കൂടി ഒന്നിച്ച് ചിന്തിക്കാൻ സമയം ഉണ്ടെങ്കിൽ പലതും സ്വന്തമായി ചിന്തിച്ചെടുക്കാനേ ഉള്ളു. മാത്രവുമല്ല, പല വായനക്കാർക്കും മുകളിൽ പറഞ്ഞ കാര്യങ്ങൾ അറിവുള്ള കാര്യങ്ങൾതന്നെയാകാനും സാധ്യതയുണ്ട്.

ഇനിയും പലതും പറയാനാകുന്നതാണ്. എന്നാൽ ഈ വിഷയം ഇവിടെ നിർത്തുകയണ്. മറ്റ് കാര്യങ്ങളിലേക്ക് നീങ്ങുകായാണ്.

24. ഇങ്ഗ്ളിഷ് പഠിപ്പിക്കുന്നതിനോടുള്ള എതിർപ്പ്

ഭാഷാകോഡുകൾക്ക് സമൂഹത്തിന്റെ ഘടനയുടെ രൂപകൽപ്പനയിൽ കാര്യമായ പങ്കുണ്ട്.

ഇങ്ഗ്ളിഷ് പോലുള്ള പരന്ന ഭാഷകൾ (Planar languages) സാമൂഹിക ബന്ധങ്ങളിൽ ഒരു നിരപ്പുള്ള പ്രതീതി ഉളവാക്കും. ഈ കാര്യം കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് സംസാരിക്കുന്ന വേദികളിൽ വളരെ വ്യക്തമായിത്തന്നെ പ്രതിഫലിക്കും.

എന്നാൽ ഇത് ഈ ഭാഷ സംസാരിക്കാൻ ആവില്ലാത്തവരിൽ കാര്യമായ അങ്കലാപ്പ് സൃഷ്ടിക്കുക ചെയ്യും. കാരണം പലപ്പോഴും അവരേക്കാൾ കായിക ശേഷിയും സ്വരഗാംഭീര്യവും മറ്റ് സ്വാധീന ശക്തിയും പ്രതാപവും സാമ്പത്തിക നിലവാരവും കുറഞ്ഞവർപോലും (ചെറിയ കുട്ടികൾ പോലും) ഇങ്ഗ്ളിഷിൽ, യാതോരു ആശയവിനിമയ തടസ്സങ്ങളും ഇല്ലാതെ, സംസാരിക്കുന്നത് കാണുമ്പോൾ, അവരോട് വിരോധം വരും എന്നുള്ളതാണ് പൊതുവായുള്ള അനുഭവം.

എന്നാൽ ഈ പ്രദേശത്ത് ഇങ്ഗ്ളിഷ് സംസാരിക്കുന്നവർ ഇങ്ഗ്ളിഷുകാരല്ല. മറിച്ച്, പ്രാദേശിക ഭാഷ അറിയുന്നവരാണ് മിക്കവരും. ഇവർ പലപ്പോഴും ഇങ്ഗ്ളിഷ് ഉപയോഗിക്കുന്നത്, പ്രാദേശിക ഫ്യൂഡൽ ഭാഷകളിലെ ഉച്ചനീചത്വ കോഡുകളെ തരണം ചെയ്ത് കാര്യങ്ങൾ സുഗമമായി പറഞ്ഞ് തീർക്കാനാണ്.

ഇത് അവർക്കുള്ള ഒരു വ്യക്തിപരമായ കഴിവല്ല. മറിച്ച് ഇങ്ഗ്ളിഷ് എന്ന അതിസുഗമമായ ആശയവിനിമയ സോഫ്ട്വേർ ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന കഴിവാണ്. ഈ കഴിവ് ആർക്കും ലഭിക്കാനാവുന്നതാണ്.
എന്നാൽ ഈ നാട്ടിൽ ഇങ്ഗ്ളിഷ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത് തടയാനാണ് ഇങ്ഗ്ളിഷ് അറിയുന്നവരും ശ്രമിക്കുക.

ഇതിന് പല കാരണങ്ങൾ ഉണ്ട്.

പ്രധാനമായും പ്രാദേശിക ഭാഷയിലെ ഫ്യൂഡലിസമാണ് ഇതിൽ മുഖ്യപങ്കും വഹിക്കുന്നത്.

സാമൂഹികമായോ പ്രായത്തിലോ, സാമ്പത്തികമായോ തൊഴിൽ പരമായോ കീഴെ ഉള്ളവർ ഇങ്ഗ്ളിഷ് പഠിച്ചാൽ, അവരിൽ കാലാകാലങ്ങളായുള്ള കെട്ടുകൾ അഴിയും. ഇത് ഒരു തരം അച്ചടക്കലംഘനമായിത്തന്നെയാണ് ഇവർക്ക് മുകളിൽ ഉള്ളവർ വീക്ഷിക്കുക.

ഇങ്ഗ്ളിഷ് പഠിച്ചാൽ, മുകളിലുള്ളവർ താഴോട്ട് നീങ്ങും. കീഴിലുള്ളവർ മുകളിലേക്ക് നീങ്ങും. എന്നാൽ ആരും തന്നെ അധിക്ഷേപിക്കപ്പെടില്ല. അപമാനിക്കപ്പെടില്ല. കാരണം, ഇങ്ഗ്ളിഷിൽ മുകളിൽ ആൾ - കീഴെ ആൾ എന്ന രീതിയിൽ ഉള്ള വാക്ക് കോഡുകൾ ഇല്ല.

ഇവിടെ പൊതുജനങ്ങൾക്ക് ഇങ്ഗ്ളിഷ് പ്രാവീണ്യം ലഭിക്കരുത് എന്ന് ഏറ്റവും കൂടുതലായി വാദിക്കുന്നവർ, നന്നായി ഇങ്ഗ്ളിഷ് അറിയുന്നവർ തന്നെയാണ്. അവരുമായി പലവട്ടം സംവാദങ്ങിൽ ഇങ്ഗ്ളിഷിൽത്തന്നെ ഈ എഴുത്തുകാരൻ പങ്കെടുത്തിട്ടുണ്ട്.

സാമാന്യം നല്ല ഇങ്ഗ്ളിഷിൽത്തന്നെ, ഈ നാട്ടിൽ ഹിന്ദിയാണ് പഠിപ്പിക്കേണ്ടത്, മലയാളമാണ് പഠിപ്പിക്കേണ്ടത്, സംസ്കൃതമാണ് പഠിപ്പിക്കേണ്ടത് എന്നെല്ലാം ഇക്കൂട്ടർ യാതോരു ഉളുപ്പിമില്ലാതെ വാദിക്കുന്നു. അപ്പോൾ അവർക്ക് ഇങ്ഗ്ളിഷ് അറിയുന്നതിനെപ്പറ്റി സൂചിപ്പിച്ചാൽ, ഇങ്ഗ്ളിഷ് വെറും നിസ്സാര ഭാഷയാണ് എന്ന രീതിയിലേക്ക് സംവാദം നീങ്ങും.

വിചിത്രമെന്ന് പറയട്ടെ, സംസ്കൃത്തിന്റെയും തമിഴിന്റെയും സ്വാധീനം വളരെതുച്ഛംമാത്രമുള്ള മലബാറി പഠിക്കണം എന്ന് ഇന്ന് മലബാറിലെ ആളുകൾ ആരും തന്നെ പറഞ്ഞുകേൾക്കുന്നില്ല.

25. നിലവാരത്തകർച്ച നേരിടുന്ന ഇങ്ഗ്ളിഷ്

നിലവാരമുള്ള ഇങ്ഗ്ളിഷ് പഠനം ഈ എഴുത്തുകാരൻ പണ്ടൊരിക്കൽ വളരെ പരിമിതമായ കാലത്തോളം കണ്ടറിയുകയും ചെറുതായി അനുഭവിച്ചറിയുകയും ചെയ്തിട്ടുണ്ട്. ഇതിൽനിന്നും മനസ്സിലാക്കാൻ പറ്റിയത്, ഇന്ന് ഇവിടുള്ള മിക്ക സർക്കാർ സ്കൂളുകളിലും ഇങ്ഗ്ളിഷ് എന്ന പേരിൽ പഠിപ്പിക്കുന്നത്, നിലവാരം കുറഞ്ഞ മറ്റെന്തിന്റെയോ വിലകുറഞ്ഞ ഇങ്ഗ്ളിഷ് പരിഭാഷമാത്രമാണ്, എന്നാണ്. ഇതിനെ ഇങ്ഗ്ളിഷ് എന്ന് വിളിക്കുന്നത് ഒരു മോശമായ കാര്യമാണ്.

അതേ സമയം ഈ അടുത്തുള്ള പ്രദേശങ്ങളിലെ ഇങ്ഗ്ളിഷ് മീഡിയം സ്കൂളുകളിലും പഠിപ്പിക്കുന്നത്, പണ്ട് ഈ എഴുത്തുകാരൻ ചെറിയൊരു കാലത്തോളം കണ്ടിരുന്ന നിലവാരമുള്ള ഇങ്ഗ്ളിഷിന്റെ അടുത്തു വരില്ല, ഗുണനിലവാരത്തിൽ.

ഇവിടെ ഉദ്ദേശിച്ചത്ത് ഇങ്ഗ്ളിഷ് പദങ്ങളുടെ ഉച്ചാരണ ശുദ്ധിയും ശൈലീ ഗാംഭീര്യവും അല്ല. മറിച്ച്, വിക്റ്റോറിഎൻ കാലഘട്ട (Victorian-Age) ഇങ്ഗ്ളിഷ് സംസ്ക്കാരം എന്ന് പൊതുവെ പറയപ്പെടുന്നതും, എന്നാൽ ഇങ്ഗ്ളണ്ടിൽ കാലാകാലങ്ങളായി നിലനിന്നിരുന്നതുമായ അതിലോലവും മൃദുലവും ആശയവിനിമയത്തിൽ മനുഷ്യനെ കോഴിക്കാട്ടമാക്കാത്തതുമായ കലർപ്പ് പുരളാത്ത ഇങ്ഗ്ളിഷ് (pristine-English) സംസ്ക്കാരം ഉറഞ്ഞ് കൂടിനിൽക്കുന്ന ഇങ്ഗ്ളിഷ് ക്ളാസിക്കൽ എഴുത്തുകളെക്കുറിച്ചാണ് (English Classical Literature) ഇവിടെ സൂചിപ്പിച്ചത്.

(ഷെയ്ക്ക്സ്പിയറുടെ യൂറോപ്യൻ രാജവംശങ്ങളുടെ കഥകൾ പറയുന്ന നാടകങ്ങൾ ഇതിൽ പെടില്ല.)

ഇന്ന് ഇതുമായി പുലബന്ധമില്ലാത്തവർ ഇങ്ഗ്ളിഷിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഡോക്ട്രെയ്റ്റും മറ്റും എടുത്ത്, നാട്ടിൽ ഇങ്ഗ്ളിഷ് എന്നും പറഞ്ഞ് മറ്റെന്തോ വിതരണംചെയ്യുന്നു. എന്നിട്ട് ഈ വിഡ്ഢിസതത്തെ ചൂണ്ടി കാണിച്ച്, ഇത് എന്തിന് കൊള്ളും എന്ന് ചോദിക്കുന്നു. എന്ന് വാദിക്കുന്നു.

ശരിയാണ്. ഇവർ ഇങ്ഗ്ളിഷ് എന്ന പേരിൽ നൽകുന്നത് ഒരു തരം തോന്യാസ ഭാഷയാണ്. ഇങ്ഗ്ളണ്ടിൽ ഉണ്ടായിരുന്ന pristine-English അല്ല.

വികലമായ വാക്യപ്രയോഗങ്ങളും ആഭാസ വാക്കുകളും മറ്റും മറ്റ് ഭാഷകളിൽ നിന്നും കാര്യമായി ഇന്ന് ഇങ്ഗ്ളിഷിൽ നിറച്ചിട്ടുണ്ട്. ആർക്കും എന്തും പറയാം എന്നരീതിയിൽ ആക്കിയിട്ടുണ്ട് ഇങ്ഗ്ളിഷിനെ. മാത്രവുമല്ല, ഓരോ ഭാഷക്കാരും അവരവരുടെ പ്രാദേശിക ഭാഷയിലെ സാമൂഹികാന്തരീക്ഷങ്ങൾ ഇങ്ഗ്ളിഷിൽ നിറച്ച് ആ ഭാഷയെ പോഷിപ്പിക്കുന്നു എന്നും അവകാശപ്പെടുന്നു. എന്നാൽ ഇവർ യഥാർത്ഥത്തിൽ കലർപ്പില്ലാത്ത ഇങ്ഗ്ളിഷിനെ വികലപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഇത് തടയാൻ ആർക്കും അധികാരം ഇല്ലാ എന്നാണ് ഇവരുടെ ഭാവം.

അതേ സമയം ഇങ്ഗ്ളിഷ് ഭാഷയുടെ ഉടമസ്ഥർ എന്നു പറയാനാവുന്ന ഇങ്ഗ്ളണ്ടിലെ ജനതക്ക് പുറത്തുനിന്നും അവരുടെ ഭാഷയിലേക്ക് കയറിക്കൂടുന്ന ഭീമത്സങ്ങളായ കോഡുകളെക്കുറിച്ച് കാര്യമായ വിവരവും ധാരണയും ഇല്ലാ എന്നുള്ളതും വാസ്തവമാണ്.

26. വിരസമായ ഇങ്ഗ്ളിഷ് പഠനത്തിന്റെ ഉത്തരവാദിത്വം

ഇങ്ഗ്ളിഷ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തെക്കുറിച്ച് സൂചിപ്പിച്ച് തുടങ്ങിപ്പോയതിനാൽ, അത് മുഴുവിപ്പിക്കേണ്ടിയിരിക്കുന്നു.

ഇങ്ഗ്ളിഷ് വിദ്യാഭ്യാസം പൊതുവായിപ്പറഞ്ഞാൽ, നിലവാരം കുറവാണ് എന്നുള്ളതിന് ഏറ്റവും എളുപ്പത്തിൽ കുറ്റം ചുമത്തപ്പെടാവുന്നവർ അദ്ധ്യാപകരാണ്. എന്നാൽ ഇങ്ങിനെ ചെയ്യുമ്പോൾ യഥാർത്ഥത്തിൽ ഇതിൽ പൊടുന്നനെ ആരുടേയെങ്കിലും മേൽ ആരോപണം കൊണ്ടുവെക്കുകമാത്രമാണ് ചെയ്യപ്പെടുന്നത്.

ഇങ്ഗ്ളിഷ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയിൽ ഏറ്റവും കുറച്ച് ഉത്തരവാദിത്വം മാത്രമെ അദ്ധ്യാപകർക്കുള്ളു. പല അദ്ധ്യാപകർക്കും ഇങ്ഗ്ളിഷിൽ പ്രാവീണ്യം പോരാ എന്നുള്ളത് അല്ലാ യഥാർത്ഥ പ്രശ്നം. മറിച്ച് പ്രശ്നമായിട്ടുള്ളത്, വിദ്യാഭ്യാസ നയരൂപീകരണ ഇടങ്ങളിൽ ഇങ്ഗ്ളിഷ് പ്രചരണം നിരുത്സാഹപ്പെടുത്തേണം എന്നുള്ള അലിഖിതമായ നയമാണ് ഉള്ളത് എന്നുള്ളതാണ്.

വിസ്മയം ജനിപ്പിക്കുമാറുള്ള വൻ ആകർഷകത്വമുള്ള ഇങ്ഗ്ളിഷ് പാഠഭാഗങ്ങൾ എന്താണ് എന്ന് വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നവരിൽ പലർക്കും അറിവില്ലാ എന്നാണ് തോന്നുന്നത്. മാത്രവുമല്ല, അത്യാകർഷകമായ പുസ്തക രൂപകൽപ്പനയും നടക്കുന്നില്ല എന്നുള്ളതും വാസ്തവമാണ്.

അദ്ധ്യാപകർക്ക് പഠിപ്പിക്കാനായി നൽകുന്ന ഇങ്ഗ്ളിഷ് പാഠപുസ്തകങ്ങൾ അതീവ വിരസവും, ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യത്തിലെ മനോഹരങ്ങളായ വസ്ത്തുക്കളുടെ അഭാവം ഉള്ളതുമാണ് ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യത്തിൽ നിന്നും പലപ്പോഴും പഠിക്കാനായി തിരഞ്ഞെടുക്കുന്നവ കടിച്ചാൽ പൊട്ടാത്തതരത്തിലുള്ളതുമാണ്.

ഇങ്ഗ്ളിഷ് പഠനത്തിന്റെ ഉദ്ദ്യേശ്യം എന്താണ് എന്ന് പോലും നയം സൃഷ്ടിക്കുന്നവർക്ക് അറിവില്ലാ എന്നാണ് തോന്നുന്നത്.

മിക്ക സ്വകാര്യ ഇങ്ഗിഷ് മീഡിയം സ്കൂളുകളിലും ലഭ്യമായിരിക്കുന്ന ഇങ്ഗ്ളിഷ് പാഠപുസ്തകങ്ങൾ, ഘനഗാംഭീര്യമുള്ളവയാണ് എന്ന്

തോന്നാമെങ്കിലും, പലതും വെറും കച്ചവടക്കണ്ണുമാത്രം വെച്ചുകൊണ്ട് രൂപകൽപ്പന ചെയ്യപ്പെട്ടിട്ടുള്ളവയാണ് എന്നാണ് തോന്നുന്നത്.

ഈ എഴുത്തുകാരൻ പണ്ടൊരിക്കൽ കുറച്ചു നാൾ ഡെൽഹിൽ ഉണ്ടായിരുന്നപ്പോൾ, പാഠപുസ്തക വ്യവസായവുമായി ചെറിയ തോതിൽ ബന്ധപ്പെടാൻ അവസരം ലഭിച്ചിരുന്നു. കോടാനുകോടി രൂപയുടെ പാഠപുസ്തക വ്യവസായം ഒരു വൻ സാമ്പത്തിക ലക്ഷ്യമുള്ളതാണ്. അതിൽ പടവെട്ടി പൊങ്ങിവരുന്നവർ ഗുണമേന്മയുള്ള ഉത്പന്നങ്ങളിലൂടെയല്ല വളരുന്നത്. മറിച്ച് വിപുലമായ മാർക്കറ്റിങ്ങ് സംവിധാനങ്ങൾ സൌകര്യപ്പെടുത്തിയാണ്.

ഇതുമായി ബന്ധപ്പെട്ട പല രഹസ്യങ്ങളും ഉണ്ട്. എന്നാൽ അവ ഇവിടെ കുറിച്ചിടാൻ താൽപ്പര്യപ്പെടുന്നില്ല.

ഇങ്ഗ്ളിഷ് വിദ്യാഭ്യാസം അദ്ധ്യാപകർ നല്ല നിലവാരത്തിൽ എത്തിക്കണമെങ്കിൽ, ആദ്യം അങ്ങിനെയുള്ള ഒരു പദ്ധതിക്ക് പ്രോത്സാഹനം നൽകുന്ന ഒരു അന്തരീക്ഷം വിദ്യാഭ്യാസ നയത്തിൽ ഉണ്ടായിരിക്കേണം.

അതില്ലതന്നെ.

നയം രചിക്കുന്നവർക്ക് ഗുണമേന്മയുള്ള ഇങ്ഗ്ളിഷിനെക്കുറിച്ച് ബോധം ഉണ്ടായിരിക്കേണം. അതും ഇല്ലാ എന്നാണ് തോന്നുന്നത്.

എന്നാൽ ഇവരുടെ അടുത്ത് എത്തിയാൽ, അവർക്ക് നൽകപ്പെട്ടിട്ടുള്ള വിരസമായ വിദ്യാഭ്യാസത്തെയും അവർക്ക് നൽകപ്പെട്ടിട്ടുള്ള നിർദ്ദേശത്തെയും കുറ്റംപറയേണ്ടിവരും.

അവിടെ നിന്നും ആരോപണം മുകളിലേക്ക് പോകേണ്ടിവരും. ഇങ്ങിനെ ഇതിന്റെ ഉത്തരവാദിത്വം കണ്ടെത്താൻ മുകളിലോട്ട് പലതട്ടുകൾ നീങ്ങിയാൽ, അവസാനം യഥാർത്ഥ ഉത്തരവാദിത്വം ആരോപിക്കപ്പെടേണ്ടുന്ന യഥാർത്ഥ കേന്ദ്രത്തിൽ ചെന്നെത്തും.

അത് ഏതാണ് എന്ന് പിന്നീട് ഒരിക്കൽ സൂചിപ്പിക്കാം.

27. നിലവിട്ടുള്ള കാര്യക്ഷമത

ഭാഷാ കോഡുകൾക്ക് സാമൂഹിക ഘടനയെ രൂപകൽപ്പന ചെയ്യുന്നതിൽ കാര്യമായ പങ്കുണ്ട് എന്ന് നേരത്തെ പ്രസ്താവിച്ചിരുന്നു. മാത്രവുമല്ല, കലർപ്പില്ലാത്ത ഇങ്ഗ്ളിഷിന്റെ സ്വഭാവ വിശേഷണത്തെക്കുറിച്ചും ചെറുതായി. പ്രതിപാദിച്ചുകഴിഞ്ഞു.

ഈ എഴുത്തിലെ പതിനഞ്ചാം അദ്ധ്യായത്തിൽ, ഫ്യൂഡൽ ഭാഷ സംസാരിക്കുന്ന കീഴ്ജീവനക്കാർക്ക് കഴിവുംവിവരവും മറ്റും നൽകിയാലുള്ള ഭവിഷ്യത്തിനെക്കുറിച്ച് പ്രതിപാദിച്ചിരുന്നു.
ഈ കാര്യം ഈ ഉപദ്വീപിലെ സാമൂഹിക ഘടനയെ മാത്രമല്ല മറിച്ച് ചരിത്രത്തെത്തന്നെ കാര്യമായി ബാധിച്ചിട്ടുണ്ട്.

പൊതുവായി പറയുകയാണെങ്കിൽ, ഇങ്ഗ്ളിഷുകാരിൽ വ്യക്തിപരമായ കഴിവുകളിൽ ഏറ്റക്കുറച്ചിലുകൾ, താരതമ്യേന തുച്ഛമായിരിക്കും. വ്യക്തിയുടെ കഴിവല്ല, മറിച്ച് പലപ്പോഴും ഇങ്ഗ്ളിഷ് ജനങ്ങൾക്ക് മൊത്തമായുള്ള സ്വഭാവഗുണമാണ് അവരുടെ സംവിധാനങ്ങളിലെ കാര്യക്ഷമത നിലനിർത്തുക. ഈ കാര്യം അവർക്ക് പോലും അറിവില്ല എന്നാണ് തോന്നുന്നത്.

അതേ സമയം, ഈ ദക്ഷിണ ഏഷ്യൻ ഉപദ്വീപിലും, മറ്റ് ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്ന ഇടങ്ങളിലും കാര്യങ്ങൾ വേറെരീതിയിലാണ്. ആളുടെ പദവിക്ക് അനുസരിച്ച് ആ ആളുടെ കഴിവിൽ കാര്യമായ വ്യത്യാസംതന്നെ വരും. ആ വ്യക്തിയുടെ ശരീരഘടനയിൽ അതിന്റെ സ്വാധീനം കാണാനുമാവും.

ഉദാഹരണം:

നല്ലവണം കാര്യങ്ങൾ ചെയ്തുതീർക്കാനും, കാര്യഗൌരവത്തോടുകൂടി സംവിധാനങ്ങളെ നിർവ്വഹണം ചെയ്യാനും പറ്റുന്ന ആൾ. എന്നാൽ വ്യാപാര സംഘടനയിൽ ചെറിയ തൊഴിലിൽപദവിയിൽപെട്ട ആൾ. ഈ ആളെ ഏതെങ്കിലും സങ്കീർണ്ണമായ ഒരു പ്രശ്നം തീർക്കാൻ അയച്ചാൽ, പലപ്പോഴും കാര്യങ്ങൾ കൂടുതൽ വഷളാവുകയാണ് സംഭവിക്കുക.

കാരണം, ഈ ആളുടെ തൊഴിൽ പദവിക്കനുസൃമായെ, മറ്റുള്ളവർ ഈ ആളുമായി ആശയവിനിമയം നടത്തുള്ളു. മാത്രവുമല്ല, ഈ ആളുടെ

തൊഴിൽ പദവിക്ക് അനുസൃതമല്ലാത്ത കാര്യക്ഷമത ഈ ആൾ കാണിച്ചാൽ പലർക്കും അങ്കലാപ്പും വിരോധവും വെറുപ്പം വരും. ഇതും ഭാഷാ കോഡുകളിൽ ആലേഖനം ചെയ്യപ്പെട്ട കാര്യമാണ്.

അതേ സമയം കാര്യക്ഷമതയും കഴിവും വിവരവും ഉള്ള ആളെ വ്യാപാരത്തിൽ മുകളിൽ സ്ഥാപിച്ചാലും പ്രശ്നമാണ്. കാരണം, അധികം താമസിയാതെ അയാൾത്തന്നെ ഈ വ്യാപാരത്തിന് ഒരു ഭീഷണിയാകും.

28. അമിത വിധേയത്വവും സാമൂഹിക വളർച്ചയും

പൊതുവായി പറയുകയാണെങ്കിൽ, സ്വന്തം സ്ഥാനത്തിന് കീഴിൽ, കഴിവുള്ളവരെയോ കഴിവില്ലാത്തവരെയോ അല്ല നിയമിക്കുക.

മറിച്ച്, അമിത വിധേയത്വം, അമിത ബഹുമാനം, തുടങ്ങിയവ യഥാർത്ഥത്തിലോ, കൃത്രിമമായോ കാഴ്ചവെക്കുകയും, ഈ പെരുമാറ്റം മറ്റുള്ളവർക്ക് ഒരു മാതൃകയായി കാണിച്ചുകൊടുക്കുകയും ചെയ്യുന്നവരെയാണ് ഫ്യൂഡൽ ഭാഷാ സംവിധാനങ്ങളിൽ ഏത് സംഘടനയിലും ഉയർന്ന സ്ഥാനങ്ങളിൽ, മേലധികാരി സ്ഥാപിക്കുക.

പൊതുവായി പറഞ്ഞാൽ, ഈ ഒരു പ്രത്യയശാസ്ത്രം ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ, ഇങ്ഗ്ലിഷ് സമൂഹങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, തികച്ചും വ്യത്യസ്തമായ ഒരു ചട്ടക്കൂടിലാണ് ആളുകളെ ഘടനപ്പെടുത്തുന്നതായാണ് കാണുക. കാരണം ഇങ്ഗ്ലിഷിൽ അമിത വിധേയത്വം എന്നുള്ളത് ഒരു വ്യക്തിത്വ ദോഷമായാണ് കാണുന്നത്. അത് ആവശ്യപ്പെടുന്ന വാക്ക് കോഡുകൾ ഇല്ലതന്നെ.

ഫ്യൂഡൽ ഭാഷാ സമൂഹങ്ങളിൽ, ഏത് സംഘടനയിലും താഴോട്ടുള്ള സ്ഥാനങ്ങളിൽ കൂടുതൽ കൂടുതൽ മുകളിലേക്ക് നോക്കി കുനിയുന്ന ആളുകളുടെ ഒരു ചട്ടകൂട് ആണ് രൂപപ്പെടുക.

മുകൾസ്ഥാനങ്ങളിൽ വരുന്നവർ താഴോട്ടേക്ക്, ഒരു അടിച്ചമർത്തുന്ന പെരുമാറ്റം കാണിക്കും. താഴെയുള്ളവർ ഇതേ പ്രകാരം കുനിയുകയും ബഹുമാനിക്കുകയും വേണം എന്ന് അവർക്കും നിർബന്ധമായിരിക്കും.

ഇത് നടപ്പാക്കിക്കിട്ടാനുള്ള പദ്ധതികൾ ആണ് ഇവർ ആവിഷ്ക്കരിക്കുക. കാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കണം എന്നുള്ളത് രണ്ടാംസ്ഥാനത്താണ്. കാരണം, കാര്യങ്ങളുടെ കാര്യക്ഷമതഎന്നുള്ളത് തന്നെ, മുകളിലോട്ടുള്ള വിധേയത്വവുമായി കൂടിക്കിണഞ്ഞാണിരിക്കുന്നത്.

അമിതമായി വ്യക്തിപരമായ കഴിവും പ്രതിഭയും ഉണ്ട് എന്ന് സംശയിക്കപ്പെടുന്നവരെ ഏറ്റവും തരംതാഴ്ത്തിയാണ് സ്ഥാപിക്കുക.

ഈ ഒരു കാര്യം ഈ ഉപദ്വീപിലെ ജാതി വ്യവസ്ഥയിലും കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ബ്രാഹ്മണർക്ക് കീഴിലായി വന്നവരിൽ ഏറ്റവും വിധേയത്വവും, ചോദിക്കുന്നതെന്തും നൽകാനും തയ്യാറായുള്ളവരെയാണ് ജാതി വ്യവസ്ഥയിൽ ബ്രാഹ്മണർക്ക് തൊട്ട്കീഴിലായി ഏറ്റവും ഉയരങ്ങളിൽ സ്ഥാപിക്കപ്പെട്ടത്.

എന്നാൽ, സ്വതന്ത്രമായി വിട്ടാൽ മുകൾപ്പരപ്പിൽ കയറാനുംമാത്രം വ്യക്തിപരമായ കഴിവും, അതോടൊപ്പം തന്നെ വിധേയത്വം നൽകാൻ തയ്യാറാവാത്തവരുമാണ് പലപ്പോഴും ജാതി വ്യവസ്ഥയിൽ കീഴിൽ വന്നുപെട്ടത്.

ഇങ്ങിനെ നോക്കുമ്പോൾ ഇന്ന് പുലയർ എന്നുവിളിക്കപ്പെടുന്നവർക്ക് കഴിവുകുറഞ്ഞതുകൊണ്ടല്ല അവരുടെ അധോഗതി വന്നത്, മറിച്ച് കഴിവ് കൂടിയത് കൊണ്ടോ, അല്ലെങ്കിൽ അമിത വിധേയത്വം നൽകാൻ കൂട്ടാക്കാതിരുന്നതിനാലോ ആണ് അതുസംഭവിച്ചത് എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല.

വിചിത്രം എന്ന് പറയട്ടെ ഈ ആശ്ചര്യകരമായ വാദത്തിന് തെളിവുകളുടെ സൂചന ചരിത്രത്തിൽ അങ്ങിങ്ങായി കാണുന്നുമുണ്ട് എന്നുള്ളതാണ് വാസ്തവം. എന്നാൽ പലർക്കും ഇക്കാര്യങ്ങൾ പുറത്തുവരുന്നതിനോട് താൽപ്പര്യമില്ലാ എന്നും കാണുന്നു.

വാക്കുകളാലുള്ള ഭാരമേറിയ ചുറ്റികപ്രയോഗം ലഭിച്ചാൽ ആരും ഒന്ന് അമർന്ന് പോകും. ഇങ്ങിനെ അമർത്താതെവിട്ടാൽ അവർ തലക്ക് മുകളിൽ കയറുകയും ചെയ്യും. ഫ്യൂഡൽ ഭാഷാ സാമൂഹികാന്തരീക്ഷത്തിന്റെ പ്രവർത്തനഫലമാണ് ഇത്.

ഇതുപോലുള്ള പല സംഗതികളും ഈ പ്രദേശത്തിലെ ചരിത്രത്തിൽ ശ്രദ്ധിച്ചാൽ കണ്ടെത്താൻ പറ്റുന്നതാണ്. ഈ കാര്യങ്ങൾ പിന്നിട്ട് പ്രതിപാദിക്കാം.

29. ഭാഷാപരമായ കുണ്ടും കുഴിയും

മനുഷ്യന്റെ വ്യക്തിപരമായ മിക്കാവാറും എല്ലാ പെരുമാറ്റങ്ങളെയും ഈ ഭാഷാകോഡുകൾ സ്വാധീനിച്ചിട്ടുണ്ട്.

വ്യക്തമായിപ്പറയുകയാണെങ്കിൽ ഇങ്ഗ്ളിഷ് സംസാരിക്കുന്ന ആളുകൾ ഒരു തരം മൃഗങ്ങളാണെങ്കിൽ, ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്നവർ തികച്ചും വ്യത്യസ്തമായ മൃഗങ്ങൾ ആണ്. ചിന്തയിലും, ആക്രമണ സ്വഭാവത്തിലും, കാരുണ്യ പ്രവർത്തനത്തിലും അങ്ങിനെ എല്ലാ വിഷയങ്ങളിലും ഈ വ്യത്യാസം കാണാനാവുന്നതാണ്.

ഉദാഹരണത്തിന്, ഒരു മനുഷ്യനോ, അല്ലെങ്കിൽ കുറേ മനുഷ്യരോ, മൃഗമോ, മൃഗങ്ങളോ, ഏതെങ്കിലും വിധേന വേദനിക്കുന്നതോ വിഷമിക്കുന്നതോ കണ്ടാൽ, രണ്ടുകൂട്ടരും പ്രതികരിക്കുന്ന രീതിയിൽത്തന്നെ കാര്യമായ വ്യത്യാസം ഉണ്ടാവും.

രണ്ട് കൂട്ടരിലും ഉളവാകുന്ന സഹതാപവും മറ്റും ഒരേ പോലുള്ളതാവാമെങ്കിലും, ഭാഷാകോഡുകൾ സമൂഹത്തിന്റെ രൂപകൽപനയിലൂടെ പ്രവർത്തിക്കുമ്പോൾ, പലപ്പോഴും ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്നവർ മറ്റുള്ളവരുടെ പ്രശ്നങ്ങൾക്ക് വിലകൊടുക്കാൻ തയ്യാറാവില്ലാ എന്നുള്ളതാണ് വാസ്തവം. കാരണങ്ങൾ പലതുമാണ്.

ഒന്നാമതായി താൻതന്നെ പലതരം സാമൂഹികമായുള്ള ബന്ധനങ്ങളിൽ പെട്ടിരിക്കുന്ന ആളാണ്. അതേ പോലെ മറ്റുള്ളവർക്കും പല പ്രശ്നങ്ങൾ ഉണ്ട്. അത് അവർ അനുഭവിക്കട്ടെ എന്നൊരു ഭാവം.

മറ്റൊന്ന് ഒരാളെയോ ഒരു മൃഗത്തെയോ സഹായിക്കണമെന്നുണ്ടെങ്കിൽ സമൂഹത്തിൽ ഉള്ള ആശയവിനിമയത്തിൽ ഉള്ള ഉച്ചനീചത്വങ്ങൾ ആ സഹായിക്കുന്ന ആളെ പല തരത്തിലുള്ള വേദനാ ജനകമോ, തരംതാഴ്ത്തുന്നതോ ആയ അനുഭവങ്ങളിലൂടെ കടത്തിവിടാം.

ഈ വക അനുഭവങ്ങളിലൂടെ കടന്നുപോയിട്ടുള്ള പലരും ഈ കാര്യം ഈ എഴുത്തുകാരനോട് നേരിട്ട് പറഞ്ഞിട്ടുണ്ട്.

അതേ സമയം പ്രാദേശികമായി ഇങ്ഗ്ളിഷ് ഭാഷ സംസാരിക്കുന്നവർക്ക് ഈ വക പ്രശ്നങ്ങൾ ഇല്ലതന്നെ. അവർ പലരുടേയും കഷ്ടപ്പാടുകൾ

കാണുമ്പോൾ ഇടപെടാനും അവരെ സഹായിക്കാനും മറ്റും ഒരുമ്പെടാനാഗ്രഹിക്കുകയാണെങ്കിൽ ഭാഷാപരമായ കെണികൾ അവർ നേരിടില്ല.

മാത്രവുമല്ല, പലപ്പോഴും താഴ്ന്ന് കിടക്കുന്ന ജനങ്ങൾക്കും മറ്റും വിവരവും സാങ്കേതിക വിജ്ഞാനവും മറ്റും നൽകാനും അവർക്ക് മടികാണില്ല. അവർക്ക് ഭാഷാപരമായുള്ള ബന്ധനങ്ങളും കെട്ടുകളും കുണ്ടുംകുഴിയും ഇല്ലതന്നെ.

ഫ്യൂഡൽ ഭാഷകൾ സംസാരിക്കുന്നവർക്ക് സാങ്കേതിക വിദ്യയും വിജ്ഞാനവും മറ്റും യാതോരു പരിധികളും വെക്കാതെ കൈമാറുന്നതിൽ ചെറിയൊരു വിഢ്ഢിത്തം ഉണ്ട് എന്ന് പറയാതെ വയ്യ. കാരണം, ഇങ്ങിനെയുള്ള സാങ്കേതിക വിദ്യപങ്കിടലും, സമൂഹികമായി ഉയർത്തലും ഫ്യൂഡൽ ഭാഷക്കാർ തമ്മിൽതമ്മിൽ ചെയ്യാത്ത കാര്യമാണ്.

കാരണം, അവർ തങ്ങളുടെ കൂടെയുള്ള ജനക്കൂട്ടങ്ങളെ തമ്മിൽതമ്മിൽ ഭാഷാ കോഡുകളിലൂടെ കടിച്ചുകീറുന്നവരായിട്ടാണ് വീക്ഷിക്കുന്നത്. വളരാനുള്ള എന്തെങ്കിലും സൌകര്യം മറ്റുള്ളവർക്ക് നൽകുന്നത് അതീവ അപകടകരമായ കാര്യമാണ് എന്ന് ഏവർക്കും അറിവുള്ളതാണ്.

തന്നോടും തന്റെ കുടുംബക്കാരോടുംമറ്റും ഭാഷാകോഡുകളിൽ മത്സരിക്കുന്നവർക്ക് ബലംനൽകുന്ന എന്തുനൽകുന്നതും അപകടമാണ്. അവർ ശക്തിപ്രാപിച്ച് തിരിച്ച് കടിക്കും.

എന്നാൽ ഈ കാര്യങ്ങളൊന്നും ഇങ്ഗ്ളിഷുകാർക്ക് അറിവില്ലതന്നെ. കാരണം, ഭാഷാ കോഡുകളിൽ തമ്മിൽതമ്മിൽ ചവിട്ടി മെതിക്കാനും കടിച്ചുകീറാനും കോഡുകൾ ഉണ്ട് എന്ന കാര്യംതന്നെ അവർക്ക് സ്വപ്നത്തിൽപ്പോലും അറിവു ലഭിച്ചകാര്യമല്ല.

30. ഒരു വിധേയന്റെ അനിവാര്യത

ഫ്യൂഡൽ ഭാഷാ കോഡുകളുടെ സാമൂഹികവും വ്യക്തിപരവും മറ്റുമായ സവിശേഷതകൾ മുഴുവനും ഇവിടെ കുറിച്ചിടാൻ ആവുന്നകാര്യമല്ല. കാരണം, ഈ എഴുത്തുപരമ്പരയുടെ ലക്ഷ്യസ്ഥാനം മറ്റൊരു ദിക്കാണ്.

എന്നാൽ ഈ എഴുത്തുകാരൻ 1989ൽ ആദ്യം കരടുരൂപത്തിൽ എഴുതിയതും 2000ത്തോടുകൂടി ഓൺലൈനായി പ്രസിദ്ധീകരിക്കുകയും ചെയ്ത March of the Evil Empires: English versus the feudal languages എന്ന ഗ്രന്ഥത്തിൽ ഈ ഭാഷാ സവിശേഷതകളെ ഇങ്ഗ്ളിഷുമായി താരതമ്യം ചെയ്യുന്നുണ്ട്. ഇത് ഏതാണ്ട് 165000 വാക്കുകളുള്ള ഒരു പുസ്തകമാണ്. ഇങ്ഗ്ളിഷിലാണ് എഴുതിയിട്ടുള്ളത്.

ഈ എഴുത്തുപരമ്പരയുടെ ഈ അവതാരിക ഏതാനും പേജുകൾ കൂടി ഉണ്ട്. ഫ്യൂഡൽ ഭാഷയെക്കുറിച്ച് അൽപംകൂടി പറയാം.

പൊതുവായിപ്പറഞ്ഞാൽ, കുറച്ച് പൊങ്ങച്ചം പറയേണ്ടുന്ന ആവശ്യം ഈ തരം ഭാഷകളിൽ ഉണ്ട്.

വീട്ടിലും തൊഴിൽസ്ഥലത്തും ബഹുമാനവും ഉയർന്ന സ്ഥാനവും ഉള്ളത് നല്ലതുതന്നെ. എന്നാൽ പുറംലോകത്തിൽ ഇത് അറിയിക്കാൻ എപ്പോഴും കൂടെഒരാൾ വിധേയത്വം പ്രദർശിപ്പിച്ചുകൊണ്ട് ഉള്ളത് നല്ലതാണ്. ഈ ആളുടെ സാന്നിധ്യം സമൂഹത്തിൽ തന്റെ ദിവ്യത്വം പ്രചരിപ്പിക്കാൻ സൊകര്യപ്പെടുത്തും.

ഇങ്ങിനെയുള്ള ഒരാൾ കൂടെനടന്ന്, 'സാർ', 'അദ്ദേഹം', 'അവര്', ('ഓര്'/'ഓല്'), 'മാഡം', 'മേഡം', 'ചേട്ടൻ', 'ചേച്ചി', 'ആന്റി', 'അങ്കിൾ', 'മാഷ്', 'ടീച്ചർ', 'ജീ', 'ബായ്', 'ഇക്ക', 'അണ്ണൻ', 'അക്ക', 'അമ്മ', 'ഗുരു' എന്നൊക്കെ മറ്റുള്ളവരെ കൊണ്ടുവിളിപ്പിക്കുന്നതിൽ വിജയിച്ചാൽ, വ്യക്തിക്ക് സാമൂഹികമായ മഹിമയും ആദരവും നേതൃത്വവും സ്നേഹവും മറ്റും ലഭിക്കും.

ഈ കൂടെയുള്ള ആൾ മറ്റുള്ളവർ കാൺകെ ഭവ്യതയോടും വിധേയത്വത്തോടുംകൂടി ഒന്ന് വെറുതെ എഴുന്നേറ്റ് നിന്നാൽ മാത്രംമതി, ഭാഷാകോഡുകളിൽ വൻ ബലംഏകുന്ന വ്യതിചലനം വന്നുചേരും.

ഇങ്ങിനെയുള്ള ഒരു ആൾ ഇല്ലായെന്നുവന്നാൽ, ഈ അഭാവത്തിന്റെ ന്യൂനത ഒഴിവാക്കാൻ പിന്നെയുള്ള മാർഗ്ഗം സ്വന്തമായി പൊങ്ങച്ചം പറയുക, വലിയ ബന്ധങ്ങൾ സംസാരവിധേനെ അൽപ്പാൽപ്പം സൂചിപ്പിക്കുക, തനിക്ക് ബഹുമാനം ലഭിച്ച പല കഥകളും ഉരുവിടുക, മറ്റുള്ള ചിലരെ കൊച്ചാക്കുകയോ അധിക്ഷേപിക്കുകയോ അപമാനിക്കുകയോ ആരോപണവിധേയനാക്കുകയോ ചെയ്യുന്ന കഥകൾ വ്യക്തമായിത്തന്നെയോ, അല്ലെങ്കിൽ സൂചനകളിലൂടെയോ മറ്റുള്ളവരെ അറിയിക്കുക, തുടങ്ങിയവയാണ്.

മറ്റുള്ളവരെപ്പറ്റി പരാമർശിക്കുമ്പോൾ, വാക്കു-കോഡുകളെ (Indicant words - അവൻ, അയാൾ, അവര് /അദ്ദേഹം /സാർ &c.) ശ്രദ്ധയോടുകൂടി തിരഞ്ഞെടുത്ത്, ആളെ പ്രഹരിക്കുകയോ പുകഴ്ത്തുകയോ ചെയ്യുക എന്നതും ഇതിന്റെ ഭാഗമാണ്.

31. നിഷേധാത്മതകളുടെ ഉറവിടം

ഫ്യൂഡൽ ഭാഷാ സമൂഹത്തിന്റെ കാര്യമാണ്:

ചെറിയ വാക്ക് വ്യത്യാസങ്ങൾ സമൂഹത്തിലും മനുഷ്യമനസ്സിലും അതിഗംഭീര മാറ്റങ്ങൾ വരുത്തിത്തീർക്കും. ഒരു വ്യക്തിയെ ഇഷ്ടപ്പെടുന്നതും ഇഷ്ടപ്പെടാതിരിക്കുന്നതും, അയാളുടെ പേരിന് പിന്നിലായി ബഹുമനം ചേർത്തുകിട്ടുന്നതിലോ, അതുമല്ലെങ്കിൽ ബഹുമാനം നൽകുന്നതിലോ ആണ് കിടക്കുന്നത്. മറിച്ച് ആ ആളുടെ വ്യക്തിപരമായ സത്യസന്ധത, സൽസ്വഭാവം, മറ്റുള്ളവരോടുള്ള കനിവ്, അനുകമ്പ തുടങ്ങിയവയിൽ അല്ല കിടക്കുന്നത്.

ഈ മുകളിൽ പറഞ്ഞകാര്യങ്ങൾ ഈ ഉപദ്വീപിലെ ആളുകൾക്ക് വ്യക്തമായിത്തന്നെയോ, അതുമല്ലെങ്കിൽ അവ്യക്തമായോ അറിവുള്ള കാര്യങ്ങളാണ്. ഇവ ഒന്നുംതന്നെ ഈ എഴുത്തുകാരന്റെ മാത്രമായുള്ള കണ്ടുപിടുത്തങ്ങളല്ല.

ഈ ഉപദ്വീപിന്റെ ചരിത്രത്തിൽ ഈ വാക്ക് കോഡുകളുടെ പ്രവർത്തനം പലതരം ഒച്ചപ്പാടുകൾക്കും, കോലാഹലങ്ങൾക്കും, അട്ടഹാസങ്ങൾക്കും, പൊട്ടിത്തെറികൾക്കും, കൂട്ടക്കൊലക്കും, കൊള്ളിവെപ്പുകൾക്കും, വർഗ്ഗീയകലാപങ്ങൾക്കും വഴിവച്ചിട്ടുണ്ട്.

അങ്ങിനെ ഒരുപാട് പ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ട് ഈവക ഭാഷാ സോഫ്റ്റ്‌വേറുകളിലെ വൈറസ് കോഡുകൾ.

എന്നാൽ അത്ഭുതമെന്ന് പറയട്ടെ ഇങ്ഗ്ളിഷ് ഭാഷക്കാർക്ക് ഇത്യാദികാര്യങ്ങളെക്കുറിച്ച് യാതോരു വിവരവും ഇല്ല
എന്നുള്ളതാണ് വാസ്തവം

ഇത് അവരുടെ സ്വകാര്യമായ സാമൂഹത്തിൽ പലതരം പോസിറ്റിവ് ഗുണങ്ങളും നൽകുന്നുണ്ട്. എന്നാൽ, ഈ പ്രദേശങ്ങളിലേക്ക് ഫ്യൂഡൽ ഭാഷക്കാർ വന്നുചേരുന്നതോടുകൂടി, പലതരം നിഷേധാത്മതകളും ആ പ്രദേശങ്ങളിൽ കലർന്ന് പടരുന്നുണ്ട്. അതിന്റെ കാരണം അവർക്ക് (ഇങ്ഗ്ളിഷുകാർക്ക്) മനസ്സിലാകുന്നുമില്ല.

32. ബഹുമാനത്തിനായുള്ള അത്യാഗ്രഹം

ഫ്യൂഡൽ ഭാഷകളുടെ ചില ആനുകാലികമായ സാമൂഹിക ഫലങ്ങൾ ഇവിടെ സൂചിപ്പിക്കാം.

സാമൂഹികമായ ഇടപഴലുകളെ ഈ ഭാഷകൾ നിയന്ത്രിക്കുകയും പലപ്പോഴും വിപരീതമായി സ്വാധീനിക്കുകയും ചെയ്യും എന്നുള്ളത് നേരത്തെ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്.

സാമൂഹികമായോ തൊഴിൽ സ്ഥാനപരമായോ സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവർ മതിയായ ബഹുമാനം ഇല്ലാതെ വാക്കുകൾ ഉപയോഗിക്കുന്നത് ഒരു വൻ മാനസിക ഭയമായി സമൂഹത്തിൽ നിലകൊള്ളുന്നുണ്ട്.

തക്കതായ പരിചയപ്പെടുത്തൽ ഇല്ലെങ്കിൽ പ്രശ്നമാണ്.

പ്രായത്തിന്റെയോ, തൊഴിലിന്റെയോ, മാതാപിതാക്കളുടെ തൊഴിലിന്റെയോ, വസ്ത്രവിധാനങ്ങളുടെ വിലയുടേയോ, കുടുംബത്തിന്റെ സാമ്പത്തിക നിലവാരത്തിന്റെയോ, സുഹൃത്തുക്കളുടെ സാമൂഹിക നിലവാരത്തിന്റേയോ, അങ്ങിനെ പലതിന്റെയും അടിസ്ഥാനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉള്ള വാക്ക്-കോഡുകൾ (indicant words) ആളുകൾ ഉപയോഗിക്കാം.

തന്നോട് ഉപയോഗിച്ചതോ, അതുമല്ലെങ്കിൽ തന്നെ പരാമർശിച്ച് ഉപയോഗിച്ചതോ ആയ വാക്ക് തനിക്ക് അഹർതപ്പെട്ടത് അല്ലായെന്ന് തോന്നുന്ന അവസരങ്ങളിൽ ഒരു വൻ മാനസികാഘാതംതന്നെ സംഭവിക്കാം.

'Parnoia', 'Phobia' തുടങ്ങിയ വാക്കുകളാൽ മന'ശാസ്ത്രം' നിർവ്വചിക്കുന്ന മാനസികാവസ്ഥകൾ പലതും പലപ്പോഴും ഈ വാക്ക്-കോഡുകളുടെ പ്രതികൂല പ്രവർത്തനത്തിന്റെ ബാഹ്യമായ ആവിഷ്ക്കരണം മാത്രമായേക്കാം.

സാമൂഹികമായുള്ള ഈ തരം ഭീതികൾ ഈ വക ഭാഷകൾ സംസാരിക്കുന്നവരെ പലതരം അത്യാർത്തികളിലേക്കും നയിക്കുന്നുണ്ട് എന്നാണ് കാണുന്നത്.

പണമോ, സ്ഥാനമോ ഉള്ളവർ 'സാറും', 'മാഢവും', 'അങ്ങും', 'അദ്ദേഹവം', 'അവരും', 'സാറന്മാരും' മറ്റും ആകുമ്പോൾ, ഇത് രണ്ടും ഇല്ലാത്തവർ 'നീ'യും 'അയാളും', 'അവനും', 'അവളും', 'അവന്മാരും', 'അവറ്റകളും', 'ചെറ്റകളും' മറ്റുമാകുന്ന ഭാഷകളിൽ മനുഷ്യർക്കും, മൃഗങ്ങൾക്കും പലതരം ദുഷിച്ച മാനസിക വ്യതിചലനങ്ങൾ സംഭവിക്കും.

ഈ നാട്ടിൽ പലർക്കും സ്വന്തം മക്കളെ ഡോക്ടറാക്കണം എന്നുള്ള മോഹംതന്നെ ഈ മാനസികാവസ്ഥയിൽ നിന്നുമാണ് ഉദിക്കുന്നത്. ഡോക്ടറായാൽ മകൻ/ മകൾ സ്വാഭാവികമായുംതന്നെ വാക്കു-കോഡുകളുടെ കടികിട്ടുന്ന ദിക്കിൽ നിന്നും മാറി, ഉയരങ്ങളിലേക്ക് നീങ്ങും. അതോടൊപ്പംത്തന്നെ അവർക്ക് മറ്റുള്ള പലരേയും വാക്ക്-കോഡുകളാൽ കടിച്ചുകീറാനും ആകും.

ഇങ്ങിനെ കടിച്ചുകീറപ്പെടുന്നവർക്ക് പലപ്പോഴും തിരിച്ചുകടിക്കാനും ആവില്ല. കാരണം, അത് ഭാഷാ കോഡുകളിൽ തനി അധികപ്രസംഗവും തെമ്മാടിത്തരവും ആയി മറ്റുള്ളവർ നിർവ്വചിക്കും.

സർക്കാർ ജോലിയോടുള്ള അത്യാഗ്രഹം, സർക്കാർ ജോലികിട്ടിയാൽ പൊതുജനത്തോട് മനസികമായി വരുന്ന അറപ്പ്, കൈക്കൂലി വാങ്ങിക്കാനുള്ള അക്രാന്തി, തുടങ്ങിയവയിലും ഭാഷാ കോഡുകളുടെ പ്രവർത്തനം ഉണ്ട്.

സാധാരണക്കാരന് സർക്കാർ ഓഫിസ് തൊഴിലാളികളോട് സ്വന്തം അന്തസ് താഴ്ത്താതെ സംസാരിക്കാനോ, കാര്യങ്ങൾ ചർച്ചചെയ്യാനോ, തന്റെ പക്ഷം വാദിക്കാനോ ആവില്ലാത്ത സാമൂഹികാന്തരീക്ഷം ഈ ഭാഷാ കോഡുകളുടെ നേരിട്ടുള്ള പ്രവർത്തനഫലം ആണ്.

ഈ ഉപദ്വീപിന്റെ ചരിത്രത്തിലൂടെ നോക്കിയാൽ ഈ ഭാഷാകോഡുകൾ സമൂഹത്തിൽ പലതരം നാശങ്ങളും വിതച്ചതിന്റെ അടയാളങ്ങൾ കാണാനാവുന്നതാണ്.

ഇവയിൽ പലതും ചരിത്രം എഴുതിത്തുടങ്ങുമ്പോൾ, അവസരോചിതമായി സൂചിപ്പിക്കാം.

33. ഇന്ത്യൻ ഭരണഘടനയുടെ മൌലിക ഘടന

ദക്ഷിണേഷ്യൻ ഉപദ്വീപ് വിട്ട് അൽപ്പനേരം ഇന്ത്യയെന്ന പുതിയ രാജ്യത്തിലേക്ക് കടക്കാം.

ഫ്യൂഡൽ ഭാഷകൾ ഇവിടുള്ള മിക്കവാറും എല്ലാ ഔദ്യോഗിക ചട്ടങ്ങളേയും ഭരണ സംവിധാനങ്ങളേയും സാവധാനത്തിൽ മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെക്കുറിച്ച് പിന്നീട് കൂടുതലായി പ്രതിപാദിക്കാം.

ഈ അവസരത്തിൽ, ഈ അവതാരിക അവസാനിക്കുന്നതിന് മുൻപായി ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് ചെറുതായി ഒന്ന് സൂചിപ്പിക്കാം.

മിക്ക സർക്കാർ ഓഫിസ് തൊഴിലാളികളും സാധാരണ പൌരനോട്, പണ്ടുള്ള ജന്മിമാരുടെ കയ്യാളുകൾ കീഴ്ജാതിക്കാരോട് പെരുമാറുന്നത് പോലെയും തരംതാഴ്ത്തിയുള്ള വാക്ക് പ്രയോഗം ഉപയോഗിച്ചുമാണ് പെരുമാറുന്നത്. ഇത് ഒരു അതീവ സങ്കീർണ്ണമായ സംഗതിയായതിനാൽ ഇപ്പോൾ ഇതിലേക്ക് കടക്കുന്നില്ല.

എന്നാൽ ഇന്ത്യൻ ഭരണഘടനയെടുക്കാം. ഇന്ത്യൻ ഭരണഘടയുടെ മൌലികമായ പ്രഖ്യാപനങ്ങൾ പരിശോധിച്ചാൽ, ലോകത്തിലെ ഏറ്റവും പേരുകേട്ട ഭരണഘടനകളോട് താരതമ്യം ചെയ്യാവുന്ന മൌലിക ഘടനയാണ് ഇന്ത്യൻ ഭരണഘടനക്ക് ഉള്ളത് എന്നാണ് തോന്നുന്നത്.

ഈ മൌലിക ഘടന മാത്രമേ ഇവിടെ ചർച്ചക്ക് എടുക്കുന്നുള്ളു.

ഇന്ത്യൻ ഭരണഘടന എഴുതപ്പെട്ടിട്ടുള്ളത് ഇങ്ഗ്ളിഷിലാണ്. ഇത് ആരാണ് എഴുതിയത് എന്നും മറ്റും ഇവിടെ ചർച്ചക്ക് എടുക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് പലകാര്യങ്ങളും പറയാനുണ്ടെങ്കിലും, തൽക്കാലത്തേക്ക് അവയിലേക്ക് കടക്കുന്നില്ല.

ഇന്ത്യയെന്ന രാജ്യത്തിന്റെ പരിപാവനമായ വേദഗ്രന്ഥമാണ് ഇന്ത്യൻ ഭരണഘടന. ഇതിൽ ആലേഘനംചെയ്യപ്പെട്ടിട്ടുള്ള ചട്ടങ്ങൾ പ്രകാരം മാത്രമേ ഈ രാജ്യം നടത്തിക്കൊണ്ട് പോകാൻ പാടുള്ളു. അതല്ലാതെ, ആ ചട്ടങ്ങൾക്ക് വിരുദ്ധമായി രാജ്യഭരണം നടത്തുന്നത് ഒരു മതത്തിന്റെ

പരിപാവന ഇടങ്ങളിൽ കയറി തെമ്മാടിത്തരം കാണിക്കുന്നതിന് തുല്ല്യമാണ്.

34. ബ്യൂട്ടണിലെ അവസ്ഥ

ബ്യൂട്ടണിൽ ഭരണഘടന (Constitution) ഇല്ല. കാലാകാലങ്ങളായി സമൂഹത്തിൽ ഉളവായിവന്ന കീഴ്വഴക്കങ്ങളാണ് അവിടെ കാര്യങ്ങൾ കുറേകാലത്തോളം നടത്തിവന്നിരുന്നത്. എന്നാൽ പുറത്തുനിന്നും ഫ്യൂഡൽ ഭാഷക്കാർ ഇന്ന് ബ്യൂട്ടണിൽ കയറിക്കൂടിയിരിക്കുകയാണ്. ഇനിയങ്ങോട്ട് ബ്യൂട്ടണ് ഇങ്ങിനെയൊരു ഭരണഘടനയില്ലാത്ത അവസ്ഥ മുന്നോട്ടുകൊണ്ട് പോകുവാൻ പറ്റുമോ എന്നു തീർത്തുപറയാനാവില്ല.

എന്നാൽ ഇങ്ഗ്ളണ്ടിലെ സാമൂഹികവും ഭരണപരവും ആയ കീഴ്വഴക്കങ്ങൾ പലതും ഇങ്ഗ്ളിഷ് ഭാഷയിലുള്ള തത്വസംഹിതകൾ രൂപപ്പെടുത്തിയിട്ടുള്ളവയാണ്.

അവിടെ രാജകുടുംബ ഭരണം ഉണ്ടായിരുന്നെങ്കിലും, രാജാവോ റാണിയോ, പൌരന്മാരുടെ വ്യത്യസ്ത സാമൂഹികവും തൊഴിൽപരവും ആയ സ്ഥാനങ്ങൾക്ക് അനുസൃതമായി അവരെ, വ്യത്യസ്തങ്ങളായ You എന്നരീതിയിൽ 'നീ', 'നിങ്ങൾ', 'സാറ്', 'മാഡം', എന്നോ, He/She എന്നതിന് ബദലായി 'അവൻ/അവൾ', 'അയാൾ', 'അദ്ദേഹം', 'അവര്', 'സാർ', 'മാഡം', എന്നൊക്കെയോ, they/them എന്നതിന് ബദലായി 'അവരെന്നും', 'അവന്മാരെന്നും' 'അവറ്റകളെന്നും' വ്യത്യസ്തമായും നിർവ്വചിക്കാറില്ല.

രാജസേവനം നടത്തുന്ന (On Her Majesty's Service), പോലീസ് ഉൾപ്പെടെയുള്ള, സർക്കാർ ഓഫിസുകളും ജനങ്ങളോട് വിവേചനം ചെയ്തുകൊണ്ട് വ്യത്യസ്തമായി പെരുമാറില്ലായിരുന്നു.

(ഇനിയങ്ങോട്ടുള്ള കാര്യം തീർത്തു പറയാനാവില്ല. പുറത്തിനിന്നും വന്ന അന്യഭാഷക്കാരുടെ ഒരു വേലിയേറ്റം തന്നെ ബ്യൂട്ടണിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കൂട്ടരുടെ കൈയിൽ അകപ്പെട്ട ഇങ്ഗ്ളിഷിന്റെ നിലവാരംതന്നെ തകർച്ചയുടെ ഭീഷണിയിലാണ്).

സർക്കാർ ഓഫിസ് തൊഴിലാളികൾ സാധാരണ പൌരനേക്കാൾ ഒരു പടി ഉയരത്തിലാണ് എന്ന ധ്വനിയും കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് (pristine-English) ഭാഷയിൽ ഇല്ലതന്നെ.

35. ഇന്ത്യൻ പൌരന്റെ നൈസർഗികമായ അവകാശങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ ആന്തരിക ആത്മാവ് ഇങ്ഗ്ളിഷ് ഭാഷയുടെ സാമൂഹിക തത്വസംഹിതയാണ്. ഇന്ത്യൻ ഭരണഘടനയിൽ പൌരന് മൌലികമായി ചില അവകാശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ ഇവിടെ സൂചിപ്പിക്കാവുന്നവ നിയമത്തിന് മുന്നിലുള്ള തുല്യതയാണ്, തുല്യമായുള്ള അന്തസ്സുമാണ്. മറ്റൊന്ന് പൌരന് അയാളുടെ അന്തസ്സ് നിലനിർത്താനുള്ള അവകാശമാണ്.

ഈ മുകളിൽ പറഞ്ഞ വെറും നിസ്സാരമെന്ന് തോന്നാവുന്ന രണ്ട് അവകാശങ്ങൾ മാത്രംമതി, ഇന്ത്യൻ ഭരണഘടന ഈ ഉപദ്വീപിലെ പാരമ്പര്യങ്ങൾക്കും, സാമൂഹിക ഘടനയ്ക്കും വിപരീതമാണ് എന്ന് സ്ഥാപിക്കാൻ. കാരണം, ഇവിടുള്ള ഭാഷകൾ ഉച്ചനീചത്വം ഉള്ളവയാണ്. പാരമ്പര്യങ്ങൾ മനുഷ്യർ തമ്മിൽ അറപ്പുള്ളതും, താഴെപ്പെടുന്നവരെ ചവിട്ടിത്താഴ്ത്തുന്നതും ആണ്. സാമൂഹിക ഘടന ഉച്ചനീചത്വം ഉള്ളതാണ്.

ഇന്ത്യൻ ഭരണഘടനയ്ക്ക് ഒരു മൌലിക ഘടനയുണ്ട് എന്ന് ഇന്ത്യൻ സുപ്രീം കോടതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കുറെ നിയമപരമായ കലഹങ്ങൾ നടന്നിട്ടുണ്ട്. ശരിക്കും പറഞ്ഞാൽ, ഇതിലൊന്നും വ്യാപകമായതും ആഴത്തിലുള്ളതും ഈ രാജ്യത്തിലെ പൌരന്റെ സാമൂഹിക നിലവാരത്തെ ക്രീയാത്മകമായി ഉന്നമനപ്പെടുത്തുന്നതുമായതും ആയ യാതോരു കാര്യവും ഉണ്ട് എന്ന് തോന്നുന്നില്ല.

കാരണം എന്താണ് ഇന്ത്യൻ ഭരണഘടനയുടെ മൌലികമായ ഘടന എന്നത് കോടതി വ്യക്തമാക്കിയില്ല എന്നാണ് തോന്നുന്നത്.

36. അവകാശങ്ങൾ ഫ്യൂഡൽ ഭാഷകളിലേക്ക് തർജ്ജമചെയ്യുമ്പോൾ

ഇന്ത്യൻ ഭരണ ഘടനയുടെ പ്രീയാംബ്ളിൽ (Preambleളിൽ) (അവതാരികയിൽ) നിന്നും ഉള്ള ചില വാക്കുകളാണ് താഴെ ഉദ്ദരിച്ചിട്ടുള്ളത്. നോക്കുക:

QUOTE: JUSTICE, Social, ———; LIBERTY of thought, expression, belief, faith and worship; EQUALITY of status and opportunity; FRATERNITY assuring the dignity of the individual ——. END of QUOTE.

സാമൂഹീകമായ നീതി,--------അന്തസ്സിലും അവസരത്തിലും ഉള്ള സമത്വം, വ്യക്തിയുടെ അന്തസ്സ് ഉറപ്പു നൽകിക്കൊണ്ടുള്ള സാഹോദര്യം തുടങ്ങിയവ വളരെ വ്യക്തമായ വാക്കുകളിൽ ഈ പ്രീയാംബ്ളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രീയാംബ്ളിൽ നിന്നും ഇന്ത്യൻ ഭരണഘടനയുടെ Spirit അഥവാ പൊരുൾ, സ്വഭാവം, ആദർശം, ആത്മാവ്, മനോഭാവം, മാനസികഭാവം, പ്രാണൻ എന്നിവ കണ്ടെത്താൻ കഴിയുന്നതാണ്.

ഈ ആത്മസത്തയിൽ നിന്നും നേരിട്ട് പിറന്നതാണ് ഇന്ത്യൻ ഭരണഘടനയുടെ Article 14: Right to equality before the law. (നിയമത്തിന് മുന്നിൽ സമത്വത്തിനായുള്ള അവകാശം).

ഈ അവകാശത്തെക്കുറിച്ച് നിയമപണ്ഡിത വേദികളിൽ പലവിധ ചർച്ചകളും, ഉപന്യാസങ്ങളും, ബുദ്ധിവൈഭവങ്ങളും നിലവിലുണ്ട്. എന്നാൽ, ഈ അവകാശം ഇങ്ഗ്ളിഷിൽ നിന്നും ഇന്ത്യൻ ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെടുമ്പോൾ അതിന് സംഭവിക്കുന്ന ഭീകരമായ രൂപവ്യത്യാസവും, പരിധികളും ഈ ബുദ്ധിമാന്മാരുടെ മനസ്സിൽ ഉദിക്കുന്നില്ലാ എന്നത് ഭീകരമായ ഒരു വസ്തുതതന്നെയാണ്.

ഇന്ത്യയിൽ കോടതിയിൽ മാത്രമല്ല നിയമം നടപ്പിലാക്കപ്പെടുന്നത്. ഏതൊരു സർക്കാർ ഓഫിസിലേയും ശിപായിവരെ ഇന്ന് ഇതു നടപ്പിലാക്കാൻ വേണ്ടി ഉദ്യമിക്കാൻ താൽപ്പര്യപ്പെടുന്നു. കാരണം, ആളുകളുടെ മേൽ അധികാരം പ്രകടിപ്പിക്കാൻ തരപ്പെടുന്നത് ഇന്ത്യൻ ഭാഷകളിൽ വളരെ സുഖമുള്ള അനുഭൂതിയാണ്.

ഭരണഘടനയിലെ ആർട്ടിക്കിൾ 14 വായിക്കാനോ, പഠിക്കാനോ, അതിന്റെ ചേതന മനസ്സിലാക്കാനോ, അവരോട് ഒരു നിയമ പണ്ഡിതനും പറയാനും താക്കീത് നൽകാനും ആയിട്ടില്ലതന്നെ. അവർക്കു തന്നെ ഇതിനെക്കുറിച്ച് കാര്യമായ ഉൾക്കാഴ്ച ലഭിച്ചിട്ടുണ്ടോ എന്നതും സംശയമാണ്. അതുമല്ലെങ്കിൽ, അവർക്ക് ഇക്കാര്യം മറ്റുള്ളവരെ അറിയിക്കുന്നതിൽ താൽപ്പര്യം ഇല്ലാ എന്നും ചിന്തിക്കാവുന്നതാണ്.

37. മൂന്ന് വ്യത്യസ്ത നിലവാരത്തിലുള്ള പൌരത്വം

ഇന്ത്യൻ ഭരണഘടനയുടെ ഏറ്റവും വ്യക്തവും അനിഷേധ്യവുമായ മൌലിക വസ്തുത അത് ഇങ്ഗ്ളിഷിൽ എഴുതപ്പെട്ട ഒരു രേഖയാണ് എന്നതാണ്. ഈ വിശുദ്ധ ഗ്രന്ഥത്തിൽ പൌരന് നൽകപ്പെട്ടിട്ടുള്ള പലതരം സമത്വങ്ങളും അന്തസ്സുകളും ഇങ്ഗ്ളിഷിൽ മാത്രമേ ഉള്ളു എന്നുള്ളതാണ് വാസ്തവം.

മൂന്ന് പൌരന്മാർ പോലീസ് സ്റ്റേഷനിൽ ചെന്നാൽ, അവരെ മൂന്നുപേരെയും അവരുടെ തൊഴിലിനെ അടിസ്ഥാനപ്പെടുത്തി, നീയെന്നും (എടാ, എടീ, എന്താടാ, എന്താടീ തുടങ്ങിയവയും), നിങ്ങളെന്നും, സാർ എന്നും വ്യത്യസ്തമായും വിവേചനപരമായും പോലീസ് വകുപ്പിലെ ജീവനക്കാർ വിളിച്ചാൽ, അത് ഇന്ത്യൻ ഭാഷകളിൽ ഒരു തെറ്റുള്ളകാര്യമല്ല.

സംബോധനയ്ക്കും പരാമർശത്തിനുമായി വ്യത്യസ്തമായ വാക്കുകൾ ഉപയോഗിക്കുമ്പോൾ, ഇരിക്കുക, നിൽക്കുക, കുനിയുക, എന്നതിൽ വ്യത്യസ്തമായിത്തന്നെ ആഗതൻ പെരുമാറേണ്ടിവരും. അയാളോട ചോദിക്കുന്ന കാര്യങ്ങളുടെ നിലവാരത്തിലും, അവയ്ക്ക് ഉപയോഗിക്കപ്പെടുന്ന സ്വരത്തിലും വ്യത്യാസം ഉണ്ടായിരിക്കും. അയാൾക്ക് വെറുതെ ഏതാനും അടി മുഖത്ത് നൽകിയാൽ അത് ഗുരുതരമായ തെറ്റോ അല്ലെങ്കിൽ നിസ്സാരമായ ഒരു പ്രവർത്തിയോ ആണ് എന്ന് തീരുമാനിക്കുന്നതും ഈ വാക്യ പ്രയോഗങ്ങളാണ്.

അല്ലാതെ പൊലിസ് ആക്റ്റിലെ വകുപ്പുകൾ അല്ലാ എന്നതാണ് ഈ രാജ്യത്തിലെ യാഥാർത്ഥ്യം. ഈ ആക്റ്റിലെ വകുപ്പുകൾക്കാണ് പ്രസക്തി എന്ന് ആരെങ്കിലും അവകാശപ്പെടുന്നുണ്ടെങ്കിൽ, അയാൾക്കുള്ള വിവരം അയാളുടെ സ്കൂളിലേയും കോളജിലേയും വിഢ്ഡിത്തം നിറച്ച് വച്ചിരിക്കുന്ന സിവിക്സ് പാഠപുസ്തകത്തിൽ നിന്നും മാത്രം ലഭിച്ചിട്ടുള്ളതാവാം.

എന്നാൽ, ഇത്തരം ഹീനമായ വിവേചനാപരമായ പ്രവർത്തികൾ ഇങ്ഗ്ളിഷിൽ എഴുതപ്പെട്ടിട്ടുള്ള ഭരണഘടന പ്രകാരം, ഗുരുതരമായ ഹറാം പ്രവർത്തിയാണ്. വിശുദ്ധ ഗ്രന്ഥത്തിന് ചില്ലിക്കാശിന്റെ വില നൽകാത്ത ഇടപാടാണ്.

സർക്കാർ ജീവനക്കാരൻ ഭരണഘടനയോട് തന്നെ 'നീ പോടാ' എന്ന് പറഞ്ഞത് മാതിരിയാണ്.

എന്നാൽ മിക്ക പൌരന്മാർക്കും പോലീസുകാർക്കും ഇങ്ഗ്ളിഷ് അറിയില്ല. ഇങ്ങിനെ ഒരു പ്രശ്നം ഉള്ളതായി ചിന്തിക്കാനേ ആവില്ല. അറിഞ്ഞാൽത്തന്നെ ഈ ഗുരുതരമായ ചെയ്തിയെ എങ്ങിനെയാണ് വ്യാഖ്യാനിക്കേണ്ടത് എന്ന് അറിയില്ല. എന്നാൽ ചെറുതായി സൂചിപ്പിച്ചാൽ, ഭരണഘടന മനസ്സിലാക്കൻ പറ്റാത്തവരാണ് ഇവിടെ ഭരണം നടത്തുന്നത് എന്ന് പറയാമെന്ന് തോന്നുന്നു. ഇങ്ങിനെയുള്ള ആളുകളാണ് ഭരണയന്ത്രത്തിൽ ജോലിചെയ്യുന്നത് എന്നും തോന്നുന്നു.

38. നിഗൂഡ കോഡുകൾ നിർവ്വീര്യമാക്കുന്നതെങ്ങിനെ

ഇന്ത്യൻ ഭരണഘടനയുടെ മൌലിക ഘടനയെ മാറ്റാൻ പാടില്ലാ എന്ന നിലപാട് സുപ്രീം കോടതി എടുത്തിട്ടുണ്ട്. ഇങ്ങിനെ വരുമ്പോൾ, ഇങ്ഗ്ളിഷ് ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളതും, ഇങ്ഗ്ളിഷ് ഭാഷയിൽ ഉള്ളതുമായ അവകാശങ്ങൾക്കുവേണ്ടി ചട്ടം കെട്ടുന്നതുമായ ഭരണഘടനയെ ഫ്യൂഡൽ ഭാഷകളിലേക്ക് തർജ്ജമചെയ്ത്, അതിന് നിയമ സാധുത നൽകിയതിലുള്ള ഗുരുതരമായ അശുദ്ധമാക്കലിനെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു.

പണ്ടൊരിക്കൽ ഈ എഴുത്തുകാരൻ, ഒരു വേദ പണ്ഡിതൻ എഴുതിയ വേദമന്ത്രങ്ങളെക്കുറിച്ചുള്ള മലയാളത്തിലെഴുതപ്പെട്ട ഒരു ഗ്രന്ഥം ഇങ്ഗ്ളിഷിലേക്ക് തർജ്ജമ ചെയ്തിരുന്നു. വേദ മന്ത്രങ്ങളുടെ വാക്യാർത്ഥം ഇങ്ഗ്ളിഷ് വാക്കുകളിൽ എഴുതിയപ്പോൾ, അവയക്ക് യാതോരു മാന്ത്രിക ശക്തിയും കണ്ടില്ല.

അതുപോലെ തന്നെ ഇസ്ളാം മതസ്ഥരുടെ ബിസ്മില്ല എന്ന മന്ത്രം മലയാളത്തിലും ഇങ്ഗ്ളിഷിലും തർജ്ജമചെയ്ത് ചൊല്ലിയാൽ എങ്ങിനെയിരിക്കും എന്നതിനെക്കുറിച്ച് തീർത്ത് പറയാനുള്ള വിവരം ഇല്ല.

ഇവയുടെയെല്ലാം മൌലികമായ ഭാഷകളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള നിഗൂഡ കോഡുകൾ ഭാഷ മാറുമ്പോൾ നിർവ്വീര്യമാകാൻ ഇടയുണ്ട്.

ഈ സംഗതി വളരെ ചെറിയൊരു ചിത്രീകരണത്തിലൂടെ വ്യക്തമാക്കാവുന്നതാണ്.

ഇങ്ഗ്ളിഷിലെ He beat him എന്ന വാക്യം നോക്കുക.

ഈ വാക്യത്തെ ഫ്യൂഡൽ ഭാഷകളിൽ പലതായി തർജ്ജമചെയ്യാവുന്നതാണ്. ഈ ഉദാഹരണങ്ങൾ നോക്കുക.

1. അവൻ അദ്ദേഹത്തെ അടിച്ചു.
2. അദ്ദേഹം അവനെ അടിച്ചു.

അവൻ അദ്ദേഹത്തെ അടിച്ചാൽ, അത് യാതോരു രീതിയിലും മാപ്പ് നൽകാനാവാത്ത കുറ്റമാണ്.

അദ്ദേഹം അവനെ അടിച്ചാൽ, അവന് അർഹതപ്പെട്ട അടിയാണ്. അവന് ഒന്നുംകൂടി കൊടുക്കേണ്ടാതായിരുന്നു എന്ന് ചുറ്റുമുള്ളവർ മനസ്സിലാക്കാം.

ഈ ഒരു പ്രശ്നം ഈ ഉപദ്വീപിലെ സമൂഹത്തിനെ കാര്യമായിത്തന്നെ ബാധിച്ചിട്ടുണ്ട്.

ഇങ്ഗ്ളിഷിലെ നിസ്സാരമായ ഒരു വാക്യത്തെ ഭീബത്സമായ രീതിയിൽ മാറ്റിമറിക്കുകയും, ആളുകളെ പല നിലവാരങ്ങളിലേക്ക് വലിച്ചെറിയുകയും ചെയ്യപ്പെടുന്നു.

കുറച്ചുപേരെ മുകളിൽ സ്ഥാപിക്കുകയും അവർക്കും അവരുടെ വാക്കുകൾക്കും അവരുടെ ചെയ്തികൾക്കും ദിവ്യത്വം നൽകുകയും, മറ്റുള്ളവരെ തരംതാഴ്ത്തുകയും കൊള്ളരുതാത്തവരും ആക്കുന്ന ഭാഷകളിലേക്ക് ഇന്ത്യൻ ഭരണഘടനയെ തർജ്ജമ ചെയ്യാൻ പാടുണ്ടോ?

ഇത് മൌലികമായ വിശുദ്ധ ഗ്രന്ഥത്തെ പങ്കിലമാക്കുന്ന നീച പ്രവർത്തിയല്ലെ?

ഇങ്ങിനെയൊരു പ്രവർത്തിക്ക് കൂട്ടുനിൽക്കുന്നത് ചെകുത്താന് കൂട്ടുനിൽക്കുന്നതിന് തുല്യമല്ലെ?

ഈ വിഷയത്തെക്കുറിച്ച് ഇനിയും പലതും പറയാനാവും. അതിന് ഇവിടെ സാവകാശം ഇല്ല. എന്നാൽ, ഈ കാര്യവുമായി ബന്ധപ്പെട്ടുകൊണ്ട് കേരള ഹൈകോടതിയിൽ ഫ്യൂഡൽ ഭാഷകൾ നിർബന്ധിച്ച് പഠിപ്പിക്കുന്നതിന് എതിരായി 2011ൽ ഒരു റിറ്റ് ഹരജി ഈ എഴുത്തുകാരൻ നൽകിയിരുന്നു. ഇതിലെ വാദഗതികൾ പൂർണ്ണമായും ഈ ലിങ്കിൽ നിന്നും ലഭിക്കുന്നതാണ്.

39. എളുപ്പപ്പണികളിലൂടെ കാര്യങ്ങൾ നേടാനായുള്ള വെമ്പൽ

ഇന്ന് ഇന്ത്യൻ ഭരണഘടന, അതിന്റെ ആത്മസത്തയെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും യാതോരു കഴിവും ഉത്സാഹവും, താൽപ്പര്യവും ഇല്ലാത്ത കുറേ ആളുകളുടെ കൈയിൽപ്പെട്ട് അലങ്കോലപ്പെട്ടുപോയിക്കൊണ്ടിരിക്കുയാണ്.

ഉൽകൃഷ്ടമായതും, ഈ ഉപദ്വീപിൽ പാരമ്പര്യമായി ഇല്ലാത്തതുമായ ആശയങ്ങളും, മനുഷ്യവ്യക്തിത്വങ്ങളും, മറ്റും പ്രഖ്യാപിക്കുന്ന ഈ ഗ്രന്ഥത്തെ ഉൾക്കൊള്ളാനായി ജനങ്ങളുടെ മാനസിക നിലവാരം ഉയർത്തുന്നതിന് പകരം, ഈ കൂട്ടർ എളുപ്പപ്പണികളിലൂടെ കാര്യങ്ങൾ നേടാനായി വെമ്പൽകൂട്ടുകയാണ്.

ജനങ്ങളുടെ ഇങ്ഗ്ലിഷ് നിലവാരം ഉയർത്തുന്നതിന് പകരം, ഭരണഘടനയെ ജനങ്ങളുടെ നിലവാരം കുറയ്ക്കുന്ന അതേ ഹീന കോഡുകൾക്ക് പിടികൂടുവാൻ അവസരം ഒരുക്കുകയാണ് ഇന്നുള്ള ഭരണ കർത്താക്കൾ ചെയ്യുന്നത്.

ഇതിന്റെ മുന്നോടിയായിട്ടാണ് ഭരണഘടനയെ ഹിന്ദിയിലേക്കും മറ്റ് ഫ്യൂഡൽ ഭാഷകളിലേക്കും തർജ്ജമ ചെയ്യുതുടങ്ങിയത്. ഇത് ഒരു വൻ ജനകീയ സംരഭം ആണ് എന്ന് ജനങ്ങളെ പറഞ്ഞ് മനസ്സിലാക്കിക്കുന്നു. ജനങ്ങളും അതിന് കൈയ്യടി നൽകുന്നു. കാരണം, ഇങ്ഗ്ലിഷിൽ നിന്നും ഭരണഘടന ഫ്യൂഡൽ ഭാഷകളിലേക്ക് സ്ഥാനച്ചലനം നടത്തിയാൽ, അതിനോടൊപ്പം ജനങ്ങളുടെ പലവിധ അന്തസ്സുകളും അന്തസ്സുകൾക്കായുള്ള അവകാശങ്ങളും അസ്തമിക്കും എന്ന് അവർ അറിയുന്നില്ല.

'ഇന്ത്യൻ' സംസ്ക്കാരത്തിന് അനുസൃതമായി ഭരണഘടന തിരുത്തിയെഴുതും എന്ന് ഇന്ന് രാഷ്ട്രീയ നേതാക്കളുടെ പ്രഖ്യാപനങ്ങൾ വന്നുകഴിഞ്ഞു എന്ന് അറിയുന്നു.

'ഇന്ത്യൻ' സംസ്ക്കാരത്തിന് അനുസൃതമായി തിരുത്തിയെഴുതപ്പെടുന്ന ഭരണഘടനയുടെ ആത്മസത്ത എന്തായിരിക്കും എന്ന് അടുത്ത എഴുത്തിൽ സൂചിപ്പിക്കാൻ ശ്രമിക്കാം.

'ഇന്ത്യൻ' ഭാഷകളിൽ തർജ്ജമ ചെയ്യപ്പെട്ട ഭരണ ഘടന ഈ എഴുത്തുകാരൻ നേരിട്ട് കണ്ടിട്ടില്ല. അത് പോലെ തന്നെ നിയമങ്ങളും മറ്റ് വകുപ്പുകളും ഫ്യൂഡൽ ഭാഷകളിൽ എഴുതപ്പെട്ടത് കാര്യമായ അളവിൽ കണ്ടിട്ടില്ല.

ഈ വക നിയമങ്ങളിൽ, You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയ വാക്കുകൾ ഫ്യൂഡൽ ഭാഷകളിൽ പരാമർശിക്കപ്പെടുമ്പോൾ, അവ വ്യത്യസ്ത നിലവാരങ്ങളിൽ നാലുപാടും തെറിച്ച് മാറിനിൽക്കില്ലെ?

വടക്കൻ ഇന്ത്യൻ കോടതികളിൽ സാധാരണക്കാരൻ തൂ, തും, ഉസ്സ് എന്ന പദങ്ങൾക്കല്ലെ അർഹതപ്പെടുള്ളു? പദവിയുള്ളവരെ ഈ പദങ്ങളിൽ നിർത്താനും ആവില്ല. ഇങ്ങിനെയുള്ള ഒരു സാഹചര്യം ഒരുക്കുന്ന കോടതികൾത്തന്നെ ഭരണഘടനാപരമായി നോക്കുമ്പോൾ, കോടതികളാണ് എന്ന് അംഗീകരിക്കാനാവുന്ന സംവിധാനങ്ങളാണോ?

നാടിലെ സംസ്ക്കാരത്തിന് അനുസൃതമായാണ് കാര്യങ്ങൾ നടത്തുന്നത് എങ്കിൽപ്പിന്നെ, ഭരണഘടനയും നിയമങ്ങളും മറ്റും ആവശ്യമുണ്ടോ?

40. പ്രാദേശിക സംസ്ക്കാരത്തിന് അനുസൃതമായുള്ള ഭരണഘടന

ഇന്ത്യൻ ഭരണഘടനയെ പ്രാദേശിക സംസ്ക്കാരത്തിന് അനുസൃതമായി തിരുത്തിയെഴുതിയാൽ, തികച്ചും വ്യത്യസ്തമായ ഒരു മനോവികാരം ഉള്ള ഒരു ഭരണഘടനയാണ് ഉളവാകുക.

വ്യക്തികൾ നിയമത്തിന് മുന്നിൽ തുല്യരല്ല എന്ന പ്രാദേശിക ഭാഷകളിലെ യാഥാർത്ഥ്യം ലിഖിത രൂപത്തിൽ വരും.

'അവനേയും'('അവളേയും)' 'അദ്ദേഹത്തേയും' ഒരേ നിലവാരത്തിൽ വീക്ഷിക്കുവാൻ ആകില്ല എന്നുള്ളത് ഒരു നിത്യസത്യവും പരമയാഥാർത്ഥ്യവും നീതി നിർവ്വഹണത്തിന്റേയും ഭാഗവും ആവും.

'അവൻ'('അവൾ') പലവേദികളിലും എഴുന്നേറ്റ് നിന്ന് 'അദ്ദേഹത്തെ' വന്ദിക്കേണം. ഇത് ചെയ്യാത്തവർക്ക് നീതിമാത്രമല്ല, മറ്റ് പലതും നിഷേധിക്കപ്പെടും. സർക്കാർ ഓഫിസ് ജീവനക്കാർ 'അദ്ദേഹത്തിന്റെ' വാക്കുകളെ മാനിക്കും. 'അവന്റെ' ('അവളുടെ') വാക്കുകൾക്ക് പുല്ലിന്റെ വിലനൽകും. പോലീസ് വകുപ്പ് ജീവനക്കാരും ഇത് തന്നെ ചെയ്യും.

'അദ്ദേഹത്തിന്' ആദരവ് നൽകും. 'അവനെ'/'അവളെ' ഞെട്ടിക്കും. കഴിയുമെങ്കിൽ ഒന്ന് മെനക്കെടുത്തുകയോ, കായികമായി ഒന്ന് കൈകാര്യം ചെയ്യുകയോ ചെയ്യും.

രേഖകളിലും (Files) എഫ് ഐ ആറിലും, മറ്റ് റിപ്പോർട്ടുകളിലും മറ്റും ആളുകളെ തരംതിരിച്ച് നിർവ്വചിക്കപ്പെടും. 'അദ്ദേഹവും' 'അവനും' നിയമത്തിന് മുന്നിൽ ഏറ്റുമുട്ടിയാൽ, 'അവന്റെ' കാര്യം പരിതാപകരമാകും.

'അദ്ദേഹത്തിന്' 'അവനോട്'/'അവളോട്' പലതും ആവശ്യപ്പെടാം. പരിധികളില്ലാതെ. അത് നൽകാൻ ബാധ്യസ്ഥരായിരിക്കും 'അവൻ'/'അവൾ'. ആവില്ല എന്ന് 'അവൻ'/'അവൾ' പറഞ്ഞാൽ, ഗുരുതരമായ തെറ്റും തെമ്മാടിത്തവും ആയിരിക്കും.

പ്രാദേശിക സ്ക്കൂളുകളിൽ അദ്ധ്യാപകൻ കയറിവന്നാൽ, കുട്ടികൾ യാന്ത്രികമായി എഴുന്നേൽക്കുന്നുണ്ട്. ഇത് ചെയ്യാൻ തയ്യാറാവാത്ത

വിദ്യാർത്ഥികൾ തെമ്മാടികളാണ് എന്ന് അദ്ധ്യാപകർ നിർവ്വചിക്കുന്നു. അവർ മറ്റ് രീതിയിൽ എത്ര നല്ലവരാണെങ്കിൽ കൂടി. അതുപോലയാണ് മുകളിൽ പറഞ്ഞ കാര്യങ്ങൾ.

ഈ സമൂഹിക പ്രത്യയശാസ്ത്രം ലിഖിത രൂപത്തിലുള്ള ചട്ടത്തിന്റെ പിൻബലത്തോടുകൂടി രാജ്യത്തിലെ എല്ലാവിധ സർക്കാർ തൊഴിലാളികളും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ വെമ്പൽകൊള്ളും.

വാസ്തവം പറയുകയാണെങ്കിൽ, ഈ വിധം തന്നെയാണ്, പ്രദേശിക ഭാഷയിൽ ഭരണയന്ത്രം നടക്കുന്ന മിക്ക സർക്കാർ ഓഫിസുകളിലും കാര്യങ്ങൾ ഇന്ന് നടക്കുന്നത്.

ഇങ്ങിനെയല്ലാതുള്ള ഒരു അനുഭവം ഇങ്ഗ്ളിഷ് ഭാഷ മാത്രം കൈകാര്യം ചെയ്യുന്ന ഇടങ്ങളിൽ മാത്രമേ ഇന്ന് ബാക്കിയായി നിലകൊള്ളുന്നുള്ളു. എന്നാൽ ഈ ഇങ്ഗ്ളിഷ് അന്തരീക്ഷം ഈ രാജ്യത്തിലെ 95ശതമാനം ആളുകളും അനുഭവിച്ചിട്ട് കൂടിയുണ്ടാവില്ല.

എന്നാൽ, കാര്യങ്ങൾ ഇങ്ങിനെയല്ല വേണ്ടത്, മറിച്ച്, പൊതുജനത്തിന്റെ വെറും തൊഴിലാളികളാണ് സർക്കാർ ഓഫിസുകളിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർ എന്ന വിവരം ഇന്ന് ബാക്കിവരുന്ന 5 ശതമാനം പേരിൽത്തന്നെ ഒരു ചെറിയ ശതമാനത്തിന് മാത്രമേ സങ്കൽപ്പിക്കാൻ പോലും പറ്റുള്ളു.

കാരണം, ഈ നാട്ടിൽ ആരേയും 'അവൻ' ('അവൾ') - അദ്ദേഹം എന്ന രീതിയിൽ വേർതിരിക്കാൻ ആവില്ല എന്ന് ഇങ്ഗ്ളിഷ് ഭാഷ നന്നായി കൈകാര്യം ചെയ്യുന്നവർക്ക് മാത്രമേ തിരിച്ചറിയാൻ ആവുള്ളു.

പ്രാദേശിക ഭാഷകളിൽ 'അദ്ദേഹം'/'അവർ' എന്നും 'അവൻ'/'അവൾ' എന്നും വെവ്വേറെയായി തരം തിരിക്കപ്പെടുന്നവർ ഇങ്ഗ്ളിഷിൽ വെറും ഒറ്റനിലവാരത്തിലുള്ള 'He'/'She' മാത്രമാണ് എന്ന അതി ഗംഭീരമായ സാമൂഹിക രൂപകൽപ്പനാ കോഡ് ഇങ്ഗ്ളിഷിൽ മാത്രമേ ഉള്ളു.

41. ചരിത്രത്തിൽനിന്നും ഒരു ജനകീയ മുന്നേറ്റത്തിന്റെ കഥ

ഈ ഉപദ്വീപിന്റെ വടക്ക്-കിഴക്കായി രണ്ടായിരം വർഷങ്ങൾക്ക് മുൻപ് ഉണ്ടായിരുന്നു എന്ന് ചരിത്രത്തിൽ പറയുന്ന മഗധാ രാജ്യത്തിൽ, ജനങ്ങളുടെ കാര്യങ്ങൾ നോക്കുവാനായി പല മഹാമന്ത്രിമാരെയും (Mahapatras) അശോക രാജാവ് നിയമിച്ചിരുന്നു. ഇക്കൂട്ടർ ഓരോ പ്രദേശങ്ങളിലും വർഷത്തിൽ ഒരു പ്രാവശ്യം വൻ ആൾ ബലത്തോടുകൂടി ഒരാഴ്ചത്തേക്ക് വന്ന് തമ്പടിക്കും. ആ ഒരാഴ്ച ആ ചുറ്റുപാടിലുള്ള ഗ്രാമീണരുടെ കഷ്ടകാലമായിരിക്കും.

ഈ കൂട്ടർ ചോദിക്കുന്നതെല്ലാം നൽകേണം. ഈ ഉപദ്വീലിലെ രാജാധികാരം കൈയിലുള്ള ആളുകൾ ഒരു വീട്ടിൽ കയറി എന്തെല്ലാം ചോദിക്കും എന്ന് പ്രത്യേകിച്ച് എണ്ണിപ്പറയേണ്ടതില്ല.

ഈ ഉദ്യോഗസ്ഥരുടെ കടന്നുകൈയ്യേറ്റം എല്ലാ പ്രദേശങ്ങളിലേയും ജനങ്ങൾ സഹിക്കുകയാണ് ചെയ്തത്. ഇന്ന് മിക്ക സർക്കാർ ഓഫിസുകളിലേയും പെരുമാറ്റം ജനം ഒറ്റക്കൊറ്റക്ക് നിന്ന് സഹിക്കുന്നത് പോലെ.

എന്നാൽ, തക്ഷശിലയിൽ ജനം സംഘടിച്ച്, ഈ മഹാമന്ത്രിമാരുടെയും അവരുടെ കൈയ്യാളുകളുടെയും തലവെട്ടി.

തക്ഷശിലയിലെ പൊതുഭാഷയിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ എന്ന് അറിയില്ല.

അശോക രാജാവ് സൈന്യത്തെ ഇറക്കി ജനകീയ വിപ്ളവത്തെ അടിച്ചമർത്തി. ഉദ്യോഗസ്ഥരെന്ന 'അദ്ദേഹങ്ങളെ' ജനം ബഹുമാനിക്കുകയും അവർ ചോദിക്കുന്നതെല്ലാം അവർക്ക് കൊടുക്കുകയും ചെയ്യേണം എന്നാണ് ഫ്യൂഡൽ ഭാഷകളിലെ ലിഖിതവും അലിഖിതവുമായ ചട്ടം.

ഇന്ത്യയിൽ ഭരണഘടന ഇന്ത്യൻ സംസ്ക്കാരത്തിന് അനുസൃതമായി തിരുത്തി എഴുതിയാൽ, ഇതാണ് സംജാതമാകാൻ പോകുന്ന സാമൂഹിക യാഥാർത്ഥ്യം.

രാജ്യത്തിനും രാജാവിനും മറ്റും വൻ പ്രത്യയശാസ്ത്രങ്ങളും മറ്റും ഉണ്ടാവും. എന്നാൽ, ജനങ്ങളും ഭരണചക്രത്തിൽ തൊഴിൽ ചെയ്യുന്നവരും തമ്മിൽ സംസാരിക്കുന്നത് ഫ്യൂഡൽ ഭാഷകളിൽ ആകുമ്പോൾ, എത്ര മഹനീയമായ പ്രത്യയശാസ്ത്രം ഉണ്ടെങ്കിലും, കാര്യങ്ങൾ ഭാഷാകോഡുകൾക്ക് അനുസൃതമായാണ് നടക്കുക.

അശോകന്റെ പ്രാദേശിക ഭാഷ പാലിയും പ്രാകൃതും ആയിരുന്നു എന്ന് പറയപ്പെടുന്നു. സംസ്കൃതവുമായി ഇവയ്ക്ക് ബന്ധമില്ലായെന്നും സൂചിപ്പിക്കപ്പെട്ടുകാണുന്നു.

42. പുതിയ സവർണ്ണർ

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിന്റെ സാമൂഹികവും ഭാഷാപരവും ആയ സംസ്ക്കാരം പുതുതായി ജനിച്ച ഇന്ത്യ, പാക്കിസ്ഥാൻ, ബെങ്ഗ്ളാദേശ് തുടങ്ങിയ രാജ്യങ്ങളിലേയും അനൌപചാരിക സംസ്ക്കാരം ആയിരിക്കും.

പലതും കുറച്ചു കാലത്തോളം ഇങ്ഗ്ളിഷിന്റെ സമത്വാധിഷ്ഠിതമായ (egalitarian) സംസ്ക്കാരപരമായി ഔപചാരികമായി ചിലയിടങ്ങളിൽ നടന്നിരുന്നു. ഉദാഹരണത്തിന്, ഇങ്ഗ്ളിഷ് ഭരണം ഉണ്ടായിരുന്ന മലബാറിൽ പല ഔദ്യോഗിക കീഴ്വഴക്കങ്ങളും ഈ രീതിയിലായിരുന്നു. സ്വതന്ത്ര രാജ്യമായി നിലനിന്നിരുന്ന തിരുവിതാംകൂറിൽ ഈ കാര്യങ്ങൾ ഒരിക്കലും അനുഭവപ്പെട്ടിരുന്നില്ല.

ഇനിയങ്ങോട്ട് ഈ ഉപദ്വീപിലെ പ്രാദേശിക സംസ്ക്കാരത്തിലേക്ക് കാര്യങ്ങൾ നീങ്ങിയാൽ, വാരാവുന്ന വ്യത്യാസങ്ങളുടെ നിഴലുകൾ രാജ്യത്തുടനീളം പരന്നു കഴിഞ്ഞിട്ടുണ്ട്.

ബ്രാഹ്മണരിൽ പല നിലവാരങ്ങൾ ഉണ്ട്. ഏറ്റവും ഉയരത്തിൽ ഉള്ളത് ഐഏഎസ്, ഐപിഎസ് നിലവാരത്തിന് തുല്യരായ, ഏറ്റവും ഉയർന്ന പൂജാരികളായ ബ്രാഹ്മണ തമ്പുരാന്മാർ.

അവർക്ക് കീഴിലായി നമ്പൂതിരിപ്പാട്, വിശിഷ്ടരായി അറിയപ്പെടുന്ന ഭട്ടതിരിയും മറ്റും. പിന്നെ സാമാന്യ ബ്രാഹ്മണർ. അവർക്ക് കീഴിലായി നമ്പി തുടങ്ങിയവർ. അവർക്ക് കീഴിൽ ശാന്തിക്കാർ അഥവ എമ്പ്രാൻ. പിന്നെ നമ്പൂരി (സപഗ്രസ്ഥൻ). ഏറ്റവും താഴെയായി പാപിഷ്ഠരായ ബ്രാഹ്മണർ. (ഇത് ആധികാരികമായ വിവരം അല്ല. പിശകുണ്ടാകാം).

ഇന്നത്തെ ഉദ്യോഗസ്ഥ വർഗ്ഗവുമായി ഈ ബ്രാഹ്മണ നിലവാരങ്ങളെ താരത്മ്യപ്പെടുത്തുകയാണെങ്കിൽ, ഇന്നുള്ള ഇന്ത്യൻ പോലീസ് വകുപ്പിലെ ഇൻസ്പെകടർ നിലവാരം ഏറ്റവും കീഴെവരുന്ന ബ്രാഹ്മണർക്ക് നൽകാനാവും. ഏറ്റവും ഉയരങ്ങളിലുള്ള ബ്രഹ്മണരെ ഐഏഎസ് - ഐപിഎസ് കാരുമായി താരതമ്യം ചെയ്യാവുന്നതാണ്.

ഇവർക്ക് കീഴിലായി വരുന്ന ബ്രാഹ്മണർക്കും നായന്മാർക്കും ഇടയിൽപ്പെടുന്ന അമ്പലവാസി, ഉണ്ണി, നമ്പീശൻ, പിശാരടി, വാരിയൻ,

ചാക്കിയാർ, നമ്പിയാർ തുടങ്ങിയവരെ ഇൻസ്പെകടർക്കും കോൺസ്റ്റബ്ളിനും ഇടയിൽ ഉള്ള ഏഎസ്ഐ, ഹെഡ് കോൺസ്റ്റബ്ൾ തുടങ്ങിയവരുമായി താരതമ്യം ചെയ്യാവുന്നതാണ്.

ഇവരുടെയെല്ലാം ആജ്ഞാനുവർത്തിയായി വരുന്ന നായന്മാരെ കോൺസ്റ്റബ്ൾമാരുമായി താരതമ്യം ചെയ്യാവുന്നതാണ്.

നായന്മാരാണ് കീഴ് ജാതിക്കാരുടെ മേൽ നേരിട്ടുള്ള കായികവും ശബ്ദപരമായും അധികാരം കാട്ടിയിരുന്നത്.

ഇനി പറയാനുള്ളത് കീഴ് ജാതിക്കാർക്ക് തുല്യരായി കാണാവുന്ന പൊതുജനം എന്ന സാധാരണ പൌരനെക്കുറിച്ചാണ്.

അത് അടുത്ത എഴുത്തിൽ പ്രതിപാദിക്കാം.

43. രാഷ്ട്രം ഫ്യൂഡൽ ഭാഷാ കോഡുകൾക്ക് കീഴടങ്ങുമ്പോൾ

രാഷ്ട്രം ഫ്യൂഡൽ ഭാഷാ കോഡുകൾക്ക് കീഴടങ്ങുമ്പോൾ, ഇത്രയും നാൾ സാമൂഹികാന്തരീക്ഷത്തെ സമത്വാധിഷ്ഠിതമായി (egalitarian) നിലനിർത്താനായി പ്രവർത്തിച്ച ഇന്ത്യൻ ഭരണഘടനയുടെ പ്രവർത്തനങ്ങളും ധർമ്മശാസ്ത്രങ്ങളും പാഴ്‌വേലയായി മാറും.

ഇന്ത്യൻ ജനങ്ങളുടെ സാമൂഹിക രൂപകൽപ്പന, നിരപ്പുള്ള സാമൂഹികാന്തരീക്ഷത്തിൽനിന്നും പൂർണ്ണമായും മാറി, പലതട്ടുകളുള്ളതും, പിരമിഡ് രൂപത്തിലുള്ളതും, ആയ അനവധി ഘടകങ്ങളായ രൂപഘടന കൂടുതൽ ഉറപ്പിക്കപ്പെടും.

സർക്കാർ ജോലി എന്നുള്ളത് പണ്ട് കാലങ്ങളിൽ ഉള്ള ജന്മിത്വത്തിന് തുല്യമാകും. അതായത് കുറച്ച് വൻ ജന്മിമാരും, അവർക്ക് കീഴിലായി കുറെ കുട്ടിജന്മിമാരും, അവർക്കെല്ലാം കീഴെയായി അനവധി കൈയ്യാളുകളും.

ഈ കൈയ്യാളുകളുമായി ഇന്നുള്ള പോലീസ് ഇൻസ്പെടർ, ഏഎസ്ഐ, ഹെഡ് കോൺസ്റ്റബ്ൾ, കോൺസ്റ്റബ്ൾ എന്നിവരേയും, സർക്കാർ ഓഫിസിലെ ഓഫിസ് സൂപ്രണ്ടുമാരെയും ക്ളാർക്കുമാരെയും (ഗുമസ്തന്മാരെയും) പ്യൂണുകളെയും താരതമ്യപ്പെടുത്താനാവുന്നതാണ്. സർക്കാർ സേവനത്തിലെ ഏറ്റവും പരുക്കൻ പെരുമാറ്റം പൊതുവെ ഇവരിൽ നിന്നുമാണ് പൊതുജനത്തിന് ലഭിക്കുക.

അതേ സമയം ഇവരേക്കാൾ ഉയരത്തിൽ ഉള്ളവരുമായി പൊതുജനത്തിന് അടുക്കാൻ പറ്റില്ലതന്നെ. പലവിധ തടസ്സങ്ങളും മറ്റും ഉള്ള ഒരുതരം അയിത്തം മിക്ക ആളുകളെയും ഇവരുമായി അടുക്കുന്നതിന് തടസ്സമായി നിലനിൽക്കും.

പഴയ കാല ജാതി വ്യവസ്ഥയുടെ പലവിധ ഭാവങ്ങളും ഇന്ന് സർക്കാർ തൊഴിലാളികളും ജനങ്ങളും തമ്മിൽ നിലനിൽക്കുന്നുണ്ട്.

REV. Samuel Matter എഴുതിയ Native Life in Travancoreൽ, തിരുവിതാംകൂർ രാജ്യത്തിൽ ഉണ്ടായിരുന്ന ജാതിവ്യവസ്ഥയുടെ കാഠിന്യം വളരെ വ്യക്തമായി ചിത്രീകരിച്ചിട്ടുണ്ട്. ഈ ചിത്രീകരണത്തിലെ വ്യക്തികളെ

മാറ്റി ഒരു പക്ഷത്ത് ഇന്നത്തെ സർക്കാർ ഓഫിസ് തൊഴിലാളികളും മറു പക്ഷത്ത് ഇന്നുള്ള പൊതുജനവും ആയി കഥാപാത്രങ്ങളെ മാറ്റിയാൽ, അന്നത്തെ ജാതി വ്യവസ്ഥ ഇന്നുള്ള സർക്കാർ ഓഫിസ് തൊഴിലാളികളും സാധാരണ പൌരനും തമ്മിലുള്ള ബന്ധത്തിന്റെ സാമാന്യമായ ചിത്രീകരണമായി കാണാവുന്നതാണ്.

ഈ തരം അയിത്തങ്ങൾക്ക് ആരെയും കുറ്റം പറയാൻ ആവില്ലതന്നെ. കാരണം, ആളുകൾ ഭാഷയുടെ രൂപകൽപ്പനാ കോഡുകൾക്ക് അനുസൃതമായി ചിട്ടപ്പെടുത്തപ്പെടുകയാണ്. അവരോരോരുത്തർക്കും ലഭിച്ചിട്ടുള്ള സ്ഥാനത്തിൽ (Slots) നിന്ന്കൊണ്ട് ആ സ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഭാഷാ കോഡുകൾ പ്രകാരം ഓരോരുത്തരും പെരുമാറും. ഇടപഴകും. പ്രതികരിക്കും. പരുക്കനും മൃദലനും ആവും. ഞെട്ടിക്കും. വിധേയത്വം കാണിക്കും. കൈക്കൂലി വാങ്ങിക്കും. കൈക്കൂലി നൽകും. വ്യക്തികളോട് വിവേചനം കാണിക്കും. ബഹുമാനം ലഭിക്കുന്നതിൽ സായൂജ്യം കണ്ടെത്തും. അധമത്വം പ്രകടിപ്പിക്കുന്നതിൽ ആത്മസംതൃപ്തിയും കാര്യനേട്ടവും നേടും.

പരുക്കൻ കോഡുകളുള്ള ഭാഷകൾ പരുക്കൻ സാമൂഹികാന്തരീക്ഷം സൃഷ്ടിക്കും. പരുക്കൻ സാമൂഹികാന്തരീക്ഷത്തിൽ അവിടവിടങ്ങളിലായി മൃദുലമായ അനുഭവങ്ങൾ ലഭിക്കും ഇടക്കിടക്ക്. ഈ അനുഭവങ്ങളിൽ സമൂഹീകാന്തരീക്ഷത്തിന്റെ അലൌകിക സൌന്ദര്യം കണ്ടെത്തും. സാമൂഹികാന്തരീക്ഷത്തിലെ ഈ നുറുങ്ങ് സൌന്ദര്യത്തെ മതിമറിന്ന് ഇഷ്ടപ്പെടും. ഇക്കാര്യം വിളിച്ച് പറയും.

44. പാഠപുസ്തകങ്ങളിലെ തരിശായ വിഡ്ഢിത്തങ്ങൾ

ഇന്നുള്ള ഇന്ത്യയിലെ പൊതുജനം എന്നു പറയുന്നത് തന്നെ പലതട്ടുകളായി, അന്യോന്യം അറപ്പും വിദ്വേഷവും, ഉള്ളവരും, കീഴെവരുന്നവരെ വാക്ക് കോഡുകളാൽ അമർത്തുന്നവരും, മുകളിൽ വരുന്നവരെ വിധേയത്തത്താലോ, നിർബന്ധത്താലോ ബഹുമാനിക്കുന്നവരും, മറ്റുമാണ്.

താഴെക്കിടയിലുള്ളവരെ പലവിധത്തിലും അമർത്തിവെക്കണം എന്നത് ഒരു അലിഖിതമായ സാമൂഹിക ചട്ടംതന്നെയാണ്. ഇത് ചെയ്തില്ലെങ്കിൽ അവർ മുകളിലുള്ളവരുടെ ഇടയിലേക്ക് ഇടിച്ച് കയറുകയും അവരെ വാക്ക്-കോഡുകളാലും, മറ്റ് അതിരുകടന്ന പെരുമാറ്റങ്ങളാലും അലോസരപ്പെടുത്തും.

ഫ്യൂഡൽ ഭാഷകളിൽ കാര്യങ്ങൾ ഇങ്ങിനെത്തന്നെയാണ്.

മാനസികവും ശാരീരികവും ആയ വ്യക്തിത്വം നിലനിർത്തിക്കൊണ്ട് സർക്കാർ ഉദ്യോഗസ്ഥരോട് പെരുമാറുന്നത് സാമൂഹികമായും വ്യാപാരപരമായും തൊഴിൽപരമായും ആത്മഹത്യാപരമാണ്. സർക്കാർ ഉദ്യോഗസ്ഥരെന്ന ജന്മി വർഗ്ഗത്തിനോടും, അവരുടെ കയ്യാളുകളോടും വിധേയത്വവും ബഹുമാനവും വ്യക്തമായും എല്ലാ വാക്കുകളിലും ശാരീരിക ഭാഷയിലും പ്രകടിപ്പിക്കുന്നതാണ് കാര്യപ്രാപ്തിക്കും നിലനിൽപ്പിനും അഭികാമ്യം.

ഇതാണ് ഇന്ന് ഉരുത്തിരിഞ്ഞുവരുന്ന പുതിയ സാമൂഹിക പ്രത്യയശാസ്ത്രം. അല്ലാതെ സ്ക്കൂളിലും കോളജിലും സാമൂഹിക ശാസ്ത്രത്തിലും രാഷ്ട്രതന്ത്രത്തിലും മറ്റും പഠിപ്പിക്കുന്ന തരിശായ വിഡ്ഢിത്തങ്ങൾക്ക് യാതോരു അർത്ഥവും ഇല്ലതന്നെ.

ജനങ്ങൾക്ക് സാമൂഹിക സമത്വത്തിന് അവകാശമുണ്ട്. അവരാണ് രാജ്യം ഭരിക്കുന്നത്. രാജ്യത്തിന്റെ ഉടമസ്ഥർ അവരാണ്. അവർക്ക് ഈ നാട്ടിൽ അന്തസ്സിന് അവകാശമുണ്ട് എന്നൊക്കെ പാഠപുസ്തകങ്ങളിൽ ചറപറയെന്ന രീതിയിൽ എഴുതിക്കൂട്ടുന്നത് പലവിധ പാഠപുസ്തക വിൽപ്പനക്കാർക്കും സാമ്പത്തിക മുതിൽക്കൂട്ട് നൽകും എന്നല്ലാതെ, ചില്ലിക്കാശിന്റെ വിലയില്ലാത്ത വാക്കുകളാണ്.

കാരണം, പ്രാദേശിക ഭാഷകളിൽ ഈ വക കാര്യങ്ങൾ പാഠപുസ്തകങ്ങളിൽ പഠിപ്പിക്കുന്ന അതേ അവസരത്തിൽത്തന്നെ, സമൂഹത്തിൽ വലിയവർ ഉണ്ട് എന്നും അവർ സർക്കാർ ഉദ്യോഗസ്ഥരും, രാഷ്ട്രീയ നേതാക്കളും, ഡോക്ടർമാരും മറ്റുമായ 'അദ്ദേഹങ്ങളും', 'സാറമ്മാരും', 'മാഡങ്ങളും' ആണ് എന്നും, ഇവർക്ക് കീഴിലായി വരുന്നവരാണ് പൊതുജനം എന്ന 'അവനും', 'അവളും', 'അയാളുമാരും' 'അവന്മാരും' 'അവളുമാരും', 'അവറ്റകളും' എന്ന വിലകുറഞ്ഞവരെന്നും കുരുതിക്കൂട്ടിയും, കരുത്തിക്കൂട്ടിയല്ലാതെയും പഠിപ്പിക്കപ്പെടുന്നുണ്ട്.

സ്ക്കൂളുകളിലും കോളജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും അറിയാം, അവരിൽ പലരും 'അവന്റേയും' 'അവളുടേയും' മക്കളും, മറ്റുചിലർ 'അദ്ദേഹത്തിന്റെയും' 'മാഢത്തിന്റേയും' മക്കളും ആണ് എന്ന്.

പൊതുജനമെന്ന ഹീനജാതിക്കാരും സർക്കാർ തൊഴിലാളികളെന്ന ജന്മിവർഗ്ഗവും തമ്മിൽ ഉള്ള അയിത്തങ്ങളുടെ വ്യക്തമായ വാക്ക്-കോഡ് സാങ്കേതികത അടുത്ത എഴുത്തിൽ നൽകാം.

45. George Washington എന്ന പമ്പരവിഡ്ഢി

യൂഎസ്ഏ (USA) എന്ന രാഷ്ട്രം 1777ൽ രൂപീകരിച്ചപ്പോൾ, ഒരു Bill of Rights എഴുതിയുണ്ടാക്കിയിരുന്നു. എന്തോ വലിയ പുതിയ കണ്ടുപിടുത്തം എന്ന രീതിയിലാണ് അമേരിക്കക്കാർ ഇതിനേയും, യൂഎസ് ഭരണഘടനയിൽ പ്രസ്താവിച്ചിരിക്കുന്ന മനുഷ്യ വ്യക്തിത്വങ്ങളും പൌരന്റെ അന്തസ്സും മറ്റും ഉരുവിട്ടുകൊണ്ടിരിക്കുന്നത്.

ഈ മനുഷ്യവ്യക്തിത്വങ്ങൾ അത്രയും ഇങ്ഗ്ളണ്ടിലെ പ്രാദേശിക ഭാഷയായ ഇങ്ഗ്ളിഷിൽ യാതോരു കരുതിക്കൂട്ടലുകളും, ലിഖിതരൂപത്തിലുള്ള അവകാശ പ്രസ്താവനകളും ഇല്ലാതെ തന്നെ ഉള്ള കാര്യങ്ങളാണ്. കാരണം, ഈ ഭാഷയിൽ സർക്കാർ ഓഫിസ് തൊഴിലാളിയും സാധാരണ പൌരന്മാരും മറ്റും എല്ലാം തന്നെ വെറും You, Your, Yours, He, Him, His, She, Her, Hers എന്ന പദങ്ങളാൽ മാത്രം നിർവ്വചിക്കപ്പെടുന്നവരാണ്.

അല്ലാതെ സർക്കാർ തൊഴിലാളികൾ 'അദ്ദേഹവും' 'മാഡവും' ആണ് എന്നും സാധാരണക്കാർ 'അവനും' 'അവളും' ആണ് എന്നും അല്ല എന്നതിനെക്കുറിച്ച് അമേരിക്ക എന്ന രാജ്യം രൂപീകരിച്ചവർക്ക് അന്ന് മനസ്സിലായിട്ടില്ല. ഇനി എപ്പോഴെങ്കിലും മനസ്സിലാകുമോ എന്നും അറിയില്ല.

ഭൂഖണ്ഡ യൂറോപ്പുകാർ വളരെ എളുപ്പത്തിൽ പ്രലോഭിപ്പിക്കുകയും വശീകരിക്കുകയും ചെയ്ത ആളാണ് George Washington എന്ന കാര്യം യാതോരു ചരിത്രപുസ്തകങ്ങളിലും എഴുതിക്കാണുന്നില്ല എന്നുള്ളത് തന്നെ ഒരു വൻ വിവര ശേഖരത്തെക്കുറിച്ചുള്ള അറിവില്ലായ്മയാണ് ചൂണ്ടിക്കാട്ടുന്നത്.

46. ഇങ്ഗ്ളിഷ് കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ

ദക്ഷിണേഷ്യൻ ഉപദ്വീപിൽ ഉദ്യോഗസ്ഥ വർഗ്ഗത്തിനാണ് കാലാകാലങ്ങളായി വാക്ക് കോഡുകളിൽ മഹിമ. ഇവർക്ക് കീഴെയായി പലവിധ തൊഴിലുകളും ചെയ്യുന്നവർ വാക്ക് കോഡുകളുടെ ഹീന പ്രയോഗങ്ങൾ ഏറ്റുവാങ്ങേണ്ടവരാണ്.



A traditional architect of the South Asian subcontinent, with elevation of a new temple drawn on a wall.

ദക്ഷിണേഷ്യൻ ഉപദ്വീപിൽ ഏറ്റവും വലിയ നൈപുണ്യവും സാങ്കേതിക വിദ്യയും മറ്റും ഉള്ളവരായിരുന്നു ഇവിടുള്ള പാരമ്പര്യ ആശാരിമാർ. ഈ ഉപദ്വീപിൽ ഏതാണ്ട് പകുതിയോളം സ്ഥലത്ത് ഇങ്ഗ്ളിഷ് ഭരണം നടന്ന കാലത്ത് ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥർ ഇക്കൂട്ടരുടെ നൈപുണ്യം കണ്ട് അത്ഭുതപ്പെട്ടിട്ടുണ്ട്.

യാതോരു കോളജിലും പഠിപ്പില്ലാത്ത ഇവർ വൻ കെട്ടിടങ്ങളും മണിമാളികകളും വെറും നിസ്സാരം എന്ന് തോന്നിക്കാവുന്ന പണി ആയുധങ്ങൾ ഉപയോഗിച്ച് കൊണ്ട് സൃഷ്ടിക്കുമായിരുന്നു. എന്നാൽ ഇക്കൂട്ടർ ഈ ഉപദ്വീപിലെ ഉദ്യോഗസ്ഥക്കൂട്ടരുടെ (അധികാരികളുടെ) മുന്നിൽ വിലയില്ലാത്തവരായിരുന്നു. പലപ്പോഴും സാമൂഹികാധികരം കൈവശമുള്ള ഉയർന്നവരുടെ 'നീ', 'അവൻ', 'അവൾ', പ്രയോഗങ്ങൾ ഏറ്റുവാങ്ങേണ്ടവരായിരുന്നു ഇവർ.

ഇങ്ഗ്ളിഷ് ഭരണം ഇവിടെ പ്രചരിപ്പിച്ച പൊതുവിദ്യാഭ്യാസം ശരിക്കും പറഞ്ഞാൽ, ശ്രമിച്ചിരുന്നത് ജനങ്ങളുടെ ആശയവിനിമയത്തിലുള്ള

തടസ്സങ്ങൾ മാറ്റാനാണ്. സാങ്കേതിക വിദ്യാഭ്യാസം അതിന് ശേഷവും, മുകളിലും ആയിരുന്നു.

എന്നുവച്ചാൽ, ആദ്യം ഈ പ്രദേശത്തുള്ള ആശയവിനിമയത്തിലുള്ള പൈശാചികതയെ ഉന്മൂലനം ചെയ്യതിനോ, അല്ലെങ്കിൽ അതിനെ ചെറുതായെങ്കിലും നിർവ്വീര്യം ചെയ്യതിനോ ശേഷമേ, ഇന്ന് ഉയർന്ന വിദ്യാഭ്യാസ യോഗ്യത എന്നുപറയുന്ന വിദ്യാഭ്യസങ്ങളിലേക്കും, ഉയർന്ന സർക്കാർ ജോലികളിലേക്കും ആളുകളെ കയറ്റിവിട്ടിരുന്നുള്ളു. ഇങ്ഗ്ളിഷ് നന്നായി അറിയുന്നവർക്കേ സർക്കാർ സേവനത്തിലെ ഉയർന്ന പദവികളിലും ഡോക്ടർ പോലുള്ള വിദ്യാഭ്യാസങ്ങൾക്കും പ്രവേശനം നൽകിയിരുന്നുള്ളു.

ഇതിന്റെ ഗുണം പൊതുജനത്തിനാണ് ലഭിച്ചിരുന്നത്. കാരണം, മനുഷ്യനെ വിലകുറയ്ക്കുന്ന വാക്ക് കോഡുകൾ കുറേയെങ്കിലും മനസ്സിൽ നിർവ്വീര്യമാക്കിയാൽ മാത്രമെ ഇത്യാദി നിലവരങ്ങളിലേക്ക് പ്രവേശിക്കാൻ ആകുള്ളു.

These are technical and architectural experts of rare acumen. Yet, they have not been in any engineering college. They could manage to build huge building structures with no help from modern technology. Well, this is the kind of genius that the Englishmen saw in south Asia

ശരിക്കും പറഞ്ഞാൽ ഈ ഉപദ്വീപിലെ ഏതാണ്ട് പകുതിയോളം പ്രദേശങ്ങളിൽ ഇങ്ഗ്ളിഷ് ഭരണം നടന്നിരുന്ന ഇടത്ത് (British-India), ഭരണകർത്താക്കൾ ഇങ്ങിനെ ഒരു ഉദ്യമത്തിൽ ഏർപ്പെട്ടിരുന്നു എന്ന കാര്യത്തെക്കുറിച്ച് ഇന്നുള്ള ബ്രിട്ടണിലും, ഇങ്ഗ്ളണ്ടിലും ഒരു ചെറിയ അറിവ് പോലും ബാക്കിയില്ല എന്നുള്ളതാണ് വാസ്തവം.

അതേ സമയം ഇന്ത്യയിലും പാക്കിസ്ഥാനിലും, ബങ്ഗ്ളാദേശിലും മറ്റും പ്രാദേശിക രാഷ്ട്രീയ നേതൃത്വങ്ങളും ഉദ്യോഗസ്ഥവർഗ്ഗവും, വിദ്യാഭ്യാസ പണ്ഡിതരും മറ്റും ചരിത്രത്തിൽ സംഭവിച്ച കാര്യങ്ങളുടെ പുറംതോടുപോലും തൊടാതെ എന്തെല്ലാമോ എഴുതിക്കൂട്ടി, വിദ്യാർത്ഥികളെക്കൊണ്ടും ഉദ്യോഗാർത്ഥികളെക്കൊണ്ടും മാർക്ക് നേടാനായി ധൃതിപ്പാടോടുകൂടി പഠിക്കാനും തത്തപറയുന്നത് പോലെ ഉരുവിടാനും പ്രചോദനം നൽകുന്നു.

47. ഭരണഭാഷ മലയാളമാകുമ്പോൾ ഉളവാകുന്ന പ്രശ്നങ്ങൾ

ഇന്ത്യയൊട്ടുക്കും സംസ്ഥാന സർക്കാർ ഓഫിസ് സംവിധാനങ്ങൾ പ്രാദേശിക ഭാഷയിൽ ആക്കിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ കമ്മിറ്റികൾ പഠന റിപ്പോട്ട് നൽകിയിട്ടുണ്ടാകാം.

ഈ വക വിദഗ്ദ്ധ കമ്മിറ്റികൾ ഈ ഭാഷാ മാറ്റത്തെക്കുറിച്ച് എന്താണ് പഠിച്ചത് എന്ന് ഈ എഴുത്തുകാരന് അറിയില്ല. എന്നാൽ, തോന്നുന്നത് ഈ വക പഠനങ്ങൾ പലപ്പോഴും വെറും ആഴമില്ലാത്ത വാചക കസർത്തുകൾ ആകും എന്നാണ്. കാരണം, മലയാളം വിദ്യാഭ്യാസത്തിൽ നിർബന്ധ ഭാഷയാക്കാൻ വിദഗ്ദ്ധ കമ്മിറ്റി നൽകിയ റിപ്പോട്ട് 2011ൽ വായിച്ചതായി ഓർക്കുന്നു. അതിൽ കാര്യമായി ഒരു ഗഹന പഠനവും കണ്ടില്ലാ എന്നാണ് ഓർമ്മ. കമ്മിറ്റിയിൽ ഡോക്ട്രെയ്റ്റ് ബിരുദ്ധധാരികൾ ഉണ്ടായിരിന്നു എന്നും ഓർമ്മിക്കുന്നു.

സർക്കാർ ഓഫിസുകളിൽ നിർവ്വഹണം പൂർണ്ണമായി ഫ്യൂഡൽ ഭാഷകളിലേക്ക് മാറ്റിയാൽ ഉണ്ടാവുന്ന ഏതാണ്ട് 30ഓളം പ്രശ്നങ്ങൾ ഈ എഴുത്തുകാരന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവ ലിഖിത രൂപത്തിൽ ഈ എഴുത്തുകാരൻ രേഖപ്പെടുത്തി വച്ചിട്ടുണ്ട്.

അവയിൽ ഒന്ന് ഇവിടെ ഇപ്പോൾ പ്രസ്താവിക്കാം: ഇങ്ഗ്ളിഷ് ഭരണകാലത്ത് സർക്കാർ ഓഫിസ് തൊഴിലാളികളെ Public Servants (പൊതുജനങ്ങളുടെ തൊളിലാളികൾ) എന്ന വാക്കുകളിലാണ് നിർവ്വചിക്കപ്പെട്ടിരുന്നത്.

ഫ്യൂഡൽ ഭാഷകളിൽ തൊഴിലാളി മുതലാളിയെ ബഹുമാനിക്കേണം. അതായത്, ഭരണ ഭാഷ ഫ്യൂഡൽ ഭാഷയായാൽ, ബഹുമാന പദങ്ങൾ പൊതുജനത്തിനോടും, തരംതാഴ്ത്തപ്പെടുന്ന വാക്കുകൾ സർക്കാർ ഓഫിസ് തൊഴിലാളിളുടെ മേലും ഉപയോഗിക്കേണ്ടവയാണ്.

ഇതിനോട് യാതോരു കാരണവശാലും സർക്കാർ ഓഫിസ് തൊഴിലാളികൾ യോജിക്കില്ലതന്നെ.

മാത്രവുമല്ല, സർക്കാർ ഓഫിസിലേക്ക് വരുന്ന പൌരനെ ബഹുമാനിക്കേണം എന്നതും സർക്കാർ ഓഫിസ് തൊഴിലാളിക്ക് സമ്മതിക്കാനാവുന്ന കാര്യമല്ല.

ഭരണ ഭാഷ മലയാളമാക്കുമ്പോൾ, ഈ പ്രശ്നനത്തെക്കുറിച്ച് വിദഗ്ദ്ധ കമ്മിറ്റി എന്താണ് അഭിപ്രായപ്പെട്ടത് എന്ന് അറിയില്ല.

അതേ സമയം, സാധരണ പൌരൻ സർക്കാർ ഓഫിസ് തൊഴിലാളിയെ ബഹുമാനിക്കേണം എന്നാണ് വിദഗ്ദ്ധ കമ്മിറ്റിയുടെ കണ്ടുപിടുത്തമെങ്കിൽ, പൌരൻ സർക്കാർ ഓഫിസ് തൊഴിലാളിയുടെ കീഴിൽ വരുന്ന ആളാണ് എന്ന് ഭരണഘടനയിൽ സൂചിപ്പിച്ചിട്ടുണ്ട് എന്ന് വിദഗ്ദ്ധ കമ്മിറ്റി സൂചിപ്പിച്ചിട്ടാണ്ടാവും എന്ന് വിശ്വസിക്കാം.

സർക്കാർ ഓഫിസ് നിർവ്വഹണം ഇങ്ഗ്ളിഷിൽ ആണെങ്കിൽ ഈ പ്രശ്നം ഉണ്ടാവില്ലെ എന്ന ചോദ്യത്തിന് മറുപടി പറയാൻ പലതും പറയേണ്ടിവരും. എന്നാൽ അതിന് ഇവിടെ പ്രസക്തിയില്ലതന്നെ. പ്രശ്നം സർക്കാർ രേഖകളിൽ ഏത് പക്ഷത്തെയാണ് ബഹുമാനിക്കപ്പെടേണ്ടത്, ഏത് പക്ഷത്തെയാണ് തരം താഴ്ത്തേണ്ടത് എന്നത് പ്രഥമദൃഷ്ട്യാതന്നെ വരുന്ന ഒരു പ്രശ്നമാണ്.

രണ്ടു പക്ഷത്തേയും തരംതാഴ്ത്താൻ പാടില്ല എന്നാണ് വാദഗതിയെങ്കിൽ, അത് മലയാളം ഭാഷയിൽ നടക്കുന്ന കാര്യമല്ലതന്നെ. തൊഴിലാളിയേയും തൊഴിലുടമയേയും രണ്ടു തട്ടിൽത്തന്നെയാണ് ഫ്യൂഡൽ ഭാഷകൾ സ്ഥാപിക്കുന്നത്.

ഈ നിസ്സാരം എന്ന് തോന്നുന്ന വാദഗതിക്ക് ബ്യട്ടിഷ് മലബാറിലെ ഒരു പ്രത്യേക ചരിത്ര സംഭവവുമായി കാര്യമായ ബന്ധമുണ്ട്. ഇത് ഇന്ത്യൻ ഔദ്യോഗിക ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടോഎന്ന് അറിയില്ല.

48. ആര് ആരെ ബഹുമാനിക്കേണം

സർക്കാർ ഓഫിസ് തൊളിലാളികളെ സംബന്ധിച്ചെടുത്തോളം, ഓഫിസിൽ കയറിവരുന്ന പൌരൻ ബഹുമാനിച്ചും കുനിഞ്ഞും നിന്നില്ലെങ്കിൽ പ്രശ്നമാണ്. കാരണം ഫ്യൂഡൽ ഭാഷകളിൽ ബഹുമാനം കാണിക്കാത്തവർ അധികപ്രസംഗം മാതിരിയാണ് പെരുമാറുക. അല്ലാതെ രണ്ട് പക്ഷവും തുല്യമായ അന്തസുള്ളവരും ഒരേ നിലവാരമുള്ളവരും ആയി ആശയവിനിമയം അധികനേരം നടത്താനാവുന്ന ഭാഷകളല്ല ഫ്യഡൽ ഭാഷകൾ.

കയറിവന്ന പൌരനെ പേര് വിളിച്ചുകൊണ്ട് സംസാരിക്കാനുള്ള അവകാശം സർക്കാർ ഓഫിസ് തൊഴിലാളി പ്രകടിപ്പിക്കും. ഇതേ അവകാശം കയറിവന്ന പൌരൻ സർക്കാർ ഓഫിസ് തൊഴിലാളിയോട് പ്രകടപ്പിച്ചാൽ, കാര്യം ഗൌരവമേറിയ തെമ്മാടിത്തവും അസഭ്യവാക്ക് (abusive word) പ്രയോഗവും മറ്റുമായി പരിഗണിക്കപ്പെടും.

മലയാളത്തിൽ, പൌരൻ സർക്കാർ ഓഫിസ് തൊഴിലാളിയെ 'നിങ്ങൾ' എന്ന് സംബോധനചെയ്താൽ മിക്ക ഓഫിസുകളിലും തെമ്മാടിത്തമായിത്തന്നെയാണ് കാണുക.

പൌരനെ 'നിങ്ങൾ' എന്ന് സർക്കാർ ഓഫിസ് തൊഴിലാളി സംബോധന ചെയ്താൽ, പ്രശ്നമല്ലതന്നെ. മാത്രവുമല്ല, എന്തെങ്കിലും അത്യാവശ്യ കടലാസിനായി കഷ്ടപ്പെട്ട് നിൽക്കുന്ന പൌരനെ പല ഉൾനാടൻ ഓഫിസിലേയും പ്യൂൺവരെ 'നീ' എന്ന് സംബോധന ചെയ്യാറുണ്ട് എന്നുള്ളത് ഒരു വാസ്തവം തന്നെയാണ്.

പൌരൻ ഇതേ നാണയത്തിൽ തിരിച്ച് 'നീ'യെന്ന് സർക്കാർ ഓഫിസ് തൊഴിലാളിയെ സംബോധന ചെയ്താൽ, ഗൌരവമേറിയ കുറ്റം തന്നെയാണ്. ഇങ്ങിനെയുള്ളവരെ ജയിലിലാക്കാൻ പോന്ന നിയമങ്ങൾ കരുതിക്കൂട്ടി സർക്കാർ ഓഫിസ് തൊഴിലാളികൾ സംഘടിതമായി ഗൂഢാലോചന ചെയ്ത് ലിഖിതരൂപത്തിൽ ആക്കിവച്ചിട്ടുണ്ട്.

ഇത്യാദി നിയമങ്ങൾക്ക് സാധുത നൽകുന്ന ജനപ്രതിനിധികളെപ്പറ്റി എന്ത് പറയാനാണ്? എന്തെങ്കിലും പറഞ്ഞാൽ, അതും കുറ്റമായിപ്പോയാലോ?

തലകുനിച്ചാൽ തലയിൽ കയറണം എന്നുള്ളത് ഫ്യൂഡൽ ഭാഷകൾക്കുള്ളിലെ കോഡുകളിൽ അന്തർലീനമായ കാര്യമാണ്. ഇത് സർക്കാർ ഓഫിസ് തൊഴിലാളിക്ക് വ്യക്തമായി അറിയാവുന്ന കാര്യവുമാണ്. അവരുടെ മുന്നിൽ കുനിയാതെ നിൽക്കുന്ന സാധാരണക്കാരനെ കുനിപ്പിക്കാതെ അവർക്ക് സൈ്വര്യം ലഭിക്കില്ലതന്നെ.

അമിത വിധേയത്വം നൽകാതെ സർക്കാർ ഓഫിസ് തൊഴിലാളിയെ, 'നിങ്ങൾ' എന്ന് സാധാരണക്കാരൻ സംബോധന ചെയ്താൽ, പല സർക്കാർ ഓഫിസ് തൊഴിലാളികളിലും മാനസിക സമനിലതെറ്റിയ പെരുമാറ്റംവരെവന്നേക്കാം. അടിക്കാനും ഇടിക്കാനും സൌകര്യമുള്ള ഇടമാണെങ്കിൽ, സമനിലതെറ്റിയ ആൾ അക്രമാസക്തമായിത്തന്നെ പെരുമാറിയേക്കാം.

എന്നാൽ പ്രശ്നം സർക്കാർ ഓഫിസ് തൊഴിലാളികളിലും സാധാരണ പൌരനിലും അല്ല കിടക്കുന്നത്. ഇവിടെ പ്രശ്നക്കാരൻ ഫ്യൂഡൽ ഭാഷതന്നെയാണ്. ഇങ്ങിനെയുള്ള മാനസികനില തെറ്റിക്കാൻ കഴിവുള്ള ഭാഷകളെ സർക്കാർ ഓഫിസുകളിലെ ഔദ്യോഗിക ഭാഷയാക്കാനായി ശുപർശചെയ്ത വിദഗ്ദ്ധ കമ്മിറ്റികൾ ഈ പ്രശ്നത്തെക്കുറിച്ച് എന്താണ് ബോധിപ്പിച്ചിട്ടുള്ളത് എന്നതിനെക്കുറിച്ച് അറിയില്ല.

ആര് ആരെ ബഹുമാനിക്കേണം എന്നുള്ളതാണ് കാതലായ പ്രശ്നം. പണിക്കാരനെ ബഹുമാനിച്ചാൽ, പണിക്കാരൻ പണിയെടുക്കില്ല എന്നുള്ളതും ഒരു പ്രശ്നം തന്നെയാണ്.

മുകളിൽ സൂചിപ്പിച്ച ആശയവുമായി ബന്ധപ്പെട്ട് കുറച്ച് കൂടി പറയാനുണ്ട്. കുറച്ച് ചരിത്രവും കൂട്ടിച്ചേർക്കാനുണ്ട്. മറ്റ് മുപ്പതോളം പ്രശ്നങ്ങൾ പിന്നീടൊരിക്കൽ എടുക്കാം.

49. പാരമ്പര്യ സംസ്ക്കാരം തിരിച്ചുവന്നാൽ

ഇല്ലാത്ത അധികാരം പ്രകടിപ്പിക്കാതെ മാന്യമായി പെരുമാറിയാൽ, താഴെക്കിടയിലുള്ളവർ ഞെട്ടിച്ച് സംസാരിക്കും. ഒരു പരിധിവരെ ഫ്യൂഡൽ ഭാഷകൾ സൃഷ്ടിക്കുന്ന 'പീക്കിരി' മനോഭാവം ആണ് ഇതിന് പ്രചോദനം നൽകുന്നത്.

ഇങ്ങിനെ നോക്കുമ്പോൾ, സർക്കാർ തൊഴിലാളികൾ ഞെട്ടിച്ച് നിൽക്കുന്നത് ഒരു സ്വരക്ഷക്കായിട്ടുള്ള പ്രതിരോധ നടപടിയായിട്ടാണ്. എന്നാൽ കാര്യങ്ങൾ വളരെ സങ്കീർണ്ണമാണ്. ഈ സങ്കീർണ്ണതയുടെ കെട്ടഴിച്ച്, കുടുക്കുകൾ വ്യക്തമായി എടുത്ത് പരിശോധിക്കാനാവുന്നതാണ്. അതിന് ഇപ്പോൾ മുതിരുന്നില്ല.

എന്നാൽ പൊതുവായി പറഞ്ഞാൽ ഫ്യൂഡൽ ഭാഷകൾ ഉള്ള ഇടങ്ങളിൽ ജനങ്ങളെ വ്യക്തമായി കീഴ്പ്പെടുത്തി ഘടനപ്പെടുത്തിയിട്ടില്ലെങ്കിൽ, കാര്യങ്ങൾ ഇങ്ങിനെതന്നെയാണ്. കാരണം അവരെ പരുക്കൻ പെരുമാറ്റത്താൽ കൃത്രിമമായി കീഴ്പ്പെടുത്തേണ്ടിവരും.

ഇങ്ങിനെയല്ലാതിരിക്കേണമെങ്കിൽ, സർക്കാർ തൊഴിലാളിൽകാർ ഒരു തരം ജന്മി വർഗ്ഗമാണ് എന്ന് ലിഖിത രൂപത്തിൽ നിയമ സാധുതയുള്ള ചട്ടം ഉണ്ടാക്കപ്പെടണം. എന്നിട്ട്, പൊതുജനം ഇവരിലെ ഓരോ നിലവാരത്തോടും ഏതെല്ലാം വിധേയത്വ വാക്കുകൾ പറയുകയും ശാരീരിക ഭാഷയായി, എന്തെല്ലാം അടിയാളത്തവും പരിചാരകഭാവവും പ്രകടിപ്പിക്കേണം എന്നും പുതുതായി ഫ്യൂഡൽ ഭാഷകളിൽ എഴുതപ്പെടുന്ന ഭരണഘടനയിൽ വ്യക്തമാക്കിയാൽ മതിയാകും.

പ്രാദേശിക സ്ക്കൂളുകളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ഈ രീതിയിലാണ് ബന്ധിക്കപ്പെട്ടിരിക്കുന്നത്. അദ്ധ്യാപകൻ എത്രത്തോളം കഠിനമായി പെരുമാറുന്നു, അത്രത്തോളം വിദ്യാർത്ഥി, അദ്ധ്യാപകനെ ബഹുമാനിക്കുകയും, സ്നേഹിക്കുകയും ചെയ്യും.

ഇങ്ങിനെയുള്ള ഒരു സാമൂഹികാന്തരീക്ഷത്തിൽ, കാണിക്ക നൽകുക എന്നുള്ളത് ഒരു സാമൂഹിക ആചാരവും മറ്റുമാകും. ഇതിനെ കൈക്കൂലി എന്ന് വിളിക്കാനും ആവില്ല.

ഇതായിരുന്നു ഈ ഉപഭൂഖണ്ഡത്തിലെ പാരമ്പര്യമായ സാമൂഹികാന്തരീക്ഷം. ഇങ്ഗ്ളിഷ് ഭരണം വന്നയിടങ്ങളിൽ മാത്രം ഇതിന് ഒരു ഇടിച്ചിൽ സംഭവിച്ചു.

പഴയകാല ചൈനാ പ്രദേശത്ത് ഔദ്യോഗിക കാര്യാലയങ്ങളിൽ പാരമ്പര്യമായി ജനങ്ങൾ പ്രകടിപ്പിച്ച് കാണിക്കേണ്ടിയിരുന്ന ദാസ്യഭാവത്തിന്റെ ചിത്രമാണ് താഴെ നൽകിയിട്ടുള്ളത്.

Picture details: Credit line: Wellcome Trust logo.svg

http://wellcomeimages.org/indexplus/obf_images/7f/21/de26a50460fc320d1a19bad2647.jpg

Gallery: http://wellcomeimages.org/indexplus/image/V0015171.html

This file is licensed under the Creative Commons Attribution 4.0 International license.

ചൈനാ, ജപ്പാൻ, തുടങ്ങി മിക്ക ഏഷ്യൻ പ്രദേശങ്ങളിലും പാരമ്പര്യമായി ഭാഷാപരമായി ഫ്യൂഡൽ സ്വഭാവം ഉണ്ടായിരുന്നു. മിക്ക സ്ഥലങ്ങളിലും അത് ഇന്നും ഒരു ശക്തമായ വാസ്തവമായി തുടരുന്നുണ്ട്. ചൈനാ, ജപ്പാൻ തുടങ്ങിയ ഇടങ്ങളിലെ വാക്ക്-കോഡുകൾക്ക് കീഴിൽ വരുന്നവരുടെ ശരീരം ആകമാനം കുനിപ്പിക്കുവാൻ മാത്രം ശക്തിയുണ്ട് എന്നാണ് തോന്നുന്നത്.

പട്ടാള അച്ചടക്കത്തോടുകൂടി സർക്കാർ ഓഫിസ് തൊഴിലാളികളെ മേലധികാരികളായി അംഗീകരിക്കപ്പെടുകയും, ജനങ്ങൾ അത് അംഗീകരിക്കുകയും ചെയ്താൽ, പൌരൻ കുനിഞ്ഞ് നിൽക്കുകയും,

സർക്കാർ ഓഫിസ് തൊഴിലാളി ഒരു തരം ഭക്തവത്സലൻ എന്ന രീതിയിൽ വരദാനങ്ങൾ നൽകുകയും ചെയ്യും.

അതതു ഭാഷയിൽ അന്തർലീനമായിരിക്കുന്ന കോഡുകൾക്ക് അനുസൃതമായി സാമൂഹിക ഘടന രൂപപ്പെടും.

ഈ പ്രദേശത്തിലെ പാരമ്പര്യങ്ങളിൽനിന്നും ഇന്ത്യക്ക് ലഭിച്ച ഫ്യൂഡൽ ഭാഷാ സമൂഹികാന്തിരീക്ഷത്തിൽ ഏറ്റവും സ്വാഭാവികമായുള്ള ഘടന, ഉച്ചനീചത്വപരമായി പൌരന്മാർ അടക്കിവെക്കപ്പെടുക എന്നതാണ്.

50. താഴെപ്പെടുന്നരുടെ തമ്മിൽത്തമ്മിലുള്ള മത്സരം

വിപ്ളവം വരും. സാമൂഹിക പരിവർത്തനം സംഭവിക്കും. പുതിയൊരു തലമുറവരും. ഉച്ചനീചത്വങ്ങൾ മാറും. ഒരു പുതിയ മാനവൻ ഉയർത്തെഴുനേൽക്കും എന്നെല്ലാം ഘോഷിക്കാമെങ്കിലും, വാസ്തവം പറയുകയാണെങ്കിൽ, ഫ്യൂഡൽ ഭാഷാ സമൂഹങ്ങളിൽ ഇതൊന്നും സംഭവിക്കില്ലതന്നെ. വിപ്ളവങ്ങൾ നടന്നാൽ, പല പദവികളിലും ഉള്ള ആളുകൾ മാറുമെന്നല്ലാതെ, സാമൂഹിക ഉച്ചനീചത്വങ്ങൾ ഉടച്ച് വാർത്ത്, പാറപോലെ വീണ്ടും ഉറച്ച്തന്നെ തിരികെ വരും.

താഴെജാതിക്കാരായി നിലനിർത്തിയവർക്ക് ശരിക്കും പറഞ്ഞാൽ സംഘടിച്ച് അവരെ അമർത്തുന്നവരെ തുരത്താൻ വലിയ പ്രയാസം ഇല്ലതന്നെ. എന്നാൽ ഇങ്ങിനെയല്ല കാര്യങ്ങൾ നടമാടുക.

ഹീനജാതിക്കാരായി വച്ചവരിൽ ആണ് തമ്മിൽതമ്മിൽ ഏറ്റവും കൂടുതൽ തമ്മിൽ പോരും, കടിച്ചുകീറലും മറ്റും. Edgar Thurstonആണോ, Samuel Mateer ആണോ എന്ന് ഓർമ്മയില്ല, ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം സൂചിപ്പിച്ചത് കണ്ടതായി ഓർമ്മവരുന്നു.

ജാതിവ്യവസ്ഥയിൽ താഴോട്ട് ഒരു പരിധിവരെ ഓരോ ജാതിക്കാരുടേയും കൃത്യമായ ഉച്ചനീചത്വങ്ങൾ ബ്രാഹ്മണരും മറ്റ് ഉയർന്നവരും വ്യക്തമായി ചട്ടംകെട്ടിയിരുന്നു. എന്നാൽ വളരെ താഴെയുള്ള ജാതിക്കാരിൽ തമ്മിൽതമ്മിൽ ആരാണ് മുകളിൽ എന്ന് വ്യക്തമാക്കിയിരുന്നില്ല.

ഇത് വളരെ താഴെക്കിടയിൽപ്പെട്ട ജാതിക്കാരിൽ ഒരു തരം പരിഹാസ്യകരമായ തമ്മിൽതമ്മിൽ ഉള്ള മത്സരം കാഴ്ചവച്ചിരുന്നു. അവർക്ക് തമ്മിൽ സംഘടിക്കാനും അവരെ അടിച്ചമർത്തുന്നവർക്കെതിരെ നീങ്ങാനോ, അതുമല്ലെങ്കിൽ അവരെ അവഗണിച്ച് സ്വതന്ത്രമായി നിലകൊണ്ട് വളരാനോ അല്ല മനോഭാവം കണ്ടിരുന്നത്. മറിച്ച്, തമ്മിൽ തമ്മിൽ ആരാണ് ആപേക്ഷികമായി വലുത് എന്ന് തെളിയിക്കാനാണ് പ്രചോദനം വന്നുകണ്ടത്.

ഈ ചിത്രീകരണം കാണുക:

ഒരു കോളജിൽ പ്രൻസിപൾ മുതൽ താഴോട്ട് പ്രൊഫസർ, ലക്ചറർ, ലാബ് അസിസ്റ്റന്റ്, എന്നിങ്ങനെ ഹൈയറാർക്കി (hierarchy) കൃത്യമായി

വച്ചിരിക്കുന്നു. എന്നാൽ, അങ്ങ് താഴെ, സെക്യൂറിറ്റി നിൽക്കുന്ന പാറാവ്കാരനാണോ, തോട്ടപ്പണിക്കാരനാണോ മുകളിൽ എന്ന് വ്യക്തമാക്കിയില്ല. ഇവർ തമ്മിൽ നിത്യവും ആര്ക്ക് ആരോട് ആജ്ഞാപിക്കാം എന്ന രീതിയിൽ കശപിശ. വയസ്, യൂണിഫോം, സ്വന്തം മേലധികാരിയുടെ ഉയർന്ന നിലവാരം തുടങ്ങിയ കാര്യങ്ങൾ നിരത്തിവച്ച് ഇവർ അവരുടെ ആപേക്ഷികമായ ഉയർന്ന നിലവാരം വാദിച്ചുകൊണ്ടിരിക്കുന്നു.

ഈ വാദപ്രതിവാദം മുകളിൽ ഇരിക്കുന്ന ആളുകൾ കൌതുകത്തോടും ആതീവ തമാശയായും വീക്ഷിക്കുന്നു.

ഇത് പോലെയായിരുന്നു മുകളിൽ പറഞ്ഞ, ഏറ്റവും താഴെപ്പെട്ട ജാതിക്കാർ തമ്മിൽ തമ്മിലുള്ള മത്സരം മുകളിൽ ഉള്ളവർ കണ്ട് രസിച്ചത്.

താഴെയുള്ളവരുടെ ഈ അനുകമ്പ അർഹിക്കന്ന മനോഭാവവത്തോടും, മുകളിൽ ഉള്ളവർ ഇതിന് പ്രോത്സാഹനം നൽകുന്നതിനോടും ഫ്യൂഡൽ ഭാഷാ കോഡുകൾക്ക് കാര്യമായ ബന്ധമുണ്ട്.

51. ‘അവൻ’ ‘അദ്ദേഹം’ ആകുമോ എന്ന ഭയം

സർക്കാർ ഓഫിസ് തൊഴിലാളികൾ എത്രമാത്രം ഒരു സ്വകാര്യ വ്യക്തിയെ വിഷമിപ്പിച്ചാലും, മറ്റ് മിക്ക സാധാരണക്കാരനും അതിൽ സന്തോഷമേ ഉണ്ടാകുള്ളു. കാരണം, അവർ നേരിട്ട് സാമൂഹികമായും ഭാഷാകോഡുകളിലും മറ്റും മത്സരിക്കുന്നത് അവരുടെ നിലവാരത്തിലുള്ളവരോടാണ്. മറിച്ച് അവരെ തമർത്തുന്ന സർക്കാർ തൊഴിലാളികളോടല്ല.

ഇതുമായി ബന്ധപ്പെട്ട് ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ ഒരു വിശദീകരണം നൽകാൻ ഇത്രമാത്രം പറഞ്ഞാൽ മതി:

'അദ്ദേഹം', 'അവര്', തുടങ്ങിയവർ വളരുന്നതിൽ ആർക്കും വിഷമമില്ല. കാരണം അവർ 'അദ്ദേഹവും' 'അവരു'മാണ്. എന്നാൽ 'അവൻ' (ഓൻ) വളർന്ന് 'അവരോ' 'അദ്ദേഹമോ' ആവുന്നത് ആർക്കും സഹിക്കാനാവുന്ന കാര്യമല്ല.

കാരണം, 'അവൻ' വളർന്ന് 'അദ്ദേഹമോ', 'അവരോ' ആയാൽ, പിന്നെ മറ്റെ ആളും, അയാളുടെ മക്കുളും ഭാര്യയും മറ്റും ഈ പുതിയ 'അദ്ദേഹ'ത്തിന്റെ (ഓരുടെ) മുന്നിൽ എഴുന്നേക്കുകയും, ആ ആളെ 'സാർ', 'അദ്ദേഹം', 'അവര്' തുടങ്ങിയ വാക്കുകളാൽ ഉയർത്തിവെക്കുകയും വേണ്ടിവരും.

ഇന്നുള്ള 'അവനെ' നാളയിലെ 'സാറായും' 'അദ്ദേഹ'മായും ബഹുമാനിക്കേണ്ടിവരിക എന്നുള്ളത് ഒരു ദുസ്വപ്നമാണ്. സ്വന്തം സാമൂഹിക പദവി നാളെ ഗർത്തത്തിലേക്ക് വീഴുന്ന ഏർപ്പാടാണ്.

കാരണം ഈ പുതിയ 'അദ്ദേഹ'ത്തിന്റെ പരിപാടികളിൽ ഒന്ന്, പണ്ടുള്ള 'അദ്ദേഹ'ത്തെയും കൂട്ടരേയും 'അവനും' 'അവളും' ആക്കുകയെന്നതാണ്. ഫ്യൂഡൽ ഭാഷകളിൽ സാമൂഹിക വളർച്ചയുടെ മാനദണ്ഡംതന്നെ ഇതാണ്.

ഇങ്ങിനെ തന്നെയും തന്റെ കുടുംബത്തേയും 'നീ'യെന്നും, 'അവനെ'ന്നും, 'അവളെ'ന്നും നിർവ്വചിക്കുകയും, വീട്ടിന് പുറത്ത് നിലത്തിരുത്തുകയും ചെയ്യവരെ തിരിച്ച് ഇതേ രീതിയിൽ നിർവ്വചിക്കാൻ അവസരം ലഭിക്കുമ്പോഴുണ്ടാകുന്ന ചാരിതാർത്ഥ്യം, ഇങ്ഗ്ളിഷുകാർക്ക് അവരുടെ ഏറ്റവും നല്ല മധുരസ്വപ്നങ്ങളിൽപോലും ലഭിക്കില്ല. ഇങ്ങിനെയൊരു സുഖം ലോകത്തിൽ ഉണ്ട് എന്ന കാര്യം പോലും അവർക്ക് അറിയില്ലതന്നെ.

അതേ സമയം പുതിയ അദ്ദേഹത്തിന്, പണ്ട് തന്റെ കൂടെ 'അവനായും' 'അവളായും' ഉണ്ടായിരുന്നവരെ ഏതായാലും, തന്നോടൊപ്പം 'അദ്ദേഹവും' 'അവരും' ആക്കാനും ആവില്ലതന്നെ.

ഈ മുകളിൽ സൂചിപ്പിച്ച മാനസിക വികാരങ്ങൾ പ്രാദേശികമായി ഇങ്ഗ്ലിഷ് സംസാരിക്കുന്നവർക്ക് യതോരു രീതിയിലും അറിവില്ലാത്ത വികാരങ്ങളാണ്.

അവർക്ക് അറിവില്ലാത്ത വികാരങ്ങൾ മനുഷ്യരിൽതന്നെ ഉണ്ടെങ്കിൽ, മനുഷ്യർക്ക് മൊത്തമായി അറിവില്ലാത്ത എന്തെല്ലാം വികാരങ്ങൾ മറ്റ് ജീവജാലങ്ങളിൽ ഉണ്ടാകാം!

52. ഭാഷാ കോഡുകളുടെ പ്രഹരശക്തി

ഇനി നേരത്തെ സൂചിപ്പിച്ച, മലബാറിൽ ഇങ്ഗ്ളിഷ് ഭരണകർത്താക്കളുടെ ശ്രദ്ധയിൽ വന്ന, ചരിത്രത്തിലുള്ള സംഭവം വിവരിക്കാം.

മലബാർ എന്നുള്ളത് തെക്കെ മലബാറെന്നും വടക്കെ മലബാറെന്നും വിളിക്കപ്പെട്ടിരുന്ന രണ്ട് വ്യത്യസ്ഥ പ്രദേശങ്ങളായിരുന്നു. ഇവ രണ്ട് പ്രദേശങ്ങളും തമ്മിൽ കാര്യമായ സാമൂഹിക ബന്ധം തന്നെ ഉണ്ടായിരുന്നില്ല എന്നാണ് സൂചിപ്പിക്കപ്പെട്ട് കാണുന്നത്. ഈ രണ്ട് പ്രദേശങ്ങളേയും വേർതിരിച്ചിരുന്നത് കോരപ്പുഴയായിരുന്നു.

ഈ രണ്ട് പ്രദേശങ്ങളിലും ജനങ്ങളും വ്യത്യസ്ഥങ്ങളായിരുന്നു. വടക്കെ മലബാറിലെ നായന്മാർക്ക് തെക്കെ മലബാറിലെ നായന്മാരോട് തെല്ലൊരു അയിത്തംതന്നെ ഉണ്ടായിരിന്നു. തെക്കെ മലബാറിലെ കുടുംബക്കാരുമായി വൈവാഹിക ബന്ധങ്ങൾ വിലക്കപ്പെട്ടിരുന്നു. ഇതിന്റെ കാരണം എന്താണ് എന്ന് അറിയില്ല. എന്നാൽ നായന്മാരിലും ജാതീയമായി പലതട്ടുകളും ഉണ്ടാവാം എന്നുള്ളതും, ഇവ ഓരോന്നിന്റെയും ഉത്ഭവത്തിലുള്ള വ്യത്യാസങ്ങളും ഇതിന് കാരണമായേക്കാം.

ഇവർക്ക് തൊട്ട് കീഴിൽ വന്നിരുന്ന തീയ്യന്മാരിലും ഇതിന് സമാന്തരമായ ചില ഭ്രഷ്ടുകൾ ഉണ്ടായിരുന്നതായി കാണുന്നു. വടക്കെ മലബാറിലെ തീയ്യന്മാർ മരുമക്കത്തായ കുടുംബ സംവിധാനത്തിലുള്ളവരായിരുന്നു. എന്നവച്ചാൽ അമ്മ വഴിയാണ് കുടുംബ സ്വത്ത് അനന്തരവകാശികളിലേക്ക് നീങ്ങുക. ആൺമക്കളുടെ മക്കൾക്ക് കുടുംബസ്വത്തിൽ അവകാശം ഇല്ലായിരുന്നു.

അതേ സമയം തെക്കെ മലബാറിലുള്ള തീയ്യന്മാർ മക്കത്തായകുടുംബക്കാരായിരുന്നു. കുടുംബ സ്വത്തിൽ ആൺമക്കളുടെ മക്കൾക്കാണ് അവകാശം.

മരുമക്കത്തായതീയ്യന്മാർ മക്കത്തായ തീയ്യന്മാരുമായുള്ള വൈവാഹിക ബന്ധങ്ങൾ വിലക്കിയിരുന്നു.

ഇങ്ങിനെ നോക്കുമ്പോൾ, ഈ രണ്ട് കൂട്ടരും ഒരേ ജാതിക്കാരാണ് എന്ന് പറയുന്നതിൽത്തന്നെ തെല്ലൊരു പിശകുണ്ട് എന്ന് കാണാവുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് കുറെ കാര്യങ്ങൾ പറയനാവുന്നതാണ്. എന്നാൽ ഇപ്പോൾ അതിന് മുതിരുന്നില്ല.

ഇങ്ഗ്ളിഷ് ഭരണം തെക്കെ മലബാറിനെയും, വടക്കെ മലബാറിനേയും ഒന്നിച്ചപ്പോൾ പലവിധ സാമൂഹിക മാറ്റങ്ങളും ഈ പ്രദേശങ്ങളിൽ വന്നു.

പൊതുവെ പറഞ്ഞാൽ തീയ്യന്മാരിലും മറ്റ് കീഴ് ജാതിക്കാരിലും ചിലയിടങ്ങളിൽ ഒരു മാനസിക ഉയർച്ച വന്നുചേർന്നു. കാരണം, പലപ്പോഴും അവരുടെ ഏതെങ്കിലും കുടുംബ ബന്ധു സർക്കാർ ഉദ്യോഗത്തിലോ, ഇങ്ഗ്ളിഷ് കച്ചവട സംഘടനയിലോ, അതുമല്ലെങ്കിൽ ഇങ്ഗ്ളിഷ് ഗൃഹങ്ങളിലോ ജോലിചെയ്യാനുള്ള പുതുതായുള്ള അവസരം വന്നിട്ടുണ്ടാവും. ഇങ്ഗ്ളിഷ് ഭാഷയിൽ തരംതാഴ്ത്തുന്ന സംബോധനാ പദങ്ങളും പരാമർശവാക്കുകളും സാധാരണ ഉപയോഗത്തിൽ ഇല്ലാ എന്നുള്ളതും, ഇങ്ഗ്ളിഷുകാർ ജാതീയമായ അറപ്പുകൾക്ക് അതീതരായിരുന്നു എന്നുള്ളതും ഇതിന് കാരണമായേക്കാം.

ഈ മാനസിക ഉന്നമനം ശരിക്കും പറഞ്ഞാൽ സാമൂഹിക അച്ചടക്കത്തിലും ഘടനയിലും കാര്യമായ സങ്കീർണ്ണത കൊണ്ടുവരുവാൻ ഇടയാക്കി.

കീഴിൽ ഇരിക്കുന്നവരെ ഉയർത്തുന്നതിൽ ഇങ്ഗ്ളിഷുകാർക്ക് ഉത്സാഹവും അതുപോലെ തന്നെ എന്തോ വലിയ കാര്യം ചെയ്തു എന്ന ഭാവവും പൊതുവെ വന്നുചേർന്നിരുന്നു.

എന്നാൽ, സമൂഹത്തിൽ മുകൾത്തട്ടുകളിൽ ജീവിച്ചിരുന്ന ആളുകൾക്കും ജാതിക്കാർക്കും, ഇതിനാലുളവായ ഭീമത്സമായ പ്രയാസങ്ങളെക്കുറിച്ച് ഇങ്ഗ്ളിഷുകാർക്ക് യാതോരു വിവരവും വന്നുചേർന്നതായി കാണുന്നില്ല.

കാലാകലങ്ങളായി ഇഞ്ഞി (നീ) എന്നും, ചെക്കൻ എന്നും, പെണ്ണ്, എന്നും എന്താനെ, എന്താളെ എന്നും ഐെറ്റിങ്ങൾ എന്നും മറ്റും നിർവ്വചിക്കപ്പെടുന്നവർ സാമൂഹികമായി വളർന്നാൽ, അവർ ഇതേ മുറയിൽ തിരിച്ചടിക്കും എന്നതിനെക്കുറിച്ച് ഇങ്ഗ്ളിഷ് ഭരണകർത്താക്കൾക്ക് യാതോരു വിവരവും ലഭിച്ചിരുന്നു എന്ന് തോന്നുന്നില്ല.

തീയ്യന്മാരായി അറിയപ്പെട്ടിരുന്ന രണ്ട് വ്യത്യസ്ത ജാതിക്കാരിലും ഭൂവുടമകളും മറ്റും ഉണ്ടായിരുന്നെങ്കിലും, വലിയൊരു വിഭാഗം കാർഷിക തൊഴിലാളികളും തെങ്ങേറ്റക്കാരും മറ്റുമായിരുന്നു എന്നാണ് തോന്നുന്നത്.

ഈ കാർഷിക തൊഴിൽ ചെയ്യുന്ന തീയ്യന്മാരുടെ വേഷവിധാനങ്ങളും മറ്റും സാമൂഹികമായി കഠിനമായി നിയന്ത്രിക്കപ്പെട്ടിരുന്നു. ഭൂവുടമകളുടെ കാര്യത്തെക്കുറിച്ച് ആധികാരികമായി പറയാനുള്ള രേഖകൾ ഈ എഴുത്തുകാരന്റെ കൈവശം ഇല്ല.

Image: താഴെ നൽകിയിട്ടുള്ള ചിത്രം തലശ്ശേരിയിൽ കയർ കമ്പനിയിൽ ജോലിചെയ്യുന്ന തീയ്യ സ്ത്രീകളുടെ ചിത്രമാണ്. ഇവരിൽ മാനസിക അടിമത്തവും തളർച്ചയും സംഭ്രമവും അധപ്പതനവും വരുത്തിയിരുന്നത് തരം താഴ്ത്തുന്ന വാക്കുകളായ ഇഞ്ഞി, ഓള്, അളെ, ഒരുത്തി, തീയ്യത്തി, ഐറ്റിങ്ങൾ, തുടങ്ങിയവാക്കുകളുടെ പ്രഹരം, ഇവരെ അമർത്തുന്ന ജാതിക്കാരിൽനിന്നും, അവരുടെ മക്കളിൽനിന്നും, മാത്രമല്ല സാമൂഹിക നിലവാരത്തിൽ വളരെ തരംതാഴ്ന്നു കിടന്ന സ്വന്തം പുരഷന്മാരിൽനിന്നും മറ്റ് കുടുംബക്കാരിൽനിന്നും ലഭിച്ചതിനാലാണ്. Image from: Castes and Tribes of Southern India by Edgar Thurston

TIYA FEMALES AT A COIR FACTORY.

53. സമൂഹത്തെ മലക്കം മറിക്കാനാവുന്ന ഹ്രസ്വശബ്ദം

സാമൂഹിക സുരക്ഷയും നിയമ സംവിധാനങ്ങളും നായന്മാർതൊട്ട് മുകളിലോട്ടുള്ളവരുടെ കൈവശമായിരുന്നു. ഏറ്റവും മുകളിൽ, ഇന്നത്തെ ഐഎഎസ്സുകാരോട് ഉപമിക്കാവുന്ന ബ്രാഹ്മണ ജാതിക്കാർ. ഏറ്റവും താഴെ കോൺസ്റ്റബ്ളിനോട് സാമ്യപ്പെടുത്താവുന്ന നായന്മാർ.

ഇങ്ഗ്ളിഷ് ഭരണം മലബാറിൽ പടർന്നതോടുകൂടി, ഈ ഭരണവർഗ്ഗവും സംവിധാനവും അനാവശ്യവും, വ്യർത്ഥവും, അധികപ്പറ്റുമായി. പ്രത്യേകിച്ചും ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി പോലീസ് സംവിധാനങ്ങളും ലിഖിത രൂപത്തിലുള്ള നിയമങ്ങളും കോടതികളും നടപ്പിൽ വരുത്തിയതോടുകൂടി.

കീഴ് ജാതിക്കാർക്ക് സ്വന്തമായി കച്ചവട യത്നങ്ങൾ ചെയ്യാമെന്ന രീതിയിൽ നിയമ സംരക്ഷണം വന്നതോടുകൂടി, ഈ പ്രദേശത്തിലെ പാരമ്പര്യ ഭരണസംവിധാനങ്ങളോടും, ഉദ്യോഗസ്ഥ വർഗ്ഗത്തോടും താദാത്മ്യത്തിൽ നിന്നിരുന്ന ഫ്യൂഡൽ ഭാഷയിലെ കോഡുകൾ പലവിധ പ്രശ്നങ്ങളും സൃഷ്ടിക്കും എന്ന കാര്യം ഇങ്ഗ്ളിഷ് ഭരണത്തിന് യാതോരു വിവരവും ഇല്ലായിരുന്നു എന്ന് കാണുന്നു.

ഇങ്ഗ്ളിഷിലെ നിസ്സാരവാക്യമായ Where are you going? മാത്രം മതി പ്രശ്നമുണ്ടാക്കാൻ. കീഴ് ജാതിക്കാരൻ സാമൂഹിക അടിത്തട്ടിൽ നിന്നുകൊണ്ട് ഇത് ചോദിക്കുന്നതും, ഇതേ കീഴ് ജാതിക്കാരൻ, പുതുതായി ഉദിച്ച സാമൂഹിക സ്വാതന്ത്ര്യത്താൽ, പാരമ്പര്യ ഉദ്യോഗസ്ഥവർഗ്ഗത്തിൽപ്പെട്ട ആളോട് ഇതേ ചോദ്യം ചോദിക്കുന്നതും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്. വ്യക്തമായിപ്പറഞ്ഞാൽ, 'ഇങ്ങള് ഏടയാ പോന്നേ?' എന്നത് 'ഇഞ്ഞി ഏടയാ പോന്നേ?' എന്നായി മാറും.

നിസ്സാരം എന്ന് തോന്നിക്കുന്ന ഒരു ശബ്ദ വ്യത്യാസം മാത്രം ആണ് ഇത്. എന്നാൽ, സാമൂഹിക ഘടനയെ മലക്കം മറിക്കാൻ കഴിവുള്ള ശബ്ദവ്യത്യാസം ഇതിൽ ഉണ്ട്. ഇക്കാര്യം ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥർക്ക് ആദ്യമൊക്കെ ഒട്ടുംതന്നെ അറിവ് ലഭിച്ചില്ല എന്നാണ് കാണുന്നത്. പിന്നീട് കാലങ്ങളിൽ ഇവിടുള്ള ഭാഷയിൽ എന്തോ പന്തികേടുണ്ട് എന്ന് അവർ മനസ്സിലാക്കിയതായും കാണുന്നുണ്ട്.

ഇന്ന് പോലീസ് കോൺസ്റ്റബ്ളിനെ ഒരു കൂലിക്കാരൻ വന്ന് 'നീ' എന്ന് സംബോധന ചെയ്താലുള്ള പ്രശ്നം മനസ്സിലാക്കാനേയുള്ളു. എന്നാൽ, യാതോരു കൂലിക്കരനോ, വാണിജ്യ വാഹന ഡ്രൈവറോ, മറ്റ് ആരെങ്കിലുമോ, ഇന്ന് ഇതിന് തയ്യാറാകില്ല. മറിച്ചൊരു സാമൂഹിക സംരക്ഷണ / സുരക്ഷാ സംവിധാനം ഉദിച്ചുവരുന്നത് വരെ.

ഈ പറയുന്ന കാര്യങ്ങൾ തികച്ചും അനുഭാവ്യമായ ചിത്രീകരണമാണ്. കാരണം, അന്നുള്ള ഇങ്ഗ്ളിഷ് കൊളോണിയൽ ഉദ്യോഗസ്ഥരുടെ എഴുത്തുകളിൽ, ഈ സംഭവ വികാസങ്ങൾ സൂചിപ്പിച്ച് കാണുന്നുണ്ടെങ്കിലും, എന്താണ് സംഭാഷണത്തിൽ വന്ന യഥാർത്ഥ പ്രശ്നം എന്ന് അവർ മലബാറി വാക്കുകൾ ഉപയോഗിച്ച് കൊണ്ട് വിവരിക്കുന്നില്ലതന്നെ.

എന്നാൽ ഇവ വായിക്കുമ്പോൾ, മലബാറിയും മലയാളവും അറിയുന്ന ഈ എഴുത്തുകാരന് എന്തായിരിക്കാം സംഭവിച്ചത് എന്ന് ഊഹിക്കാൻ കഴിയുന്നുണ്ട്.

കീഴ് ജാതിക്കാരൻ നായരോ, അതിനേക്കാൾ ഉയരത്തിലുള്ള ജാതിക്കാരായ കുട്ടികളെയോ മുതിർന്നവരെയോ, 'ഇഞ്ഞ്' എന്ന് സംബോധന ചെയ്യുക, 'എന്താളെ', 'എന്താനെ' എന്ന് അഭിസംബോധന ചെയ്യുക, അല്ലെങ്കിൽ അവരെ 'ഓൻ' (അവൻ), 'ഓള്' (അവള്), 'ഒരുത്തൻ', 'ഒരുത്തി', തുടങ്ങിയവാക്കുകളാൽ പരാമർശിക്കുക തുടങ്ങിയ കാര്യങ്ങൾ സംഭവിച്ചിരിക്കും.

ഇന്നും ഈ രാജ്യത്തിലെ പൌരൻ ഏതെങ്കിലും ഇന്ത്യൻ ഉദ്യോഗസ്ഥനെ ഈ പദപ്രയോഗങ്ങളാൽ നിർവ്വചിക്കാൻ ശ്രമിച്ചത് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടാൽ അപകടമാണ്.

ഇത് തന്നെയാണ് അന്നും സംഭവിച്ചത്. ഇത്യാദി തെമ്മാടിത്തരം നടത്തിയ, അധികപ്രസംഗികളായ കീഴ് ജാതിക്കാരനെ ഗ്രാമത്തിലെ അധികാരിയും കൂട്ടരും വന്ന് പിടികൂടികൊണ്ട് പോയി ഒരു കുടിലിനുള്ളിൽ കെട്ടിയിട്ട്, അടിച്ച് ശരിയാക്കും. എന്നിട്ട് നാലഞ്ച് ദിവസം അവിടെകെട്ടിയിടും.

54. മലബാറിൽ കുട്ടിരാജാക്കളുടെ അധികാരം അസ്തമിക്കുന്നു

ആദ്യകാലങ്ങളിൽ ഇങ്ഗ്ളിഷ് ഭരണത്തിന് ഈ സാമൂഹിക നീതിനടപ്പിലാക്കലിനെ എങ്ങിനെ കാണണം എന്ന് നിശ്ചയമില്ലായിരുന്നു. ഈ മനുഷ്യത്വരഹിതമായ നടപടിയെ കാര്യക്ഷമമായി നിയന്ത്രിക്കാൻ അവർക്ക് ചില തടസ്സങ്ങൾ ഉണ്ടായിരുന്നു.

ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ലണ്ടനിലെ ആസ്ഥാനത്ത് നിന്നും അവർക്ക് ആദ്യകാലങ്ങളിൽ കർശ്ശനമായ താക്കീതുണ്ടായിരുന്നു, കമ്പനി ഭരിക്കുന്ന ഇടങ്ങളിലെ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടരുത് എന്ന്.

രണ്ട് അവർക്ക് ഇങ്ങിനെയുള്ള സംഭവങ്ങളെക്കുറിച്ച് ലഭിച്ച് വിവരം ഒരു ഇങ്ഗളിഷ് തർജ്ജമയായാണ്. കീഴ് ജാതിക്കാരൻ abusive word (അസഭ്യ വാക്ക്) ഉപയോഗിച്ചുവെന്ന്. എന്നാൽ ഈ അസഭ്യവാക്ക് അവർക്ക് മനസ്സിലാക്കാൻ തെല്ലൊരു പ്രശ്നം തന്നെയായിരുന്നു. You, your, yours, he, his, him, she, her, hers തുടങ്ങിയവാക്കുകളിൽ എന്താണ് അസഭ്യമായിട്ടുള്ളത്?

ഇന്ന് ഭരണ സംവിധാനങ്ങളും വിദ്യാഭ്യാസവും, നിയമങ്ങളും, ഭരണഘടനയും മറ്റും പ്രാദേശിക ഫ്യൂഡൽ ഭാഷകളിലേക്ക് മാറ്റുമ്പോൾ, ഈ വക പ്രശ്നങ്ങളെ നേരിടാൻ ഉദ്യോഗസ്ഥവർഗ്ഗം കരുതിക്കൂട്ടി കരുക്കൾ നീക്കും.

ഇങ്ഗ്ളിഷ് ഭരണകാലം ശക്തിപ്പെട്ടതോടുകൂടി, കുട്ടിരാജാക്കന്മാരുടേയും, ഉയർന്ന ജാതിക്കാരുടെയും, ഭൂപ്രഭുക്കളുടേയും, തമ്പുരാക്കന്മാരുടേയും, സാമൂഹികാധികാരം നിഷ്പ്രഭമായി. എന്നാൽ, കീഴ് ജാതിക്കാർക്ക് മുകൾത്തട്ടിലുണ്ടായിരുന്നവരെ തോണ്ടാനുള്ള സൌകര്യം അല്ല നൽകിയത്. മറിച്ച് ഈ വക മാനസികവിഭ്രാന്തി വരുത്തുന്ന ഭാഷയ്ക്ക് നിയമ സാധുത ഇല്ലാതാക്കുകയാണ് ചെയ്തത്.

സമത്വാധിഷ്ഠിത ഭാഷയായ ഇങ്ഗ്ളിഷ് പ്രചരിച്ച പ്രദേശങ്ങളിൽ സാമൂഹിക ശാന്തത പരന്നു. ഇങ്ഗ്ളിഷ് ഭരണത്താൽ കീഴ്ജാതിക്കാർക്ക് സമത്വചിന്തകൾ വരികയും, അതേസമയം ഇങ്ഗ്ളിഷ് ഭാഷയുമായി കാര്യമായ ബന്ധം സ്ഥാപിക്കാനും പറ്റാതിരുന്ന പ്രദേശങ്ങളിൽ പലവിധ കലാപങ്ങളും ഇത് സംജാതമാക്കി.

ചരിത്രത്തിൽ നിന്നും ഈ പാഠം പഠിക്കാവുന്നതാണ്. പൌരന്മാർക്ക് ഭരണഘടന പലവിധ സ്വാതന്ത്ര്യങ്ങളും വാഗ്ദാനം ചെയ്യുകയും

അതേസമയം ഭാഷാപരമായി അവർ കീഴ് ജാതിക്കാരാണ് എന്നും വരുത്തിത്തീർക്കുകയും ചെയ്താൽ, ഇക്കൂട്ടരിൽ കുറച്ച് ശക്തി സമാഹരിക്കുന്നവർ പലവിധ കലാപങ്ങൾക്കും ശ്രമിക്കും. ഫ്യൂഡൽ ഭാഷകളിൽ ഇതിനൊന്നും ശാശ്വതമായ പരിഹാരമില്ലതന്നെ.

55. പക്ഷപാതപരമായ ഒരു നിയമം

ഫ്യൂഡൽ ഭാഷകൾ സമൂഹത്തിൽ കാര്യമായ അരക്ഷിതാവാസ്ഥയും പൌരന്മാരുടെ മനസിൽ അരക്ഷിതത്വവും വരുത്തും. ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. എല്ലാവർക്കും 'താഴ്ന്നവൻ' എന്ന് വിശേഷിക്കപ്പെടുന്നവന്റെ ബഹുമാനക്കുറവ് വൻ ഭീകരാവസ്ഥതന്നെയാണ്.

സർക്കാർ തൊഴിലാളികളെ 'നിങ്ങൾ' എന്ന് സംബോധനചെയ്ത്, അതും വളരെ ഉയർന്നവരെ, പരിചയമുള്ള ഒരു രാഷ്ട്രീയക്കാരൻ ഇപ്പോഴും മറ്റൊരു കേസിൽ അകപ്പെട്ട് മറ്റൊരു സംസ്ഥാനത്ത് ജയിൽവാസം അനുഭവിക്കുന്നുണ്ട്. വർഷം പത്ത് പതിമൂന്നായി എന്നാണ് തോന്നുന്നത്. ഈ ആൾക്ക് ഈ ദുരന്തം സംഭവിക്കും എന്ന് ഈ എഴുത്തുകാരന് ഈ സംഭവ വികാസം നടക്കുന്നതിന് മുൻപേ ബോധോദയുമുണ്ടായിട്ടുണ്ട്.

ഇതിന് യാതോരു അതീന്ദ്ര്യവിദ്യാ ജ്ഞാനവും ആവശ്യമില്ലായിരുന്നു. സമൂഹത്തിലെ ഫ്യൂഡൽ ഭാഷയിലെ കോഡുകൾക്ക് വിരുദ്ധമായി നിലകൊണ്ടാൽ, വരാവുന്ന ദുരന്തങ്ങളാണ് ഈ മാതിരിയുള്ള കാര്യങ്ങൾ.

ഇന്ന് ദേശീയ ബാങ്കുകളിൽ സർവ്വത്ര കാണുന്ന ഒരു ബോഡാണ് താഴെ നൽകുന്നത്.

QUOTE:

Misbehave with the bank staff

Misbehaving / abusing / assaulting a bank employee comes under Indian penal code (IPC) section 332 and 352 which may attract 2-3 years of IMPRISONMENT and is a NON-BAILABLE CRIME. If any person found performing any of the above activities he/she will be punished which may extend to 3 years or with fine or with both.

END OF QUOTE

തർജ്ജമയുടെ തുടക്കം....

ബാങ്ക് ജീവനക്കാരോട് അപമര്യാദയായി പെരുമാറിയാൽ

ഒരു ബാങ്ക് ജീവനക്കാരനോട് അപമര്യാദയായി പെരുമാറുക/ അസഭ്യവാക്ക് ഉപയോഗിക്കുക /അയാളെ ദേഹോപദ്രവം ചെയ്യുക എന്നിവ ഇന്ത്യൻ പീനൽ കോഡിലെ (ഐപിസി) 332, 352 എന്നീ വകുപ്പുകൾ പ്രകാരം, ജാമ്യമില്ലാത്ത കുറ്റവും, 2 വർഷം തടവ് ശിക്ഷയ്ക്ക്

അർഹതയുള്ളതുമാണ്. ഇത്യാദി രീതിയിൽ ആരെങ്കിലും പെരുമാറിയാൽ, അയാളെ 3 വർഷം വരെ നീളുന്നരീതിയിൽ ശിക്ഷിക്കുന്നതും, അല്ലെങ്കിൽ ഫൈൻ ചുമത്തുന്നതും, അതുമല്ലെങ്കിൽ, അവ രണ്ടും നൽകുന്നതുമാണ്.
.....തർജ്ജമയുടെ അന്ത്യം

ഈ നിയമം യഥാർത്ഥത്തിൽ പ്രതിഫലിക്കുന്നത്, ബാങ്ക് ജീവനക്കാർക്ക് ജനങ്ങളോട് ഇടപഴകാനുള്ള ഭയത്തെയാണ്. ജനം അവരെ അടിക്കും ഇടിക്കും എന്നതല്ല ഭയം. ഇങ്ങിനെ ആരെങ്കിലും ആരെയെങ്കിലും ചെയ്താൽ, അതിനെ ശിക്ഷിക്കാനുള്ള നിയമങ്ങൾ വെറെയുണ്ട്.

ഈ മുകളിൽ നൽകിയിട്ടുള്ള നിയമത്തിലെ കഠിനമായ പരാജയം, ഇതു പോലൊരു നിയമം, തിരിച്ചും സൃഷ്ടിക്കപ്പെട്ടിട്ടില്ലാ എന്നുള്ളതാണ്. അതായത്, ഏതെങ്കിലും ബാങ്ക് ജീവനക്കാരൻ ഈ രാജ്യത്തിലെ ഏതെങ്കിലും പൌരനോട് അപമര്യാദയായി പെരുമാറുകയോ, അസഭ്യവാക്ക് ഉപയോഗിക്കുകയോ, അയാളെ ദേഹോപദ്രപം ചെയ്യുകയോ ചെയ്താൽ തിരിച്ചും ഇതേ വിധത്തിലുള്ള ശിക്ഷയ്ക്ക് വിധേയനായിരിക്കും എന്നുള്ളത്.

മറ്റൊരു പ്രശ്നം 'അസഭ്യവാക്ക്' എന്ന പ്രയോഗത്തെ കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ളതാണ്. ഇതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അടുത്ത എഴുത്തിൽ നൽകാം.

ഇതിനെല്ലാം ബദലായി ബാങ്ക് ജീവനക്കാർ ഈ രാജ്യത്തിന്റെ സാമ്പത്തിക ഇടപാടുകൾ നടത്തുന്നവരാണ് എന്ന ഒരു മറുപടിനൽകിയേക്കാം. ഇതിൽ കാര്യമായ കഴമ്പില്ലാ എന്നുള്ളതാണ് വാസ്തവം.

സർക്കാർ ഓഫിസ് തൊഴിലാളികൾക്ക് പക്ഷപാതപരമായുള്ള, ഈ വിധമുള്ള അനവധി അറിയപ്പെടാത്ത നിയമങ്ങൾ ലിഖിത രൂപത്തിൽ ഇന്ന് നിലവിലുണ്ട് എന്നുള്ളതാണ് വാസ്തവം.

എന്നാൽ ഈ നിയമങ്ങളെക്കുറിച്ച് എന്തെങ്കിലും സംസാരിക്കുമ്പോൾ, ഉടനെയുള്ള പ്രതികരണം, ഇവയെല്ലാം ബ്യട്ടിഷുകാർ എഴുതിയ 'ഇന്ത്യൻ പീനൽ കോഡി'ലുള്ളതാണ് എന്നാണ് മറുപടി കിട്ടുക.

എന്നാൽ ആ 'ഇന്ത്യൻ പീനൽകോഡ്', ഇന്ന് പാക്കിസ്ഥാൻ, ബങ്ഗാളാദേശ്, ഇന്ത്യ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നതും, എന്നാൽ ഈ

ഉപദ്വീപിന്റെവെറും പകുതിയോളം മാത്രം വരുന്ന ബ്രിട്ടിഷ് ഇന്ത്യയിലെ (British-India) പീനൽകോഡാണ്. അത് ഇന്നുള്ള പാക്കിസ്ഥാന്റെയോ, ബങ്ഗ്ളാദേശിന്റെയോ, ഇന്ത്യയുടേയോ പീനൽകോഡല്ല.

ഇങ്ഗ്ളിഷ് ഭരണ സംവിധാനങ്ങളെ യാതോരുവിധത്തിലും ഈ മൂന്ന് രാജ്യങ്ങളിലേയും ഭരണ സംവിധാനങ്ങളോട് സാമ്യപ്പെടുത്താൻ ആവില്ലതന്നെ.

56. സർക്കാർ തൊഴിലാളികളുടെ ഒരു അധികാരം

വ്യത്യസ്ത രീതികളിൽ പ്രതികരിക്കാനാവുന്ന വാക്ക് കോഡുകൾ ഉള്ള ഭാഷാ അന്തരീക്ഷത്തിൽ, പൊതുജനം സർക്കാർ ഓഫീസ് തൊഴിലാളികളോട് നിശ്ചിതരീതിയിൽ മാത്രമേ പെരുമാറാവൂ എന്ന് ഉറപ്പ് വരുത്താനാണ്, സർക്കാർ ഓഫീസ് തൊഴിലാളികൾ പലവിധ ചട്ടങ്ങളും നിയമങ്ങളും വിഷമിപ്പിക്കലുകളും നിരത്തിവെക്കുന്നത്.

കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ ഈ ഒരു പ്രശ്നം ലവലേശം ഇല്ലാ എന്ന് ഓർക്കുക.

പൊതുജനത്തിൽപ്പെട്ട ആൾക്ക് ഭയപ്പെടാനൊന്നുമില്ലെങ്കിൽ, അയാൾ 'സാർ' എന്നതിന് പകരം 'നിങ്ങൾ' എന്ന് ഉപയോഗിക്കും. വേണമെങ്കിൽ 'നീ' എന്നും ഉപയോഗിക്കും. 'അദ്ദേഹം' എന്നോ 'സാർ' എന്നോ 'അവര്' എന്നോ പരാമർശവാക്കായി ഉപയോഗിക്കുന്നതിന് പകരം 'അവൻ' എന്നും 'അവൾ' എന്നും ഉപയോഗിക്കും.

എന്നാൽ ഏതെങ്കിലും രീതിയിൽ ഭയപ്പെടുത്താനോ പ്രയാസപ്പെടുത്താനോ സർക്കാർ തൊഴിലാളിക്ക് ആവുമെങ്കിൽ, പൊതുജനത്തിപ്പെട്ട ആൾ ബഹുമാന പദങ്ങൾ മാത്രമേ ഉപയോഗിക്കുള്ളു.

ഇതാണ് കാതലായ പ്രശ്നവും സാമൂഹിക പെരുമാറ്റ സ്വഭാവത്തിന്റെ വിശദീകരണവും.

എന്നാൽ, അതേ അവസരത്തിൽ, പൊതുജനത്തിന് തിരിച്ച് സർക്കാർ ഓഫീസ് തൊഴിലാളികളെ ഭയപ്പെടുത്താൻ കാര്യമായി ഒന്നുംതന്നെ കൈവശമില്ലാ എന്നുള്ളതാണ് മറ്റൊരു യാഥാർത്ഥ്യം. എന്നുവച്ചാൽ, സർക്കാർ തൊഴിലാളിക്ക് പൊതുജനത്തിൽപ്പെട്ട ആളെ, അയാളുടെ സാമൂഹിക പദവി, വരുമാനം, സാമ്പത്തികനിലവാരം, മറ്റ് അതുപോലുള്ള കാര്യങ്ങൾ നോക്കി, ആവുമെങ്കിൽ തരംതാഴ്ത്തിയും അലോസരപ്പെടുത്തിയും സംസാരിക്കാം.

പൊതുവേ പറഞ്ഞാൽ മിക്ക സർക്കാർ ഓഫീസ് തൊഴിലാളികളും സാധാരണ പൌരനെക്കുറിച്ച് പരാമർശിക്കുമ്പോൾ 'അവൻ', 'അവൾ' എന്നാണ് ഉപയോഗിക്കാറ്.

ഇത് ഭരണഘടനാ പരമായി അംഗീകരിക്കാൻപറ്റുന്ന കാര്യമാണ് എന്ന് തോന്നുന്നില്ല.

57. അക്രമാസക്തമായ പ്രകോപനത്തിന്റെ കോഡുകൾ

ഭാഷാകോഡുകളിൽ വിധേയത്വം കാണിക്കണം എന്ന് പ്രതീക്ഷിക്കപ്പെടുന്ന വിഭാഗം ബഹുമാനം തടഞ്ഞുവച്ചുകൊണ്ട് സംസാരിച്ചാൽ ഉള്ള പ്രശ്നം ഗുരുതരമാണ്.

ഉദാഹരണത്തിന്, ഭാര്യ ഭർത്താവിനോട് 'നീ പോടാ' എന്ന് പറഞ്ഞാൽ, പല ഭർത്താക്കന്മാരും അക്രമാസക്തരാകാം. ഇങ്ങിനെ ഗുരുതരമായി പ്രതികരിച്ചവർക്ക് മാനസിക രോഗമാണ് എന്ന് പറയുന്നതിൽ അർത്ഥമുണ്ട് എന്ന് തോന്നുന്നില്ല. ഭർത്താവ് ഭാര്യയോട് 'നീ പോടീ' എന്ന് പറഞ്ഞാൽ, ഭാര്യക്ക് പ്രശ്നമില്ലാ എന്നതുമായി അല്ല ഈ അക്രമാസക്തമായ പെരുമാറ്റത്തെ താരതമ്യപ്പെടുത്തേണ്ടത്.

മറിച്ച്, ഭർത്താവ് അക്രമാസക്തമായ അതേ അന്തരീക്ഷത്തിന് തുല്യമായ മറ്റ് ഏതെങ്കിലും അന്തരീക്ഷം ആലോചിക്കാം. ഉദാഹരണത്തിന്, ഒരു പോലീസ് ഇൻസ്പെക്ടറോട് ലോറി ക്ളീനർ 'നീ പോടാ' എന്ന് പറയുന്നു. ഇൻസ്പെക്ടർക്ക് മനോനില നിലനർത്താൻ കഴിവുണ്ടെങ്കിൽ, ആ ആൾക്ക് മറ്റ് എന്തെങ്കിലും മാനസിക തകരാറ് ഉണ്ടാവനാണ് സാധ്യത.

ഇത് പോലെതന്നെയാണ്, സ്ക്കൂൾ അദ്ധ്യപകനോട് 'നീ പോടാ' എന്ന് വിദ്യർത്ഥി പറഞ്ഞാലും.

ഈ വിധ സന്ദർഭങ്ങളിൽ പ്രവർത്തിക്കുന്ന യാഥാർത്ഥ്യത്തിന്റെ കോഡുകളെക്കുറിച്ച് (Codes of reality) ഈ എഴുത്തുകാരന് പലതും പറയാനാവുന്നതാണ്. എന്നാൽ അതിന് അനുയോജ്യമായ അവരസമല്ല ഇത്.

ഈ വക കാര്യങ്ങളെക്കുറിച്ച് മനശ്ശാസ്ത്രത്തിനോ, സൈക്യാട്രിക്കോ കാര്യമായ എന്തെങ്കിലും വിവരം ഉണ്ട് എന്നത് തന്നെ സംശയമാണ്.

ഭാഷാ കോഡുകൾക്ക് സമൂഹത്തിൽ പലതരത്തിലുള്ള അക്രമസ്വഭാവങ്ങളും കൊണ്ടുവരുവാൻ ആവുന്നതാണ്. ഈ കഴിവ് ഇങ്ഗ്ളിഷ് അടക്കമുള്ള മിക്ക ഭാഷകളിലേയും കോഡുകൾക്ക് ഉണ്ട്. എന്നാൽ, ഫ്യൂഡൽ ഭാഷകൾക്ക് ഇതിനുള്ള കഴിവ് അതീവ ശക്തമാണ്.

ഗുരുതരമായ പ്രകോപന കോഡുകൾ ഉള്ള ഭാഷകളെ ഭരണത്തിന്റെയും, ഭരണഘടനയുടേയും, വിദ്യാഭ്യാസത്തിന്റേയും ഭാഷയാക്കുന്നത് അതീവ വിഡ്ഢിത്തവും അപകടവും ആണ്.

ഇങ്ഗ്ളിഷ് ഭാഷയ്ക്ക് ഈ വിധമുള്ള കോഡുകൾ വിരളമാണ്. അതിനാൽത്തന്നെയാണ് യൂഎസ്ഏയിൽ പൊതുജനത്തിന് തോക്കുകൾ കൈവശം വെക്കാനുള്ള അവകാശം ആദ്യകാലം മുതൽ ലഭിച്ചത്. എന്നാൽ, കഴിഞ്ഞ മുപ്പത് വർഷക്കാലം അവിടെ ഫ്യൂഡൽ ഭാഷക്കാർ നിറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവരുടെ വരവോടെ, പൊതുജനത്തിന്റെ കൈയിൽ തോക്ക് ഉള്ളത് അതീവ അപകടകരമായ കാര്യമായിത്തീർന്നിട്ടുണ്ട്.

ഇങ്ഗ്ളിഷ് രാജ്യങ്ങളിലെ പ്രശാന്ത അന്തരീക്ഷത്തിൽ, ഫ്യൂഡൽ ഭാഷാ സംസാരം നിറയുമ്പോൾ, സൌമ്യസ്വഭാവക്കാർ അക്രമാസക്തരാകാനുള്ള സാധ്യത വളരേ കൂടുതലാണ്.

ഈ കാര്യം ഈ എഴുത്തുകാരന്റെ ഏറ്റവും പഴയ ഗ്രന്ഥമായ March of the Evil Empires: English versus the feudal languages എന്ന ഗ്രന്ഥത്തിൽ പ്രവചിച്ചിരുന്നു. ഈ പ്രവചനം കാരണം, ഇങ്ഗ്ളിഷ് രാജ്യങ്ങളിലെ കമ്പ്യൂട്ടർ മേഖലയിൽ പ്രവർത്തിക്കുന്ന പല ഫ്യൂഡൽ ഭാഷക്കാരും ഈ എഴുത്തുകാരന് ഇന്റർനെറ്റിൽ പല വേദികളിലും ഒരു ശക്തമായ ഭ്രഷ്ട് നിലനിർത്തിയിട്ടുണ്ട്. ഏതാണ്ട് 15 വർഷത്തോളം.

58. അസഭ്യത്തിന്റെ ദിശാഘടകാംശം

ഫ്യൂഡൽ ഭാഷകളിൽ, അസഭ്യത്തിനും ഒരു ദിശാ ഘടകാംശം (vector component) ഉണ്ട്.

ഉദാഹരണത്തിന്, 'നീ പോടാ' എന്ന വാക്യം നോക്കാം. ഇതിൽ അസഭ്യ ചുവയുള്ള വാക്കുകൾ ഇല്ലായെന്ന് പറയാവുന്നതാണ്.

എന്നാൽ ഈ വാക്യം 'നീ' എന്ന സംബോധനാ രൂപത്തിലേ, കാര്യക്ഷമതയുള്ളതാകുള്ളു. 'പോടാ' എന്ന വാക്യം 'നിങ്ങൾ', 'സാർ' എന്ന വാക്കുകളോട് ചേർത്താൽ, ആകെ നർമ്മരസമുള്ളതായി മാറുകയും അപ്രായോഗികവും ആവും. 'നിങ്ങൾ പോടാ' എന്നും 'സാറ് പോടാ' എന്നതും.

എന്നാൽ, 'നീ പോടാ' എന്നുള്ളത് 'നിങ്ങൾ പോകണം', 'സാറ് പോയാട്ടെ' എന്നൊക്കയാക്കി ഉപയോഗിക്കാം. എന്നാൽ ഇവയ്ക്ക് 'നീ പോടാ' എന്ന പ്രയോഗത്തിന്റെ അക്രമാസക്തത കൈവരിക്കാനാകില്ല.

മലബാറി ഭാഷയിലെ ഏറ്റവും വലിയ അസഭ്യവാക്കുകളിൽ ഒന്നായി കരുതപ്പെടുന്ന 'നായിന്റെ മോനെ' എന്ന പ്രയോഗവും (മലയാളത്തിൽ ഇത് വലിയൊരു അസഭ്യമല്ലതന്നെ), മലായളത്തിലെ അതികഠിമായിട്ടുള്ള 'മൈരെ, പൂറിമോനെ, പണ്ടച്ചിമോളെ, തായോളിമോനെ, അമ്മയെ പോയി പണ്ണെടാ, തായോളിമോനെ' തുടങ്ങിയ അസഭ്യങ്ങൾ 'നീ' എന്നതിനോട് കൂടിയെ ഉപയോഗിക്കാൻ പറ്റുള്ളു.

'നീ പോടാ നായിന്റെ മോനെ', എന്നല്ലാതെ 'സാറെ പോടാ നായിന്റെ മോനെ' എന്ന് അസഭ്യം പറഞ്ഞാൽ, വാകരണപ്പിശകിൽ അസഭ്യം ആകെ പാളിപ്പോകും. അസഭ്യം പരിഹാസ്യമായി മാറും.

കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ നിന്നും നോക്കുമ്പോൾ, അസഭ്യവാക്കുകളുടെ ദിശാ ബോധം ഒരു വിചിത്രമായ കാര്യമായി തോന്നാം. കലർപ്പില്ലാത്ത ഇങ്ഗ്ളിഷിലെ അസഭ്യവാക്കുകൾ, ശരിക്കും നോക്കിയൽ വലിയ അസഭ്യവാക്കുകൾ അല്ലതന്നെ. മാനസികമായി വലിയ അറപ്പൊന്നും വരുത്താനുള്ള കെൽപ്പുള്ളവയല്ല അവ.

എന്നാൽ അവയ്ക്ക് ദിശാ ഘടാകാംശം ഇല്ലതന്നെ. ആരോടും ഉപയോഗിക്കാം.

അന്യഭാഷക്കാർ ഇന്ന് ഇങ്ഗ്ളിഷിൽ അനവധി കഠിനമായ അസഭ്യവചനങ്ങൾ ചേർത്തിട്ടുണ്ട്. ഇങ്ഗ്ളിഷ് ഭാഷയുടെ പരന്ന പ്രകൃതം കാരണം, ഇവയും ആരോടും ഉപയോഗിച്ചുകാണുന്നു. വാക്കുകൾ വലിയാൾ, ചെറിയാൾ എന്നരീതിയിൽ വാക്യരചനയിൽ തടസ്സം നിൽക്കുന്നില്ല.

എന്നാൽ ഫ്യൂഡൽ ഭാഷകളിൽ അസഭ്യവാക്കുകൾ സമൂഹത്തിലെ താഴ്ന്നവർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളതാണ്. പോലീസ് സ്റ്റേഷനിലും, തൊഴിൽസ്ഥലത്തും, മറ്റ് പലവേദികളിലും അസഭ്യപ്രയോഗം താഴെക്കിടയിലുള്ളവരോട് പ്രയോഗിച്ചാൽ, കാര്യമായ ഒരു തെമ്മാടിത്തമായി ആരും ചിന്തിക്കില്ലതന്നെ. ഏറ്റവും കൂടിയാൽ, ഇവ കേൾക്കുന്ന മറ്റുള്ളവർ ഒന്ന് ചിരിക്കും. ഇവയുടെ പ്രഹരം അനുഭവിക്കുന്നവരും, തലചൊറിഞ്ഞ് ഇളിബ്യരായി ഒന്ന് ചിരിക്കും. അത്രതന്നെ.

സാമൂഹികമായി ഈ വക അസഭ്യങ്ങൾ തികച്ചും അരുതാത്തവയാകുന്നത്, ഇവ താഴെക്കിടയിലുള്ളവർ മുകലിലുള്ളവരോട് ഉപയോഗിക്കുമ്പോൾ മാത്രമാണ്.

ഈ പറഞ്ഞതിലും മറ്റൊരു കാര്യം ഉണ്ട്. തിരുവിതാംകൂർ പോലീസ് സ്റ്റേഷനുകളിൽ പണ്ട് കാലങ്ങളിൽ (ഇപ്പോഴെങ്ങിനെയാണ് എന്ന് അറിയില്ല) സാധാരണ പൌരന്മാർ എന്തെങ്കിലും ചില്ലറ പ്രശ്ണങ്ങളിൽ പിടിക്കപ്പെട്ട് കയറിച്ചെന്നാൽ, 'പൂറീമോനെ', 'മൈരെ', 'തോയോളിമോനെ' തുടങ്ങിയ, മനുഷ്യന്റെ ആത്മാവിനെവരെ കീറിമുറിക്കുന്ന, അസഭ്യവാക്കുകളുടെ ഒരു പ്രവാഹം തന്നെ ഒഴുകിവരും.

സാധാരണ പൌരൻ സർക്കാർ ജോലിയിൽ നിൽക്കുന്നവരുടെ കീഴിൽ ആണ് എന്നത് തെളിയിക്കാനായി ഉപോയഗിക്കപ്പെടുന്ന ഒരു സാമൂഹിക കോഡായാണ് ഈ അസഭ്യപ്രയോഗം.

ഇതിലൊന്നും ആരും, യാതോരു വിപ്ളവ വായാടികളും, യാതോരു തെറ്റും കാണുന്നില്ല എന്നുള്ളത്, അവർക്കൊന്നും കലർപ്പില്ലാത്ത ഇങ്ഗ്ളിഷുമായി യാതോരു ബന്ധവും ഇല്ലാ എന്നുള്ളതിന്റെ തെളിവ് മാത്രമാണ്.

ഈ രാജ്യത്തിലെ ഭാഷകളിൽ കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് മാത്രമേ സമതാധിഷ്ഠിത സാമൂഹിക ആശയവിനിമയത്തെ അനുകൂലിക്കുന്നുള്ളു എന്ന വിവരം അറിയാത്ത വിപ്ളവകാരികൾക്ക് യഥാർത്ഥത്തിൽ എന്തിനെക്കുറിച്ചെങ്കിലും കാര്യമായി വിവരമുണ്ടോ?

59. ധൈര്യം കാണിക്കലിലൂടെയുള്ള ആത്മമൂല്യ വർദ്ധനവ്

ഫ്യൂഡൽ ഭാഷകളിൽ ധൈര്യം കാണിക്കൽ ഒരു പ്രധാന ആവശ്യമാണ്. ധൈര്യം, ഉഷാറ്, പരുക്കൻ പെരുമാറ്റം, ഞെട്ടിച്ച് സംസാരിക്കാനുള്ള പാടവം, അപമാര്യാദയായി സംസാരിക്കാനുള്ള കഴിവ്, കുത്തിക്കുത്തി ചോദ്യം ചോദിച്ച് മറ്റെയാൾക്ക് പ്രയാസം വരുത്താനുള്ള നൈപുണ്യം, മറ്റ് ഇത്യാദി കഴിവുകൾ വാക്ക് കോഡുകളെ സ്വാധീനിക്കും എന്ന് ഏവരും മനസ്സിലാക്കുന്നു.

എന്നാൽ ഈ വക സ്വഭാവ നൈപുണ്യങ്ങൾ പ്രകടിപ്പിച്ച് കാണിക്കേണ്ടി വരിക, പലപ്പോഴും സാമൂഹികമായി ഒന്ന് പടവെട്ടി പൊന്തിവരാനുള്ള ഒരു ആയുധം ആയേക്കാം.

സാമൂഹികമായോ, തൊഴിൽ പദവിപരമായോ ഉയരങ്ങളിൽ എത്തിപ്പെട്ടാൽ, ഈ വക കോപ്രാട്ടിത്തരങ്ങളുടെ ആവശ്യം വല്ലാതെയുണ്ടാവില്ല. കാരണം, സാമൂഹിക അല്ലെങ്കിൽ തൊഴിൽ സ്ഥാനങ്ങളുടെ ഘടനാ ബലം മുകൾപ്പരപ്പിലുള്ളവരുടെ മിതമായുള്ള വാക്കുകൾക്ക് അത്ഭുതകരമായ ശക്തി നൽകും. എന്നാൽ, പടവെട്ടി മുകളിലേക്ക് വന്ന ആളിൽ പലപ്പോഴും ഈ പടവെട്ടിയുള്ള സ്വഭാവം വളർന്നുകഴിഞ്ഞാലും നിലനിന്നേക്കാം.

ഇതുമായി ബന്ധപ്പെട്ട് വെറെ ചിലകാര്യങ്ങൾ പറയാവുന്നതാണ്. അത് പിന്നീട് പറയാം, പിന്നീട് എവിടെയെങ്കിലും പ്രതിപാദ്യവിഷയമായി ഈ കാര്യം വരികയാണെങ്കിൽ.

ഈ വീക്ഷണകോണിൽ നിന്നും നോക്കിയാൽ, പ്രാദേശികമായി ഇങ്ഗ്ളിഷ് സംസാരിക്കുന്ന ജനത, വെറും സ്ത്രൈണ സ്വഭാവക്കാരും, മൃദല സ്വരമുള്ളവരും ആണ് എന്ന ഒരു തോന്നൽ വന്നേക്കാം. ഒരു പരിധിവരെ ഇത് ശരിയാകാം. കാരണം, ഇങ്ഗ്ളിഷ് കൊളോണിയൽ വാഴ്ച തുടങ്ങുന്നതിന് മുൻപായി ഇങ്ഗ്ളിഷ് കച്ചവട സംരഭങ്ങളെക്കുറിച്ച് ദക്ഷിണേഷ്യൻ ഉപഭൂഖണ്ടത്തിലും ചൈനാ പ്രദേശങ്ങളിലും ഇങ്ങിനെ ഒരു ധാരണ ഉണ്ടായിരിന്നു എന്ന സൂചന ചരിത്രത്തിൽ കാണുന്നു.

എന്തിനും മാന്യമായി അനുവാധം ചോദിക്കുക (May I?), ആരോടും നന്ദി (നന്ദി) പറയുക (Thank You) (വേലക്കാരോടുപോലും), ആരോടും ക്ഷമാപണം അറിയിക്കുക (Sorry) (വേലക്കാരോടുപോലും), ആരോടും തെറ്റ്

പറ്റിയിട്ടുണ്ടെങ്കിൽ ഖേദം പ്രകടിപ്പുക്കുക (applogise), Good morning, Good evening, തുടങ്ങിയ വാക്കുകൾ ഉച്ചരിക്കുക തുടങ്ങിയകാര്യങ്ങൾ ഒരു ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ വെറും പരഹാസ്യമായ കഴിവ് കേടായാണ് മനസ്സിലാക്കപ്പെടുക.

ഫ്യൂഡൽ ഭാഷകളിൽ നന്നി (നന്ദി) രേഖപ്പെടുത്തുന്നത് താഴെയുള്ള ആൾ മുകളിലെ ആളോടാണ്. ഇത് പോലെ തന്നെയാണ് ക്ഷമാപണവും, ഖേദം പ്രകടിപ്പിക്കലും മറ്റും. യാതോരു യജമാന സ്ഥാത്തുള്ള ആളും തന്റെ പണിക്കാരനോട് ഈ വിധ വാക്കുകൾ ഉപയോഗിക്കില്ലതന്നെ. അങ്ങിനെ വല്ലതും ചെയ്താൽ, ആ യജമാനന് എന്തോ മാനസിക കഴിവ് കേടുണ്ട് എന്നാണ് പണിക്കാർ മനസ്സിലാക്കുക.

മെഡ്രാസിന് (ചെന്നൈ) അടുത്തായുള്ള ആർക്കോട്ട് എന്ന സ്ഥലത്തെ ഇങ്ഗ്ളിഷ് കച്ചവട കേന്ദ്രത്തെ, ഫ്രഞ്ചുകാരും സ്വദേശീയ രാജാവും ഒന്നുചേർന്ന് ആക്രമിക്കാൻ ഒരുമ്പെട്ടതിന് ധൈര്യം നൽകിയത് ഇങ്ഗ്ളിഷുകാരുടെ പൊതുവായുള്ള ഈ സ്ത്രൈണ സ്വഭാവം ആണ്.

ഇന്നുള്ള ഇങ്ഗ്ളണ്ട് പഴയ ഇങ്ഗ്ളണ്ടിൽ നിന്നും വളരെ മാറിപ്പോയിരിക്കാം. കാരണം, ഇന്ന് അനവധി ഫ്യൂഡൽ ഭാഷക്കാർ അവിടേക്ക് കടന്ന് കൂടി സമൂഹത്തിൽ കാര്യമായ വിഘടനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച്, ഇങ്ഗ്ളിഷുകാർക്ക് കാര്യമായ അറിവ് ലഭിച്ചിട്ടില്ലാ എന്നതാണ് സത്യം.

എന്നിരുന്നാലും, ഇങ്ഗ്ളിഷുകാരുടെ ഒരു പ്രത്യേക ധൈര്യത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കാം. അടുത്ത എഴുത്തിൽ.

60. ധൈര്യമല്ലാത്ത ധൈര്യം

ഇങ്ഗ്ളിഷുകാരിൽ ഒരു പ്രത്യേകതരം ധൈര്യം കാണാവുന്നതാണ്. എന്നാൽ ഇത് ഒരു ധൈര്യത്തിന്റെ ഉദാഹരണം ആയി ചിത്രീകരിക്കപ്പെട്ടാൽ ഇങ്ഗ്ളിഷുകാർ പൊട്ടിച്ചിരിക്കും എന്നാണ് തോന്നുന്നത്.

കാരണം, ഇത് ഒരു ധൈര്യത്തിന്റെ ഉദാഹരണമേ ആല്ല, അവരെ സംബന്ധിച്ചെടുത്തോളം.

ഈ ധൈര്യത്തിന്റെ ഒരു ചിത്രീകരണമാണ് താഴെ:

ഇങ്ഗ്ളണ്ടിലുള്ള ഒരു ഇങ്ഗ്ളിഷ് പൌരൻ ഒരു പ്രശ്നം നേരിടുന്നു. ഇതിന് പരിഹാരം കണ്ടെത്താൻ പോലീസിന്റെ സഹായം ആവശ്യമാണ്. ഈ ആൾ പോലീസ് സ്റ്റേഷയിൽ പോകുന്നു. തന്റെ പ്രശ്ന പരിഹാരം കണ്ടെത്താൻ സഹായിക്കാനാകുന്ന പോലീസ് വകുപ്പ് ജീവനക്കാരനെ ഈ ആൾ സമീപിക്കുന്നു. ആ ജീവനക്കാരന് മുന്നിൽ പ്രത്യേകമായ യാതോരു അനുവാദവുമില്ലാതെ തന്നെ കസേലയിൽ ഇരിക്കുന്നു. പോലീസ് വകുപ്പ് ഉദ്യോഗസ്ഥന്റെ പേരിന് മുന്നിൽ ഒരു Mr.റോ Mrs.ഓ ചേർത്ത്കൊണ്ട്, ആ ആളെ സംബോധന ചെയ്യുന്നു.

പോലീസ് ഉദ്യോഗസ്ഥൻ ഈ വന്ന ആളെ അതേ പോലെ പേരിനാലോ, പേരിന് മുന്നിൽ Mr.റോ Mrs.ഓ ചേർത്ത് കൊണ്ട് സംബോധന ചെയ്യുന്നു. ഇടക്ക് Sir എന്നും സംബോധന ചെയ്യുന്നു. ആഗതൻ പോലീസ് സ്റ്റേഷനിലെ മറ്റ് ഉദ്യോഗസ്ഥരെക്കുറിച്ച് പരാമർശിക്കുമ്പോൾ, ഇതേ പോലെ, Mr.റോ Mrs.ഓ പേരിന് മുന്നിൽ ചേർത്ത് കൊണ്ട് പരാമർശിക്കുന്നു.

ആഗതൻ കസേലയിൽ ഇരിക്കുന്നത് തന്നെ യോതോരു വിധേയത്വ ഭാവത്തോടും കൂടിയല്ല. മറിച്ച് മുന്നിൽ ഇരിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്റെ അതേ മാനസിക അന്തസ്സോടുകൂടിത്തന്നെയാണ് ഇരിക്കുന്നത്. ആഗതൻ തൊഴിൽ പരമായി ഒരു ടാക്സി ഡ്രൈവറോ, അല്ലെങ്കിൽ ലോഡിങ്ങ് തൊഴിലാളിയോ ആണ്.

ഈ ഒരു രംഗത്തിലെ മനുഷ്യവ്യക്തിത്വത്തെ യാതോരു വിധത്തിലും പാക്കിസ്ഥാനിലേയോ, ഇന്ത്യയിലേയോ ബങ്ഗ്ളാദേശിലേയോ ഉള്ള ഒരു സാമൂഹിക അന്തരീക്ഷത്തിലേക്ക് പകർപ്പെടുത്ത് അവിടങ്ങളിലുള്ള

പൌരന്മാരുടെ മനസ്സിലും വ്യക്തിത്വത്തിലും തിരുകിക്കയറ്റാൻ ആവില്ലതന്നെ.

കാരണം, ഈ രീതിയിൽ യാതോരുവിധേയത്വമോ, അധമത്വമോ, ഭയപ്പാടോ, ആത്മനിന്ദയോ ഇല്ലാതെ പൌരന്മാർ ഒരു പോലീസ് സ്റ്റേഷനിൽ പോയി സർക്കാർ സേവനം ആവശ്യപ്പെടാനുള്ള ധൈര്യം കാണിച്ചാൽ അത് ധൈര്യമായല്ല കണക്കാക്കപ്പെടുക. മറിച്ച് തനി തെമ്മാടിത്തവും, അധികപ്രസംഗവും, താന്തോനിത്തവും ആയിട്ടാണ് ഏവരും കാണുകയും വിലയിരുത്തുകയും ചെയ്യുക.

വലിയ ബന്ധങ്ങളില്ലാത്തതോ, അല്ലെങ്കിൽ ഔദ്യോഗകമായി വലിയ പദവിയില്ലാത്തതോ ആയ ഒരാൾ ഇങ്ങിനെ പെരുമാറിയാൽ, അയാൾക്ക് ബുദ്ധി ഭ്രമമുണ്ട് എന്നാണ് ന്യായമായും കരുതപ്പെടുക. പോലീസുകാർ ഇങ്ങിനെയുള്ള വ്യക്തിത്വങ്ങൾ ഉള്ള ആളെ ഒന്ന് ശരിക്കും പരുമാറി, അയാളിലുള്ള ഈ ബുദ്ധിഭ്രമം അവിടുന്ന് തന്നെ ചികിത്സിച്ചെടുക്കാൻ ഒരുമ്പെടും.

അതേ സമയം ഇത് ഒരു വൻ ധൈര്യമായി ഇങ്ഗ്ളിഷുകാരോട് സൂചിപ്പിച്ചാൽ, ഇതിലെന്ത് ധൈര്യം ഇരിക്കുന്നു എന്ന് അവർക്ക് വിസ്മയം തോന്നാനുള്ള വകയുണ്ട്.

ഇവിടെ ഈ വൻ മനുഷ്യ വ്യക്തിത്വ വ്യത്യാസം സൃഷ്ടിക്കുന്നത് ഭാഷാ കോഡുകളാണ്. മനുഷ്യരെ പലതട്ടുകളായി തരംതിരിച്ച്, അവരിൽ പലർക്കും ആത്മനിന്ദ മനസ്സിൽകയറ്റിവിടുന്ന ഭാഷകളാണ് ഫ്യൂഡൽ ഭാഷകൾ.

ഇതുമായി ബന്ധപ്പെട്ട് രണ്ട കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. ഒന്ന് കേരളത്തിലെ ഒരു ഐപിഎസ് ഓഫിസർ പണ്ട് ഇങ്ഗ്ളണ്ടിൽ പോയപ്പോൾ ഉണ്ടായ ഒരു അനുഭവത്തെക്കുറിച്ചും മറ്റൊന്ന്, ഇങ്ഗ്ളിഷുകാരുടെ ഈ പെരുമാറ്റ സമ്പ്രദായം ഇന്ത്യൻ പോലീസുകാരോടോ, ഉദ്യോഗസ്ഥരോടോ കാണിച്ചാൽ എന്ത് സംഭവിക്കും എന്നും. ഉദാഹരണ സഹിതം.

61. ഐപിഎസ്സ് ഓഫിസറുടെ ഇങ്ഗ്ളിഷ് അനുഭവം

ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ഓർമ്മക്കുറിപ്പുകൾ ഒരു മാസികയിൽ വന്നതിന്റെ ഒരു പേജ് വളരെ യാദൃച്ഛികമായി ഒരിക്കൽ വായിക്കുകയുണ്ടായി. ഈ ഉദ്യോഗസ്ഥൻ ജയറാം പടിക്കൽ ഐ.പി.എസ്. ആണ് എന്നാണ് ഓർമ്മ.

താഴെകൊടുക്കുന്ന ഈ കഥ ആ പംക്തിയിൽ വായിച്ചതായുള്ള ഓർമ്മിയിൽനിന്നുമാണ് എഴുതുന്നത്. ഇതുമായി ബന്ധപ്പെട്ട യാതോരു രേഖകളും ഇപ്പോൾ കൈയിൽ ഇല്ലതന്നെ. എന്നാൽ ഓർമ്മ ശരിയാണ് എന്നാണ് തോന്നുന്നത്. ഈ സംഭവം നടന്നത് ഏതാണ്ട് പത്ത് നാൽപ്പത് വർഷങ്ങൾക്ക് മുൻപാകാനാണ് സാധ്യത.

ബ്രിട്ടന്റെ തലസ്ഥാന നഗരമായ ലണ്ടണിലെ പോലീസ് ഡിപ്പാർട്ട്മെന്റാണ് സ്ക്കോട്ട്ലന്റ് യാർഡ് (Scotland Yard). വളരെ യുവ പ്രായത്തിൽ ഐപിഎസ് ലഭിച്ച ജയറാം പടിക്കലിന് ഒരു ഹ്രസ്വ പരിശീലനത്തിനായി സ്ക്കോട്ട്ലന്റ് യാർഡിലേക്ക് പോകാൻ അവസരം ലഭിച്ചു.

ഈ പരിശീലന കാലയളവിൽ ഒരു ദിനം ലണ്ടനിലെ ഒരു പോലീസ് സ്റ്റേഷനിൽ ജയറാം പടിക്കൽ ഇരിക്കുകയായിരുന്നു.

അപ്പോൾ അവിടേക്ക് ഒരു വനിത കയറിവന്നു. എന്നിട്ട്, പടിക്കലിന് അടുത്തായി ഇരിക്കുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്റെ മുൻപിൽ വന്ന് ഇരുന്നു. എന്നിട്ട് കാര്യം പറഞ്ഞു.

തന്റെ പൂച്ചയെ രാവിലെ മുതൽ കാണാനില്ല. ഈ പരാതി കേട്ടപ്പോൾ ജനറാം പടിക്കലിന് ആകെ ആശ്ചര്യം. പൂച്ചയെ കാണാനില്ല എന്ന് വന്ന് പരാതി പറയേണ്ടുന്ന ഇടമാണോ ലണ്ടനിലെ പോലീസ് സ്റ്റേഷൻ?

ഈ വിവരദോഷിയായ സ്ത്രീയെ പോലീസ് ഉദ്യോഗസ്ഥൻ ഞെട്ടിച്ച് തിരിച്ചയക്കും എന്നാണ് പ്രതീക്ഷിച്ചത്. എന്നാൽ പടിക്കലിനെ അത്ഭുതപ്പെടുത്തുന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ട് നീങ്ങിയത്.

പോലീസ് ഉദ്യോഗസ്ഥൻ ഉടനെ തന്നെ ആ സ്ത്രീയിൽ നിന്നും പുച്ചയുടെ പേരും, ശരീര ലക്ഷണങ്ങളും, പതിവായി അത് പോകാറുള്ള പ്രദേശവും ചോദിച്ച് മനസ്സിലാക്കി.

എന്നിട്ട് ആ പ്രദേശത്ത് റോന്ത് ചുറ്റുന്ന പോലീസ് കോൺസ്റ്റബ്ൾമാർക്ക് (Beat Constables) വയർലെസ്സായി ഈ വിവരം പങ്കിടുന്നു. വന്ന വനിതയോട് സ്റ്റേഷനിൽ വിരുന്നുകാർക്കായുള്ള മുറിയിൽ കാത്തിരിക്കാൻ ആവശ്യപ്പെട്ടു.

കുറച്ച് കഴിഞ്ഞപ്പോൾ, നൽകിയ ലക്ഷണം ഒത്ത ഒരു പൂച്ചയെ ഒരു ബീറ്റ് കോൺസ്റ്റബ്ൾ കണ്ടെത്തിയതായി വിവരം ലഭിച്ചു. ഒരു കെട്ടിട നിർമ്മാണ ഇടത്ത് ഉയരത്തിൽ എന്തിലോ കുടുങ്ങിയിരിക്കുന്നു. ഉടനെ തന്നെ ഫയർ ഫോസിലേക്ക് ഈ വിവരം ഫോൺമുഖാന്തിരം അറിയിക്കുകയും, ചെയ്തു.

കുറച്ചു കഴിഞ്ഞപ്പോൾ, ഫയർഫോസിന്റെ വാഹനം പോലീസ്റ്റേഷന് മുന്നിലായി വന്നു നിൽക്കുന്നു. ഒരു ഫയർ ഫോസ് ഉദ്യോഗസ്ഥൻ പൂച്ചയെ ഒരു ചെറിയ ബാസ്ക്കറ്റിൽ കൊണ്ടുവന്ന്, കാത്ത് നിൽക്കുന്ന സ്ത്രീക്ക് നൽകുന്നു.

ഈ സംഭവത്തിന് സാക്ഷിയായി നിന്ന ജയറാം പടിക്കൽ നോക്കുമ്പോൾ ഇങ്ങിനെ ഒരു കാര്യം പോലീസും ഫയർഫോസും ചേർന്ന് നടത്തിയതിൽ ആ സ്ത്രീക്ക് അതിരു കടന്ന ആശ്ചര്യം ഒന്നും കണ്ടില്ല. ഇങ്ങിനെയുള്ള ഒരു സേവനം തികച്ചും ഒരു സാധാരണ സേവനമായാണ് ആ സ്റ്റേഷനിൽ കണ്ട വികാരം.

ഇന്ത്യയിൽ നിന്നും ഇങ്ഗ്ളണ്ടിൽ പോയ ഐപിഎസ് ഓഫിസർ-ട്രെയ്നിക്ക് ആകെ ആശ്ചര്യം. ഇങ്ങിനെ ഒരു ആവശ്യവുമായി ഒരു ഇന്ത്യക്കാരി ഒരു ഇന്ത്യൻ പോലീസ് സ്റ്റേഷനിൽ കയറിച്ചെന്നാൽ ഉളവാകുന്ന വികാരം എന്തായിരിക്കും എന്ന ചിന്തയായിരുന്നു ഈ ഉദ്യോഗസ്ഥന്.

മാന്യമായ ഭാഷാ കോഡുകളുള്ള ഒരു രാജ്യത്തിലെ പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന യതോരു പോലീസ് പരിശീലനവും, ഫ്യൂഡൽ ഭാഷാ കോഡുകളുള്ള ഒരു രാജ്യത്തിൽ ഉപയോഗിക്കാൻ ആവുന്നതല്ല. കാരണം മനുഷ്യർ തമ്മിൽ വ്യത്യസ്തമായ ബന്ധമാണ് ഫ്യൂഡൽ ഭാഷകൾ സൃഷ്ടിക്കുന്നത്.

ഇന്നത്തെ ഇങ്ഗ്ളണ്ട് എത്രമാത്രം മാറിപ്പോയിട്ടുണ്ട് എന്നും അറിയില്ല. ലണ്ടനിൽ 60%ത്തിൽ കൂടുതൽ പേർ പുറത്ത് നിന്നും കയറിവന്ന മറ്റ് ഭാഷക്കാരാണ്, ഇന്ന്.

ഇവിടെ സൂചിപ്പിക്കപ്പെട്ട ജയറാം പടിക്കൽ എന്ന ഐപിഎസ് ഉദ്യോഗസ്ഥൻ പിന്നീട് 1977 കാലഘട്ടത്തിൽ രാജൻ വധക്കേസിൽ പ്രതിചേർക്കപ്പെട്ടിരുന്നു. അന്ന് പത്രങ്ങളിൽ വന്ന വാർത്തകളിൽ, മനുഷ്യനെ ഉലക്ക ഉപയോഗിച്ച് ഉരുട്ടുന്ന വിദ്യ പഠിക്കാനാണ് ജയറാം പടിക്കൽ ഇങ്ഗ്ളണ്ടിലെ സ്ക്കോട്ട്ലൻ്റ് യാർഡിൽ പോയത് എന്ന് വരെ പത്രക്കാർ യാതോരു ഉളുപ്പുമില്ലാതെ എഴുതിയിരുന്നു എന്നും ഓർമ്മവരുന്നു.

62. ബ്യട്ടിഷുകാർ ഇന്ത്യൻ പോലീസ് സ്റ്റേഷനിൽ

ഇന്ത്യക്കാർ ഇത്യാദി അന്തസ്സോടുകൂടിയുള്ള പെരുമാറ്റം ഇന്ത്യൻ പോലീസ് സ്റ്റേഷനിൽ പ്രകടപ്പിച്ചാൽ, ഒട്ടുമിക്കവർക്കും അപകടമാണ് എന്ന് നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞകാര്യമാണ്.

എന്നാൽ ഇത്യാദി പെരുമാറ്റ അന്തസ്സ് ഇങ്ഗ്ളിഷുകാർ ഇന്ത്യൻ പോലീസ് സ്റ്റേഷനിൽ പ്രകടിപ്പിച്ചാൽ എന്ത് സംഭവിക്കും എന്നുള്ളതാണ് അടുത്ത വിഷയം.

ഇങ്ഗ്ളിഷുകാരോട് കുറച്ച് കാലം മുൻപ് വരെ ഇന്ത്യൻ ഉദ്യോഗസ്ഥർക്കിടയിലും മറ്റും കാര്യമായ മതിപ്പുണ്ടായിരുന്നു. സ്വന്തം മക്കളെ എങ്ങനെയെങ്കിലും ഇങ്ഗ്ളണ്ടിൽ കുടിയേറിപ്പാർപ്പിക്കാനുള്ള ഉത്സാഹം പല ഉദ്യോഗസ്ഥരിലും രാഷ്ട്രീയ നേതാക്കളിലും ഉണ്ടായിരുന്നു. ഇന്നും ഉണ്ട്. ഇത് ആയില്ലെങ്കിൽ പിന്നെയുള്ള സ്ഥലം അമേരിക്കയാണ്. വിപ്ളവനേതാക്കളായി അറിയപ്പെടുന്നവർവരെ ഇത് ചെയ്തിട്ടുണ്ട് എന്നാണ് കാണുന്നത്.

1990ഓടുകൂടിയാണ്, ഇങ്ഗ്ളണ്ടിലേക്കും അമേരിക്കയിലേക്കും മറ്റ് ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിലേക്കും ലോകമെമ്പാടുനിന്നും ആളുകൾ ഒരു വേലിയേറ്റം കണക്കെ ഇടിച്ചുകയറാൻ തുടങ്ങിയത്.

ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിലെ വിഢ്ഢികളായ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പലതരം വിദഗ്ദ്ധരും, ഈ വേലിയേറ്റത്തിൽ എന്തോ മാനവക ഏകതവും മനുഷ്യ സമതവും ദർശ്ശിച്ചുകൊണ്ടിരുന്നു.

എന്നാൽ ഇങ്ങിനെ ഇടിച്ചുകയറുന്ന ആളുകളുടെ പ്രാദേശിക ഭാഷകളിൽ ഇങ്ങിനെയുള്ള മാനുഷിക ഏകതവും സമതസിദ്ധാന്തങ്ങളും ലവലേശം ഇല്ലാ എന്ന കാര്യം അവർക്ക് ഒട്ടും അറിയില്ലായിരുന്നു. മാത്രവുമല്ല, ഈ കാര്യം ആരും തന്നെ വിവരിച്ചുകൊടുക്കാനും ഇല്ലായിരുന്നു. ഇതിനെല്ലാം പുറമെ, ആരെങ്കിലും ഇങ്ങിനെ ഒരു അപകടപരമായ പ്രശ്നം ഉണ്ട് എന്ന് പറയാൻ മെനക്കെട്ടാൽ, അത് എന്തോ വിഢ്ഢിത്തമാണ് എന്ന് ശാഠ്യം പിടിക്കുക മാത്രമാണ് ഇക്കൂട്ടർ ചെയ്തത്.

63. സമത്വത്തിന്റെ മൂന്ന് നിലവാരങ്ങൾ

പാരമ്പര്യമായി ഇങ്ഗ്ലിഷ് സംസാരിക്കുന്ന ജനം പാരമ്പര്യമായി ഫ്യൂഡൽ ഭാഷ സംസാരിക്കുന്ന ആളുകളുമായി സമത്വത്തിൽ എത്തുമ്പോൾ ഉണ്ടാകുന്ന സങ്കീർണ്ണതയെക്കുറിച്ച്, ഇങ്ഗ്ലിഷ് പക്ഷത്തിന് യാതോരു അറിവും ഇല്ല. ഇതിന്റെ പ്രത്യാഘാതങ്ങൾ വ്യാപകവും കഠിനവും ആയേക്കാം.

ഫ്യൂഡൽ ഭാഷകളിൽ സമത്വം എന്ന സങ്കൽപം ഏറ്റവും കുറഞ്ഞ് മൂന്ന് നിലവാരത്തിലുള്ളതാണ്. എന്നാൽ കുറച്ചുകൂടി വ്യാപകമായി പറഞ്ഞാൽ, മൂന്നിനേക്കാളും അധികം നിലവാരത്തിൽ വളരെ സങ്കീർണ്ണമായ കാര്യമാണ് ഈ ഭാഷകളിൽ മനുഷ്യ സമത്വം എന്നുള്ളത്.

ഇക്കാര്യം ചെറുതായി ഒന്ന് സൂചിപ്പിക്കാം.

ഒരാൾക്ക് മറ്റൊരാളുമായി മൂന്ന് നിലവാരത്തിൽ വാക്ക് കോഡുകളാൽ സമത്വം സ്ഥാപിക്കാവുന്നതാണ്. അങ്ങോട്ടും ഇങ്ങോട്ടും 'നീ' എന്ന് വളിച്ച് സംസാരിക്കുന്നതാണ് ഏറ്റവും ശക്തമായതും, ഏറ്റവും താഴത്തെത്തുന്നതുമായ സമത്വം.

ഇതിന് മുകളിലാണ് 'നിങ്ങൾ-നിങ്ങൾ' എന്ന രീതിയിലുള്ള സമത്വം. ഈ സമത്വത്തിന് അന്യോന്യം ഉള്ള സ്വതന്ത്ര്യം കുറവുള്ളതും, ചെറുതായി ബലം കുറഞ്ഞതുമായ സമത്വമാണ്.

ഇതിന് മുകളിൽ ഉള്ളതാണ് 'സാർ' - 'സാർ' എന്ന് അന്യോന്യം ഉള്ള സമത്വം.

ഇതിലെന്തിരിക്കുന്നു എന്ന് തോന്നാമെങ്കിലും, വളരെ ശക്തമായ സാമൂഹിക ബന്ധകോഡുകളും, വ്യാഖ്യാനങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ വക സങ്കീർണമായുള്ള സമത്വ സങ്കൽപ്പം.

64. വാക്ക്കോഡുകളാൽ പിടിച്ച് താഴ്ത്തി സമത്വപ്പെടുത്തുന്നത്

ഉദാഹരണത്തിന്, ഇന്നത്തെ ഫ്യൂഡൽ ഭാഷാ സമൂഹത്തിൽ വളരെ ഉയരത്തിൽ ആയിക്കാണുന്ന തൊഴിൽ കാരനാണ് 'ഡോക്ടർ'. ആപേക്ഷികമായി, 'ടാക്സി ഡ്രൈവർ' വളരെ താഴെയാണ്.

ഈ രണ്ട് തൊഴിലിലും പെട്ട രണ്ടു പേർ തമ്മിൽ സമത്വം ഫ്യൂഡൽ ഭാഷകൾ ഒരുക്കുന്ന രണ്ട് ചിത്രീകരണം നൽകാം. (ഇങ്ങിനെയൊരു പ്രശ്നം ഇങ്ഗ്ളിഷ് ഭാഷയിൽ ഇല്ലാ എന്ന് ഓർക്കുക).

പ്രായം കൂടുതലുള്ള ഡ്രൈവറെ ഡോക്ടർ 'നിങ്ങൾ' എന്ന് സംബോധനചെയ്യുന്നു.

ഡ്രൈവർ ഡോക്ടറെ, 'ഡോക്ടർ' എന്ന് സംബോധന ചെയ്യുന്നു. അല്ലെങ്കിൽ 'നിങ്ങൾ' എന്ന് സംബോധന ചെയ്യുന്നു.

രണ്ട് പേരും അന്യോന്യം ബഹുമാനിക്കുന്ന ഒരു സമത്വമാണ് ഇത്. ഇത് ഡോക്ടറ്ക്ക് സൌകര്യപ്രദമായ സമത്വമാണ്. കാരണം, ഇത് വെറും ഔപചാരികമായ സമത്വമാണ് എന്ന് പലദിക്കിലും മനസ്സിലാക്കും. ഡോക്ടർ ഡ്രൈവറെ സാമൂഹികമായി പൊക്കിവെച്ച് സമത്വം കൃത്രിമമായോ, അല്ലാതെയോ സൃഷ്ടിക്കുന്നു.

അതേ സമയം ഡ്രൈവർക്ക് കൂടുതൽ നല്ലത് മറ്റൊരു സമത്വമാണ്. ഡോക്ടർ, അയാളെ 'നീ' എന്ന് സംബോധന ചെയ്യുന്നു. അയാൾ ഡോക്ടറെയും തിരിച്ച് 'നീ' എന്ന് സംബോധന ചെയ്യുന്നു. ഇത് അതി ഗംഭീരമായ സാമൂഹിക അർത്ഥമുള്ള ഒരു സമത്വമാണ്. ഡോക്ടറെ പിടിച്ച് താഴോട്ട് കൊണ്ട് വന്ന് സാമൂഹികമായി സമത്വം പ്രഖ്യാപിക്കലാണ് ഇത്.

ഇതിനെല്ലാം പകരം, ഇതിലേതെങ്കിലും പക്ഷം താഴ്ത്തിപ്പറയുകയും, മറ്റേ പക്ഷം ഉയർത്തി നിർത്തി സംബോധചെയ്യുകയും ചെയ്താൽ സാമൂഹികമായി മറ്റ് പലതരം അർത്ഥങ്ങളും ബലപ്രയോഗങ്ങളും വരും. അവർ തമ്മിലും, ചുറ്റുമുള്ളവരിലും.

വാക്ക് കോഡുകളിലൂടെ വ്യക്തികളെയും വ്യക്തിത്വത്തേയും തിരിക്കാനും പിരിക്കാനും, ഉരുട്ടാനും, കമഴ്ത്തിയടിക്കാനും, വായമൂടിക്കാനും, മറ്റും മറ്റും കഴിവുള്ളവയാണ് ഫ്യൂഡൽ ഭാഷകൾ.

ഇവിടെ പ്രശ്നം ഫ്യൂഡൽ ഭാഷകൾ എന്ന സംഗതി ലോകത്തിൽ ഉണ്ട് എന്നും, അവയിൽ നൂറകണക്കിന് അതി സൂക്ഷ്മവും സങ്കീർണ്ണവുമായ മനുഷ്യ ബന്ധത്തിന്റെയും ബന്ധനത്തിന്റേയും കോഡുകൾ ഉണ്ട് എന്നും ഉള്ള കാര്യം ഒട്ടുംതന്നെ അറിയാതെ, ഫ്യൂഡൽ ഭാഷക്കാരോട് സമത്വം സ്ഥാപിക്കുന്ന ഇങ്ഗ്ളിഷുകാർക്ക് കാര്യമായ പലതും നഷ്ടമാവും.

കാരണം, ഫ്യൂഡൽ ഭാഷകളിൽ ഓരോ ആളും ആരോടാണ് സമനായിരിക്കുന്നത് എന്നതിനെ ആശ്രയിച്ചാണ് മറ്റുള്ളവർ അവരെ വിലയിരുത്തുന്നതും, അവർക്ക് അനുവദിക്കുന്ന സാമൂഹിക സ്വാതന്ത്ര്യങ്ങളും.

സാമൂഹികമായി തരം താഴ്ത്തിക്കാണുന്നവന്റെ സുഹൃത്തിനേയും ഈ സാമൂഹികമായ തരംതാഴ്ത്തലുകൾ ബാധിക്കുകയും സ്വാധീനിക്കുകയും ചെയ്യും.

ഇനിയാണ് ഇന്നുള്ള ഇങ്ഗ്ളണ്ടിൽ നിന്നും ഇങ്ഗ്ളിഷ് പൌരന്മാർ ഇന്ത്യൻ പോലീസ് സ്റ്റേഷനിൽ വന്ന് അവരുടെ സ്വതസിദ്ധമായ അന്തസ്സോടുകൂടെയുള്ള പെരുമാറ്റം പ്രകടിപ്പിച്ചാൽ എന്ത് സംഭവിക്കും എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടത്.

65. സമത്വത്തിലൂടെ തരംതാഴ്ത്തപ്പെടുന്നത്

ഈ ഉപഭൂഖണ്ഡത്തിന്റെ ഏതാണ്ട് പകുതി ഭാഗത്തോളം പ്രദേശത്തിൽ ഇങ്ഗ്ളിഷ് ഭരണം നിലനിന്നിരുന്ന കാലത്ത് തന്നെ, ഇങ്ഗ്ളിഷുകാരും പ്രാദേശിക ജനങ്ങളും തമ്മിലുള്ള ഭാഷാപരമായ സമത്വം ഒരു അലിഖിതമായ പ്രശ്നമായി നിലനിന്നിരുന്നു. ഇതിനെക്കുറിച്ച് മുഴുവനായും ഇവിടെ ഇപ്പോൾ പ്രതിപാദിക്കാൻ ആവില്ല.

ഈ ഉപഭൂഖണ്ഡത്തിലെ കുബേരകുടുംബക്കാരിൽ പലരും ഇങ്ഗ്ളണ്ടിലും മറ്റും പല ആവശ്യങ്ങൾക്കായി മാറിത്താമസിച്ചിരുന്നു, അന്ന്. അവർ അവിടെ പരിശീലിച്ച സംസാര രീതി തികച്ചും പുതുമയാർന്നതായിരിന്നു.

ബ്യട്ടിഷ്-ഇന്ത്യയിൽ ഭരണകർത്താക്കളായ വ്യക്തികളെ അവിടെ വച്ച് വെറുംപേരിനാലോ, അതുമല്ലെങ്കിൽ അവരുടെ പേരിന് മുന്നിലായി Mr. എന്ന് ചേർത്തുകൊണ്ടോ അവരെ സംബോധന ചെയ്യാം, പരാമർശിക്കാം. You എന്ന വാക്ക് കൊണ്ട് സംബോധനചെയ്യാം. He, She തുടങ്ങിയ വാക്കുകൾ കൊണ്ട് പരാമർശിക്കാം.

അതേ സമയം, ബ്യട്ടിഷ്-ഇന്ത്യയിൽ ഇവർ ഭാഷാ കോഡുകളുടെ മുകൾപ്പരപ്പിലാണ് നിലനിന്നിരുന്നത്.

ഗാന്ധി, നെഹ്റു തുടങ്ങി പലരും ഇങ്ഗ്ളിഷ് സംസാര രീതിയുടെ സുഖം ഇങ്ഗ്ളണ്ടിൽ പഠിക്കുന്ന കാലത്ത് അനുഭവിച്ചവരാണ്.

ഇങ്ങിനെയുള്ളവരിൽ ഗാന്ധി ഉൾപ്പെടെ പലരും, യഥാർത്ഥത്തിൽ ബ്യട്ടിഷ് ഇന്ത്യയിലെ പൌരന്മാരായിരുന്നു എന്ന് തോന്നുന്നില്ല. മറിച്ച് ബ്യട്ടിഷ്-ഇന്ത്യയോട് തൊട്ട് കിടക്കുന്ന സ്വതന്ത്ര രാജ്യങ്ങളിലെ പൌരന്മാരായിരിന്നു. ഗാന്ധി പഠിച്ചത് ലണ്ടനിലെ University Collegeൽ ആണ്. പിതാവ് പോർബന്ധർ രാജ്യത്തിലെ പ്രധാനമന്ത്രിയായിരുന്നു.

നെഹ്റു പഠിച്ചത് Trinity College, Cambridgeൽ ആണ്.

ഇവർ ഇങ്ഗ്ളിഷുകാരെപ്പറ്റി പരാമർശിക്കുമ്പോൾ, ഹിന്ദിയിലേയും മറ്റും ബഹുമാന പദങ്ങൾ ഉപയോഗിച്ചിരുന്നോ എന്നത് സംശയമാണ്. ('ഉൻ' എന്നത് 'അദ്ദേഹം' എന്നും, 'ഉസ്സ്' എന്നത് 'അവൻ' എന്നും ഉള്ളതിൽ). കാരണം, ഇവർ ഇങ്ഗ്ളണ്ടിൽ തന്നെ ധനികരാരിയുന്നു. ഇവർ

കറൻസിയായി (രൂപ) കൊണ്ടുവന്ന ബ്യൂട്ടിഷ്-ഇന്ത്യൻ രൂപയ്ക്ക് അന്ന് ഒന്നിന് 7 ഡോളർ എക്സ്ചെയ്ഞ്ച് മൂല്യം ഉണ്ടായിരുന്നു.

ഇവർ ഉപദ്വീപിലെ ധനികരായതിനാൽ, ഇവരുടെ തരംതാഴ്ത്തിയുള്ള സംഭാഷണ വാക്ക്-കോഡ് ഇങ്ഗ്ളിഷുകാരെ കാര്യമായി ബാധിച്ചില്ലാ എന്ന് വിശ്വസിക്കാം.

മാത്രവുമല്ല, വളരെ ലളിതമായി പെരുമാറിയിരുന്ന ഇങ്ഗ്ളുഷുകാർക്ക്, മറുപുറത്തുള്ളവരുടെ ഭാഷാകോഡുകളിൽ നിർവ്വചിക്കപ്പെടാത്ത എന്തെങ്കിലും പൈശാചികതയുണ്ട് എന്ന കാര്യവും അറിവില്ലായിരുന്നു.

പാക്കിസ്ഥാനും, ഇന്ത്യയും രൂപീകൃതമായതിന് ശേഷം, ഈ രാജ്യങ്ങളിൽനിന്നും ആദ്യകാലങ്ങളിൽ ഇങ്ഗ്ളണ്ടിലേക്ക് പഠനത്തിനും മറ്റും കടന്നവരിൽ ഒരു വൻ ഭൂരിപക്ഷം ഇവിടങ്ങളിലുള്ള കുബേര കുടുംബാംഗങ്ങളും ആയിരുന്നു. ഇവരും തരംതാഴ്ത്തി ഇങ്ഗ്ളിഷുകാരെ പരാമർശ്ശിക്കുന്നത് അവരെ കാര്യമായി ബാധിക്കില്ല. കാരണം, ഇവരും ഈ രാജ്യങ്ങളിലെ സാമൂഹിക ഉയരങ്ങളിൽ ഉള്ളവരായിരുന്നു.

എന്നാൽ 1990ന് ശേഷം, ഈ രാജ്യങ്ങളിൽനിന്നും, ബങ്ഗാളാദേശിൽനിന്നും ഇങ്ഗ്ളണ്ടിലേക്ക് നീങ്ങിയവരിൽ ഒരു വൻ ഭൂരിപക്ഷംപേരും ഇങ്ഗ്ളിഷ് ഭാഷപോലും പുതുതായി പഠിച്ചവരോ, അല്ലെങ്കിൽ തീരെ അറിയാത്തവരോ ആയ പലതരം തൊഴിലുകാരും ഉൾപ്പെട്ടിരുന്നു. ഇവരെ പൊതുവെ 'ചീപ്പ് ലെയ്ബർ' (cheap labour) എന്ന രീതിയിലാണ് വിശേഷിക്കപ്പെട്ടിരുന്നത്.

ഇക്കൂട്ടരിൽ പലരും സ്വന്തം രാജ്യത്തിലെ ഉദ്യോഗസ്ഥർ മഹിമയില്ലാത്ത തൊഴിലുകൾ ചെയ്യുന്നവരായാണ് കണ്ടത്. എന്ന് വച്ചാൽ ഇവരെ പരാമർശിക്കുമ്പോൾ, പ്രാദേശിക ഉദ്യോഗസ്ഥന്മാർ വാക്ക്-കോഡുകളിലെ തരംതാണവാക്കുകളാണ് ഉപയോഗിക്കുക. എന്നാൽ ഇക്കൂട്ടർ തിരിച്ച് അയക്കുന്ന ബ്യട്ടിഷ് പൌണ്ടിന് അതിഗംഭീരമായ എക്സ്ചെയ്ഞ്ച് മൂല്യം നൽകിയത് കൊണ്ട് ഇവരും അമിത ധനകരായിമാറിയിരുന്നു, അവരുടെ പ്രാദേശിക രാജ്യങ്ങളിൽ.

ഇവർ ഇങ്ഗ്ളിഷുകാരോട് സമത്വം പ്രഖ്യാപിച്ചത്, ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിലെ രാജ്യങ്ങളിൽ ഇങ്ഗ്ളിഷുകാർക്ക് സാമൂഹികമായ തരംതാഴ്ത്തൽ ആണ് സൌകര്യപ്പെടുത്തിയത്.

കാരണം, തങ്ങൾ തരംതാഴ്ന്നവരായി വാക്ക്കോഡുകളിൽ നിർവ്വചിക്കുന്നവർ സമന്മാരായി He, His, Him, She, Her, Hers തുടങ്ങിയ വാക്ക്-കോഡുകളുടെ താഴ്ന്ന രൂപങ്ങളായ 'അവൻ', 'അവൾ' തുടങ്ങിയ രീതിയിൽ നിർവ്വചിക്കുന്നവരെ, പ്രാദേശിക ഉദ്യോഗസ്ഥർക്ക് ബഹുമാനിക്കാൻ പ്രയാസം തന്നെ ആയിത്തുടങ്ങി.

ഇതുമായി ബന്ധപ്പെട്ട് ഒന്ന് രണ്ട് സംഭവ വികാസങ്ങളെക്കുറിച്ച് അടുത്ത എഴുത്തിൽ വിശദീകരിച്ച് എഴുതാം.

66. അടിക്കാനും, ചവിട്ടാനും, അസഭ്യം പറയാനും ഉള്ള അധികാരം

തിരുവിതാംകൂർ രാജ്യത്തിലെ രാജാവായിരുന്ന മാർത്താണ്ഡവർമ്മ, ഈ കൊച്ച് രാജ്യത്തിന് തൊട്ടുകിടക്കുന്ന പല ചെറുകിട രാജ്യങ്ങളായ കൊല്ലം, ചെൻകോട്ട, വള്ളിയൂർ, കൊട്ടാരക്കര, പത്മനാഭപുരം, നെടുമങ്ങാട്, കായംകുളം, അമ്പലപ്പുഴ, ചങ്ങനാശേരി, കോട്ടയം, ഏറ്റുമാനൂർ തുടങ്ങി പല പ്രദേശങ്ങളെയും തിരുവിതാംകൂറിന് കീഴിൽ വരുത്തി.

ഇതിന് ശേഷം, ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയോട് കടുത്ത കൂറ് പ്രഖ്യാപിക്കുകയും, ആ കമ്പനിക്ക് സർവ്വവിധ സഹകരണവും വാക്കാലും, പ്രവർത്തിയാലും നൽകി.

മാത്രവുമല്ല, തിരുവിതാംകൂറിനെ, ഈ കമ്പനിയുടെ സംരക്ഷണത്തിന് ചുവട്ടിൽ നിർത്തുകയും ചെയ്തു.

തുടർന്നുള്ള തിരുവിതാംകൂർ രാജാക്കളും റാണിമാരും ഇതേ നയംതന്നെ കുറച്ചും, കൂട്ടിയും തുടർന്നു.

തൊട്ടടുത്തുള്ള ഇങ്ഗ്ളിഷ് ഭരണത്തിന് കീഴിലുള്ള മെഡ്രാസ് പ്രസിഡൻസി പ്രദേശങ്ങളിലുള്ള എല്ലാവിധ ഭരണസംവിധാനങ്ങളുടേയും ഒരു പകർപ്പ് തിരുവിതാംകൂറിലും സാവധാനം ഓരോന്നായി സൃഷ്ടിച്ചു.

ലിഖിത നിയമങ്ങൾ, കോടതി, ഭരണയന്ത്രം, നികുതി പിരിക്കൽ, പോലീസ് തുടങ്ങി പലതും തിരുവിതാംകൂറിലും വന്നു. എന്നാൽ ഇവയെല്ലാംതന്നെ കടുത്ത അഴിമതിയുടെയും, അധികാര ദുർവ്വിനിയോഗത്തിന്റേയും പര്യായങ്ങളായിരുന്നു.

അന്നത്തെ അവസ്ഥയെക്കുറിച്ച്, അന്ന് Calcutta Review എന്ന പത്രത്തിൽ വന്ന വിവരണം നോക്കുക:

QUOTE: The courts of justice were so many seats of corruption and perversion of justice. Dacoits and marauders of the worst stamp scoured the country by hundreds; but these wore less feared by the people than the so-called Police. In short, Travancore was the veriest den of misrule, lawlessness, and callous tyranny of the worst description. END OF QUOTE

തർജ്ജമ:
നിയമ കോടതികൾ അഴിമതിയുടേയും അധർമ്മങ്ങളുടേയും കേന്ദ്രങ്ങളാണ്. കൊള്ളക്കാരും പിടിച്ചുപറിക്കാരും നാടുനീളം അഴിഞ്ഞാടുന്നു. എന്നാൽ ഇവരെക്കാൾ ജനങ്ങൾക്ക് ഭയം പോലീസ് എന്ന് പറയപ്പെടുന്നവരെയാണ്. ചുരുക്കിപ്പറഞ്ഞാൽ, ഏറ്റവും ഗുരുതരമായ നിയമരാഹിത്യത്തിന്റെയും, ദുർഭരണത്തിന്റെയും, നിഷ്ഠൂരഭരണത്തിന്റെയും വാസസ്ഥലമാണ് തിരുവിതാംകൂർ: തർജ്ജമയുടെ അന്ത്യം

ഇങ്ങിനെ ഇരിക്കെയാണ്, 1866ൽ തിരുവിതാംകൂറിൽ ഉള്ള John Liddelഎന്നുപേരുള്ള, കമേർഷ്യൽ ഏജന്റായ ഒരു ബ്യട്ടിഷ് പൌരന് എതിരായി സർക്കാരിൽനിന്നും പണാപഹരണം നടത്തിയെന്ന ആരോപണം പ്രാദേശിക ഉദ്യോഗസ്ഥർ നടത്തിയത്. കേസ് നടത്തി രണ്ട് വർഷം തടവ് ശിക്ഷയും നൽകി.

ഇത് കാര്യമായ ഒരു പ്രശ്നമായി ഉയർന്നു. ബ്യട്ടിഷ് പൌരന്മാരെ തിരുവിതാംകൂർ കോടതികൾക്ക് വിചാരണ ചെയ്യാനാവില്ല എന്ന നിലപാട് മെഡ്രാസ് പ്രസിഡൻസിയിലെ ഇങ്ഗ്ളിഷ് ഭരണകൂടം എടുത്തു.

ഇതിന് കാരണം, തിരുവിതാംകൂറിലെ പോലീസിനെ ഒരു ഇങ്ഗ്ളിഷ് വീക്ഷണകോണിൽ നിന്നും നോക്കിയാൽ പോലീസായി പരിഗണിക്കാനാവില്ല. കാരണം, അവരുടെ പെരുമാറ്റ രീതികളും, ചോദ്യചെയ്യൽ മുറകളും, അന്വേഷണ സമ്പ്രദായങ്ങളും, തികച്ചും, പ്രാകൃതവും, കൈയിൽകിട്ടിയവരെ കായികമായും മാനസികമായും ഉപദ്രവിക്കുകയും, അസഭ്യംപറയലും മറ്റുമായിരുന്നു എന്ന് മറ്റ് ചില രേഖകൾ തെളിവ് നൽകുന്നുണ്ട്.

ഈ വസ്തുത തിരുവിതാകൂർ സർക്കാർ നിഷേധിച്ചില്ലെങ്കിലും, തിരുവിതാകൂർ രാജ്യത്തിനുള്ളിലുള്ള എല്ലാവരും തിരുവിതാകൂർ പോലീസിന്റെ അധികാരപരിധിയിൽ ആണ് എന്ന നിലപാട് തിരുവിതാംകൂർ രാജ്യം എടുത്തു. ഇതുമായി ബന്ധപ്പെട്ട എഴുത്ത് ഇടപാടുകളിൽ, തിരുവിതാംകൂർ രാജ്യം ബ്യട്ടിഷ്-ഇന്ത്യയുടെ ഭാഗമല്ലെന്നും സ്വതന്ത്ര രാജ്യമാണെന്നും തിരുവിതാംകൂർ സർക്കാർ രേഖപ്പെടുത്തുന്നുണ്ട്. തിരുവിതാകൂർ രാജ്യത്തിന് മേലുള്ള മേൽക്കോയ്മ ബ്യട്ടിഷ് രാജാവിന് നൽകിയിട്ടില്ല എന്നും വാദിച്ചു.

ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്, മറ്റ് ചില അമിത വിദ്യാഭ്യാസ യോഗ്യതയുള്ള ബ്യട്ടിഷുകാരുടെ വിഡ്ഢിത്തപരമായ നിലപാടാണ്. അവരിൽ പലരും പൊളിട്ടിക്കൽ സയൻസിലെ വൻകിട പുസ്തകങ്ങളും വായിച്ച്, പലതും ഉദ്ദരിച്ച് കൊണ്ട് തിരുവിതാംകൂറിന്റെ വാദത്തിന് പിന്തുണ നൽകി.

നിയമവശം നോക്കി മെഡ്രാസിലെ എഡ്വക്കറ്റ് ജെൻ-റൽ, തിരുവിതാംകൂറിന്റെ അവകാശം ശരിവച്ചു.

എന്നാൽ, 1874 വൈസ് റോയി ഇതിന് സമ്മതം മൂളിയില്ല.

തിരുവിതാംകൂറിലെ പൊതുജനത്തെ അവിടുള്ള പോലീസിന് അടിക്കാനും, ചവിട്ടാനും, അസഭ്യം പറയാനും മറ്റും ഉള്ള അധികാരം ബ്യട്ടിഷ് പൌരന്മാരിൽ നടപ്പാക്കാൻ ആവില്ല എന്നതിനോട് തിരുവിതാംകൂർ ഉദ്യോഗസ്ഥർക്ക് യോജിക്കാനായില്ല. അവർ അതിനായി പലവിധ ന്യായങ്ങലും രേഖാപ്രകാരം മുന്നോട്ട് വച്ചു.

ഈ പ്രശ്നത്തിന്റെ നിയമവശം അല്ല മെഡ്രാസിലെ ഇങ്ഗ്ളിഷ് ഭരണം നോക്കിയത്. മറിച്ച്, ബ്യട്ടിഷ് പൌരന്മാരെ തിരുവിതാംകൂർ പോലീസ് തൊടാൻ പാടില്ല എന്ന നിലപാടാണ്. രണ്ട് പക്ഷവും മനുഷ്യർ തന്നെയാണെങ്കിലും, മറ്റെന്തോ വ്യത്യാസം ഇവർ തമ്മിൽ ഉണ്ട് എന്നത് വ്യക്തമായിരുന്നു. ഈ വ്യത്യാസം ഭാഷാ കോഡുകളിൽ ആണ് തുടങ്ങുന്നത് എന്ന് രണ്ട് കൂട്ടരും അറിഞ്ഞില്ലാ എന്നാണ് കാണുന്നത്.
ഇതുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ V. Nagam Aiya എഴുതിയ TRAVANCORE STATE MANUALൽ കാണാവുന്നതാണ്.

എന്നാൽ ശ്രദ്ധിക്കാതെ പോകുന്ന മറ്റൊരു കാര്യം ഈ രേഖപ്പെടുത്തലിൽ അവശേഷിക്കുന്നുണ്ട്. തിരുവിതാകൂർ ബ്യട്ടിഷ്-ഇന്ത്യയുടെ ഭാഗമല്ലായിരുന്നു എന്നത്. ഈ വിവരം അന്നുള്ള ബ്യട്ടണിൽ പോലും മിക്കവർക്കും അറിവില്ലായിരുന്നു. ഈ അറിവില്ലായ്മ 1947ൽ ബ്യട്ടിഷ്-ഇന്ത്യൻ പട്ടാളത്തെ ജിഹ്നയ്ക്കും നെഹ്റുവിനും വീതിച്ച് കൊടുത്തപ്പോൾ, ഉപദ്വീപിലെ സ്വതന്ത്ര നാട്ടുരാജ്യങ്ങളുടെ കഥകഴിച്ചു.

67. ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ കവചമില്ലാതെ ഇങ്ഗ്ളിഷ് ഭാഷാ കോഡുകൾ അകപ്പെട്ടുപോയാൽ

ഇന്ത്യൻ ഉദ്ദ്യോഗസ്ഥരുടെ മുന്നിൽ പ്രാദേശികമായി ഇങ്ഗ്ളിഷ് സംസാരിക്കുന്നവർ വന്നുപെട്ടാൽ എന്ത് സംഭവിക്കും എന്നതിനെക്കുറിച്ച് ഈ എഴുത്തുകാരന്റെ ഏതെല്ലാമോ എഴുത്തുകളിൽ വ്യക്തമായോ അവ്യക്തമായോ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മുപ്പതോളം പുസ്തകങ്ങൾ എഴുതിയിട്ടുള്ളതിനാൽ, ഇത് ഏതെല്ലാം എഴുത്തുകളിലാണ് ഉള്ളത് എന്ന് ഓർമ്മവരുന്നില്ല.

എന്നാൽ, എന്ത് സംഭവിക്കും എന്നത് പ്രവചിക്കാൻ വലിയ പ്രയാസം ഇല്ലതന്നെ. ഇങ്ഗളിഷ് വംശജരെ തരംതാഴ്ത്തി നിവൃചിക്കപ്പെടാൻ കളം ഒരുക്കുന്ന ഒരു വൻ കൂട്ടം ആളുകൾ തന്നെ ഇന്ന് പുറത്ത് നിന്നും വന്ന് ഇങ്ഗ്ളണ്ടിൽ പാർപ്പുറപ്പിച്ചിട്ടുണ്ട്. ഇവർ വാക്ക്-കോഡുകളിലൂടെ ഇങ്ഗ്ളിഷ് വ്യക്തിത്വത്തെയും പാരമ്പര്യങ്ങളേയും വികലപ്പെടുത്തുന്ന കാര്യം മറുപക്ഷത്തുള്ളവർക്ക് യാതോരു ധാരണയും ഇല്ലാ എന്നുള്ളത് ഗംഭീരമായ ഒരു സംഗതിതന്നെയാണ്.

ഇതിനെക്കുറിച്ച്, ഏതാനും വർഷങ്ങൾക്ക് മുമ്പ്, ലണ്ടനിൽ എംബിഎ പഠിക്കാൻ പോയ ഒരു മലയാളി യുവാവിനോട് ചോദിച്ചപ്പോൾ, അയാൾ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു, 'അവരെ തറയാക്കിത്തന്നെയാണ് പുറത്തുള്ളവർ സംസാരിക്കുന്നത്' എന്ന്. ഇത് ഇങ്ഗ്ളിഷ് ജനതയിൽ, പ്രത്യേകിച്ചും, അവിടുള്ള സ്ത്രീജനങ്ങളിൽ decadance/depravity (വഷളത്തം, ധാർമ്മിക അധപ്പതനം) എന്ന പ്രതിഭാസത്തിന് തുടക്കമിടുന്നുണ്ട്. എന്നാൽ, ഇക്കാര്യം അവർ അറിയുന്നില്ല എന്നു മാത്രം. അവർക്ക് യാതോരു രീതിയിലും പ്രതികരിക്കാൻ പറ്റാത്ത അവസ്ഥയാണ്. കാരണം പ്രതികരിക്കുന്നത്, വർണ്ണവിവേചനം എന്ന വീഡ്ഢി സംഗതിയായി ചൂണ്ടിക്കാണിക്കപ്പെടും.

ഇങ്ങിനെയുള്ള ആധുനികതയിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന ബ്യട്ടിഷുകാരിൽ പെട്ട ഒരു ചെറിയ സംഘം ആളുകൾ, ഇന്ത്യൻ കടൽത്തീരത്ത് ഏതാണ്ട് മൂന്ന് വർഷങ്ങൾക്ക് മുൻപ് ഒരു ചെറിയ കപ്പലിൽ (Yatcht) വന്നടുത്തു. കപ്പലിന് ഒരു ചെറിയ കേട് പാട് തീർക്കാനുണ്ടായിരുന്നു.

സ്വാഭാവികമായി ഇന്ത്യ തീരദേശ സുരക്ഷാ വകുപ്പുകൾക്ക് വിവരം ലഭിച്ചു.

തുടർന്നങ്ങോട്ട് നടന്ന സംഭവ വികാസങ്ങൾ, ഫ്യൂഡൽ കോഡുകളുള്ള ഭാഷകളും പരന്ന കോഡുകൾ ഉള്ള ഭാഷകളും തമ്മിലുള്ള ഒരു പ്രതിപ്രവർത്തനമായിരുന്നു.

ഇങ്ഗ്ളിഷ് ഭാഷാ അന്തരീക്ഷത്തിൽ പഠിച്ച് വളർന്ന ഇന്ത്യൻ പൌരന്മാർ ഇന്ത്യൻ പോലീസ് സ്റ്റേഷനുകളിൽ പോയാലും ഇതിന് സമമായ സംഭവിവകാസങ്ങളാണ് ഉരുത്തിരിയുക.

ആരെയും കുറ്റം പറയാൻ ആവില്ലതന്നെ.

വ്യക്തികളല്ല പ്രവർത്തികുകയും, പ്രതിപ്രവർത്തിക്കുകയും ചെയ്യുന്നത്. മറിച്ച് ഭാഷാ സോഫ്ട്വേറിലെ കോഡുകളാണ് കാര്യങ്ങൾക്ക് തുടക്കമിടുന്നതും, അവയെ മുന്നോട്ട് നീക്കുന്നതും. ഇതിൽ അകപ്പെട്ട് പോകുന്ന മനുഷ്യർ ഭാഷാ കോഡുകൾ സൃഷ്ടിക്കുന്ന വികാരങ്ങൾക്കും, വൈകാരിക തീവ്രതയ്ക്കും അനുസൃതമായി പെരുമാറുന്നു. അവ സൃഷ്ടിക്കുന്ന വിരോധങ്ങളും, വെപ്രാളങ്ങളും മനസ്സിൽ കയറ്റുന്നു.

സംഭവ വികാസങ്ങൾ അടുത്ത എഴുത്തിൽ വിവരിക്കാം.

68. ബ്യട്ടിഷ് നാവികർ ഇന്ത്യൻ ജെയിലിൽ

ഏതൊരു തർക്കവുമായി ബന്ധപ്പെട്ട് അധികാരികളോട് ബന്ധപ്പെടുമ്പൾ, അധികാരികളിലെ വ്യക്തികളെ 'സാർ', 'ചേട്ടൻ', 'ചേച്ചി', 'അമ്മ', 'മാഡം'/'മേഡം' തുടങ്ങിയ വാക്കുകളാൽ സംബോധനചെയ്യുകയും, അവർക്ക് വ്യക്തമായ വിധേയത്വവും, അടിയാളത്തവും പ്രകടിപ്പിക്കുന്ന പക്ഷത്തെയാണ്, അധികാരികളിൽ പെട്ടവർക്ക് ഇഷ്ടമാകുക. ഇതിന് പകരം, 'നിങ്ങൾ' എന്ന് സംബോധന ചെയ്യുന്ന പക്ഷത്തിൻ്റെ കഥ കഴിഞ്ഞത് തന്നെ.

ഇങ്ങിനെ ഒരു പ്രശ്നം നീതി നിർവ്വഹണത്തിലും, നിയമം നടപ്പാക്കലിലും ഉണ്ട് എന്ന ധ്വനി പോലും, ഇങ്ഗ്ളിഷ് ഭാഷയിൽ ഇല്ലാ എന്നുള്ളതാണ് പ്രശ്നം.

Anti-piracy (കടലൽകൊള്ളക്കാരെ തടയുന്ന) പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു US കമ്പനിയാണ് AdvanFort. ഇവർ ഈ മേഖലയിൽ അറിയപ്പെടുന്ന ഒരു കമ്പനിയാണ് എന്നാണ് മനസ്സിലാക്കുന്നത്. ഇവരുടെ ഒരു സായുധ കടൽ വാഹനം തമിഴ് നാട് തീരത്തിനടുത്ത് വച്ച് എന്തോ പ്രശ്നം നേരിടുകയും, കടുത്ത കൊടുങ്കാറ്റിനെ നേരിടുന്നതിനിടയിൽ തീരത്തേക്ക് വരികയും ചെയ്തു.

ഈ വാഹനം പ്രവർത്തിച്ചുകൊണ്ടിരുന്നത് "pirates' alley" (കടൽകൊള്ളക്കാരുടെ ഉപവീഥി) എന്ന് അറിയപ്പെടുന്ന ചെങ്കടൽ മുതൽ ഇന്ത്യൻ മഹാസമുദ്രം വരെയുള്ള പ്രദേശത്തിലായിരുന്നു.

വ്യക്തിത്വം കൈവിടാതെ സംസാരിക്കാനുള്ള ഇങ്ഗ്ളിഷിലുള്ള ആശയവിനിമയ മനോഗതി പരിചയമുള്ള, ഈ വാഹനത്തിലെ ബ്യട്ടിഷ് പൌരന്മാർ ഇന്ത്യൻ പോലീസ് ഉദ്യോഗസ്ഥരോട് അതേ രീതിയിൽ സംസാരിച്ചാൽ കാര്യം വളരെ ഗൌരവം ആയിമാറും. ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിലെ ഏത് ഉദ്യോഗസ്ഥ നിലവാരത്തെയും അവിടുള്ള പൊതുജനത്തിന് ഒരു ആവശ്യം വന്നാൽ, യാതോരു വിധേയത്വ ഭാവവും ഇല്ലാതെ തന്നെ സമീപിക്കാം എന്നുള്ളതാണ് ആ ഭാഷാ അന്തരീക്ഷത്തിൻ്റെ മൂല്യം.

ഇവർ യാതോരു സമ്മതവും ഇല്ലാതെ ഇന്ത്യൻ തീരത്ത് വന്നത് ആദ്യത്തെ പ്രശ്നം. രണ്ടാമത്തെ പ്രശ്നം, ഇവരുടെ വാഹനത്തിൽ ആയുധങ്ങൾ ഉണ്ട് എന്നുള്ളത്.

പണ്ട് മലബാറ് ഇങ്ഗ്ലിഷ് ഭരണ പാരമ്പര്യത്തിൽ നിന്നും വളർന്നു വന്ന ഇങ്ഗ്ലിഷ് സംസാരിക്കുന്ന ഓഫിസർമാരുള്ള കാലത്ത്, ഈ എഴുത്തുകാരൻ നേരിട്ട് കണ്ടിട്ടുള്ള ഒരു വസ്തുതയാണ്, ഈ ഓഫിസർമാർ എന്ത് നിയമലംഘന പ്രശ്നത്തേയും കൈകാര്യം ചെയ്യുമ്പോൾ, ആ നിയമത്തിന്റെ Spirit അഥവാ ആന്തരികോദ്ദേശം നോക്കും എന്നുള്ളത്. എന്ന് വച്ചാൽ, നിയമത്തിന്റെ വെറും വാക്യാർത്ഥത്തിന് അതീതമായി എന്ത് കാര്യത്തെയാണ് നിയമ വകുപ്പ് നടപ്പിലാക്കാൻ ശ്രമിക്കുന്നത് എന്നത്.

എന്നാൽ ഈ എഴുത്തുകാരൻ പിന്നീട് തിരുവിതാംകൂറിൽ താമസിക്കുന്ന കാലത്ത്, ഇങ്ഗ്ലിഷുമായി കാര്യമായി ബന്ധമില്ലാത്ത 'ഓഫിസർ'മാരുടെ പ്രവർത്തന രീതി അടുത്ത് നിന്ന് വീക്ഷിക്കുവാൻ സൌകര്യപ്പെട്ടിരുന്നു. ഈ കൂട്ടർക്ക് നിയമത്തിന്റെ 'സ്പിരിറ്റ്' അഥവാ ആന്തരികോദ്ദേശം എന്നൊരു കാര്യത്തെക്കുറിച്ച് യാതോരു അറിവും ഇല്ലാ എന്നാണ് തോന്നിയത്.

മറിച്ച്, പൊതുജനത്തെ പൊതുവായി ഇക്കൂട്ടർ 'അവൻ', 'ലവൻ', 'അവൾ', 'ലവള്' എന്നല്ലാമാണ് പരാമർശിച്ച് പറയാറുള്ളത്. എന്നുവച്ചാൽ തരം താഴ്ത്തിത്തന്നെ. ഇങ്ങിനെ തരംതാഴ്ത്തപ്പെടുന്നവർ നിയമവും, വകുപ്പും, നീതിയും ന്യായവും മറ്റും നിന്ന് വാദിച്ചാൽ, അവരുടെ കഥ കഴിഞ്ഞത് തന്നെ. കാരണം, തരംതാഴ്ത്തിവെക്കപ്പെടുന്ന ആൾ ഇങ്ങിനെ പെരുമാറിയാൽ, അത് അധികപ്രസംഗം തന്നെയാണ്, ഫ്യൂഡൽ ഭാഷകളിൽ.

ഏതാണ്ട് 1990ന് തൊട്ടായി, ഒരു ഇന്ത്യൻ ദേശീയ പോലീസ് വകുപ്പിൽ 'ഓഫിസറാ'യി തൊഴിൽ ചെയ്യുന്ന, ഈ എഴുത്തുകാരന്റെ ഒരു മുൻ സഹപാഠി ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം പറയുകയുണ്ടായി. തിരുവനന്തപുരം എയ്ർപ്പാട്ടിൽ വച്ച്, വിമാനത്തിൽ വന്നിറങ്ങിയ കാസർഗോട്ടുകാരായ ഏതാനുംപേരെ സ്വർണ്ണം കടത്തുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യാൻ അവരുടെ ഓഫിസിൽ കൊണ്ട് പോയി. അവരിൽ യാതോരു സ്വർണ്ണവും കണ്ടെത്തിയില്ല. എന്നാൽ, അവർ ഉദ്യോഗസ്ഥരെ 'നിങ്ങൾ' എന്ന് സംബോധന ചെയ്തു.

പ്രശ്നം ഗുരുതരമായി. അവരിൽ ഒരാളുടെ കോളിറിൽ പിടിച്ച്, അയാളെ പോക്കി, എന്താടാ പൂറീമോനെ എന്ന് ആക്രോശിച്ച് കൊണ്ട് ഒരു ഉദ്യോഗസ്ഥൻ, മുഖത്ത് അടിക്കാൻ ഒരുമ്പോട്ടു. അന്നേരം, മറ്റൊരു ഉദ്യോഗസ്ഥൻ അത് തടഞ്ഞ് കൊണ്ട് പറഞ്ഞ്, മലബാറിൽ ഇങ്ങിനെയാണ് സംഭാഷണം, എന്ന്. അടി ഒഴിവായി. ഉദ്യോഗസ്ഥന് മനസ്സംയമനം തിരിച്ച് കിട്ടാൻ കുറച്ച് സമയം എടുത്തു.

ഇത് തന്നെയാണ് ബ്യട്ടിഷ് നാവികർക്കും സംഭവിച്ചത്.

ജിയിലിലാക്കപ്പെട്ട അവരെ ഹൈക്കോടതി വെറുതെ വിട്ടെങ്കിലും, അവർക്ക് തിരിച്ച് പോകാനുള്ള കടലാസുകൾ മനപ്പൂർവ്വം വൈകിപ്പിച്ച്, അധികാരിപക്ഷം സുപ്രീംകോടതിയിൽ എപ്പീൽ (Appeal) സമർപ്പിച്ചു.

ഒടുവിൽ അഞ്ച് വർഷം തടവ് ഇവർക്ക് ലഭിച്ചു.

എന്നാൽ ഭാഷാ കോഡുകളിലൂടെ നോക്കിയാൽ, ഇങ്ഗ്ളിഷ് ഭാഷ നൽകുന്ന മനോവീര്യത്തോടുകൂടി ഏതെങ്കിലും സ്ക്കൂൾ വിദ്യാർത്ഥി അയാളുടെ അദ്ധ്യാപകനോടോ, അദ്ധ്യാപികയോടോ സംസാരിച്ചാൽതന്നെ ഗുരുതരമായ പ്രശ്നമാകും.

സാറമ്മാരെ സോപ്പിട്ടും, തലചൊറിഞ്ഞും, തലകുനിച്ചും, ഇളിഭ്യച്ചിരി ചിരിച്ചും, മറ്റും വിധേയത്വം നൽകി കാര്യസാധ്യം നേടിയെടുക്കുകയെന്ന പരിശീലനം അദ്ധ്യാപനത്തിൻ്റെ പിടിപ്പ് കേടല്ല, മറിച്ച് ഫ്യൂഡൽ ഭാഷാ കോഡുകളുടെ പ്രവർത്തന രീതിയാണ്.

ഇതുമായി ബന്ധപ്പെട്ട് പറയാനുള്ള മറ്റൊരു കാര്യം ഇന്ന് ഇന്ത്യയിലെ വിവിധ പോലീസ് വിഭാഗങ്ങളിൽപ്പെട്ട പലർക്കും ആരെയും പിടിച്ചകത്താക്കാനുള്ള പല അധികാരങ്ങളും നൽകപ്പെട്ടിട്ടുണ്ട്. എന്നാൽ, ഈ വക നിയമങ്ങൾ കൈകാര്യം ചെയ്യുന്നവർ നിയമത്തിൻ്റെ സ്പിരിറ്റ് മനസ്സിലാക്കാനും, Judicious (കാര്യബോധത്തോടുകൂടി)ആയും തീരുമാനങ്ങൾ എടുക്കാനും കെൽപ്പുണ്ടോ എന്നുള്ളതും പ്രശ്നമായേക്കാം.

ഇതിന് പകരം അവൻ/അവൾ ബഹുമാനിച്ചില്ലാ എന്നതാണ് ഏറ്റവും വലതായി മനസ്സിൽ പുകയുന്ന വികാരം എങ്കിൽ, ഈ ആളുടെ കൈയിൽപ്പെട്ട ആളുടെ അധോഗതി തന്നെ.

അക്കാലത്ത് ടെലിഗ്രാഫ് പത്രത്തിൽ വന്ന ഒരു ചിത്രം ഈ ലിങ്കിൽ കാണാവുന്നതാണ്.

ഈ എഴുത്തുകാരൻതന്നെ ഈ സംഭവവുമായി ബന്ധപ്പെട്ട് കുറച്ച് കാലും മുൻപ് എഴുതിയ British sailors in Indian stinking jails! നോക്കുക.

ഈ സംഭവത്തിന് വളരെ അടുത്തായി കാണുന്ന മറ്റൊരു സംഭവവും ഓർമ്മയിൽ വരുന്നു. ISRO Spy case.

69. സ്പർശ്യവേദ്യമല്ലാത്ത പൈശാചികത

ദക്ഷിണേഷ്യൻ ഫ്യൂഡൽ ഭാഷകൾ സംജാതമാക്കുന്ന ഏതാനും സാമൂഹികവും വ്യക്തിപരവും ആയ മനോഭാവങ്ങൾ സൂചിപ്പിക്കാം. എല്ലാ ഭാഷകൾക്കും അതിന്റെതായ ഇത്യാദി കാര്യങ്ങൾ ഉണ്ട്. മറ്റ് ഇടങ്ങളിലെ ഫ്യൂഡൽ ഭാഷകൾ ഉളവാക്കുന്ന മനോഭാവങ്ങൾ എന്തായിരിക്കും എന്ന് തീർത്ത് പറയണമെങ്കിൽ, ആ ഭാഷകളിലെ വാക്ക് കോഡുകൾ പരിശോധിക്കേണ്ടിവരും.

ദക്ഷിണേഷ്യൻ ഫ്യൂഡൽ ഭാഷാ കോഡുകൾ പ്രകാരം, ആളുകൾക്ക് അന്യർ നന്നാകുന്നത് വളരെ വേദനയുണ്ടാക്കുന്ന കാര്യമായിരിക്കും. കാരണം, താരതമ്യമായി വ്യക്തികളെ നിർവ്വചിക്കുന്ന കോഡുകൾ, മറ്റെയാൾ ഉയരുമ്പോൾ, ഈ ആൾ താഴും എന്ന രീതിയിലാണ് വാക്യങ്ങളെ മെനയുക.

കീഴിൽ വരുന്ന ആൾക്ക് എന്തെങ്കിലും ഉയർച്ച വന്നാൽ, മുകളിൽ ഇരിക്കുന്ന ആളെ മറിച്ചിടുന്ന രീതിയിലാണ് വാക്ക് കോഡുകൾ.

കൈക്കൂലി, അഴിമതി തുടങ്ങിയ കാര്യങ്ങൾക്ക് ഭാഷാകോഡുകൾ പ്രേരണ നൽകും.

ഒരാളെ സഹായിച്ചാൽ, അയാൾ പല രീതിയിലും വിധേയത്വം വാക്ക് കോഡുകളിൽ എങ്കിലും തുടർന്നുള്ള കാലത്ത് പ്രകിടപ്പിക്കേണം. ഇത് ചെയ്യാത്ത ആൾ നന്നി (നന്ദി) ഇല്ലാത്ത ആളായി വ്യാഖ്യാനിക്കപ്പെടും. നന്നി (നന്ദി) എന്നുള്ളത് ഒരു ഊരാക്കുടക്കും കടിഞ്ഞാണും ആയി വാക്ക് കോഡുകൾ മാറ്റിയേക്കാം.

ഇതിന്റെ നേരെ മറിച്ചുള്ള കാര്യം, സഹായിച്ച ആളോട് പലപ്പോഴും നന്നികേട് (നന്ദികോട്), സഹായം ലഭിച്ച ആൾ പ്രകടിപ്പിക്കുന്നതായി അനുഭവപ്പെടും. ഇത് പലപ്പോഴും വാക്ക് കോഡുകൾ മെനയുന്ന കടിഞ്ഞാണിനെ ഒഴിവാക്കാനാണ് ചെയ്യുന്നത്.

സമഹൂത്തിൽ എത്രമാത്രം സമ്പത്തുണ്ടെങ്കിലും, സമൂഹത്തിൽ ഏണിപോലുള്ള ഒരു ഉച്ചനീചത്വം നിലനിൽക്കും.

പലപ്പോഴും, സാമൂഹിക അധികാരങ്ങൾ കൈവശമുള്ളവരും, മറ്റൊരു വലിയ വിഭാഗം ആളുകൾ അവർക്ക് കീഴെയായി, തമ്മിൽതമ്മിൽ പാരവച്ചും, അവർക്ക് കീഴിൽവരുന്നവരെ അമർത്തിയും മറ്റും ഉള്ള ഒരു സമൂഹം നിലനിൽക്കും.

പല തൊഴിലുകളും സാമൂഹിക കാഴ്ച്ചപ്പാടിൽ വിലകുറഞ്ഞതായി കാണപ്പെടും. ഇത് നിത്യം ഉപയോഗിക്കപ്പെടുന്ന സംസാരത്തിൽ നിഴലിക്കും.

അച്ചടക്കം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഭയപ്പെടുത്തുന്ന ആജ്ഞയുടെ നിഴലായി കാണപ്പെടും. ഉദാഹരണത്തിന്, ക്യൂവിൽ നിൽക്കുക എന്നുള്ളത് ഒരു അടിച്ചേൽപ്പിക്കപ്പെടുന്ന അച്ചടക്കത്തിന്റെ ഭാഗമായിരിക്കും. എന്നാൽ ഇങ്ഗ്ളിഷിൽ, ആളുകൾ മുൻഗണനാപ്രകാരം വരിയായി നിൽക്കുന്നത്, ഭാഷാ കോഡുകളിൽ മുന്നിലേ ആളെ മറിച്ചിടാനുള്ള പ്രേരണ ഇല്ലാത്തത് കൊണ്ടാണ്. ഇങ്ങിനെ മുന്നിലെ ആളെ മറിച്ചിട്ട് മുന്നിൽ കയറുന്നത്, ഫ്യൂഡൽ ഭാഷകളിൽ മൂല്യം ലഭിക്കുന്ന പ്രവർത്തിയാണ്. ഇതുമായി ബന്ധപ്പെട്ട് വേറെ ചിലകാര്യങ്ങളും പറയാനുണ്ട്. പിന്നീട് ആവാം അത്.

കളവ്, ചതി, സമയ കൃത്യതപാലിക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ, ബഹുമാനമില്ലാത്തവരോട് കാണിക്കാനുള്ള പ്രേരണ ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്.

ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ, ഭൌതിക ചുറ്റുപാടുകൾ വൃത്തി ഹീനമാണെങ്കിലും, ഭാഷാ പരമായി ഒരു വ്യക്തിക്ക് ബഹുമാനം ലഭിക്കുന്ന ഇടമാണെങ്കിൽ, ആ ആൾക്ക് അവിടം വളരെ സുന്ദരമായി അനുഭവപ്പെടും. ഈ അനുഭവം ഫ്യൂഡൽ ഭാഷകളിൽ വളരെ പർവ്വതീകരിക്കപ്പെട്ടതായിരിക്കും (magnified).

70. ഉള്ളുതുറക്കുന്നതിലെ ആപത്ത്

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ഫ്യൂഡൽ ഭാഷകൾ സൃഷ്ടിക്കുന്ന മറ്റൊരു മാനസിക പ്രതിഭാസമാണ് 'വെയ്റ്റിട്ട്' (weightഇട്ട്) നിൽക്കുക എന്നുള്ളത്. ഇത് പലപ്പോഴും ഇവിടുള്ള ഉദ്യോഗസ്ഥർ കാഴ്ചവെക്കുന്ന ഒരു മുഖഭാവവും, പെരുമാറ്റരീതിയും ആണ്. മറ്റ് പലരും ഇത് പ്രകടിപ്പിക്കാറുണ്ട്.

ഇങ്ങിനെ ചെയ്യില്ലെങ്കിൽ വ്യക്തിത്വം തരംതാണതായ് മറ്റുള്ളവർ ഗ്രഹിച്ചെടുക്കും എന്നുള്ളതാണ് ഭയം. ഇത് ശരിയുമാണ്. ലളിതമായി പെരുമാറുന്ന ആൾ, 'അദ്ദേഹത്തിൽ' നിന്നും 'അയാളും', 'അയാളിൽ' നിന്നും 'അവനും' ആകും. ഈ അറിവിന്റെ അടിസ്ഥാനത്തിൽ, സമൂഹത്തിൽ ആകമാനമായി പരുക്കൻ പെരുമാറ്റമാണ് മൂല്യമേറിയത് എന്ന വിശ്വാസം പരക്കെ പടർന്ന് പിടിക്കുന്നുണ്ട്.

ഇതുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം, വ്യക്തികൾ അവരുടെ ബലഹീനതകളും, ഭയങ്ങളും, വിഷമങ്ങളും, വിഷമാവസ്ഥകളും, വേവലാതികളും, ജീവിത പരാജയങ്ങളും മറ്റും, മറ്റുള്ളവരോട് പങ്കിട്ട് മനസ്സമാധാനം നേടുക എന്നുള്ളതിലെ അപകടമാണ്. പലപ്പോഴും, ഔപചാരികമായി ബഹുമാനിക്കുന്നവർ, മേൽസ്ഥാനത്തിലുള്ളവരുടെ ഇദ്യാതി ഉള്ള് തുറക്കൽ കാത്തിരിക്കുന്നവരാണ്. ശക്തമായ ഔപചാരിക സ്ഥാനമില്ലാതെ, സാമൂഹികമായോ, തൊഴിൽസ്ഥാനപരമായോ ഭാഷാകോഡുകളിൽ താഴ്ന്നവരോട് ഉള്ള്തുറന്ന് കാര്യങ്ങൾ പങ്കിടുന്നത് ഭാഷാ കോഡുകൾ പ്രകാരം അപകടകരമാണ്.

കാരണം, സമൂഹം ഇങ്ഗ്ളിഷിലല്ല പ്രവർത്തിക്കുന്നത്. അതിനാൽ തന്നെ ഇങ്ഗ്ളിഷിലുള്ളതുപോലുള്ള ലളിതമായ പെരുമാറ്റങ്ങൾ അപകടം ചെയ്യും.

നേരിട്ടോ, അല്ലാതെയോ, ഭാഷാകോഡുകളിൽ താഴ്ന്നവരോട് ഉള്ള് തുറന്നാൽ, ഉടൻതന്നെയോ, അല്ലെങ്കിൽ അധികം കാലതാമസമില്ലാതെയോ മറ്റേ ആൾ, ഈ ഉള്ളുതുറന്ന ആളെ, 'അദ്ദേഹത്തിൽ' നിന്നും 'അയാളും', 'അയാളിൽ'നിന്നും 'അവനും' ആക്കും. 'സാറിൽ' നിന്നും, 'നിങ്ങളും', 'നിങ്ങളിൽ' നിന്നും 'നീ'യും വരെ ആക്കാം. ഇത് നേരിട്ട് ചെയ്യുന്നില്ലെങ്കിൽ മറ്റിടങ്ങളിൽ ഇത് ചെയ്യും.

ഇതിലുള്ള വ്യാപകമായ നീചത്വം ഇതാണ്: വ്യക്തികൾ പ്രശ്നങ്ങളിൽപ്പെട്ട് വിഷമിച്ച്, സാമൂഹിക വ്യക്തിത്വം നിലനിർത്താൻ ഉഴലുമ്പോൾ പലപ്പോഴും, ചുറ്റുമുള്ളവർ നേരെ വിപരീതമായി വാക്ക് കോഡുകളെ കമഴ്ത്തിമറിക്കുകയാണ് ചെയ്യുക. ഇതിനായുള്ള ഒരു അവസരമായാണ്, മറ്റേ ആളിന്റെ വിഷമാവസ്ഥയെ അവർ മനസ്സിലാക്കുക.

വാക്ക് കോഡുകൾ താഴുമ്പോൾ, പരാമർശിക്കപ്പെടുന്ന കാര്യങ്ങളുടെ മൂല്യം കുറയും. എന്തും പറയാം എന്ന നിലവരും.

ഇതിനാൽത്തന്നെ സാമൂഹികമായോ, തൊഴിൽസ്ഥാനപരമായോ വളരെ കീഴിൽപ്പെട്ടവരോടൊപ്പം, ചീട്ട്കളി (Playing Cards), മദ്യപാനം എന്നിവ കാര്യമായ ആപത്താണ്. പലപ്പോഴും, ബഹുമാനം നൽകണം എന്ന ഏടാകൂടം എങ്ങിനെയങ്കിലും ഒഴിവാക്കിക്കിട്ടാൻ ഉപയോഗിക്കുന്ന ഹീന തന്ത്രങ്ങളാണ് ഇവയിലേക്കുള്ള ക്ഷണം.

71. കീഴെയുള്ളവരെ ഇങ്ഗ്ളിഷ് പഠിക്കുന്നതിൽനിന്നും നിരുത്സാഹപ്പെടുത്തേണം

സാമൂഹികമായും വ്യക്തിപരമായും കീഴെയുള്ള ആളുകൾക്ക് ഉയരാൻ ശക്തമായി സഹായിക്കുന്ന ഒരു സോഫ്ട്വേറാണ് ഇങ്ഗ്ളിഷ് എന്നതിനാൽ, ഈ ഭാഷ കീഴിൽ വരുന്നവർ പഠിക്കുന്നത്, അവർക്ക് മുകളിൽ വരുന്നവർ എല്ലാ ചതിപ്രയോഗവും ഉപയോഗിച്ച് തടസ്സപ്പെടുത്തും.

ഏതാണ്ട് 15 വർഷം മുൻപ് മാങ്ഗ്ളൂറിലെ ഒരു ഭവനത്തിൽ ഉള്ള ഒരു അന്തരീക്ഷം ആ വീട്ടുകാരുടെ ഒരു പരിചയക്കാരൻ പറയുകയുണ്ടായി. ആ വീട്ടിൽ ചെന്ന് Calling bell അടിച്ചാൽ, വാതിൽ തുറക്കുന്നത് നല്ല തറവാടിത്തം തോന്നിക്കുന്ന ഒരു യുവതിയാണ്. നന്നായി ഇങ്ഗ്ളിഷ് സംസാരിക്കും. വീട്ടുകാരിയാണ് എന്ന് തോന്നും. എന്നാൽ, ചെറുപ്രായത്തിൽ വീട്ടുവേലക്കാരിയായി വന്ന ഒരു പണിക്കാരത്തി പെൺകുട്ടിയാണ് ഈ ആൾ.

വീട്ടിലെ അന്തേവാസികൾ ഇങ്ഗ്ളിഷ് സംസാരിക്കുന്നത് കേട്ട്, ഈ ആൾ സാവധാനം ഇങ്ഗ്ളിഷ് സ്വായത്തമാക്കി. പിന്നങ്ങോട്ട്, താഴെയാര്, മുകളിൽ ആര് എന്ന് വാക്ക് കോഡുകളിൽ നിശ്ചയിക്കാൻ ആവാത്ത അവസ്ഥവരികയും, സാവധാനം ഈ വിട്ടിലെ ഒരു അന്തേവാസിയാകുകയും ചെയ്തു.

ഇതേ അവസ്ഥയാണ് യൂഎസ്സിൽ അടിമകളായി പോയ കാപ്പിരികൾക്കും ലഭിച്ച സൌകര്യം.

എന്നാൽ, ഈ ഒരു അവസ്ഥ സംജാതമാകും എന്ന് മനസ്സിലാക്കിയ, വീട്ടിൽ ഇങ്ഗ്ളിഷ് മാത്രം സംസാരിക്കുന്ന, ഇന്ത്യക്കാരുടെ വീടുകളിൽ, പണിക്കാരികളും, പണിക്കാരന്മാരും ഇങ്ഗ്ളിഷ് പരിശീലിക്കുന്നത്, ആ വീട്ടുകാർ തടയുന്നത്, ഈ എഴുത്തകാരൻ നേരിട്ട് കണ്ടിട്ടുള്ളതാണ്.

ഫ്യൂഡൽ ഭാഷകളുടെ പലവിധ പ്രവർത്തന രീതികളെക്കുറിച്ച്, ഈ എഴുത്തുകാരന്റെ ഒരു പഴയ പുസ്തകമായ March of the Evil Empire: English versus the feudal languages (1989) എന്ന ഗ്രന്ഥത്തിൽ കാര്യമായി പ്രതിപാദിച്ചിട്ടുണ്ട്.

ദക്ഷിണേഷ്യൻ ചരിത്രഗതിയെ ഈ ഭാഷാ കോഡുകൾ കാര്യമായിത്തന്നെ സ്വാധീനിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് കൊണ്ട് ഒരു ചിത്രീകരണം നൽകാം. അടുത്ത എഴുത്തിൽ.

72. ഭാഷാപരമായി ഉളവാകുന്ന ജാതിവ്യവസ്ഥ

മലയാളം മാത്രം സംസാരിക്കുന്നതും, സാമാന്യമായി നോക്കിയാൽ, ഒരേ സാമൂഹികവും, സാമ്പത്തികവും നിലവാരമുള്ള കുറേ പേർ ഒരു ഒറ്റപ്പെട്ട ഇടത്ത്, മറ്റ് ലോകരുമായി ബന്ധമില്ലാതെ ജീവിക്കാൻ ഇടവന്നു എന്ന് കരുതുക.

ഏതാണ്ട് 200 വർഷങ്ങൾക്ക് ശേഷം, ഇവരുടെ സാമൂഹികാന്തരീക്ഷം ചെന്ന് നോക്കിയാൽ, കാണുന്നത് ഇപ്രകാരം ആയിരിക്കും:

പഴയകാല ബ്രാഹ്മണർക്കോ, അല്ലെങ്കിൽ ഇന്നുള്ള ഐഏഎസ് / ഐപിഎസ് കാർക്കോ തുല്യരായ കുറേ സ്ഥാനങ്ങളിലുള്ള ആളുകൾ. (ഐപിഎസ്സിൽ ഉള്ള നിലവരങ്ങൾ ഡിജിപി, ഐജി., എസ്.പി, എഎസ്പി.)

ഇവർക്ക് കീഴെയായി അമ്പലവാസികൾക്കും, നായന്മാർക്കും ഇടയിലുള്ള കുറെ നിലവാരങ്ങൾ. (ഇന്നത്തെ പോലീസിലെ ഡിവൈഎസ്.പി, ഇൻസ്പെക്ടർ, ഏഎസ്ഐ, ഹെഡ് കോൺസ്റ്റബ്ൾ, കോൺസ്റ്റബ്ൾ തുടങ്ങിയവർ).

ഇങ്ങിനെ പലവിധ അധികാരങ്ങളുള്ള കുറേ സ്ഥാനങ്ങൾ. ഇവർക്ക് ഏറ്റവും കീഴിലായുള്ള നായർമാർക്ക് (കോൺസ്റ്റബ്ൾമാർക്ക്) തുല്ല്യരായവർക്ക് കീഴെയായി ഒരു വലിയ ജനക്കൂട്ടം.

ഈ ജനക്കൂട്ടം, നായർമാർക്ക് എല്ലാവിധ ബഹുമാനങ്ങളും വിധേയത്വവും കടപ്പാടുകളും നൽകുന്നു. നായന്മാർക്ക് തുല്യരായവർ അവരുടെ സാമൂഹിക പദവി നിലനിർത്താനായി, അവരുടെ മുകൾത്തട്ടിലുള്ളവർക്ക് പലവിധ വിധേയത്വങ്ങളും നൽകുന്നു.

കീഴിൽ വരുന്ന വൻ ജനക്കൂട്ടം, പലതട്ടുകളായി നിലനിൽക്കുന്നു. തമ്മിൽത്തമ്മിൽ ഉച്ചനീചത്വങ്ങൾ നിലനിർത്തി, ഈ നിലകളിൽപ്പെട്ട ഓരോ നിലയിലുള്ളവരും, അവർക്ക് കീഴിലുള്ളവരെ പലവിധത്തിൽ അമർത്തുന്നു. കീഴെയുള്ളവർ ഏതെങ്കിലും രീതിയിൽ ഉയരാനുള്ള സാധ്യതകണ്ടാൽ, അത് ശക്തമായിത്തന്നെ തടയുന്നു.

ഇങ്ങിനെയൊരു സാമൂഹികാന്തരീക്ഷം സംജാതമാകാൻ, വേദങ്ങളും, പുരാണങ്ങളും, സ്മൃതികളും, വേദാന്തങ്ങളും, ചാതുർവർണ്ണ്യവും മറ്റും ആവശ്യമില്ലതന്നെ. വെറും മലയാളം ഭാഷമാത്രം മതി.

ഇങ്ങിനെയുള്ള അടുക്കും ചിട്ടയും ഉള്ള ഒരു സമൂഹത്തിൽ, കലർപ്പില്ലാത്ത ഇങ്ഗ്ളിഷുമായി ഒരു കൂട്ടർ കയറിവന്നാൽ, സമൂഹം തലകുത്തനെ മറിയും. നൂറ്റാണ്ടുകളോളം ഭാഷാകോഡുകളുടെ അടിയിൽ പെട്ട് ഞെരിങ്ങിയിരുന്നവർ പൊന്തിവരും.

ഇതാണ് ഈ ഉപഭൂഖണ്ടത്തിൽ ഇങ്ഗ്ളിഷ് കോളോണിയൽ വാഴ്ച കൊണ്ടുവന്നത്.

എന്നാൽ, ഈ ഉപഭൂഖണ്ടത്തിലെ ആളുകളെ അടിമപ്പെടുത്താനാണ് ഇവിടെ ഇങ്ഗ്ളിഷ് പ്രചരിപ്പിച്ചത്, എന്നും, അത് പൊതുജനങ്ങൾ പഠിക്കരുത് എന്നും സാമൂഹിക മുകൾത്തട്ടിൽ ഉള്ളവർ പറയും. പറഞ്ഞില്ലെങ്കിലാണ് അത്ഭുതം.

73. അറബിക്കടലിൽ എന്താണ് എറിയേണ്ടത്?

സാമൂഹികമായി താഴെക്കിടയിലുള്ളവർ ഇങ്ഗ്ളിഷ് പഠിക്കുന്നത് ഭയത്തോടുകൂടിയാണ് മുകൾത്തട്ടിൽ ഉള്ളവർ വീക്ഷിക്കുന്നത്. ഇത്യാദി കാര്യങ്ങൾ ഈ എഴുത്തുകാരനോട് പലരും വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ട്. അവരുടെ സാമൂഹികമായ 'ബഹുമാനം' നഷ്ടപ്പെടും എന്നുള്ളതാണ് ഭയം. എന്നാൽ ഈ രീതിയിലല്ല കാര്യങ്ങൾ പരസ്യമായി പറയുക.

വിദേശ ഭാഷയാണ്, അത് പഠിക്കുന്നത് അടിമച്ചങ്ങല അണിയലാണ്, അതിനെ അറബിക്കടലിൽ എറിയേണം എന്നെല്ലാം. എന്നാൽ ഈ കാര്യത്തിൽ ആരും തന്നെ വേവലാതിപ്പെടേണ്ട കാര്യമില്ലതന്നെ.

കാരണം, സാമൂഹികമായും സാമ്പത്തികമായും പിന്നോട്ട് നിൽക്കുന്നവർക്ക് നിലവാരമുള്ള ഇങ്ഗ്ളിഷ് പഠിപ്പിക്കാൻ ആർക്കും വലിയതാൽപ്പര്യമില്ലാ എന്നുള്ളതാണ് വാസ്തവം. പിന്നെ എന്ത് അറബിക്കടലും മറ്റും?

നിർബന്ധമായി വരികയാണെങ്കിൽ പ്രാദേശിക ഭാഷകളിലെ ഫ്യൂഡലിസം പൂർണ്ണമായും തിരുകിക്കയറ്റിയുള്ള ഇങ്ഗ്ളിഷ് പഠിപ്പിക്കാം എന്നുമാത്രം. എന്നു വച്ചാൽ ഒരു തരം കൃത്രിമ ഇങ്ഗ്ളിഷ്.

എന്നാൽ താഴെക്കിടയില്ലുള്ളവർ ഇങ്ഗ്ളിഷ് പഠിച്ചാൽ, സാമൂഹികമായി മുകൾത്തട്ടിൽ ഉള്ളവർക്കും നല്ലതാണ്. ഇത് എന്ത് കൊണ്ടാണ് എന്നത് ഇവിടെ വിവരിക്കുന്നില്ല.

ഇത്രമാത്രം പറയാം.

സാമൂഹികമായി പിന്നിൽ നിൽക്കുന്നവർക്ക്, ആരെയും വാക്കുകൾ കൊണ്ട് പ്രഹരിക്കാനും, കുത്തിനോവിക്കാനും ഉതകുന്ന കാര്യമായ ഒരു ആയുധം തന്നെയാണ് ഫ്യൂഡൽ ഭാഷകളിലെ വാക്ക്-കോഡുകൾ.

ഇതിന് പകരം, മിതസ്വഭാവമുള്ള ഇങ്ഗ്ളിഷ് പ്രചരിപ്പിച്ചാൽ സമൂഹീകമായ പല വിധ പോസിറ്റിവ് സംഗതികളും സമൂഹത്തിലും വ്യക്തികളുടെ മനസ്സിലും വന്നുനിറയും. ഇതാണ് വാസ്തവം.

ആസ്തികാണിക്കുന്നവൻ, ഒച്ചകൂട്ടുന്നവൻ, ബലംകാണിക്കുന്നവൻ, പിടിപാട് കാണിക്കുന്നവൻ, വലിയ വീടുള്ളവൻ, തുടങ്ങിയവർക്ക് വാക്ക് കോഡുകളിലെ മെച്ചപ്പെട്ട വാക്കുകളും, ഇത് ചെയ്യാത്തവർക്ക് (ഇല്ലാത്തവർക്ക്) നേരെമറിച്ചും എന്ന മാനസികാവസ്ഥ കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് പ്രചരിച്ചാൽ മാറും.

1955ൽ Nirad C Chaudhari ഇങ്ഗ്ളണ്ടിലേക്ക് യാത്ര ചെയ്തിരുന്നു. അവിടെ ചെന്നപ്പോൾ, ഇങ്ഗ്ളണ്ടിലെ തെരുവുകളിലെ ശാന്തതയും നിശബ്ദതയും മറ്റും കണ്ട് ആശ്ചര്യപ്പെട്ടുപോയി. ഈ അനുഭവം The Eternal Silence of These Infinite Crowds എന്ന പേരിൽ Chaudhari ഒരു ലേഖനമായി എഴുതിയിരുന്നു.

ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന പ്രത്യേകമായുള്ള കോഡുകൾ ഇങ്ഗ്ളിഷ് ഭാഷയിലെ പരന്ന സ്വഭാവമുള്ള വാക്ക് കോഡുകളാണ്.

ഒച്ചവെക്കുന്നതിലും, അട്ടഹാസങ്ങൾ മുഴക്കുന്നതിലും മറ്റും യതോരുമൂല്യവും ഇങ്ഗ്ളിഷ് ഭാഷയിൽ ഇല്ലതന്നെ. മറിച്ച്, ഫ്യൂഡൽ ഭാഷക്കാർക്ക് സ്വപ്നം കാണാൻപോലും, ആകാതുള്ള പലവിധ അതീവ മയമുള്ളതും, അതേ സമയം വളരെ ശക്തമായ മനുഷ്യ ആശയവിനിമയം സാധിപ്പിക്കുന്നതുമായ കോഡുകളാണ് ഇങ്ഗ്ളിഷിൽ ഉള്ളത്.

74. നിർവ്വചിക്കപ്പെടനാവാത്ത പൈശാചികത

ഇത്യാദി സംഗതികളെക്കുറിച്ച് ഇങ്ഗ്ളിഷുകാർക്ക് യാതോരു വിവരവും ഇല്ലാ എന്നുള്ളതാണ് വാസ്തവം. ഇങ്ങിനെയൊരു ലോകം തന്നെയുണ്ട് എന്ന് അവർക്ക് സങ്കൽപ്പിക്കാൻ പോലും ആകുന്നില്ല എന്ന് ഈ എഴുത്തുകാരൻ ഏതാണ്ട് 15 വർഷത്തിൽ കൂടുതൽ കാലം അവരിൽ പലരുമായി ഓൺലൈനായി ചർച്ചചെയ്തതിൽ നിന്നും മനസിലാക്കുന്നു.

എന്നാൽ ഈ ഉപദ്വീപിൽ ചിലയിടങ്ങളിൽ ഇങ്ഗ്ളിഷ് കൊളോണിയൽ ഭരണം നിലനിന്നിരുന്ന കാലത്ത്, ഇവിടുള്ള സാമൂഹികാന്തരീക്ഷത്തിൽ എന്തോ വ്യത്യാസം ഉണ്ട് എന്ന് പല ഇങ്ഗ്ളിഷുകാർക്കും തോന്നിയിരുന്നു. എന്നാൽ ഇത് എന്താണ് എന്ന് അവർക്ക് തീർത്ത് പറയാനുള്ള വിവരം ലഭിച്ചില്ല. ഈ ഉപദ്വീപിലെ പല സ്ഥലങ്ങളും ഇങ്ഗ്ളിഷ് ഭരണത്തിന് കീഴിലായി ഒന്നിപ്പിച്ച് ഒരു രാജ്യം തന്നെ സൃഷ്ടിക്കാൻ ആദ്യ ചുവട് വച്ച Robert Cliveന് പോലും ഈ കാര്യം സ്വന്തം നാടായ ഇങ്ഗ്ളണ്ടിൽ, ശ്രമിച്ചെങ്കിലും, മനസ്സിലാക്കിക്കൊടുക്കാനായില്ല.

Rudyard Kipling എന്ന ഇങ്ഗ്ളിഷ് ക്ളാസിക്കൽ സാഹിത്യകാരൻ്റെ വാക്കുകൾ ഇവിടെ ഉദ്ദരിക്കാവുന്നതാണ്: OH, East is East, and West is West, and never the twain shall meet.

Kiplingന്റെ വാക്കുകളിലും അറിവില്ലായ്മ നിഴലിക്കുന്നുണ്ട്. Englandനെ Westമായി കൂട്ടിക്കലർത്തുന്നത് തന്നെ തനി വിഢ്ഢിമായിരുന്നു.

ഇതുമായി ബന്ധപ്പെട്ട് പലകാര്യങ്ങളും മനസ്സിൽ ഉദിക്കുന്നുണ്ട്. എന്നാൽ അവ ഇവിടെ കുറിച്ചിടുന്നില്ല.

ഈ പ്രശ്നം ഇങ്ഗ്ളിഷ് കൊളോണിയൽ വാഴ്ച ഈ ഉപഭൂഖണ്ടത്തിന്റെ ഏതാണ്ട് പകുതിയിൽകുറവ് സ്ഥലങ്ങളിൽ നിലനിന്നിരുന്ന കാലത്തും ഉണ്ടായിരുന്നു.

ദക്ഷിണേഷ്യൻ ഉപഭൂഖണ്ടത്തിൽ സാമൂഹിക ഘടനയും വ്യക്തിബന്ധങ്ങളും മറ്റും ഇങ്ഗ്ളണ്ടിലുള്ളതിൽനിന്നും തികച്ചും വ്യത്യസ്തമാണ് എന്ന് ഈ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥർ ഇങ്ഗ്ളണ്ടിൽ പോയി പറഞ്ഞെങ്കിലും, അത് അവിടെയുള്ളവർക്ക് യാതോരു രീതിയിലും മനസ്സിലായില്ല എന്നാണ്

കാണുന്നത്. എന്നാൽ ഈ പറഞ്ഞ ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥർക്കും, ഇവിടുള്ള ഫ്യൂഡൽ ഭാഷാ കോഡുകളെക്കുറിച്ച് കാര്യമായി മനസ്സിലായിരുന്നു എന്നും തോന്നുന്നില്ല. കാരണം, ഈ ഒരു കാര്യം അവർ എഴുതിയ ഗ്രന്ഥങ്ങളിൽ സൂചിപ്പിച്ച് കാണുന്നില്ല.

ചിത്രീകരണം:
ഏതാണ്ട് 30 വർഷം മുൻപുള്ള സാങ്കേതിക നിലവാരമുള്ള ഒരു സമൂഹത്തിൽ, ഇന്നെത്തെ സാങ്കേതിക വളർച്ചയുള്ള ഒരു സ്ഥലത്ത് നിന്നും ഒരാൾ കയറി ചെല്ലുന്നു. അയാൾ അവരോട് സ്മാർട്ട്ഫോണിനെക്കുറിച്ചും, Appനെക്കുറിച്ചും, Telegramനെക്കുറിച്ചും Whatsappനെക്കുറിച്ചും, മറ്റും പറയുന്നു. ഇതൊക്കെ ആര് സമ്മതിച്ചുകൊടുക്കാൻ? അങ്ങെ നാട്ടിൽ ആളുകൾക്ക് തീപ്പെട്ടിപോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് വിദൂരങ്ങളിൽ ഉള്ളവരുമായി സംസാരിക്കാം. അവരുടെവീഡിയോ കാണാം എന്നെല്ലാം പറഞ്ഞാൽ, ഈ നാട്ടുകാർക്ക് എങ്ങിനെ മനസ്സിലാകാനാണ്?

പ്രേതത്തെ കണ്ടത് പോലെയാണ്. ഒരാൾ പ്രേതത്തെ കണുന്നു. ഈ കാര്യം ഈ ആൾ പ്രേതത്തെ ജീവിതത്തിൽ ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത ആളോട് പറയുന്നു. അയാൾ വിശ്വസിക്കുമോ?

ഇതേ അവസ്ഥയായിരുന്നു കൊളോണിയൽ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ഇങ്ഗ്ളിഷ് പൌരന്മാരുടെ ഗതിയും. അവർ ഈ പ്രദേശങ്ങളിൽ ആളുകൾ തമ്മിൽ ഇങ്ങിനെന്തൊക്കെയോ പ്രശ്നങ്ങൾ ഉണ്ട് എന്ന് ഇങ്ഗ്ളണ്ടിൽ ചെന്ന് പറഞ്ഞപ്പോൾ, അവർക്ക് ലഭിച്ചത് പുച്ഛവും, കളിയാക്കലും, അതിനപ്പുറവും ആയിരുന്നു.

75. സൌകര്യങ്ങൾ നൽകിയാലുള്ള വിന

ഈ അറിവല്ലായ്മ ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ കാര്യമായ ദൂരവ്യാപകമായ പ്രശ്നങ്ങൾക്ക് വഴിതെളിച്ചിട്ടുണ്ട്.

ദക്ഷിണ ഏഷ്യൻ ഉപഭൂഖണ്ഡത്തിൽ, നല്ലൊരു ശതമാനം ആളുകൾക്കും വ്യക്തിപരമായതോ, ബുദ്ധിപരമായതോ ആയ കഴിവ് കേടില്ല എന്നുള്ളതാണ് വാസ്തവം. നേരെ മറിച്ച്, പലർക്കും അതി ഗംഭീര കഴിവുകൾ ഉണ്ട്.

ഉദാഹരണത്തിന് പണ്ട് കാലങ്ങളിൽ ഇവിടുണ്ടായിരുന്ന പാരമ്പര്യ ആശാരിമാർ. ഇവർ യാതോരു എഞ്ചിനിയറിങ്ങ് കോളജിലും പോകാതെ തന്നെ, മണിമാളികകൾ കെട്ടുമായിരുന്നു. ഇവർക്ക് അവരുടെ തൊഴിൽ മേഖലയിൽ നല്ല നൈപുണ്യം ഉണ്ടായിരുന്നെങ്കിലും, സാമൂഹികമായി പലതരം തടസ്സങ്ങളും ആശയവിനിമയത്തിൽ ഉണ്ടായിരുന്നു. ജാതിയിൽ താഴെയായിരുന്നു.

(നിർബന്ധ ഔപചാരിക വിദ്യാഭ്യാസം ഈ നൈപുണ്യം ഈ നാട്ടിൽ നിന്നും തുടച്ചുമാറ്റിയിട്ടുണ്ട്. പാരമ്പര്യ ആശാരിമാരുടെ സന്തതികളുടെ ഈ പാരമ്പര്യ നൈപുണ്യം തുടച്ച് മാറ്റി, ഇതുമാതിരിയുള്ള നൈപുണ്യങ്ങൾ യാതൊന്നും ഇല്ലാത്തവരുടെ നിലവാരത്തിലേക്ക് ഇന്ന് നിർബന്ധ വിദ്യാഭ്യാസം കൊണ്ടെത്തിച്ചിട്ടുണ്ട്. അവർക്ക് അവരുടെ പാരമ്പര്യ തൊഴിലിലെ മഹിമ ഉയർത്തിക്കാണിക്കുന്ന വാക്ക് കോഡുകൾ അല്ല ഫ്യൂഡൽ ഭാഷകളിൽ ഉള്ളത്).

ഇവർക്ക് തങ്ങളുടെ വീട്ടിൽകയറി ഇരിക്കാനും കൂടെ ഇരുന്ന് ഭക്ഷണം കഴിക്കാനും, തങ്ങളെ പേരിനാൽ തന്നെ വിളിക്കാനും മറ്റും അവസരം ബ്രാഹ്മണരും മറ്റ് ഉയർന്ന ആളുകളും നൽകിയാൽ, ഇവർ സമൂഹികമായി ഉയർന്നജാതിക്കാരെ മറികടക്കും എന്നുള്ളത് തീർച്ചയാണ്.

ഉദാഹരണത്തിന്, കോൺസ്റ്റബ്ളിന് ഈ സൌകര്യങ്ങൾ ഐപിഎസ് കാർ നൽകിയാൽ, കോൺസ്റ്റബ്ൾ മാർ ഐപിഎസ്സുകാരെ കമഴ്ത്തിയടിക്കും എന്നുള്ളതാണ് വാസ്തവം. അതിനുള്ള പ്രചോദനം ഭാഷയിൽ ഉണ്ട്.

ഇതേ പോലെ തന്നെയാണ് വീട്ടുവേലക്കാർക്ക് വീട്ടുകാർ ധരിക്കുന്ന അതേ നിലവാരത്തിലുള്ള ഉടുപ്പ് ഉടുക്കാൻ നൽകുകയും, അവരോടൊപ്പം

ഡൈനിങ്ങ് മേശിയിലിരുന്ന ഭക്ഷണം കഴിക്കാനും, വീട്ട് ഉടമയെയും ഭാര്യയേയും പേരുവിളിക്കാനും മറ്റും സൌകര്യം നൽകിയാൽ, വീട്ടുകാര്യങ്ങളിൽ അവരുടെ പലതരം കൈകടത്തലും വന്നുചേരും. വീട്ടുടമയുടെ പലവിധ സാമൂഹിക വേദിയിലും ഈ വീട്ടുവേലക്കാർ കടന്നു ചെല്ലും.

ഇതൊക്കെ ഈ ഉപദ്വീപിലെ ഏതൊരാൾക്കും വ്യക്തമായോ അല്ലെങ്കിൽ അവ്യക്തമായോ അറിവുള്ള കാര്യങ്ങളാണ്. ഇങ്ങിനെയൊരു സംഭവ വികാസം വന്നു ചേരാനുള്ള അവസരം യാതോരു സ്വദേശിയും ഇവിടെ ചെയ്യാൻ അനുവദിക്കില്ലതന്നെ.

76. ഇങ്ഗ്ളിഷ് സമൂഹങ്ങൾ തകിടംമറിക്കപ്പെടുന്നതെങ്ങിനെ

എന്നാൽ, പൊതുവെ പറഞ്ഞാൽ, ഇങ്ഗ്ളിഷുകാർക്ക് ഈ വക കാര്യങ്ങളെക്കുറിച്ച് യാതോരു വിവരവും ഇല്ല. ഇങ്ങിനെ ലോകത്തിൽ പലദിക്കിലും ഉള്ള ജനക്കൂട്ടങ്ങളിൽ തരംതാഴ്ത്തിവെക്കപ്പെടുന്നവർക്ക്, ഇങ്ഗ്ളിഷ് പ്രദേശങ്ങളിൽ വന്നുപെട്ടാൽ, ഈ വക സൌകര്യങ്ങൾ സ്വമേധയാ ലഭിക്കും. മാത്രവുമല്ല, അവർക്ക് പലവിധ അവകാശങ്ങളും നൽകും.

ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ നിന്നും വരുന്നവർക്കാണെങ്കിൽ, ഈ വക അവകാശങ്ങൾ ലഭിച്ചില്ലെങ്കിൽകൂടി, മുകളിൽ പറഞ്ഞ ആശയവിനിമയ സൌകര്യങ്ങൾ ലഭിച്ചാൽ തന്നെ, ഇന്ത്യയിൽ പ്യൂൺ ഐഏഎസ് ഓഫിസർ ആയ പോലെയാണ്. ആരേയും കേറി പേരുവിളിക്കാം, ആരോടും സംസാരിക്കാം, ആരെയും You എന്ന് സംബോധന ചെയ്യാം, ആരേയും Heഎന്നോ അല്ലെങ്കിൽ She എന്നോ പരാമർശിച്ച് സംസാരിക്കാം.

ഏത് പോലീസ് സ്റ്റേഷനിലും കയറിച്ചെന്ന് അവിടുള്ള ഓഫിസർമാരെവരെ പേരിനോട് Mr./Mrs.ചേർത്ത് സംബോധന ചെയ്യാം. ഇരുന്ന് തന്നെ കാര്യങ്ങൾ ചർച്ചചെയ്യാം.

നേരത്തെ സൂചിപ്പിച്ചത് പോലെ, ഈ പുറത്ത് നിന്നും വരുന്നവർ വ്യക്തിപരമായ കഴിവില്ലാത്തവരല്ല. മറിച്ച്, അതി കഠിനമായ സാമൂഹികാന്തരീക്ഷത്തിൽ നരകയാതന അനുഭവിച്ച്, എല്ലാതരം തന്ത്രങ്ങളും ഉപയോഗിച്ച് പടപൊരുതി തഴക്കം ചെന്നവരാണ്. അവർക്ക് ഇത്രമാത്രം സൌകര്യങ്ങളും അവകാശങ്ങളും ആരോടും മല്ലിടാനും ആർക്കുമെതിരെ കേസുകൊടുക്കുവാനും സൌകര്യം ലഭിച്ചാൽ, അവർ സമൂഹത്തെ തകിടം മറിക്കും.

77. അവകാശം പ്രസ്താവിച്ചാൽ, എന്തുസംഭവിക്കും?

ആഫ്രിക്കയിൽ നിന്നും പല എത്ലറ്റുകൾ (Athletes) ഇങ്ങിനെ അമേരിക്കയിൽ വന്നിട്ടുണ്ട്. ഇവരെ കായികമായി തോൽപ്പിക്കാൻ പ്രയാസമാണ്. കാരണം, ഇവർ ആഫ്രിക്കൻ പ്രദേശങ്ങളിലെ പരുക്കൻ സമൂഹങ്ങളിൽ കായികമായി മുൻപന്തിയിൽ ഉള്ളവരാണ്.

അമേരിക്കയിൽ കയറിയാൽ, ഇവർക്ക് ലഭിക്കുന്ന അവകാശങ്ങൾക്ക് പരിധികളില്ല.

ചിത്രീകരണം:
ഒരു ക്ളാർക്കിന് ഐഏഎസ് ഓഫിസർ മാരോടൊപ്പം താമസിക്കാൻ അവസരം ലഭിച്ചു. ഏതാനും കാലത്തിന് ശേഷം, അയാൾ ഐഏഎസ്സുകാരെ പേരുവിളിച്ചും, 'നീ' എന്ന് വിളിച്ചും, 'അവൻ', 'അവൾ' എന്നെല്ലാം പരാമർശിച്ചും സംസാരിക്കാനുള്ള ബന്ധം സ്ഥാപിക്കുന്നു. ഇയാളുടെ കൂടെ ജോലിചെയ്തിരുന്ന മറ്റ് ക്ളാർക്കുമാർക്കൊന്നും ഇല്ലാത്ത സാമൂഹിക ഉന്നമനം ഇയാൾക്ക് ലഭിക്കുന്നു.

എന്നാൽ, ഐഏഎസ്സുകാരുടെ പലവേദികളിലും ഇയാൾക്ക് പ്രവേശനം ലഭിക്കുന്നില്ല. അത് ഒരു വൻപരാതി തന്നെയായി മാറുന്നു. എന്താ ഒരു തരം വർണ്ണവിവേചനം?
:ചിത്രീകരണത്തിന്റെ അന്ത്യം

ഇത്യാദി ചിന്തകളും അനുഭവങ്ങളും മറ്റും ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ മാത്രമേ നടക്കുള്ളു. ഇന്ത്യയിൽ ഈ വക അവകാശവാദങ്ങളുമായി ഏതെങ്കിലും വീട്ടു ജോലിക്കാരനോ, മറ്റ് താരതമ്യേന താഴ്ന്ന സ്ഥാനക്കാരും അവകാശം പ്രസ്താവിച്ചാൽ, വീട്ട് ഉടമയോ, അല്ലെങ്കിൽ ഉയർന്ന ഓഫിസറോ ആയിരിക്കില്ല പ്രതികരിക്കാൻ എത്തുക. മറ്റ് വല്ല, ഈ അവകാശവാദക്കാരേക്കാൾ താഴ്ന്ന സ്ഥാനക്കാർ വന്ന് 'ഇറങ്ങെടാ', അല്ലെങ്കിൽ 'ഇറങ്ങെടി' എന്ന് പ്രതികരിക്കും. പിന്നുള്ള യുദ്ധം അവരേക്കാൾ തരം താണവരോടായിരിക്കും. ഇതാണ്, ഈ ഉപദ്വീപിലെ സാമൂഹിക യാഥാർത്ഥ്യം.

1981-82 കാലത്ത് (ശരിക്കും വർഷം ഓർമ്മയില്ല) ഒരു സർക്കാർ ക്ളാർക്കുമാരുടെ സമരം ഉണ്ടായിരുന്നു. സംഭവം തിരവനന്തപുരത്താണ്. ഐഏഎസ് ഓഫിസറോട് സമരം ചെയ്തുകൊണ്ടിരിക്കുന്ന

ക്ളാർക്കുമാരുടെ കുട്ടിനേതാവ് 'ഇത് തന്റെ സ്വകാര്യ സ്വത്താണോ?' എന്ന് ചോദിച്ചു. ഐഎഎസ് ഓഫിസർ ഇതിന് പ്രതികരണം നൽകിയില്ല.

78. ‘അവൻ’ ‘അദ്ദേഹത്തെ’ അടിച്ചിട്ടാൽ

'അവൻ'മാരോട് 'അദ്ദേഹ'ങ്ങൾ മത്സരിക്കാൻ നോക്കാറില്ല. കാരണം, 'അദ്ദേഹം' 'അവനെ' തോൽപ്പിച്ചിട്ട് കാര്യമില്ല. എന്നാൽ 'അദ്ദേഹത്തെ' 'അവൻ' തോൽപ്പിച്ചാൽ, ഒരു ഐതിഹാസിക സംഭവമായി മാറും, അവന്‌റെ ചുറ്റുപാടിൽ.

ഈ 'അവൻ', 'അദ്ദേഹം' വ്യത്യാസം ഇങ്ഗ്ളിഷിൽ ഇല്ലാത്തത് കൊണ്ട്, ഇങ്ഗ്ളണ്ടിൽ താമസിക്കുന്ന ഇങ്ഗ്ളിഷുകാർക്ക് കണ്ട 'അവന്മാ'രോടൊക്കെ പലതരം പന്തയങ്ങളിലും പങ്കെടുക്കുന്നതിലെ അപകടം മനസിലാകുന്നില്ല.

ഏതാണ്ട് 25വർഷങ്ങൾക്ക് മുമ്പ് കേരളത്തിലെ ഒരു വടക്കൻ ജില്ലയിൽ പോയപ്പോൾ ഒരു പ്രത്യേക കായികാഭ്യാസിയെ പൊതുവായി പരിചയപ്പെടുത്തുന്ന രീതി ശ്രദ്ധയിൽപെട്ടു.

'അറിയില്ലെ, രജനീഷിനെ (പേര് മറ്റിയാണ് നൽകുന്നത്)?, എസ്.പിയെ അടിച്ച രജനീഷിനെ?'

പട്ടണത്തിലെ അന്നത്തെ ഒരു മുഖ്യ ഹോട്ടലിലെ ബാറിൽ ഇരുന്ന് പോലീസ് എസ്.പിയും സുഹൃത്തുക്കളും ഭക്ഷണം കഴിക്കുന്നു. എസ് പി. സിവിൽ വേഷത്തിലാണ്. അതിനാൽതന്നെ ഇത് എസ്. പി. ആണ് എന്ന് മറ്റൊരാൾക്ക് അറിയൻ സാധ്യതയില്ല.

അടുത്ത മേശയിൽ ഇരുന്ന് ഈ രജനീഷും സുഹൃത്തുക്കളും ഭക്ഷണം കഴിക്കുന്നു. രജനീഷ് സ്വന്തമായി ജിംനേഷ്യം നടത്തുന്ന ആളാണ്. ആ കൂട്ടത്തിൽനിന്നും എന്തോ വിനോദകരമായ പെരുമാറ്റത്തിനിടയിൽ ഒരു എല്ല് തെറിച്ച് എസ്.പി.യും സുഹൃത്തുക്കളുടേയും മേശപ്പുറത്ത് പ്ളെയ്റ്റിൽ വന്ന് വീഴുന്നു.

എസ്.പി എന്തോ പറഞ്ഞു. അത്, രജനീഷിന് ഇഷ്ടപ്പെട്ടില്ല. കാരണം, അയാൾ ഒരു കൂട്ടം അനുയായികളുടെ നേതാവായി ഇരിക്കുന്ന അവസരമാണ്. അയാൾ തിരിച്ച് സംസാരിച്ചു. വാക്കുകൾ കർക്കശമായി. എസ്.പി.ക്ക് ഭീരുത്വത്തിന്‌റെ ആവശ്യമില്ല. എസ്. പിയുടെ വാക്കുകൾ രജനീഷിന് പിടിച്ചില്ല.

തന്റെ തടിമിടുക്ക് കണ്ടാൽ ആരുംതന്നെ ഇങ്ങിനെ സംസാരിക്കാൻ തയ്യാറാവില്ല എന്ന് തോന്നിയതോ മറ്റോ. അയാൾ എഴുന്നേറ്റ് ചെന്ന് എസ്. പിയുടെ മുഖത്ത് ആഞ്ഞൊരടി.

പിന്നീട് എന്ത് സംഭവിച്ചു എന്ന് അറിയില്ല. എന്നാൽ പട്ടണത്തിൽ ഇത് ഒരു ഐതിഹാസിക കഥയായി. 'എസ്. പി. അടിച്ച രജനീഷിനെ അറിയില്ലേ?'

എസ്. പി, രജനീഷിനെ അടിച്ചാൽ അതിൽ യാതോരു ഐതിഹാസികതയും ഇല്ലതന്നെ.

മുകളിൽ നൽകിയ ചിത്രീകരണവുമായി ബന്ധപ്പെട്ട് ചിലകാര്യങ്ങൾ പറയാനുണ്ട്. പുരാണങ്ങളിലേക്കും പോകേണ്ടിവരും.

79. തട്ടിപ്പിലൂടെയുള്ള ഒരു ഐതിഹാസികത

1980കൾക്ക് ചുറ്റ്പാടുള്ള ഒരു വർഷം. തിരുവനന്തപുരത്ത് പഠിക്കുന്ന കാലം ആണ് എന്ന് തോന്നുന്നു. ഇന്ത്യൻ ക്രിക്കറ്റ് ടീം ഇങ്ഗ്ളണ്ടിനെ തോൽപ്പിക്കുന്നു. ഇന്ത്യൻ സമയം രാത്രിയാണ് സംഭവം. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പടക്കവും ആകാശത്തേക്ക് പായുന്ന വാണങ്ങളും. പിറ്റേന്ന് ഒരു ദേശീയ ദിനത്തിന്റെ പ്രതീതി.

അതേ സമയം, ബങ്ഗ്ളാദേശ്, പാക്കിസ്ഥാൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളെ ഇങ്ഗ്ളണ്ട് ക്രിക്കറ്റിൽ തോൽപ്പിച്ചാൽ, അത് ഒരു വൻ സംഭവമായി ബ്യട്ടണിൽ ആഘോഷിക്കപ്പെടാറില്ലാ എന്നാണ് തോന്നുന്നത്.

എന്നാൽ പൊതുവെ പറഞ്ഞാൽ, ഇങ്ഗ്ളിഷ് ഭാഷാപരമായി ചിന്തിക്കുന്നവരിൽ കണ്ടിട്ടുള്ള ഒരു പ്രത്യേകത, വിജയത്തിനേക്കാൾ അവർക്ക് താൽപ്പര്യം കാര്യങ്ങൾ തത്വദീക്ഷിതയോടും ക്രമപരമായും നടത്താനായി എന്നുള്ള മനോഗതിയാണ്. (ഒഴിവുകൾ ചൂണ്ടിക്കാണിക്കാൻ പറ്റുമെങ്കിലും.)

ഈ ചിന്താഗതിയെ ഫ്യൂഡൽ ഭാഷകളിൽ നിന്നുകൊണ്ട് മനസ്സിലാക്കാൻ തന്നെ പ്രയാസമാണ്. ഉദാഹരണത്തിന്, നിരത്തിൽ വാഹനം ഓടിക്കുമ്പോൾ, ട്രാഫിക്ക് നിയമങ്ങളെ കാറ്റിൽപ്പറത്തിയും, കഴിയുമെങ്കിൽ ഇടത് വശത്തകൂടി മറികടന്നും, മറ്റ് ആളുകളെ അലോസരപ്പെടുത്തിയും, മുന്നിൽക്കടക്കുക എന്നതിലുള്ള ആനന്ദം ഒരു ഭാഗത്ത്.

അതേ സമയം, വാഹന ഗതാഗത നിയമങ്ങൾ പാലിച്ചും, യാതോരു കാരണവശാലും ഇടത് വശത്ത്കൂടി മറികടക്കാതെയും, വാഹന ഗതാഗതം മന്ദഗതിയിൽ നീങ്ങുമ്പോൾ തൊട്ടുമുന്നിൽ ഉള്ള വാഹനത്തിന് പിന്നിൽ ക്രമമായി പിന്തുടർന്നും, മുന്നിൽ നിന്നും വരുന്ന വാഹനങ്ങൾക്ക് യാതോരു തടസ്സവും സൃഷ്ടിക്കാതെയും വാഹനം ഓടിക്കുന്നതിലും ഒരു ഗംഭീരമായ ആനന്ദം ലഭിക്കാനുണ്ട്. എന്നാൽ ഈ ആനന്ദത്തെക്കുറിച്ച് ഫ്യൂഡൽ ഭാഷകളിൽ നിർവ്വചിക്കാനും മനസ്സിലാക്കിക്കാനും പ്രയാസമാണ്.

പ്രസിദ്ധ Football താരമായ Maradona 1986ലെ FIFA World Cupൽ ഇങ്ഗ്ളണ്ടിന് നേരെ രണ്ടാമത് ഒരു ഗോൾ അടിച്ചതുമായി ബന്ധപ്പെട്ട്, ഇങ്ഗ്ളിഷ് ടീമിനെക്കുറിച്ച് ഇങ്ങിനെ പറഞ്ഞിരുന്നു:

"I don't think I could have done it against any other team because they all used to knock you down; they are probably the noblest in the world".

തർജ്ജമ: "മറ്റേതൊരു ടീമിനോടും, ഇത് എനിക്ക് ഇത് നടക്കും എന്ന് എനിക്ക് തോന്നുന്നില്ല. കാരണം, അവർ ഏവരും മറ്റെവരെ ഉന്തി നിലത്തിടുമായിരുന്നു. ലോകത്തിലെ ഏറ്റവും കുലീനതയുള്ളവർ ഇവരായിരിക്കാം (ഇങ്ഗ്ളിഷ് ടീം)."

കാരണം, മറ്റ് ഏതൊരു ടീമും, അതിക്രമിച്ചു അപകടകരമാം വിധം മുന്നേറുന്ന എതിർപക്ഷക്കാരെ ഫൌൾചെയ്ത് നിലത്ത് ഉന്തിയിടുമായിരുന്നു.

Maradona ഇങ്ങിനെ അന്ന് പറഞ്ഞത് തന്നെ തികച്ചും അത്ഭുതകരമായ ഒരു കാര്യമാകാം. കാരണം, ഫോക്ലണ്ട് (Falkland) യുദ്ധത്തിൽ, ബൃട്ടൺ ആർജന്റീനയെ തോൽപ്പിച്ച്, ഫോക്ലണ്ട് ദ്വീപിനെ അതിക്രമിച്ചു കയറിയ ആർജന്റീനിയക്കാരിൽനിന്നും മോചിപ്പിച്ച കാലഘട്ടമായിരുന്നു അത്.

എന്നാൽ ഈ കളിയിൽ, ഏതാണ്ട് 4 മിനിറ്റ് തൊട്ട് മുൻപെ Maradona നേടിയ ആദ്യത്തെ ഗോൾതന്നെ ഗുരുതരമായ തട്ടിപ്പിനാലാണ് ലഭിച്ചത്. തലക്ക് മുകളിൽ വന്ന ബോളിനെ കൈകൊണ്ട് തട്ടി ഗോളടിക്കുകയായിരുന്നു.

ഇങ്ഗ്ളിഷ് ടീമിന്റെ പ്രതിഷേധത്തെ റഫറി കണക്കിലെടുത്തില്ല. കാരണം, Maradonaയുടെ പക്ഷത്തിന്റെ ആഘോഷത്തിമിർപ്പ് അംഗീകരിച്ചുകൊണ്ട് ഇത് ശരിയായ ഒരു ഗോളാണ് എന്ന് റഫറി വിധിച്ചു.

പിന്നീട് Maradona ഇത് ദൈവത്തിന്റ കൈകളാണ് ബോളിനെ ഗോളിൽ തട്ടിയിട്ടത് എന്ന തമാശാരീതിയിൽ ഈ സംഭവത്തെ ന്യായീകരിച്ചു. (Maradona's Hands of god goal). ഇങ്ഗ്ളണ്ട് ആർജന്റീനയെ യുദ്ധത്തിൽ തോൽപ്പിച്ചതിനുള്ള ശിക്ഷയാണ് എന്ന്.

എന്നാൽ ഗുരുതരമായ അന്യായം നടന്നിട്ടും നീതിയുക്തമായ യാതോരു നടപടിയും റഫറിയിൽനിന്നും ലഭിക്കാതിരുന്ന അവസ്ഥയിൽ ഇങ്ഗ്ളണ്ട് കളി തുടർന്നത് തന്നെ വൻ വിഢ്ഡിത്തമായിരുന്നു.

കാരണം ഫ്യൂഡൽ സാമൂഹികാന്തരീക്ഷത്തിൽ, പല ഔപചാരിക നടപടിക്രമങ്ങൾക്കും പിന്നണിയിൽ പലതും നടക്കും എന്നുള്ളതാണ് വാസ്തവം. നേരേവാ, നേരേ പോ, എന്ന ഇങ്ഗ്ളിഷ് മനോഭാവത്തിന്, ഈ അന്തരീക്ഷത്തിൽ കാര്യമായ പ്രസക്തിയില്ല എന്നുള്ളതാണ് വാസ്തവം.

ഇതു കൊണ്ടൊന്നും ആർജന്റീന ഒരു രാഷ്ട്രമെന്ന നിലയിൽ രക്ഷപ്പെട്ടിട്ടില്ല എന്നുള്ളതും ഒരു വാസ്തവം ആയി നിലനിൽക്കുന്നു.

80. തൊൽക്കുന്നതിനും ഒരു നിലവാരമുണ്ട്

വടക്കേ മലബാറിന്റെ പഴമയിൽ ഉള്ള വടക്കൻ പാട്ടുകളെ അടിസ്ഥാനപ്പെടുത്തി, കുറേ വർഷങ്ങൾക്ക് മുമ്പ്, തികച്ചും കൽപ്പിതകഥയായി നിർമ്മിച്ച ഒരു സിനിമയുണ്ട്. ആ സിനിമയിൽ, ചന്തു എന്ന കഥാ പാത്രത്തിന്റ മനോവേദന ഇതാണ്. കളരി കുരിക്കളായ തന്റെ പിതാവ് മലയനോട് അഭ്യാസ പ്രകടനത്തിൽ തോറ്റു. പ്രശ്നം തോറ്റതല്ല, മറിച്ച് അത് മലയനോടാണ് എന്നതാണ്. സാമൂഹികമായി ഉന്നതിയിൽ ഉള്ള വല്ലവരോടെ, ബ്യട്ടിഷുകാരോടോ, എന്തിന് ഉപഖണ്ഡ യൂറോപ്പിലെ ആരോടെങ്കിലുമോ ആയിരുന്നെങ്കിൽ, പുറത്ത് പറയുന്നതിൽ പ്രശ്നമില്ല. മറിച്ച്, തോറ്റത് മലയനോടാണ്.

ഫ്യൂഡൽ ഭാഷകളിലെ കോഡുകളിലൂടെ നോക്കിയാൽ, തോറ്റത്, 'അവനോടാണ്'. 'അദ്ദേഹത്തോടോ', 'ഓലോടോ' (മലബാറി), 'ഓരോടോ' (മലബാറി) അല്ല.

ഈ ഉപഭൂഖണ്ഡത്തിന്റ വടക്കൻ ദേശങ്ങളിൽ അരങ്ങേറിയതായി വിശ്വസിക്കപ്പെടുന്ന രാമായണത്തിലും, മഹാഭാരതത്തിലും ഫ്യൂഡൽ ഭാഷാ കോഡുകളുടെ വിളയാട്ടം നിത്യസത്യമായി പലയിടത്തും കാണാവുന്നതാണ്. ഇങ്ങിനെ നോക്കിയാൽ, ഈ പുരാണങ്ങൾ സാമൂഹിക ശാസ്ത്രവിജ്ഞാനത്തിന്റെ ശക്തമായ ഉറവിടങ്ങളാണ്.

മഹാഭാരതത്തിൽ നിന്ന്:
പാഞ്ചാലിയുടെ മൂത്തമകനാണ് കർണ്ണൻ. എന്നാൽ, മാതാവ് കർണ്ണനെ ജനന സമയത്ത് തന്നെ ത്യജിക്കുന്നു. പിന്നീട് കർണ്ണൻ വളരുന്നത് താഴ്ന്ന തൊഴിൽകാരന്റെ വളർത്ത് മകനായിട്ടാണ്.

കർണ്ണൻ പിന്നീട് പരശുരാമന്റെ ശിഷ്യത്വംവരിക്കുകയും, ആയോധനകലയിൽ ലോകൈക നിലവാരത്തിൽ അഗ്രഗണ്യനാവുകയും ചെയ്തു.

പാഞ്ചാലിയുടെ മറ്റ് അഞ്ച് മക്കളും, അവരുടെ വകയിൽ സഹോദരങ്ങളായ കൌരവരും ദ്രോണാചാര്യരുടെ കീഴിൽ ആയോധന കലകളിൽ അതീവ നൈപുണ്യം നേടുകയും ചെയ്തു.

ഇവരുടെ ആയോധന കലയിലുള്ള നൈപുണ്യം ഒരു പൊതു പരിപാടിയിൽവച്ച്, ദ്രോണാചാര്യർ പ്രദർശിപ്പിക്കുന്നു. അർജ്ജുനന്റെ

അമ്പെയ്ത്തിലുള്ള നൈപുണ്യം കണ്ട് ജനം ഞെട്ടി. തികച്ചും അതീന്ദ്രീയ വിജ്ഞാനം ഉൾക്കൊള്ളുന്ന മാതിരിയായിരുന്നു അർജ്ജുനന്റെ നൈപുണ്യം.

യാതോരു ക്ഷണവും ഇല്ലാതെ കർണ്ണൻ ഈ പ്രദർശനവേദിയിലേക്ക് കയറി വരുന്നു. തന്റെ അമ്പെയ്ത്തിലും മറ്റ് ആയുധകലകളിലും ഉള്ള നൈപുണ്യം പദർശിപ്പിക്കുന്നു.

ദേവാവതാരമായ പരശുരാമനാണ് കർണ്ണന്റെ ഗുരു. ദിവ്യായുധ പരിശീലനമാണ് കർണ്ണന് ലഭിച്ചത്. കർണ്ണന്റെ നൈപുണ്യം അതിഗംഭീരം. കർണ്ണൻ അർജ്ജുനനെ പരസ്യമായി ഒരു ആയോധന കലാ മത്സരത്തിന് വെല്ല് വിളിക്കുന്നു

ഇത് ഗുരുതരമായ പ്രശ്നമാണ്. കർണ്ണന് അർജ്ജുനനുമായി മത്സരിക്കാൻ താൽപ്പര്യം ഉണ്ട്. എന്നാൽ രാജകുമാരനായ അർജ്ജുനൻ ആരോടാണ് മത്സരിക്കേണ്ടത്?

'അവന്' 'അദ്ദേഹത്തോട്' പരസ്യമായി മത്സരിക്കാൻ താൽപ്പര്യമാണ്. എന്നാൽ 'അദ്ദേഹത്തിന്' 'അവനോട്' മത്സരിക്കുന്നതിൽ എന്ത് നേട്ടം? ജയിച്ചാൽ, അത് കൊണ്ട് വലിയ കാര്യമില്ല. തോറ്റാലോ, മലയനോട് തോറ്റ ചന്തുവിന്റെ പിതാവിന്റെ കാര്യത്തേക്കാൾ അബദ്ധമാകും നിലവാരം.

അവിടെ സന്നിഹിതനായിരുന്ന കൃപാചാര്യർ, കർണ്ണന്റെ ഉത്സാഹത്തെ ശരിക്കുംതന്നെ തണുപ്പിച്ചു. 'നീ ആരാണ്?' 'നിന്റെ കുലമേതാണ്?' 'നീ ഏത് രാജവശംത്തിൽ നിന്നുമാണ്?'

ഭാഷാകോഡുകളോട് പിണഞ്ഞുകിടക്കുന്ന ധർമ്മനീതികൾ പ്രകാരം, രാജരക്തമോ, അതിന് തുല്യമായ സാമുഹിക മഹിമയോ ഉള്ള വ്യക്തിത്വത്തിനെ രാജകുമാരനുമായി മത്സരിക്കാനാവുള്ളു.

കീഴ്ജാതിക്കാരനായ വളർത്തച്ചനും, ജനങ്ങളും 'നീ'യെന്ന് സംബോധന ചെയ്യുന്നവൻ, ജനം 'അങ്ങ്', 'താങ്കൾ', 'സാർ' 'ഇങ്ങൾ' (മലബാറി) എന്നെല്ലാം സംബോധന ചെയ്യുന്ന ആളുമായി ഒരു മത്സരം അനുവദിക്കുന്നത് അഭികാമ്യമല്ല. ഇങ്ഗ്ളിഷിൽ ആരെയും 'You' എന്ന് സംബോധന ചെയ്യുകയും, 'He/She' എന്ന് പരാമർശിക്കുകയും ചെയ്യുന്നത് കൊണ്ട്, ഈ മുകളിൽ നൽകിയ കഥ ഇങ്ഗ്ളിഷുകാർക്ക് എത്രത്തോളം മനസ്സിലാകും എന്നത് ചിന്തിക്കാവുന്നതേയുള്ളു.

ഇങ്ഗ്ളിഷ് ധർമ്മ ശാത്രങ്ങൾക്കും, മനശാസ്ത്രങ്ങൾക്കും മറ്റ് സാമൂഹിക ശാസ്ത്രങ്ങൾക്കും ഈ വക കാര്യങ്ങളെക്കുറിച്ച് വെറും തുച്ഛമായ വിവരമേ ഉള്ളു എന്നുള്ളതാണ് വാസ്തവം.

വെറും ഒരു 'ചെക്കൻ' / 'ചെറുക്കൻ' ആയ ഒരുത്തൻ വന്ന് രാജകുമാരനോട് മത്സരിക്കാൻ ധൈര്യം കാട്ടിയത്, ധിക്കാരപരമായ തെമ്മാടിത്തം (കുരുത്തക്കേട്: മലബാറി) തന്നെയാണ്. ഭീമൻ കർണ്ണനെ തെരുവ് നായ എന്ന രീതിയിൽ പരാമർശിക്കുന്നു.

സാമൂഹികമായി നാറിപ്പോയ, അമാനുഷിക കഴിവുകളുള്ള കർണ്ണനെ രക്ഷിക്കാൻ കൌരവ രാജകുമാരനായ ദുര്യോദനൻ മുന്നോട്ട് വരുന്നു. കർണ്ണനെ ജനമധ്യത്തിൽ വച്ച് അംഗരാജ്യത്തിന്റെ രാജാവായി അഭിഷേകം ചെയ്യുന്നു.

ഭാഷാ കോഡുകളിൽ അതിശക്തമായ മലക്കം മറിച്ചിൽ സംഭവിക്കുന്ന ചെയ്തിയാണ് ഇത്. ദുര്യോദനന്റെ ധൈര്യം അതിഗംഭീരം തന്നെ.

'മഹാ പർവ്വതങ്ങളുടേയും, മഹാനദികളുടേയും, മഹാന്മാരുടേയും, രാജാക്കളുടേയും ഉത്ഭവസ്ഥാനത്തിനും, കുലത്തിനും പ്രസക്തിയില്ലാ എന്നല്ലെ ധർമ്മനീതികൾ അനുശാസിക്കുന്നത്?', എന്ന് ദുര്യോദനൻ ഗുരുവിനോട് ചോദിക്കുന്നു.

ഭാഷാ കോഡുകളുടെ പിന്നിൽ നിന്ന് നിഗൂഢമായി പ്രവർത്തിക്കുന്ന അതീന്ദ്രിയ കോഡുകളിൽ കർണ്ണന് സ്ഥാനമാറ്റം സംഭവിച്ചിരിക്കുന്നു. അർജ്ജുനനുമായി മത്സരിക്കാം.

81. വാക്കുകൾ വിക്രിയങ്ങൾ കാട്ടുന്നതെങ്ങിനെയെല്ലാം

ദേവവതാരങ്ങളുടെ ജീവീതം വളരെ കഷ്ടപ്പാടുകൾ നിറഞ്ഞതാണ് എന്നാണ് സൂചന ലഭിക്കുന്നത്. പരശുരാമനും ശ്രീരാമനും ദൃഷ്ടാന്തങ്ങളാണ്. ഇവരുടെ ജന്മോദ്ധേശങ്ങളിൽ പല നിഗൂഢ സങ്കീർണ്ണതകളും കണ്ടേക്കാം.

രാമായണ കഥയിലും ഫ്യൂഡൽ വാക്ക് കോഡുകളുടെ അഴിഞ്ഞാട്ടം കാണാവുന്നതാണ് എന്നാണ് തോന്നുന്നത്. രാമായണം എന്ന ഇതിഹാസം നേരിട്ട് വായിച്ചിട്ടില്ലാത്തത് കൊണ്ട്, താഴെ നൽകിയിരിക്കുന്നത് പൊതുവായി പറയപ്പെടുന്ന കഥയിൽ നിന്നുമാണ്. സംസ്കൃതത്തിലുള്ള ഇതിഹാസത്തിൽനിന്നുമല്ല.

രാമൻ വിവാഹം കഴിക്കുന്നത് ജനക രാജാവിന്റെ പുത്രിയെയാണ്. മത്സരം ജയിച്ചാണ് സീതയെ ലഭിക്കുന്നത്. എന്നാൽ, സീത യഥാർത്ഥത്തിൽ ജനക രാജാവിന്റ സ്വന്തം പുത്രിയല്ലതന്നെ. ഈ വിവരം രാമന് നേരത്തെ അറിവുണ്ടായിരുന്നോ എന്ന് അറിയില്ല.

മാത്രവുമല്ല, ഇത്ര കഷ്ടപ്പെട്ട് വിദൂരത്തിൽനിന്നും ഒരു പത്നിയെ കണ്ടെത്തേണ്ടിവന്നതെന്ത് കൊണ്ടാണ് എന്നും അറിയില്ല.

എന്നാൽ രാജകുമാരി എന്ന രീതിയിൽ വിവാഹം കഴിച്ച് കൊണ്ടുവരുന്നത്, രാജാവിന് ഉഴുതുവച്ച വയലിൽനിന്നും ലഭിച്ച കൈക്കുഞ്ഞ് വളർന്നുവന്ന ആളാണ്.

ഫ്യൂഡൽ ഭാഷാകോഡുകളിൽ ഇത് ശക്തിയേറിയ ഒരു വിവരമാണ്. പ്രശ്നം രാമന്റെ കുടുംബത്തിലെ വേലക്കാരാണ്. അവർക്ക് ഭാഷാകോഡുകളിൽ, പൈതൃകത്താൽ രാജകുമാരി അല്ലാത്ത ആളെ ബഹുമാനിക്കാൻ പ്രയാസം നേരിടും. ഇക്കാര്യം മനസ്സിലാക്കാൻ പ്രയാസമില്ലതന്നെ.

പണക്കാരനായ ഒരാൾ പാവപ്പെട്ട ഒരു പെൺകുട്ടിയെ വിവാഹം ചെയ്താൽ, ഇതിൽ ഏറ്റവും പ്രയാസം കൊള്ളുന്നത് ആ ആളിന്റെ വീട്ടിലെ പണിക്കാരികളാണ്. അവർ, ഈ പെൺകുട്ടിയെ പരാമർശിക്കുമ്പോൾ പരോക്ഷമായെങ്കിലും ബഹുമാനമില്ലാത്ത വാക്കുകൾ ഉപയോഗിക്കും. 'അവർ', എന്നോ 'ചേച്ചി'യെന്നോ, പറയുന്നതിന് പകരം, 'അവൾ' എന്ന പദമാണ് അവർക്ക് ഉപയോഗിക്കാൻ താൽപ്പര്യം വരിക.

താഴെക്കിടയിലുള്ളവരുടെ ബഹുമാനം ഫ്യൂഡൽ ഭാഷകളിൽ വളരെ ശക്തിയേറിയ ഒരു ഘടകമാണ്.

ഇതുമായി ബന്ധപ്പെട്ട് പലതും പറയാനുണ്ടെങ്കിലും, അതിലേക്ക് കടക്കുന്നില്ല.

ഫ്യൂഡൽ ഭാഷാ അന്തരീക്ഷത്തിൽ, താഴ്ന്ന സ്ഥാനക്കാരെ, മുകൾപ്പരപ്പിലുള്ളവരുടെ ഇടയിൽ ഇടപഴകാൻ അമിത സ്വാതന്ത്ര്യം നൽകിയാൽ പ്രശ്നമാണ്. മുകൾപ്പരപ്പിൽ ഒരേ നിരപ്പിൽ നിലനിൽക്കുന്നവരെ, വാക്ക് കോഡുകളാൽ, ഇവർ പലതട്ടിലാക്കും. സംബോധനാ വാക്കിലും, പരാമർശവാക്കിലും, ആളുകളെ പലദിക്കിലേക്ക് തെറിപ്പിക്കും. ഉദാഹരണത്തിന്, ചിലരെ 'സാർ', എന്നും, ചിലരെ 'നിങ്ങൾ' എന്നും, ചിലരെ 'താൻ' എന്നും, 'ചിലരെ' നീയെന്നും ഇക്കൂട്ടർ തരം തിരിച്ച് സംബോധന ചെയ്യും.

അത് പോലെ തന്നെ, 'He' എന്ന വാക്കിന്റെ അർത്ഥത്തിൽ, ചിലരെ 'സാറ്', ചിലരെ 'അയാൾ' ചിലരെ 'അവൻ' എന്നൊക്കെ പല നിലവാരത്തിൽ ആക്കും ഇവർ. ഇക്കൂട്ടർ മുകൾനിരപ്പിലെ ആളുകളെ വയസ്, കുടുംബ നിലവാരം, ഉദ്യോഗ നിലവാരം, സാമ്പത്തിക നിലവരം, ഭാര്യയുടെ കുടുംബനിലവാരം എന്നിങ്ങിനെ പലതും ഈ വിക്രയത്തിനായി ഉപയോഗപ്പെടുത്തും.

ചുരിക്കിപ്പറഞ്ഞാൽ, മുകൾപ്പരപ്പിലുള്ള ആളുകളുടെ ഇടയിലേക്ക് ഒരു ആപ്പ് (wedge) അടിച്ച് കയറ്റുന്ന അനുഭവമായിരിക്കും ഇവരുടെ സ്വതന്ത്രമായ വിളയാട്ടത്തിന്റെ ഫലം.

ഇത് തന്നെയാണ് രാമന്റെ കുടുംബത്തിലും സംഭവിച്ചത്. വേലക്കാരി സീതയെ കപട രാജകുമാരിയായിത്തന്നെയാണ് കാണുന്നത്. അതേ സമയം വേലക്കാരി ദശരഥ രാജാവിന്റെ മൂന്നാം പത്നിയായ കൈകേയിയോട് അടുത്ത് ഇടപഴകുന്ന ആളാണ്.

ഈ വേലക്കാരിക്ക് സീതയെ റാണിയായിക്കാണുവാൻ പ്രയാസം തന്നെയായിരുന്നു എന്ന് കാണുന്നു.

ഇവിടുന്നു തുടങ്ങുന്ന ശ്രീരാമന്റെ ജീവിത കദനകഥ.

ഈ പ്രശ്നം ശ്രീരാമന്റെ തുടർന്നുള്ള ജീവിതത്തെ പലരീതിയിലും ബാധിക്കുന്നുണ്ട്. അത് ഇവിടെ കുറിച്ചിടുന്നില്ല. താൽപ്പര്യമുള്ളവർക്ക് Shrouded Satanism in feudal languages എന്ന ഗ്രന്ഥത്തിലെ പതിനൊന്നാം അദ്ധ്യായം നോക്കാം.

പൊതുവേ പറഞ്ഞാൽ, ഈ കാരണത്താൽതന്നെ ഈ ഉപഭൂഖണ്ഡത്തിൽ, ആളുകൾ തങ്ങളെക്കാൾ സാമൂഹികമായോ, തൊഴിൽസ്ഥാനപരമായോ താഴെ ഉള്ളവരെ ചെറുതായോ, അതുമല്ലെങ്കിൽ കാര്യമായിത്തന്നെയോ, അകറ്റിനിർത്തും. അത് തന്നെയാണ് അഭികാമ്യം എന്ന് ഭാഷാ കോഡുകളും അനുശാസിക്കുന്നു. കാരണം, ഓരോ വ്യക്തിയും, ഫ്യൂഡൽ ഭാഷാകോഡുകളിൽ മറ്റുപലരുമായി അതീവ സങ്കീർണ്ണതയുള്ള ബന്ധകോഡുകളാലാണ് ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത്.

ഒരാളുമായുള്ള അടുപ്പം ഇന്നത്തെക്കാലത്ത്, ഏതെല്ലാം ദിക്കിലേക്കാണ് ഒരു വ്യക്തിയെ ബന്ധപ്പെടുത്തുന്നത് എന്ന് കൃത്യമായോ കൃത്യതയില്ലാതെയോ പറയാൻ എളുപ്പമല്ല.

82. വാക്ക് കോഡിൽ നാറിപ്പോയാൽ, പിന്നെ ജീവിച്ചിട്ടെന്ത് കാര്യം

തിരുവിതാംകൂർ ചരിത്രത്തിൽനിന്നും രസകരമായ ഒരു സംഭവം ഇവിടെ കുറിച്ചിടാം. എന്നാൽ ഇവിടെ പറയാനുള്ളത്, ഇതു പോലുള്ള ആയിരക്കണക്കിന് സംഭവങ്ങൾ ഈ ഉപഭൂഖണ്ഡത്തിൽ തലങ്ങുംവിലങ്ങുമായും, സമൂഹത്തിലെ നൂറുകണക്കിന് ജാതികളുടെ ഇടയിലും സംഭവിച്ചിട്ടുണ്ട് എന്നുള്ളതാണ്.

സമൂഹത്തെ ആകമാനം ഗ്രസിച്ചിരിക്കുന്നത് ഫ്യൂഡൽ ഭാഷാകോഡുകളാണ്. ഇവയുടെ കൽപ്പനകൾക്കനുസൃതമായേ വ്യക്തികൾക്ക് പ്രവർത്തിക്കാനും ചിന്തിക്കാനും ആവുള്ളു. സ്വതന്ത്രമായി മനുഷ്യന് ചിന്തിക്കാനും പ്രവർത്തിക്കാനും ആവും എന്നെല്ലാം പറയുന്നതിൽ കാര്യമായ പിഴവുണ്ട്. ഇക്കാര്യത്തെക്കുറിച്ച് പിന്നീട് എഴുതാം.

മാർത്താണ്ഡവർമ്മ കായംകുളവുമായി ഏറ്റ് മുട്ടിയപ്പോൾ, കായംകുളത്തിന് സഹായം നൽകിയവാരായിരുന്നു തെക്കംകൂറിലേയും (ചങ്ങനാശേരി) വടക്കംകൂറിലേയും (കോട്ടയം, ഏറ്റുമാനൂർ) മാഡംബിമാർ. ഇക്കാരണത്താൽ, തിരുവിതാംകൂർ ദളവ ഇവർക്ക് നേരെ തിരിഞ്ഞു.

മാഡംബിമാർ ഭൂപ്രഭുക്കളും, ജന്മിമാരും ആയിരുന്നു. ഇവരുടെ കീഴിൽ ഒച്ചപ്പാടും ബഹളക്കാരുമായ ഒരു സംഘം നായർമാരായി സൈനികരും ഉണ്ടായിരുന്നു. തിരുവിതാംകൂറിന്റെ പക്ഷത്തിൽ ഡി ലിനോയ് എന്ന് പേരുള്ള ഡച്ചുകാരനനായ പട്ടാള മേധാവി അച്ചടക്കമുള്ളതും, ആധുനിക സൈനിക പരേഡ് സമ്പ്രദായങ്ങളുടെ ചെറിയതോതിലുള്ള പരിശീലനം ലഭിച്ച പട്ടാളം ആയിരുന്നു ഉണ്ടായിരുന്നത്. മാത്രവുമല്ല, ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായുള്ള അടുത്ത ബന്ധം കാരണം, സംവിധാനങ്ങൾ വളരെ കാര്യക്ഷമവുമായിരുന്നു.

തിരുവിതാംകൂറിലെ ചെറിയ കൂട്ടം സൈന്യം തങ്ങളെ ആക്രമിക്കും എന്ന് കണ്ടപ്പോൾ, മാടംബിമാർ വെപ്രാളപ്പെട്ടു. എന്നാൽ ഈ പ്രശ്നത്തെ പ്രാദേശിക സമൂഹത്തിലെ ചില പെരുമാറ്റ കോഡുകൾ ഉപയോഗിച്ചുകൊണ്ട് തുരങ്കം വെക്കാം എന്ന് അവർ മനസ്സിലാക്കി. വിദേശത്ത് നിന്നും ബ്രാഹ്മണരായ യുവാക്കളെ കൊണ്ട് വന്ന്, അവരുടെ നായർ പടയാളികളുടെ മുന്നിൽ, അവർ നിരത്തി.

തിരുവിതാംകൂർ ദളവ, പട്ടാളത്തോട് ഇവർക്ക് നേരെ വെടി ഉയർത്തുവാൻ ആജ്ഞാപിച്ചു. എന്നാൽ, മുന്നിൽ യാതോര സങ്കോചവും ഇല്ലാതെ നിൽക്കുന്ന ബ്രാഹ്മണരെ കണ്ടപ്പോൾ, തിരുവിതാംകൂർ പട്ടാളം അന്ധാളിച്ചു. ബ്രഹ്മഹത്യ (ബ്രാഹ്മണരെ കൊല്ലുന്നത്) ഹൈന്ദവ ധർമ്മശാസ്ത്രങ്ങൾ പ്രകാരം കഠിനമായ പാപമാണ്. ഇത് ചെയ്തുകൊണ്ട് തിരിച്ച് വീട്ടിൽ പോയാൽ, വീട്ടിലും, സമൂഹത്തിലും തിരിച്ച് കയറാനാകില്ല. തിരുവിതാംകൂർ പട്ടാളം വെടിവെക്കാൻ തയ്യാറായില്ല. അവർ അനങ്ങിയില്ല.

തിരുവിതാംകൂർ ദളവ പ്രശ്നപരിഹാരത്തിന്, സമൂഹിത്തിലെ ഇതേ കോഡുകൾ തിരിച്ച് ഉപയോഗിക്കാൻ തീരുമാനിച്ചു.

കടലോരത്ത് നിന്നും മുക്കുവരെ തിരുവിതാംകൂർ പട്ടാളത്തിന് മന്നിൽ ദളവ നിരത്തി. താഴ്ന്ന ജാതിക്കാരായ മുക്കുവരുടെ അസഭ്യപ്രയോഗവും അട്ടഹാസങ്ങളും, എന്തിന് അവരുടെ സ്പർശനവും ഏൽക്കുക എന്നുള്ളത് ബ്രാഹ്മണ യുവാക്കൾക്ക് നാറുന്ന അഴുക്ക് തൊടുന്നതിന് തുല്ല്യമായ അനുഭവമാണ്. അവർ ജീവനും കൊണ്ട് ഓടി. മരണത്തെ ഭയപ്പെട്ടല്ല. മറിച്ച്, മരണത്തേക്കാൾ ഭയാനകമായ ഒരു അനുഭവത്തെ ഭയപ്പെട്ട്.

ബ്രാഹ്മണ കവചം നഷ്ടപ്പെട്ട മാടംബിമാരുടെ നായർ സൈനികർക്കും പിടിച്ച് നിൽക്കാനായില്ല. കാരണം, അവരുടെ അസഭ്യപ്രയോഗവും തരംതാഴ്ത്തിയുള്ള വാക്ക് പ്രയോഗവും മുക്കുവർക്ക് പ്രശ്നമല്ല. എന്നാൽ മുക്കുവരുടെ അസഭ്യപ്രയോഗം പോയിട്ട്, വെറും നീ, എടാ, എന്താടാ, അവൻ തുടങ്ങിയ പ്രയോഗങ്ങൾ അനുഭവിച്ചാൽ നായന്മാർ നാറിയത് തന്നെ.

ഒരു കൂട്ടം ഐഏഎസ്സുകാരെ കുറെ സാധാരണക്കാരുമായുള്ള കശപിശയിൽ, സാധാരണക്കാരുടെ ഇത്യാദി വാക്കുകൾ കേട്ടാൽ നിന്ന് പൊരുതാൻ തയ്യാറുള്ള ഐഏഎസ്സ്കാർ ഒരു നിശ്ചിത ശതമാനത്തിൽ കൂടുതൽ പേർ ഉണ്ടാവില്ല. കാരണം, കശപിശയിൽ അവരാണ് വാക്ക് കോഡുകളാൽ നാറുക.

മുകളിൽ നിൽകിയ വിധമുള്ള ചരിത്ര സംഭവങ്ങളെ അപഗ്രഥനം ചെയ്യുമ്പോൾ, ഈ പ്രദേശത്തിലെ ഫ്യൂഡൽ ഭാഷാ കോഡുകളെക്കുറിച്ചും, അസഭ്യവാക്ക് പ്രയോഗങ്ങളെക്കുറിച്ചും, വാക്ക് കോഡുകൾക്കും സാമൂഹിക നിലവാരങ്ങളിൽ അന്തർലീനമായിരിക്കുന്ന ദിശാ

ഘടകാംശത്തെക്കുറിച്ചും (Vector Component) അറിവില്ലാ എങ്കിൽ, ദുരുദ്ധേശത്തോടുകൂടി കുരുട്ടു ബുദ്ധി ഉപയോഗിച്ച് എഴുതുന്ന കറെ കഥകളുടെ തരിശായ വിവരണമായി മാറും ചരിത്ര പഠനം. ഇതാണ് ഇന്നത്തെ ഔപചാരിക ലിഖിത ചരിത്രങ്ങളുടെ യഥാർത്ഥ നിലവാരം.

83. ഫ്യൂഡൽ ഭാഷകളിലെ മാസ്മരിക സൌന്ദര്യം

ദക്ഷിണേഷ്യൻ ചരിത്രം എഴുതുന്നതിന് മുൻപായുള്ള ഈ അവതരിക ഉപസംഹരിക്കാൻ ഒരുങ്ങുകയാണ്.

ഫ്യൂഡൽ ഭാഷകളെക്കുറിച്ച് അനവധി കാര്യങ്ങൾ പറയാനുണ്ട്. അവ അവസരം ലഭിക്കുകയാണെങ്കിൽ എഴുതാം.

ഇനി പറയാനുള്ളത് ഫ്യൂഡൽ ഭാഷകളുടെ സൌന്ദര്യത്തെക്കുറിച്ചാണ്. ഈ വസ്തുത ഇങ്ഗ്ളിഷുകാർക്കും അവ്യക്തമായി ഒരു സൂചനപോലെ അറിയാം എന്ന് തോന്നുന്നു. കാരണം, ഫ്രഞ്ച് ഭാഷ അതീവ സുന്ദരമാണ് എന്ന് ഇങ്ഗ്ളിഷുകാർക്ക് ഇടയിൽ ഒരു തോന്നൽ ഉണ്ടായിരുന്നു എന്ന് തോന്നുന്നു. തീർച്ചയില്ല.

വാസ്തവമാണ്, ഇങ്ഗ്ളിഷിൽ ഇല്ലാത്ത ഒരു മാസ്മര സൌന്ദര്യം ഫ്യൂഡൽ ഭാഷകൾക്ക് ഉണ്ട്. അത് എന്താണ് എന്ന് വിശദീകരിക്കാൻ ശ്രമിക്കാം. ശ്രമം വിജയിക്കുമോ എന്ന് അറിയില്ല.

ഏതാണ്ട് 1974ന് ചുറ്റുപാടിൽ എറണാകുളത്ത് ഒരു ഉൾപ്രദേശത്ത് പഠിക്കുന്ന കാലം. ക്ളാസിലെ ഒരു വിദ്ധ്യാർത്ഥി പറഞ്ഞ കാര്യം. ശരിയാണോ എന്ന് അറിയില്ല, എന്നാൽ എട്ടാം തരത്തിൽ പഠിക്കുന്ന ഉൾനാടൻ ആളായത് കൊണ്ട് കഥ കൽപിതമല്ലായെന്നാണ് തോന്നുന്നത്.

അയാളുടെ വീട്ടിനടുത്ത് ഒരു നാടകം നടക്കാൻ പോകുന്നു. നാട്ടിലെ ഒരു സാമാന്യം നല്ല തടിമിടുക്കുള്ള ചെറുപ്പക്കാരൻ പോലീസ് ഇൻസ്പെക്ടറായി അഭിനയിക്കുന്നു. ഇൻസ്പെക്ടറുടെ യൂണിഫോം ഇട്ട്കൊണ്ട് റോഡിലൂടെ നടന്ന് വരുമ്പോൾ ഒരു ലോറി വരുന്നത് കണ്ടു. വെറുതെയൊന്ന് കൈകാട്ടി. ലോറി ഡ്രൈവർ വാഹനം നിർത്തി, കപട ഇൻസ്പെക്ടറുടെ മുന്നിൽ വന്ന് കുനിഞ്ഞുനിന്നു. കപട ഇൻസ്പെക്ടർ അഭിനയം വിട്ടില്ല. യൂണിഫോമിട്ടതിന്റെ സുഖം ഒന്ന് വേറെ തന്നെ. സാധാരണക്കാർക്ക് കിട്ടാത്ത ഒരു ഉന്മാദാവസ്ഥ.

ഇങ്ഗ്ളിഷിൽ ഇല്ലാത്ത പലവിധ മാനസിക ഭാവങ്ങളും ഫ്യൂഡൽ ഭാഷകളിൽ ഉണ്ട്. ഫ്യൂഡൽ ഭാഷാ കോഡുകൾ നൽകുന്ന ബഹുമാനത്തിന്റ അലൌകികമായ സുഖം യതോരു രീതിയിലും കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ രചിക്കാനാവില്ല. ചേട്ടാ, മാഷെ, സാറെ,

ചേച്ചി തുടങ്ങിയ രീതിയിലുള്ള സംബോധനകൾ ഏറ്റുവാങ്ങുമ്പോൾ ലഭിക്കുന്ന സുഖവും, വാത്സല്യവും എങ്ങിനെയാണ് ഇങ്ഗ്ളിഷിലെ നിരപ്പുള്ള വാക്ക് കോഡുകളിൽ പകർപ്പെടുക്കാനാവുക?

ആഗതനെ കാണുമ്പോൾ, മറ്റെയാൾ ബഹുമാന സൂചകമായി ഒന്ന് എഴുന്നേറ്റാൽ, ഇത് കാണുന്നമറ്റുള്ളവരിൽ ഉളവാകുന്ന മതിപ്പും, ആഗതന് തന്നെ വ്യക്തമായി അറിവ് ലഭിക്കുന്ന സാമൂഹിക പദവിയും ഇങ്ഗ്ളിഷിൽ പറഞ്ഞ് മനസിലാക്കിക്കുക എളുപ്പമല്ല. അത് പോലെതന്നെ, ഇതേ ആൾ കയറിവരുമ്പോൾ, മറ്റേയാൾ എഴുന്നേൽക്കാതിരുന്നാലുള്ള, മുഖത്തടിച്ചത് മാതിരിയുള്ള അനുഭവവും പറഞ്ഞറിയിക്കാൻ വളരെ പ്രയാസമാണ്.

ഓർക്കേണ്ടത്, ഈ വാക്ക് കോഡുകൾ, ഒരു യന്ത്രചാലക ചക്രം (flywheel) മാതിരിയുള്ള ഒരു കാര്യമാണ്. ഇവ ഓരോന്നും മറ്റ് കുറേ വാക്ക് കോഡുകളോടും കോർത്തിണക്കിയാണ് ഇരിക്കുന്നത്. ഒന്നിച്ചാണ് തിരിയുക. തിരിയുമ്പോൾ, ശക്തമായ മാറ്റങ്ങൾ മനുഷ്യനിലും, സമൂഹത്തിലും വരുത്തിത്തീർക്കും.

ഒരു സാധാരണക്കാരൻ ഒരു ഐപിഎസ് ഓഫിസറുടെ യൂണിഫോമിട്ട് കൊണ്ട് കുറച്ച് നേരം നാട്ടിൽ ഒന്ന് വിലസിയാൽ അയാൾക്ക് ലഭിക്കുന്ന സുഖം ഒന്ന് ആലോചിച്ചുനോക്കൂ.

യൂണിഫോം അഴിച്ച്, മുണ്ടും ബനിയനും ഇടുമ്പോഴേക്കും മാഞ്ഞു പോകുന്ന അൽപ്പായുസുള്ള മാസ്മരിക സുഖം മാത്രമാണ് ഇത്.

ഇത് പോലെ തന്നെയാണ് ഫ്യൂഡൽ ഭാഷകളിലെ സൌന്ദര്യവും.

84. വിട്ടുവീഴ്ചയും മഹാമനസ്കതയും, വിവരക്കേടും കഴിവില്ലായ്മയും ആവുന്ന അന്തരീക്ഷം

'പുഷ്പ പാദുകം അഴിച്ച് വച്ച് നഗ്ന പാദയായി കയറിവരുന്ന ചക്രവർത്തിനിയും', 'കുസുമതാലവുമായി വരവേൽക്കുന്ന സാലഭംജികകളും', 'മാനത്തെ നവരത്ന വ്യാപാരതെരുവുകളും', 'ഗന്ധർവ്വനഗരങ്ങളും അവ അലങ്കരിക്കാൻ പോകുന്ന ഇന്ദുകലയും', 'പർവ്വനന്ദിനി, പശുക്കളെ മേക്കാനിറങ്ങുന്ന പവിഴപ്പാടങ്ങളും', 'കളഭത്തിൽ മുങ്ങിവരും വൈശാഗരജനിയും', 'മനുഷ്യമോചന രണവീഥിയിൽ നിന്നും ഉയരുന്ന ശബ്ദവും', 'മത്സരകളരിയിൽ ജയിച്ചുവരുന്ന ഭവാനും', 'ദേവകൾ എത്തുമ്പോൾ പുഷ്പവൃഷ്ടിയിൽ കുളിക്കുന്നതും', 'മണ്ണോട് മണ്ണായ മോഹഭംഗങ്ങളും, അവയെ ചെന്ന് തൊഴുന്ന യുഗശ്മശാനങ്ങളും', 'ഒന്നാംകുന്നിൽ തിരിപിടിക്കാൻ വന്ന അടിയാട്ടിയും' മറ്റും മറ്റും, ബ്രഹ്മതാളങ്ങളുടെ അകമ്പടിയോടും, മാസ്മരിക ഈണങ്ങൾക്കൊപ്പവും സാധാരണക്കാരനെ ഒരു പരബ്രഹ്മലോകത്തിലേക്ക് ക്ഷണികനേരത്തേക്ക് മാത്രം വിളിച്ച് കൊണ്ട് പോകാനുള്ള കഴിവ് ഫ്യൂഡൽ ഭാഷകൾക്ക് ഉണ്ട്%.

%(വയലാർ രാമവർമ്മ, ശ്രീകുമാരൻ തമ്പി, പി. ഭാസ്ക്കരൻ എന്നിവരും മറ്റും എഴുതിയ പഴയ മലയാളം സിനിമാഗാനങ്ങളിൽ നിന്നും എടുത്ത വാക്യപ്രയോഗങ്ങളാണ് മുകളിൽ നൽകിയിട്ടുള്ളത്.)

എന്നാൽ ഐപിഎസ് യൂണിഫോം പൊടുന്നനെ അഴിച്ച് വെക്കേണ്ടിവരുന്നത് പോലെ തന്നെ പെട്ടന്ന് തന്നെ തിരിച്ച് സാധാരണക്കാരന്റെ തരംതാണ നിലയിലേക്ക് വീഴേണ്ടിയും വരും, ഈ ദേവലോക സഞ്ചാരിക്ക്.

കാരണം, സാധാരണക്കാരന്റെ നിത്യ ജീവിതം ഈ നിലവാരങ്ങളിൽ ഒന്നും തന്നെയല്ല.

മദ്യലഹരിയിലും മയക്ക് മരുന്നിന്റെ ലഹരിയിലും മനസിനെ മഥിക്കുന്ന പലതും ഉണ്ട്. എന്നാൽ ഈ ഉന്മാദാവസ്ഥയെ കാട്ടി, ഇതാണ് അത്യുഗ്രൻ ജീവിതം എന്ന് പറയുന്നത് പോലെയാണ് ഫ്യൂഡൽ ഭാഷകൾക്കുള്ള സൌന്ദര്യവും.

മയക്ക് മരുന്ന് ഒരുക്കുന്ന ഗന്ധർവ്വലോകത്തിൽ തന്നെ ജീവിക്കാൻ ആകുമെങ്കിൽ പ്രശ്നമില്ല. 'സ്വപ്നഹാരം അണിഞ്ഞെത്തുന്ന മദനചന്ദ്രികയിൽ' അവിടെ മയങ്ങിയും അല്ലാതെയും ജീവിക്കാം. എന്നാൽ അത് സാധ്യമല്ലല്ലോ!

(പിക്ക്പോക്കറ്റ് എന്ന സിനിമയിൽ പാപ്പനംകോഡ് ലക്ഷ്മണൻ എഴുതിയ ഗാനത്തിന്റെ ആദ്യവരി).

എന്നാൽ മലയാളികൾക്ക് വയലാറിന്റെ വാക്യപ്രയോഗങ്ങൾ രചിക്കുന്ന സ്വപ്ന ലോകത്തിൽ ജീവിക്കാനാകില്ലതന്നെ. കാരണം, അങ്ങിനെയൊരു ലോകം ഇല്ലതന്നെ.

ഫ്യൂഡൽ ഭാഷകളിൽ സാധാരണക്കാരൻ ജീവിക്കുന്നത്, തരംതാഴ്ത്തപ്പെടുന്നതും, തമ്മിൽ തരംതാഴ്ത്തിയും, പാരവച്ചും, പിന്നിൽനിന്ന് കുത്തിയും, തമ്മിൽ ജീവന്മരണ പോരാട്ടം പോലുള്ള മത്സരങ്ങളിൽ പങ്കെടുത്തും ജീവിക്കുന്ന ഒരു അന്തരീക്ഷത്തിലാണ്.

മാത്രവുമല്ല, ചെറുതായൊന്ന് തലകുനിച്ചാൽ തലയിൽ കയറാനായി ഉത്സുക്തരും ആവും ആളുകൾ. വിട്ടുവീഴ്ചയേയും മഹാമനസ്കതയേയും വിവരക്കേടും, കഴിവില്ലായ്മയും ആയി കാണുന്ന സാമൂഹികാന്തരീക്ഷം.

85. വാക്കുകളുടെ ബാഹുല്യം

ഫ്യൂഡൽ ഭാഷകളുടെ മേന്മയായി ചൂണ്ടിക്കാണിക്കാൻ ഉപയോഗിക്കുന്ന ഒരു വാദഗദിയാണ്, മാനസിക വികാരങ്ങളെയും, മനുഷ്യഗുണ നിലവാരങ്ങളെയും മറ്റും നിർവ്വചിക്കാൻ ഫ്യൂഡൽ ഭാഷകളിലുള്ള വാക്കുകളുടെ 'ബാഹുല്യം'.

എന്നാൽ യഥാർത്ഥത്തിൽ ഇത് തന്നെയാണ് ഈ ഭാഷകളുടെ പൈശാചികതയും. മനുഷ്യ വ്യക്തിത്വത്തേയും, മാനസിക വികാരങ്ങളേയും സങ്കീർണ്ണമായി കോർത്തിണക്കി, ഞെരിച്ച് പിരിച്ച് വ്യക്തികളെ പല ഞെരുങ്ങിയ മാനസികാവസ്ഥകളിൽ തളച്ചിടാൻ ഈ വാക വാക്കുകൾക്ക് ആവും.

അതോടൊപ്പം തന്നെ കുറച്ച് പേരെ, ഒരു തരം 'കല്ലിൽ കൊത്തിവച്ച കവിതപോലെ'%, ദൈവതിക ദിവ്യത്വത്തിലേക്ക് ഉയർത്തുകയും ചെയ്യും. ഇവരുടെ 'തിരുമെയ് നിറയെ തിരുവാഭരണങ്ങൾ ചാർത്തുന്നതിൽ'%% സായൂജ്യം നേടുന്നതായി, മറ്റുള്ളവരെ ഇതേ വാക്ക് കോഡുകൾ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യും.

(%'സീതാദേവി സ്വയംവരെ ചെയ്തോരു' എന്ന ഗാനത്തിൽ നിന്നും). (%%'രാജശിൽപി നീയെനിക്കോരു പൂജാവിഗ്രഹം തരുമോ' എന്ന ഗാനത്തിൽനിന്നും).

പൊതുവായിപ്പറഞ്ഞാൽ, ഫ്യൂഡൽ ഭാഷാ പദപ്രയോഗങ്ങളിലെ സൌന്ദര്യം ആസ്വദിക്കാൻ ഇങ്ഗ്ളിഷ് പോലുള്ള പരന്ന ഭാഷകളിൽ വളർന്നവർക്ക് ചെറുതായൊന്ന് പരിശ്രമിക്കേണ്ടിവരും.

ചെന്നായിക്കളുടെ ഓലിയിടൽ കുറച്ച് നേരം ശ്രദ്ധിച്ച് കേട്ടിരുന്നാൽ, അവയിൽ എന്തോ മാസ്മരിക സൌന്ദര്യം ഉണ്ട് എന്ന് മനസ്സിലാക്കാനായേക്കാം. എന്നാൽ, ഇതിലുള്ള പൂർണ്ണമായ സൌന്ദര്യം ആസ്വദിക്കണമെങ്കിൽ, ആ വ്യക്തി ചെറുതായെങ്കിലും ചെന്നായ്ക്കളുടെ മാനസികാവസ്ഥയിലേക്ക് നീങ്ങേണ്ടിവന്നേക്കാം.

86. ഭാഷയും മുഖഭാവവും

ഇതേ പോലെ തന്നെയാണ് ഫ്യൂഡൽ ഭാഷയിലെ ഗാനാലാപനങ്ങളുടേയും സ്ഥിതി എന്നൊരു തോന്നൽ. വ്യക്തികളുടെ ശരീര ഭാഷ തികച്ചും വ്യത്യസ്ഥമായേക്കാം. ഉദാഹരണത്തിന്, 'കാട്' എന്ന സിനിമയിൽ വിജയശ്രീ അഭിനയിക്കുന്ന ഗാനം: 'എൻ ചുണ്ടിൽ രാഗമന്ദാരം....'

അതി മനോഹരമായ ഒരു ഗാനവും ചിത്രീകരണവും ആണ് ഇത്. എന്നാൽ, ഇങ്ഗ്ളിഷിൽ നിന്നും നോക്കിയാൽ, വ്യക്തിയുടെ ശരീരഭാഷ ഒരു സ്ത്രീയെന്ന നിലയിൽ ഇങ്ഗ്ളിഷിൽ ചിന്തക്കുന്ന ഒരു സ്ത്രീയുടേതിൽനിന്നും തികച്ചും വ്യത്യസ്ഥമായിരിക്കും.

'ആ മാറിൽ വീഴും ഞാൻ, പൂങ്കുലപോലെ, പൂങ്കുലപോലെ' എന്ന വരികളിൽ വിജയശ്രീ അഭിനയിക്കുന്ന ശാരീരിക വർണ്ണന, ഇങ്ഗ്ളിഷ് വ്യക്തി ബന്ധങ്ങളിൽ ഉണ്ടോ എന്ന് അറിയില്ല. അതേ സമയം, മലയാള വ്യക്തി ബന്ധങ്ങളിലും യഥാർത്ഥത്തിൽ ഇങ്ങിനെയൊരു വ്യക്തി ബന്ധ മാനസികാവസ്ഥ ഉണ്ട് എന്നും തോന്നുന്നില്ല. എന്നാൽ, മലയാളത്തിൽ, വാക്കുകൾക്ക് ചിറക് വിരിക്കാനുള്ള സ്ഥലവ്യാപ്തി അങ്ങ് ഗന്ധർവ്വലോകം വരെ ഉണ്ട് എന്നുള്ളത് കൊണ്ട്, എന്ത് എഴുതിയാലും, ആസ്വാദ്യക്കുറവുള്ളതായും അസ്വാഭാവികമായും തോന്നില്ല.

ഇതേ കഴിവ് ഇങ്ഗ്ളിഷിനും ഉണ്ട് എന്ന് അരെങ്കിലും പറഞ്ഞാൽ, ഇതിനുള്ള ഉത്തരം, ഫ്യൂഡൽ ഭാഷകളിൽ മനുഷ്യവ്യക്തിത്വവും, സംവിധാനങ്ങളുടെ വ്യക്തിത്വവും നിസ്സാരവാക്ക് കോഡുകളിലൂടെ അമാനുഷികവും, അതുമല്ലെങ്കിൽ അതി നിസ്സാരവും ആക്കാനാകും എന്നുള്ള കഴിവ് ഇങ്ഗ്ളിഷിൽ ഇല്ലേയില്ല എന്നുള്ളതാണ്.

ഭാഷ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുമ്പോൾ, വ്യക്തിയുടെ മാനസികാവസ്ഥ ആ ഭാഷക്കാരുടേതിലേക്ക് നീങ്ങും എന്നു പറയുന്നത് ഇങ്ഗ്ളിഷിനും ബാധകമാണ്. ഇങ്ഗ്ളിഷ് ഭാഷ കേൾക്കുകയും മനസിലാക്കുകയും ചെയ്യുമ്പോൾ, വ്യക്തിയിൽ മാനസികമായ മാറ്റങ്ങൾവരും എന്നുള്ളത് വാസ്തവമാണ്. എന്നാൽ ഇത് എങ്ങിനെയായിരിക്കും എന്നും ഇതിന്റെ ദിശ എങ്ങോട്ടായിരിക്കും എന്നും ഉള്ളത്, ആ വ്യക്തിയിൽ ഉള്ള ഫ്യൂഡൽ ഭാഷയുടേയും കേൾക്കുന്ന ഇങ്ഗ്ളിഷിന്റെയും ശക്തിയേയും ദിശാ ഘടകാംശത്തേയും

ആശ്രയിച്ചിരിക്കും. ഫലമായി വരുന്നത് ഇവ രണ്ടിന്റേയും ത്രിമാനഗണിത ഘടകാംശം (Trigonometric component) ആയിരിക്കും.

തമിഴ് നന്നായി സംസാരിച്ചു ജനിച്ച് വളരുന്ന ആൾക്ക് തമിഴന്റെ മുഖഭാവവും, ഹിന്ദി സംസാരിച്ച് വളരുന്ന ആൾക്ക് ഹിന്ദിക്കാരന്റെ മുഖഭാവവും മറ്റും ഉണ്ടാവും എന്ന് പൊതുവായി പറയാമെങ്കിലും, ഫ്യൂഡൽ ഭാഷകളിൽ യഥാർത്ഥത്തിൽ ഇങ്ങിനെമാത്രമല്ല മുഖഭാവത്തേയും ശരീരപ്രകൃതിയേയും ഭാഷാകോഡുകൾ രൂപകൽപ്പനചെയ്യുന്നത്.

ഫ്യൂഡൽ ഭാഷകളിൽ, ആ വ്യക്തി ഭാഷാ കോഡുകളിൽ ഏത് നിലവാരത്തിൽ ജനിച്ച് വളർന്നതാണ് എന്നതും, ഏത് തരക്കാരുടെ വാക്ക്-കോഡുകളുടെ ചുറ്റിക പ്രഹരവും ഉളിപ്രയോഗവും അതുമല്ലെങ്കിൽ താലോലവും മറ്റും അനുഭവിച്ചിട്ടുണ്ട് എന്നും, ഏതെല്ലാം രീതിയിലുള്ള ചുരുട്ടലുകളും, വലിവുകളും ഉന്തലുകളും അനുഭവച്ചിട്ടുണ്ട് എന്നും ശാരീരിക ആകൃതിയേയും മുഖഭാവത്തേയും സ്വാധീനിക്കും. ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പിന്നീട് പറയാം.

Edgar Thurston എഴുതിയ Castes & Tribes of Southern India (Vol 1) എന്ന ഗ്രന്ഥത്തിനോട് അനുബന്ധിച്ച് ഈ എഴുത്തുകാരൻ ഒരു കമന്ററി എഴുതിയിട്ടുള്ളതിൽ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ചിലകാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. തൽപ്പര്യമുള്ളവർക്ക് വായിക്കാം.

87. ഇങ്ഗ്ളണ്ടിലേക്ക് ഇരച്ചുകയറുന്ന പൈശാചികത

ഇനി പറയാനുള്ളത്, പാരമ്പര്യമായോ, അതുമല്ലെങ്കിൽ കുടുംബപരമായോ ഇങ്ഗ്ളിഷ് ഭാഷയുമായി ചിരകാല ബന്ധമുള്ള ഈ ഉപദ്വീപിലെ ജനങ്ങളും, പുതുതായി കൌമാരത്തിലോ, അതിന് ശേഷമോ ഇങ്ഗ്ളിഷ് ഭാഷയുമായി ബന്ധം സ്ഥാപിക്കുന്നവരും തമ്മിലുള്ള ഒരു സ്ഥായിയായുള്ള വ്യത്യാസത്തെക്കുറിച്ചാണ്.

ഫ്യൂഡൽ ഭാഷകളിൽ ജനിച്ച് വളർന്ന് വരുന്നവർ പൊടുന്നനെ ഇങ്ഗ്ളിഷ് പഠിച്ചാൽ, അവരിൽ അതിരുകടന്ന സ്വാതന്ത്ര്യബോധം വന്നുകാണപ്പെടുന്നതായി കാണപ്പെടാം. ചെറിയ സ്വാതന്ത്ര്യങ്ങൾ അമിത സ്വാതന്ത്ര്യമായി ഉപയോഗിക്കാനുള്ള ഒരു ആത്മധൈര്യം വന്നപോലെ തോന്നും. പ്രാദേശിക ഭാഷയിൽ ലാഘവ ഭാവത്തിൽ പരാമർശിക്കാനും, പോയി സംസാരിക്കാനും, ചോദിക്കാനും, ഇടപഴകാനും ധൈര്യപ്പെടാത്ത ഇടത്ത് കറിയ ഇടപെടാനും, ഇത്യാദി കാര്യങ്ങൾ ചെയ്യാനും വലിയ പ്രയാസം ഇല്ലാ എന്നുള്ള ഒരു തോന്നൽ വരും.

എന്നാൽ വാസ്തവം നേരെ മറിച്ചാണ്. കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ (pristine-English) പലതരം കീഴ്വഴക്കങ്ങളും, വാക്ക്-കോഡുകളും അന്യരുടെ അനാവശ്യ ഇടപെടലിനെ നിയന്ത്രിക്കുന്നുണ്ട്. എന്നാൽ പുതുതായി ഇങ്ഗ്ളിഷിലേക്ക് കയറിവരുന്നവരിൽ ചിലർക്കെങ്കിലും ഇക്കാര്യത്തെക്കുറിച്ച് കാര്യമായ വിവരം ഇല്ല എന്നാണ് തോന്നുന്നത്.

ഇതിന് ഏറ്റവും ചെറിയ ഉദാഹരണം അന്യരുടെ പേര് ചോദിക്കുന്നതുമായി ബന്ധപ്പെട്ട കാര്യമാണ്. What is your name? എന്നല്ലാ, അനുവദനീയമായ കീഴ്വഴക്കം. മറിച്ച്, May I know your name, please? എന്നതാണ് ഉത്തമം. ഇതേ രീതിയിൽ പല കാര്യങ്ങൾക്കും ഒരു മിതത്വം കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ (pristine-English) ഉണ്ട്. ഇത് പ്രത്യേകിച്ചും സ്ത്രീകളെക്കുറിച്ചുള്ള സംഭാഷണവും പരാമർശവും ആവുമ്പോൾ കാര്യമായി ഉള്ളകാര്യമാണ്.

എന്നാൽ, ഇന്ന് പല ദേശങ്ങളിലും, ഇങ്ഗ്ളണ്ടിലടക്കം, ഇങ്ഗ്ളിഷുമായി പാരമ്പര്യമായി പുലബന്ധമില്ലാത്തവർ ഇങ്ഗ്ളിഷിനെ കൈയടക്കിവച്ച്, ആ ഭാഷയെ വികൃതമാക്കിക്കൊണ്ടിരിക്കുന്നു. ഇത് ഇങ്ഗ്ളിഷ് ഭാഷാ പ്രചരണത്തിൽ ഉള്ള ഒരു നിഷേധാത്മകതയായി പലരും കാണുന്നുണ്ട്.

ഔപചാരികമായി മാത്രം ബന്ധമുള്ളവരെ Mr., Mrs. അല്ലെങ്കിൽ Miss. തുടങ്ങിയ വാക്കുകൾ പേരിന് മുന്നിലായി വച്ചാണ് കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ സംബോധന ചെയ്യേണ്ടത്. അത് പോലെ തന്നെ, മറ്റൊരാളുടെ ഭാര്യയെ, വ്യക്തിപരമായി സൌഹൃദമില്ലെങ്കിൽ Mrs. പേരിന് മുന്നിൽ വച്ചാണ് സംബോധന ചെയ്യേണ്ടത്. വ്യക്തിപരമായി നേരിട്ട് സൌഹൃദമില്ലാത്ത ചെറുപ്രായക്കാരായ പെൺകുട്ടികളെ സംബോധന ചെയ്യുമ്പോൾ Miss. എന്ന പദം പേരിന് മുന്നിൽ വെക്കേണ്ടതാണ്.

സമൂഹത്തിൽ പല ഔപചാരിക പദവികൾ അലങ്കരിക്കുന്നവരുണ്ട്. ഉദാഹരണത്തിന് രാജാവ്, റാണി, പ്രഭുക്കൾ, തൊഴിൽ ഉടമകൾ തുടങ്ങിയവർ. ഇവരെ പരാമർശിക്കുമ്പോഴും, ഇവരെ സംബോധന ചെയ്യുമ്പോഴും, ഇവർ തിരിച്ച് ഇതെല്ലാം ചെയ്യുമ്പോഴും, പൊതുവായുള്ള You, He, She തുടങ്ങിയ പദങ്ങൾ തന്നെയാണ് അങ്ങോട്ടും ഇങ്ങോട്ടും ഉപയോഗിക്കുന്നത്.

ഇങ്ഗ്ളണ്ടിലേക്ക് പുറത്ത് നിന്നും വരുന്നവർക്ക്, ഈ സൌകര്യം കാണുമ്പോൾ, പലപ്പോഴും, ഇങ്ങിനെ ഔപചാരിക പദവിയിലുള്ളവരെക്കുറിച്ച് മതിപ്പില്ലാത്ത ഭാവമാണ് മനസ്സിൽ ഉദിക്കുക. പലപ്പോഴും, ഇവർ He, She തുടങ്ങിയ വാക്കുകൾ, അവരുടെ സ്വന്തം പ്രാദേശിക ഭാഷകളിലെ തരംതാഴ്ന്ന വാക്ക്-കോഡിനോടാണ് ബന്ധപ്പെടുത്തുക.

ഉദാഹരണത്തിന് ഇങ്ഗ്ളണ്ടിലെ രാജകുമാരിയെപ്പറ്റി She is coming here tomorrow എന്ന വാക്യം അവരുടെ മനസ്സിൽ 'അവൾ ഇവിടെ നാളെ വരുന്നുണ്ട്' എന്ന രീതിയിലാണ് മനസ്സിൽ പതിക്കുക. ഇതുമായി ബന്ധപ്പെട്ട ഒരു സംഭവവികാസം അടുത്ത എഴുത്തിൽ നൽകാം.

രാജകുമാരിയെത്തന്നെ ഇങ്ങിനെ തരംതാഴ്ത്താൻ ആകുമ്പോൾ, മറ്റ് സ്ത്രീകളുടെ കാര്യം പറയാനില്ലതന്നെ.

ഇങ്ങിനെയുള്ള വാക്ക്-കോഡിലൂടെയുള്ള തരംതാഴ്ത്തലിലെ ഭയാനകമായ സാമൂഹിക ഇടിച്ചിലിനെക്കുറിച്ച് ഇങ്ഗ്ളിഷുകാർക്ക് കാര്യമായ വിവരമില്ലെങ്കിലും, പൊതുവായിപ്പറഞ്ഞാൽ, സമൂഹത്തിൽ കാര്യമായ പൈശാചികത പടരുന്നുണ്ട് എന്ന് അവരിൽ പലർക്കും അനുഭവപ്പെടുന്നുണ്ട്. എന്നാൽ ഇതിന്റെ കാരണത്തെക്കുറിച്ച് അവർക്ക് യാതോരു എത്തും പിടിയും ഇല്ലാ എന്നുള്ളതാണ് വാസ്തവം.

Go to CONTENTS

88. പേനത്തുമ്പിലൂടെ മറ്റുള്ളവരെ തരംതാഴ്ത്തുന്ന കഴിവ്

കഴിഞ്ഞ കുറിപ്പിൽ സൂചിപ്പിച്ച സംഭവവികാസം ഇവിടെ കുറിച്ചിടുകയാണ്. ബ്യട്ടിഷ് കീരീടാവകാശിയായ പ്രിൻസ് ചാൾസിന്റെ മുൻ പത്നിയായിരുന്ന ഡയന രാജകുമാരി (Princess Diana) ഒരു അപകടത്തിൽ പെട്ട് അന്തരിക്കുന്നു.

Princess Diana

Photo owner: Auguel

This image is licensed under the Creative Commons Attribution-Share Alike 4.0 International license.
(https://en.wikipedia.org/wiki/File:Princess_Diana_at_Accord_Hospice_colorized.png)

വ്യക്തിപരമായി പറയുകയാണെങ്കിൽ, ഈ സംഭവം ഒരു വൻ തലവേദനതന്നെ ഒഴിവായ പ്രതീതിയായിരുന്നു. കാരണം, ഇംഗ്ളിഷ് സംസ്ക്കാരത്തിലേക്ക് ഇരച്ച് കയറിവന്നുകൊണ്ടിരിക്കുന്ന പലതരം നിഷേധകരമായ കാര്യങ്ങളും ശരിക്കും തന്നെ ഈ വ്യക്തിയെ ഗ്രസിച്ചിരുന്നു. എന്നിരുന്നാലും, ഇങ്ഗ്ളിഷ് പാരമ്പര്യത്തിൽ ജനിച്ച് വളർന്നതിന്റെ ശാരീരികവും മാനസികവും ആയ വ്യക്തിത്വം ഇവരിൽ നിഴലിച്ചിരുന്നു.

പുറം ഭാഷക്കാരോട് അടുത്തിടപഴകുമ്പോൾ, സംഭവിക്കുന്ന വ്യക്തിത്വധ്വംസനത്തെക്കുറിച്ച് യാതോരു അറിവും ഇവർക്കില്ലായിരുന്നു എന്ന് പെരുമാറ്റത്തിലും, മറ്റും വ്യക്തമായിരുന്നു.

പുറം ഭാഷക്കാരുടെ നിഷേധാത്മകമായ കഴിവ് ഭാഷാകോഡുകളിൽ പലപ്പോഴും കാണാവുന്നതാണ്.

ഇവരുടെ മരണം ഒരു വൻ വാർത്താ സംഭവമായിരുന്നു. എല്ലാ പത്രക്കാരും അവർക്ക് ആവുന്ന വിവരവും വിവരക്കേടും വച്ച് വൻ ലേഖനങ്ങളും

Other books!

ഉപദേശങ്ങളും നൽകിക്കൊണ്ടിരുന്നു. മലയാളത്തിലും ഇത് സംഭവിച്ചിരുന്നു.

മലയാളത്തിൽ ചില ലേഖനങ്ങൾ വായിച്ചപ്പോൾ, ഇവരെ പരാമർശിക്കുന്നത് 'അവൾ' എന്നും, ഇവർക്ക് വ്യക്തിപരമായി പല ഉപദേശങ്ങളും നൽകുന്ന വാക്കുകളിൽ 'നീ' എന്ന് സംബോധന ചെയ്യും കണ്ടിരുന്നു, അന്ന്.

എന്നാൽ ഇങ്ങിനെയുള്ള തരംതാഴ്ത്തുന്ന എഴുത്തുകൾ വായിച്ചാൽ പലപ്പോഴും ഈ എഴുത്തുകാരുടെ നിലവരക്കുറവാണ് പ്രതിഫലിച്ച് കാണുക.

ഈ വിഷയം ഈ എഴുത്തുകാരൻ, March of the Evil Empires: English versus the feudal languages എന്ന പുസ്തകത്തിൽ ഒരു ഇടത്ത് പ്രതിപാദിച്ചിരുന്നു. പ്രതിപാദ്യത്തിൽ ഇങ്ങിനെ എന്തോ സൂചിപ്പിച്ചാതായി ഓർമ്മവരുന്നു:

QUOTE: "പത്രമാപീസുകളിൽ, അവരുടെ പത്രമുടമകളുടേയും, മേലുദ്യോഗസ്ഥരുടേയും കീഴിൽ പലതരം വാക്ക് കോഡുകളിലൂടെയുള്ള തരംതാഴ്ത്തലുകളിലും പെട്ട് ഉഴലുന്നവരാണ് ഇവർ. മാത്രമുമല്ല കേരളത്തിലെ ഏതെങ്കിലും ചെറുകിടെ സർക്കാർ ഓഫിസിൽ പോയി ഒരു എളിയ ഉദ്യോഗസ്ഥനെപ്പോലും 'നിങ്ങൾ' എന്ന് പോലും സംബോധന ചെയ്യാനുള്ള മാനസിക കെൽപ്പുള്ളവരും അല്ല ഇവർ. ഇങ്ങിനെയുള്ള ആളാണ് ബ്യട്ടിഷ് രാജകുമാരിയെ 'നീ' എന്ന് സംബോധന ചെയ്യുന്നത്". END OF QUOTE

ഈ ഗ്രന്ഥത്തിന്റെ കരട് രൂപം മലയാളത്തിലെ ഒരു പ്രമുഖ പത്രത്തിലെ ആദരേണ്യസ്ഥാനം വഹിക്കുന്ന ഒരു വ്യക്തി വായിച്ചതിന് ശേഷം, പത്രക്കാരെക്കുറിച്ച് മുകളിൽ സൂചിപ്പിച്ച കാര്യം 100 ശതമാനവും ശരിയാണ് എന്ന് പറയുകയുണ്ടായി.

പോരാത്തതിന് മറ്റൊരു പത്രപ്രവർത്തകൻ ഇത് സ്ഥിരീകരിക്കുകയും ചെയ്തു.

ആ ആൾ പറഞ്ഞത് ഇപ്രകാരമാണ്:

QUOTE: സ്ഥാപനത്തിനുള്ളിൽ പത്രമുടമകൾ ഞങ്ങളെ ഒരു തരം 'വാടാ, പോടാ' എന്ന രീതിയിലാണ് കാണുന്നത്. എന്നാൽ, ഈ പത്രത്തിലെ

പത്രപ്രവർത്തകരാണ് എന്ന് പറഞ്ഞാൽ, പുറലോകത്ത് ഞങ്ങൾക്ക് വൻ ബഹുമാനമാണ് ലഭിക്കുന്നത്. അതിനാൽ തന്നെ, ഈ തൊഴിൽ വിട്ട് പോകാനും ആകില്ല. END OF QUOTE

മുകളിൽ പറഞ്ഞ സംഭാഷണങ്ങൾ ഏതാണ്ട് 15 വർഷത്തിന് മുൻപ് സംഭവിച്ച കാര്യങ്ങളാണ്. ഇപ്പോഴത്തെ കാര്യം എങ്ങിനെയാണ് എന്ന് അറിയില്ല.

89. ചെറിയൊരു സ്വാതന്ത്ര്യം അമിത സ്വാതന്ത്ര്യമാകുന്നതെങ്ങിനെ

മുകളിൽ നൽകിയ സംഭവ വിവരണംവിട്ട്, തിരിച്ച് പോകാം. പ്രശ്നം മനുഷ്യർ തമ്മിലുള്ള സമത്വം എന്നത് ആണ്. ഇതിന്റെ ഉള്ളറകൾ ഇങ്ഗ്ളിഷുകാർക്ക് ഒട്ടും തന്നെ അറിവില്ലതന്നെ.

ഒരു ഇങ്ഗ്ളിഷ് പരിശീലകൻ എന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ കാര്യം കുറച്ച് കൂടി വ്യക്തമായി പറയാവുന്നതാണ്. പേരിന് മുന്നിൽ ഒരു Mr. ചേർത്തുകൊണ്ടാണ്, ഇങ്ഗ്ളിഷ് പരിശീലിക്കാനായി വരുന്നവർ ഈ എഴുത്തുകാരനെ സംബോധന ചെയ്യാറ്. 'Sir', 'സാർ തുടങ്ങിയ വാക്കുകൾ നിഷിധമാണ്. മാത്രവുമല്ല, (പരീശിലനത്തിന് വരുന്നവർ മലയാളം സംഭാഷണം നടത്തുന്നത് പ്രോത്സാഹിക്കുന്നില്ലെങ്കിലും) മലയാളത്തിൽ സംബോധന ചെയ്യുമ്പോൾ, 'നിങ്ങൾ' എന്ന പദമാണ് ഉപയോഗിക്കാൻ താൽപ്പര്യപ്പെടുക. ഭാഷാകോഡുകൾ പ്രകാരം പലതരം പ്രശ്നങ്ങൾ ഉള്ള ഒരു സംഗതിയാണ് ഇത്. എന്നാൽ പരിശീലനത്തിന് ഇങ്ഗ്ളിഷ് ഭാഷാ കോഡുകളോട് താദാത്മ്യം വരുത്താൻ മറ്റ് മാർഗ്ഗമില്ലതന്നെ.

സാമൂഹികമായി ഉയർന്ന വേദികളിൽ നിന്നും വരുന്നവരാണെങ്കിൽ, പലപ്പോഴും ഇത് അവരിൽ ഗൌരവമേറിയ മാനസിക വ്യതിചലനം വരുത്താറില്ല. എന്നാൽ, സാമൂഹികമായോ വ്യക്തിപരമായോ പലവിധ ഞെരുക്കങ്ങളിൽ നിന്നും വരുന്നവർക്ക് ഇത് അതി ഗംഭീരമായ മാനസിക സ്വാതന്ത്ര്യമാണ് നൽകുക. ഇത് അവരിൽ മാനസികമായി ഒരു കെട്ടുകൾ അഴിച്ചിട്ട അനുഭൂതി സൃഷ്ടിക്കും.

ഇങ്ങിനെയുള്ളവരിൽ ചിലരിൽ കണ്ടുവരാറുള്ള ഒരു പ്രതിഭാസം, പൊടുന്നനെയുള്ള ഒരു സമത്വ ചിന്താഗതിയാണ്. അവരോട് ഒരു പരിശീലകൻ എന്ന നിലയിൽ വ്യക്തിപരമായ കാര്യങ്ങൾ എന്തെല്ലാം ചോദിച്ചിട്ടുണ്ടോ, ആ രീതിയിലുള്ള പലതും തിരിച്ച് ചോദിക്കാനും, പരിധിക്കപ്പുറത്ത് മനസ്സ് കടത്താനും ഒരു സ്വാതന്ത്ര്യം അവർ കാണിക്കും. ഇതിൽ കാര്യമായ ഒരു അബദ്ധമുണ്ട്.

ഈ ചിത്രീകരണം നോക്കുക:

സാമൂഹികമായി വളരെ പിന്നിൽ നിൽക്കുന്ന ഒരാൾ അയാളുടെ വീട്ടിലെ ഒരു മുഖ്യമായ ചടങ്ങിലേക്ക് ആ നാട്ടിൽ സാമൂഹികമായി ഉയർന്ന ഒരു

വ്യക്തിയെ പോയി ക്ഷണിക്കുന്നു. സമയക്കുറവ് പറഞ്ഞ് ഒഴിവാകാൻ സാമൂഹിക മഹിമയുള്ള ആൾ ശ്രമിക്കുന്നു. എന്നാൽ, "അങ്ങ് വരികയാണെങ്കിൽ എനിക്ക് സാമൂഹികമായി ആദരവ് ഏറുന്ന കാര്യമാണ്", എന്ന ആഗതന്റെ കഠിനമായ യാചനാപരമായ അഭ്യർത്ഥനമാനിച്ചും, നിബർന്ധത്തിന് വഴങ്ങിയും, ഈ വ്യക്തി ആഗതന്റെ വീട്ടിലെ ചടങ്ങിൽ പങ്കെടുക്കുന്നു.

എന്നാൽ സാമൂഹിക മഹിമയുള്ള ഈ വ്യക്തി അയാളുടെ വീട്ടിൽ ഒരു മുഖ്യമായ ചടങ്ങ് വന്നപ്പോൾ, മറ്റേ ആളെ ക്ഷണിക്കുന്നില്ല. ഇതിൽ ആദ്യത്തെ ആൾക്ക് കഠിനമായ വിരോധവും നീരസവും. 'എന്റെ വീട്ടിലെ ചടങ്ങിൽ പങ്കെടുത്തില്ലെ? പിന്നെന്ത് കൊണ്ട് അദ്ദേഹത്തിന്റെ വിട്ടിലെ ചടങ്ങിൽ എന്നെ ക്ഷണിച്ചില്ല?'

തന്റെ ക്ഷണം സ്വീകരിച്ച സ്ഥിതിക്ക്, ഈ കാര്യത്തിൽ തങ്ങൾ രണ്ടുപേരും ഒരു സമത്വത്തിൽ എത്തിയിട്ടുണ്ട് എന്ന വാദഗതി അയാളിൽനിന്നും വരും. എന്നാൽ കാര്യങ്ങൾക്ക് കൂടുതലായുള്ള വിശദീകരണം ഉണ്ട്. ഈ ഒരു കാര്യംകൊണ്ട് മാത്രം രണ്ട് പേരും തുല്യരാകുന്നില്ല. ആദ്യത്തെ സംഗതിയിൽ, ഈ ആൾക്ക് മറ്റേ ആളുടെ വരവിൽ സാമൂഹിക മഹിമ ലഭിക്കുന്നു. രണ്ടാമത്തെ സംഭവത്തിലും, ഈ ആളെ ക്ഷണിച്ചിരുന്നെങ്കിൽ, ഈ ആൾക്ക് സാമൂഹിക മഹിമ വീണ്ടും ലഭിക്കും. എന്നാൽ, ആദ്യത്തേതിലും, രണ്ടാമത്തേതിലും, സാമൂഹിക ഉന്നതിയിലുള്ള ആൾക്ക് യാതോരുവിധ തത്തുല്ല്യമായ അനുഭവവും ലഭിക്കില്ല.

90. അടിമത്തത്തിലൂടെ മാനസിക ഔന്നിത്യത്തിൽ എത്തിയവർ

താഴയുള്ള ചിത്രം: യൂഎസ്ഏയിലെ കാപ്പിരി അടിമ കുടുംബം.-

യൂ.എസ്. ഏയിലെ കാപ്പിരി അടിമ കുടുംബം.

ഈ ഒരു പ്രശ്നം യൂഎസ്ഏയിലെ പല ജനവിഭാഗങ്ങളെക്കുറിച്ചും പറയാനാവുന്നതാണ്.

ആദ്യം അവിടെയുള്ള കാപ്പിരിവർഗ്ഗക്കാരെക്കുറിച്ച് പറയാം. അടിമകളായി കൊണ്ട് വന്ന ഇവർക്ക് ഇങ്ഗ്ളിഷ് ഭാഷ സംസാരിക്കുന്നവരിൽ നിന്നും ലഭിച്ചത് ലോകത്തിൽ (തിരുവിതാംകൂറിലേയും, മലബാറിലേയും അടിമകൾ അടക്കം) യാതോരു അടിമകൾക്കോ കൂലിക്കാർക്കോ ലഭിച്ചിട്ടുള്ള അനുഭവമല്ല. യജമാനന്മരെ പേരിന് മുന്നിൽ Mr., Mrs. Miss. &c. ചേർത്ത് വിളിക്കാം. യജമാനന്മാരുടെ അതേ പോലുള്ള വസ്ത്രങ്ങൾ ധരിക്കാം. കസേരയിൽ ഇരിക്കാം. യജമാനനോ, അയാളുടെ നിലയിലുള്ള മറ്റാരെങ്കിലുമോ വന്നാൽ എഴുന്നേറ്റ്, തലകുനിച്ച് ബഹുമാനിക്കേണ്ട ആവശ്യമില്ല. കുടുംബപരമായി ജീവിക്കാം.

അയാൾക്കും ഭാര്യയ്ക്കും മക്കൾക്കും 'നീ' എന്ന സംബോധനാ വാക്കും, 'അവൾ', 'അവൻ' എന്ന രീതിയിലുള്ള പരാമർശങ്ങളും ലഭിക്കില്ല.

അവരോട് പറയുന്ന അതെ, You, Your, Yours, He, His, Him, She, Her, Hers തുടങ്ങിയവാക്കുകൾ അവരുടെ യജമാനനെക്കുറിച്ചും, അയാളുടെ കുടുംബക്കാരെക്കുറിച്ചും പറയാം.

-തിരുവിതാംകൂറിലുണ്ടായിരുന്ന അടിമത്ത സമ്പ്രദായത്തെക്കുറിച്ച്. അറിയാനായി Native Life in Travancoreലെ Slavery എന്ന അദ്ധ്യായം വായിക്കുക. ഇതിൽ കാണുന്ന വിവരങ്ങൾ, കള്ള വിവരങ്ങൾ നൽകുന്ന പാഠപുസ്തകങ്ങളിലും, മാധ്യമങ്ങളിലും കണ്ടേക്കില്ല.

തിരുവിതാംകൂറിലെ ചൊവ്വൻകുടുംബം. ഇവരെക്കാളൊക്കെ വളരെ താഴെയായിരുന്ന ഹീന ജാതിക്കാരെ തികച്ചും മൃഗതുല്യരായാണ് സാമൂഹികമായി പരിഗണിച്ചിരുന്നത്.

Picture source:
Native life in Travancore by REV. Samuel Mateer

-ഈ ചിത്രം: തിരുവിതാംകൂറിലെ ചൊവ്വൻ കുടുംബം circa 1890.-

ഈ വിധമുള്ള സ്വാതന്ത്ര്യം ഇന്ത്യയിലേയോ പാക്കിസ്ഥാനിലേയോ (sepoy) പട്ടാളക്കാർ അവരുടെ ഓഫിസർമാരോടോ, അവരുടെ കുടുംബക്കാരോടോ പ്രകടിപ്പിച്ചാൽ, അവരെ മർദ്ദിച്ച് മരണത്തിന് തൊട്ടടുത്തുവരെ എത്തിക്കും, ഓഫിസർമാർ, എന്ന് മനസ്സിലാക്കിയാൽ, ഈ കാപ്പിരികൾക്ക് ലഭിച്ച മാനസിക ഉന്നമന പരിശീലനത്തിന്റെ ശക്തിമനസ്സിലാക്കാനാകും.

അതേ സമയം, ഇങ്ഗ്ളിഷ് പക്ഷത്തിൽ നിന്നും ലോകത്തിൽ എവിടെയും ലഭിച്ചത് പെട്ടന്ന് നിർവ്വചിക്കാനാവാത്ത പലതരം അതിഗംഭീര ഗുണമേന്മയുള്ള കാര്യങ്ങളാണ്. ഏറ്റവും ചെറുതായി കാണാവുന്നതായ English nursery rhymes, English fairytales, English classical writings തുടങ്ങിവയും, ഇങ്ഗ്ളിഷിലെ Thank you, May I, Sorry, I apologise, Good morning തുടങ്ങിയ വാക്കുകളും. ഇവയ്ക്ക് ദിശാ ഘടകാംശം ഇല്ലാ എന്നുള്ളതാണ് ഇവയുടെ മഹിമ.

മാത്രവുമല്ല, സ്വന്തം അധമത്വം വിളിച്ചറിയിക്കുന്ന വസ്ത്രങ്ങളോ, ബഹുമാനിക്കേണ്ടവർവരുമ്പോൾ (സ്ത്രീകൾ) മാറിടം തുറന്ന് കാണിക്കേണ്ടതോ, (പുരുഷന്മാർ) മുണ്ടിന്റെ മടികുത്ത് അഴിച്ച്

ബഹുമാനം കാണിക്കേണ്ടതോ ആയ വസ്ത്രവിധാനങ്ങളല്ല ഇങ്ഗ്ലിഷ് ഭാഷക്കാർ പ്രചരിപ്പിച്ചത്.

QUOTE from 'Native life in Travancore by REV. Samuel Mateer: Another serious evil arising out of the idea of caste pollution is that the covering of the bosom with clothing is forbidden, in order to the easy recognition and avoidance of the lower castes by their masters. This rule of going uncovered above the waist as a mark of respect to superiors is carried through all grades of society, except the Brahmans. The highest subject uncovers in the presence of the Sovereign, and His Highness also before his god Patmanabhan. This was also the form of salutation even from females to any respectable person. END of QUOTE

ഈ നിസ്സാരം എന്ന് തോന്നിക്കാവുന്ന കാര്യങ്ങൾ മാത്രം മതി സാമൂഹികമായി തമ്മിൽതമ്മിൽ വെറുപ്പോടും, വെറിയോടും വീക്ഷിക്കുന്ന ഒരു സമൂഹത്തെ അതിഗംഭീര സമൂഹിക സമത്വത്തിലേക്കും, ഗുണമേന്മയിലേക്കും നയിക്കാൻ.

....

Note: പൊതുവെ പാഠപുസ്തകങ്ങളിൽ കാപ്പിരി അടിമത്വവുമായി ഇങ്ഗ്ലിഷുകാരെയാണ് ബന്ധപ്പെടുത്തിക്കാണുന്നത്. ഇതിൽ കാര്യമായ തെറ്റും കരുതിക്കൂട്ടിയുള്ള നുണയും ഉണ്ട്. ഇതിനെക്കുറിച്ച് പിന്നീട് പ്രതിപാദിക്കാം.

91. യൂഎസ്സ്ഏയിലെ അടിമത്ത ചിത്രങ്ങൾ

കഴിഞ്ഞ എഴുത്തിൽ വന്ന കാപ്പിരി അടിമകളുടെ ചിത്രത്തെ സംബന്ധിച്ച് ഇങ്ങിനെ ഒരു പ്രതികരണം ഒരു ഗ്രൂപ്പിൽ വന്നു: QUOTE: അക്കാലത്ത് കോട്ടും സൂട്ടും ഇട്ട അടിമകളോ??🤣🤣 END of QUOTE.

പലർക്കും പ്രക്ഷേപണമായി നൽകുന്ന ഒരു എഴുത്തായതിനാൽ സാധാരണ ഗതിയിൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ശ്രമിക്കാറില്ല. കാരണം, സമയക്കുറവും, എഴുത്തിന്റെ ഏകാഗ്രമായ ദൃഷ്ടികേന്ദ്രത്തെ ഇത് ബാധിച്ചേക്കും എന്നതും.

എന്നാൽ ഒരു ഒറ്റപ്പെട്ട സംഭവം എന്നരീതിയിൽ, ഈ പ്രതികരണത്തിന് ഉത്തരം നൽകുകയാണ്.

ഈ തരം ചിത്രങ്ങൾക്ക് യൂഎസ്ഏയിൽ നിന്നുമുള്ള പ്രതികരണം നേര തിരിച്ചാണ്. ആഫ്രിക്കയിൽനിന്നും വന്നവർ 2000 വർഷത്തിന് മുകളിൽ ദൈർഘ്യമുള്ള ഗംഭീര പാരമ്പര്യങ്ങൾ ഉള്ള അതി മഹത്തായ സംസ്ക്കാരത്തിൽനിന്നും വന്നവരാണ് ഇവരെന്ന രീതിയിലാണ് ഇന്ന് പല ആഫ്രിക്കൻ രാജ്യങ്ങളും സ്ക്കൂൾ പാഠപുസ്തകങ്ങളിൽ അവരുടെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത്. അവിടങ്ങളിൽ ചില ജനക്കൂട്ടങ്ങളിൽ നരഭോജനം (cannibalism) ഒരു ആഹാര സംസ്ക്കാരമായിരുന്നു എന്ന് സൂചിപ്പിക്കുന്നത് വരെ തെമ്മാടിത്തവും നിന്ദഭാഷണവും (hate speech) ആണ് എന്ന രീതിയിലാണ് ചരിത്രപഠനം മുന്നേറുന്നത്.

എന്നാൽ, ആഫ്രിക്കൻ പ്രദേശങ്ങളിൽനിന്നും കൊണ്ടുവന്നിരുന്ന അടിമകളുടെ യഥാർത്ഥ ചിത്രം ഈ എഴുത്തിലെ 11 അദ്ധ്യായത്തിൽ നൽകിതു പോലെയാണ്. ഈ ചിത്രം ഇവിടെ വീണ്ടും നൽകുകയാണ് (ചിത്രം A). വസ്ത്രധാരണം മിക്കവാറും നാണംമറയ്ക്കാനുള്ള ഒരു ചെറിയമറ മാത്രം.

കഴിഞ്ഞ എഴുത്തിൽ നൽകിയ ചിത്രം ഇതാണ്: Family on Smith's Plantation, Beaufort, South Carolina, circa 1862. https://en.wikipedia.org/wiki/File:Family_of_African_American_slaves_on_Smith%27s_Plantation_Beaufort_South_Carolina.jpg

ഇത് പോലുള്ളമറ്റ് ചിത്രങ്ങൾ വേറെയും നൽകാം:

1. Slaves Waiting for Sale - Richmond, Virginia

2. James Hopkinson's Plantation. Planting sweet potatoes. African American men and women hoe and plow the earth while others cut piles of sweet potatoes for planting. One man sits in a horse-drawn cart.



3. 1861: "Slaves for sale, a scene in New Orleans."

4. Timothy H. O'Sullivan (American - Slaves, J. J. Smith's Plantation, South Carolina

5. ഒളിച്ചോടി രക്ഷപ്പെട്ട അടിമകൾ

6. ഇനി മറ്റൊരു ചിത്രം നൽകാം. ഇത് ലോകത്തിലെ ഏറ്റവും മൂല്യമേറിയ ചിത്രം എന്ന് വിശേഷിക്കപ്പെടുന്ന Gone with the wind എന്ന ചിത്രത്തിൽനിന്നുമാണ്.

ഈ സിനിമയിൽ അടിമകളെ, ഇങ്ഗ്ളിഷ് സംസാരിക്കുന്ന അവരുടെ യാജമാനന്മാരുടെ അതേ വ്യക്തിത്തത്തോടുകൂടി ചിത്രീകരിക്കാത്തതിലും മറ്റും യൂഎസ്ഏയിലെ കാപ്പിരി സംഘടനകളും സാംസ്ക്കാരികവേദികളും ഈ സിനിമയെ വിമർശിച്ചിട്ടുണ്ട്.

അടിമത്തം എന്ന സമ്പ്രദായത്തെക്കുറിച്ച് പിന്നീട് എഴുതാം എന്ന് കരുതിയതാണ്. എന്നാൽ, ഇവിടെ ഇത് പ്രതിപാദ്യമായതിനാൽ അടുത്ത എഴുത്തിൽ കുറച്ച് കാര്യങ്ങൾ എഴുതാം.

അതിന് ശേഷം, എഴുത്തിന്റെ ഒഴുക്കിലേക്ക് തിരിച്ച് പോകാം. എന്നാൽ ഇത്രയും കൂടി ഇവിടെത്തന്നെ പറയാം: ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിലെ കീഴ്ജാതിക്കാരും മറ്റ് സാമൂഹികമായി കീഴെവന്നവരും അനുഭവിച്ചിരുന്ന 'നീ', 'ഇഞ്ഞി', 'അവൻ', 'ഓൻ', 'അവൾ', 'ഓള്', 'എടാ', 'എടീ', 'എന്താടാ', 'എന്താടീ', 'എന്താനേ', 'എന്താളെ', 'അവറ്റകൾ', 'ഐറ്റിങ്ങൾ' തുടങ്ങിയ അസഭ്യമല്ലാത്തതും, എന്നാൽ, മനുഷ്യാത്മാവിനെവരെ മലിനപ്പെടുത്തുന്നതുമായ വാക്കുകളുടെ പ്രഹരം ഈ അടിമകൾക്ക് ലഭിച്ചിരുന്നില്ല എന്ന് ചിത്രങ്ങളിൽ നിന്നും വ്യക്തമാണ്.

ഈ കാര്യത്തെക്കുറിച്ച് കുറച്ച് കൂടി പറയാം. അടുത്ത എഴുത്തിൽ.

92. അടിമത്തത്തെക്കാൾ മോശമായ അവസ്ഥ

അടിമത്തത്തെക്കുറിച്ച് പാഠപുസ്തകങ്ങളിൽ സൂചിപ്പിക്കപ്പെടുമ്പോൾ, തൊടുന്നനെ പ്രസ്താവിക്കുന്നത് യൂഎസ്എയിലെ ദക്ഷിണ പ്രദേശങ്ങളിൽ നടപ്പിലായിരുന്ന കാപ്പിരികളുടെ അടിമത്തമാണ്. എന്നാൽ വാസ്തവത്തിൽ ലോകത്തിൽ ഏറ്റവും നിസ്സാരമായ അടിമത്തവും ഇതായിരുന്നു.

ലോകത്തിലെ മിക്ക പ്രദേശങ്ങളിലും അടിമത്തം എന്നത് ഒരു സാധാരണ സാമൂഹിക സംഭവമായിരുന്നു. ഇങ്ഗ്ളണ്ടിൽ മാത്രം ഇത് ഇല്ലായിരുന്നു എന്നാണ് തോന്നുന്നത്. തീർച്ചയില്ല. പഴയകാല ഇങ്ഗ്ളിഷ് ചരിത്രങ്ങളും പുസ്തകങ്ങളും വായിക്കുമ്പോൾ, ഈ ചെറിയ പ്രദേശത്ത് ഇങ്ങിനെ ഒരു ജനക്കൂട്ടം ഉള്ളതായി സൂചിപ്പിക്കപ്പെടുന്നില്ല. മാത്രവുമല്ല, രണ്ടാം ലോക മഹായുദ്ധം കഴിയുന്നതോടുകൂടിയാണ് പുറത്തുള്ള ആളുകൾ ഇങ്ഗ്ളണ്ടിലേക്ക് അമിതമായി കടന്നുവരുന്നത്.

മാത്രവുമല്ല, ഇങ്ഗ്ളിഷ് സംസാരിക്കുന്ന ഒരു സാമൂഹികാന്തരീക്ഷത്തിൽ, അടിമകളും പണിക്കാരും മറ്റും സാമൂഹികമായി വലിയ അധമത്വം അനുഭവിക്കില്ല. കാരണം ഇങ്ഗ്ളിഷ് ഭാഷ അങ്ങിനെയുള്ളതാണ്. അവർ പെട്ടെന്ന് തന്നെ മറ്റുള്ളവരെ പോലെയാകും.

മുകളിൽ നൽകിയിട്ടുള്ള ചിത്രം പഴയകാല (1860കൾ) തലശ്ശേരിയിലെ തീയ്യ പണിക്കാരത്തി സ്ത്രീകളാണ്. ഇവർ അടിമകളല്ല. മറിച്ച് തൊഴിലാളികളാണ്. തീയ്യന്മാരിൽ ഭൂഉടമകളും മറ്റും ഉണ്ടായിരുന്നെങ്കിലും, സാമുഹീകമായി ഭാഷാകോഡുകളിൽ അടിത്തട്ടിൽ പെട്ടുപോയ തൊഴിലാളികളായ തീയ്യരും ഉണ്ടായിരുന്നു.

വളരെ പ്രത്യക്ഷമായിത്തന്നെ കാണാവുന്ന കാര്യമാണ്, ഈ സ്ത്രീകൾക്ക് അമേരിക്കയിലെ നീഗ്രോ അടിമകൾക്ക് ലഭിച്ച വ്യക്തിത്വ വളർച്ച ലഭിച്ചില്ലായെന്നത്. ഇത് അവരുടെ അർദ്ധ നഗ്ന വസ്ത്രധാരണത്താലല്ല സംഭവിച്ചത്. കാരണം, ഇവരേക്കാൾ ഉയർന്ന ജാതിക്കാരായ നായർമാരിലും വസ്ത്രധാരണത്തിൽ വലിയ വ്യത്യാസം ഇല്ലായിരുന്നു. അവർ ബ്രാഹ്മണരുടെ മുന്നിൽ മാറ് മറയ്ക്കാതിരിക്കുന്നത് ബഹുമാനസൂചകമായിട്ടായിരുന്നു.

Picture: Castes and Tribes of Southern India) by Edgar Thurston

TIYA FEMALES AT A COIR FACTORY.

ഈ തീയ്യ പണിക്കാരികളെ അവരുടെ തന്നെ ജാതീയമായി താണ നിലയിലുള്ള കുടുംബക്കാരും, സാമുദായിക നേതാക്കളും തൊട്ട് മുകളിലുള്ള നായർമാരും (കുട്ടികൾ അടക്കം), അവരുടെ തൊഴിൽമേധാവികളും 'ഇഞ്ഞി', 'എടി', 'അളെ', 'എന്താളെ', 'ഐറ്റിങ്ങൾ', വെറും പേര് തുടങ്ങിയ വാക്കുകളാലാണ് നിർവ്വചിക്കപ്പെട്ടത്. ഈ വാക്ക് കോഡുകളുടെ പ്രഹരം ആണ് ഇവരുടെ അധമത്വത്തിന് കാരണം. പേരുകൾ തന്നെ ബ്രാഹ്മണമതത്തിൽ നിന്നുമുള്ളതായിരുന്നില്ല. ഉദാ. നാണി, ചിരുത, ചീരു, പിറുക്ക്, മാത &c.

മാത്രവുമല്ല, സാമൂഹികമായി ഉയർന്നവരുടെ ഗൃഹങ്ങളിൽ പോയാൽ, നിലത്തിരിക്കുക, ബഹുമാന സൂചകമായി കുനിയുക തുടങ്ങിയ പ്രശ്നങ്ങൾ നേരിട്ടിരുന്നു.

ഈ ഉപദ്വീപിൽ ഏതാണ്ട് 1890കൾ കാലഘട്ടത്തിൽ സാമൂഹികമായി കീഴിൽപെട്ടവരുടെ ഒരു ചിത്രം താഴെകൊടുക്കുന്നു. ഈ ആളുകളും രേഖാ പ്രകാരം അടിമകൾ അല്ല.

അടിമത്തം മോശമായ അവസ്ഥയാണ്. എന്നാൽ, അതിനേക്കാൾ മോശമായ അവസ്ഥ അനുഭവിക്കേണ്ടിവരിക എന്നതാണ് കൂടുതൽ വേദനാജനകം. ഇതുമായി ബന്ധപ്പെട്ട് കുറച്ച് കൂടി പറയാനുണ്ട്. ചില സംഭവങ്ങൾ അടക്കം.

93. ഇരുത്തേണ്ടിടത്ത് ഇരുത്താനുള്ള വാക്ക് കോഡുകൾ ഇല്ലെങ്കിൽ

അതേ സമയം യൂഎസ്സിൽ എത്തിയ കാപ്പിര അടിമകൾക്ക് ലഭിച്ചത് വാക്ക് കോഡുകളുടേയും വസ്ത്രധാരണത്തിന്റെയും ഔന്നിത്യമാണ്. English nursery rhymes, English fairytale തുടങ്ങിയവയുടെ മാസ്മരിക പ്രഭാവവും അവരിലേക്ക് ലയിച്ചു. എന്നിട്ടും അവരിൽ മിക്കവർക്കും ആ കാര്യത്തെക്കുറിച്ച് യാതോരു ബോധമോ, നന്നിയോ (നന്ദിയോ) ഇല്ലതന്നെ. മറിച്ച് അമിതമായ വിരോധവും, നെറികേടും, മറ്റുമാണ് ഉള്ളത്.

ഈ എഴുത്തുകാരൻ പണ്ട് കേരളത്തിന് പുറത്ത് വച്ച് ഒരു മലായാളി വ്യവസായ പ്രമുഖനുമായി പരിചയമുണ്ടായിരുന്നു. അന്ന് അയാൾ ഏതാണ്ട് 30 വയസ്സിൽകൂടുതൾ കാണും പ്രായം. ഈ ആളുടെ വ്യവസായത്തിൽ ജോലിചെയ്യുന്ന ഒന്ന് രണ്ട് തൊഴിൽ സൂപ്പർവൈസർമാരെയും (മലയാളികൾ) ചെറുതായി കണ്ട് പരിചയമുണ്ടായിരുന്നു അന്ന്. അവരുടെ സാമൂഹിക നിലവാരത്തിൽ അവർക്ക് 'ചേട്ടൻ', എന്ന തീരിയിൽ ബഹുമാനം ലഭിച്ചിരുന്നവരായിരുന്നു. ഇവരുടെ പ്രായം ഏതാണ്ട് 40 വയസ്സിന് മുകളിൽ വരും.

ഒരിക്കൽ വ്യവസായ പ്രമുഖന്റെ വീട്ടിൽ ആ ആളോടൊപ്പം ഇരുന്ന് സംസാരിക്കുന്ന അവസരത്തിൽ ഒരു സൂപ്പർവൈസർ അവിടെ വന്നു. ചെറുപ്പക്കാരനായ വ്യവസായ പ്രമുഖൻ അയാളെ മുറ്റത്ത് നിർത്തി, വീട്ടിന്റെ കോലായിൽ നിന്ന് കൊണ്ട് 'നീ' എന്ന് സംബോധന ചെയ്ത് കൊണ്ട് പല നിർദ്ദേശങ്ങളും കൊടുത്തു. വ്യക്തമായും പ്രായം അധികമുള്ള സൂപ്പർവൈസറെ ഇങ്ങിനെ തരംതാഴ്ത്തി സംസാരിക്കുന്നത് കണ്ടപ്പൊൾ ചെറിയൊരു മനപ്രയാസം തോന്നി.

ഇക്കാര്യത്തെക്കുറിച്ച്, ആ വ്യവസായ പ്രമുഖനോട് പിന്നീട് സൂചിപ്പിച്ചപ്പോൾ, അയാൾ പറഞ്ഞത് ഇപ്രകാരമാണ് :

'ഇവനെയൊക്കെ നിലക്ക് നിർത്തിയാൽ പ്രശ്നമില്ല. വീട്ടിൽ കയറി ഇരിക്കാനും മറ്റും പറഞ്ഞാൽ, പിന്നെ ഇവനെയൊക്കെ നിയന്ത്രിക്കാനാവില്ല. പരാതിയാവും, വിരോധമാവും, ചോദ്യംചെയ്യലാകും, അത് പറ്റില്ല, ഇത് പറ്റില്ല എന്നെല്ലാം ആവും. ഇരുത്തേണ്ടിടത്ത് ഇരുത്തിയാൽ, യാതോരു പ്രശ്നവുമില്ല.'

ഇതിന്റെ അപ്പുറത്തും പ്രശ്നം ഉണ്ട്. ചെറുപ്പക്കാരനായ തൊഴിലുടമയോട്, പ്രായം കൂടുതലുള്ള തൊഴിലാളി, അടുത്ത് ഇടപഴകിയാൽ, പ്രായമെന്ന ബഹുമാന പ്രശ്നം കടന്നുവരും. ഇതും പ്രശ്നമാണ്. ദിശാ ഘടകാംശം ആന്തോലനം ചെയ്തേക്കും.

ഇതാണ് യൂഎസ്സിൽ കാപ്പിരി അടിമകൾ എന്ന് അവകാശപ്പെടുന്നവരുമായി ബന്ധപ്പെട്ട് സംഭവിച്ചത്. ഇങ്ഗ്ളിഷിൽ ആരേയും ഇരുത്തേണ്ടിടത്ത് ഇരുത്താനുള്ള വാക്ക് കോഡുകൾ ഇല്ലതന്നെ.

യൂഎസ്സിലെ വടക്കൻ പ്രദേശങ്ങളിലെ ആളുകൾക്ക്, മനുഷ്യരെ അടിമകളായി വെക്കുന്നു എന്നത് ചിന്തിക്കാൻ കൂടി പ്രയാസമുള്ള കാര്യമായിരുന്നു. യൂഎസ് എന്ന രാജ്യം പിറന്ന് വെറും 75 വർഷത്തിനുള്ളിൽ ഒരു വൻ യുദ്ധംതന്നെ നടത്തി അവർ കാപ്പിരികളെ മോചിപ്പിച്ച്, യൂഎസ്സിൽ പൌരത്വം നൽകി.

മനസ്സിലാക്കാൻ പറ്റാത്ത ഭാഷാ കോഡുകളുള്ളവരെ ഇങ്ഗ്ളിഷിലേക്ക് ലയിപ്പിക്കുന്നത് ഒരു തരം വിഢിത്തമായാണ് കാണാൻപറ്റുക. കാരണം, യാതോരു രാജ്യവും ഇങ്ങിനെ സ്വന്തം പൌരത്വം അന്യർക്ക് ഈ പ്രകാരം നൽകില്ല. അവരുടെ നാട്ടിലേക്ക് പോകാൻ അനുവാദവും സഹായവും നൽകുകയാണ് ചെയ്യുക. കുറെ പണവും നൽകും. എന്നാൽ, സ്വന്തം സ്ഥലത്ത് അന്യർക്ക് സർവ്വാവകാശവും നൽകുക എന്നുള്ളത് വരും തലമുറയോട് ചെയ്യുന്ന അപരാദം തന്നെയാണ്.

എന്നാൽ, ഒരു ഇങ്ഗ്ളിഷ് പ്രദേശത്ത് കുറച്ച് കാലം ജീവിക്കാൻ കഴിഞ്ഞാൽ പിന്നെ ചവുട്ടിപ്പുറത്താക്കിയാൽ പോലും ആരും തിരിച്ച് പോകില്ല എന്നുള്ളതാണ് വാസ്തവം.

അടിമത്തെക്കുറിച്ച് കുറച്ചുകൂടി ചരിത്രസംഭവങ്ങൾ പറയാനുണ്ട്.

94. ഇങ്ഗ്ളിഷിൽ പറഞ്ഞറിയിക്കാൻ വാക്കുകളില്ലാത്ത കാര്യങ്ങൾ

ഈ ഉപദ്വീപിലെ പാരമ്പര്യ അടിമത്തത്തെക്കുറിച്ച് വളരെയധികം പറയാനുണ്ട്. താൽപ്പര്യമുള്ളവർക്ക്, തിരുവിതാംകൂറിലെ പാരമ്പര്യ അടിമത്തത്തെക്കുറിച്ച് ഉള്ള വ്യക്തമായ രേഖകൾ REV. SAMUEL MATEER എഴുതിയ NATIVE LIFE IN TRAVANCOREൽ നിന്നും വായിക്കാവുന്നതാണ് (Chapter : Slavery). എന്നാൽ ഈ ഗ്രന്ഥത്തിൽപ്പോലും ഭാഷാപരമായുള്ള തട്ട്തട്ടായുള്ള മാനസികവും സാമൂഹികവും ആയുള്ള അടിമത്തത്തെക്കുറിച്ച് ഒരു സൂചനപോലുമില്ല.

ഇവിടെ അതിലേക്കൊന്നും ഇപ്പോൾ പോകുന്നില്ല. മറിച്ച് ഒരു ചരിത്ര സംഭവം വിവരിച്ച്കൊണ്ട് ഈ വിഷയവും, ഈ എഴുത്തിന്റെ ഒഴുക്കിന്റെ ദിശവിട്ടുള്ള പ്രയാണവും അവസാനിപ്പിക്കുകയാണ്.

തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മയും എട്ടുവീട്ടിൽപ്പിള്ളമാരെന്ന പ്രാദേശിക ഭൂജന്മിപ്രഭുക്കന്മാരും തമ്മിലുള്ള ഏറ്റുമുട്ടലുകളെക്കുറിച്ച് പലർക്കും അറിവുള്ളകാര്യമായിരിക്കാം. ഈ സംഭവ വികാസങ്ങളിൽ ഏറ്റവും നിർണ്ണായകമായി വന്നത്, മുൻരാജാവിന്റെ രണ്ട് പുത്രന്മാർ മാർത്താണ്ഡവർമ്മയെ കാണാൻവന്ന അവസരത്തിൽ ഉണ്ടായ പ്രശ്നമാണ്. ഇത് അവിടെ കലാശിച്ചത് ആ രണ്ടുപേരുടേയും മരണത്തിലാണ്. ഈ സംഭവത്തിൽ പ്രാദേശിക ഭാഷയിൽ ഉണ്ടായിരുന്ന കടുത്ത ഫ്യൂഡൽ കോഡുകൾക്ക് കാര്യമായ പങ്കുണ്ട്. ഈ കാര്യം പിന്നീട് ചരിത്രസംഭവങ്ങൾ എഴുതുന്ന ദിക്കിൽ പരാമർശിക്കാം.

ഈ സംഭവത്തിന് ശേഷം മാർത്താണ്ഡവർമ്മ എട്ടുവീട്ടിൽ പിള്ളമാരെയും അവരുടെ കുടുംബങ്ങളിലെ സ്ത്രീകളെയും, പിള്ളമാർക്ക് കൂട്ട് നിന്നിരുന്ന പോറ്റിമാരെയും, പട്ടാളത്തെ വിട്ട് പിടികൂടി. പിള്ളമാരെ ചങ്ങലയിൽകെട്ടിയാണ് നാഗർകോവിലിൽ ഉണ്ടായിരുന്ന രാജാവിന്റെ മുന്നിൽകൊണ്ടുവന്നത്.

ഇവർ സാധാരണ ജനം അല്ല, മറിച്ച് ഭൂപ്രഭുക്കളായിരുന്നു. വാക്ക് കോഡുകളിൽ ബഹുമാനം നൽകപ്പെടേണ്ടവരാണ്. ചങ്ങലയിൽ കെട്ടിയിട്ട് നിലത്തിട്ടാൽ വാക്ക് കോഡുകളിൽ, പട്ടാളക്കാർ എങ്ങിനെയാണ് ബഹുമാനം നൽകുക എന്ന് അറിയില്ല.

പോറ്റിമാരെ നാടുകടത്തി. പിള്ളമാരെ വധശിക്ഷയ്ക്ക് വിധിച്ചു.

എന്നാൽ അവരുടെ സ്ത്രീകൾക്കും അവരുടെ പെൺമക്കൾക്കും ലഭിച്ചതാണ് ഏറ്റവും ഭീകരമായ ശിക്ഷ. അവരെ വധ ശിക്ഷയ്ക്ക് വിധിച്ചില്ല. പകരം, കടലോരങ്ങളിലെ മുക്കുവർക്ക് അടിമകളായി വിറ്റു.

ഇങ്ഗ്ളിഷിൽ നിന്നും നോക്കിയാൽ ഈ ശിക്ഷയുടെ ക്രൌര്യം മനസ്സിലാകില്ല. കാരണം, അവരെ കൊല്ലുന്നില്ല, അടിക്കുന്നുമില്ല, മറ്റ് രീതിയിൽ പീഡിപ്പിക്കുന്നുമില്ല. ഇവരെ വാങ്ങിക്കുന്ന മുക്കുവർ ഇവരെ ചങ്ങലയിൽ ബന്ധിപ്പിക്കില്ല.

എന്നാൽ ഫ്യൂഡൽ ഭാഷാകോഡുകളിൽ നിന്ന് നോക്കിയാൽ, ഭൂപ്രഭുക്കളായ ഇവർ (മാർത്താണ്ഡവർമ്മുയുടെ കുടുംബത്തിന് തുല്യമായ പദവിയുള്ളവർ), അവരേക്കാൾ സാമൂഹികമായി വളരെ താഴെയുള്ള ജനക്കൂട്ടങ്ങളുടെ കീഴിലേക്കാണ് നീങ്ങുന്നത്. അവരുടെ 'നീ', 'എടീ', 'അവൾ', 'പെണ്ണ്', വെറും പേര് വിളി തുടങ്ങിയ വാക്കുകളുടെ പ്രഹരത്തിലേക്ക്. എന്നാൽ ഇത് ഒരു പ്രഹരമായും കരുതാൻ ആവില്ലതന്നെ. കാരണം, ഈ വക വാക്കുകൾ മുക്കുവർ അവരുടെ സ്വന്തം സ്ത്രീകളോട് യാതോരു മര്യാദക്കുറവും ഉദ്ദേശിക്കാതെ തന്നെ ഉപയോഗിക്കുന്ന വാക്കുകളാണ്.

ഈ വാക വാക്കുകൾ അടിമകളായി വിൽക്കപ്പെട്ട വനിതകൾക്ക് ചങ്ങലകളെക്കാൾ ശക്തമായ ബന്ധനമാണ് നൽകുക. ഈ കാര്യം ഇങ്ഗ്ളിഷിൽ പറഞ്ഞ് മനസ്സിലാക്കിക്കാൻ പ്രയാസമാണ്. കാരണം, 'എടീ, ലച്ചൂ, നീ ആ പാത്രം ഇങ്ങെട്ക്ക്' (Lakshmi, you bring that vessel here) എന്ന വാക്യത്തിൽ കാര്യമായ ഒരു അടിമത്തം കാണാനാകില്ല. എന്നാൽ ഐഏഎസ്സുകാരൻറെ ഭാര്യയോട് ഓഫിസ് അടിച്ചുവാരുന്ന ആളിൻറെ ഭാര്യ ഇങ്ങിനെ പറയുന്നത് ഒന്ന് ആലോചിച്ച് നോക്കൂ.

ഫ്യൂഡൽ ഭാഷകളിലെ പൈശാചികത ഇങ്ഗ്ളിഷിൽ മനസ്സിലാക്കിക്കാൻ, ഇങ്ഗ്ളിഷിൽ വാക്കുകളില്ലതന്നെ.

95. കൂടുതൽ സ്വീകാര്യമായ അടിമത്തം ഏത്

ഇവിടെയാണ്, അടിമത്തത്തെ ആപേക്ഷികമായി താരതമ്യം ചെയ്യുമ്പോഴുള്ള ചില വാസ്തവങ്ങൾ ചിന്തിക്കാവുന്നത്. ഇങ്ഗ്ളണ്ടിൽ അടിമത്വം ഇല്ലായിരുന്നു. എന്നിരുന്നാലും, ഏതെങ്കിലും ഇങ്ഗ്ളിഷ് ആളുകൾക്ക് അടിമകളായി വിൽക്കപ്പെടണമോ, അതോ കടലോരങ്ങളിലെ മുക്കുവർക്ക് വിൽക്കപ്പെടണമോ എന്ന് തിരഞ്ഞെടുക്കാൻ അവസരം ഈ വനിതകൾക്ക് നൽകിയിരുന്നെങ്കിൽ, ഈ വനിതകൾ ഏത് തിരഞ്ഞെടുക്കും എന്നതിനെക്കുറിച്ച് ചിന്തിക്കാവുന്നതാണ്.

ഇങ്ഗ്ളിഷ് പക്ഷത്തേക്ക് നീങ്ങുന്ന അടിമകൾ, നല്ല നിലവാരമുള്ള വസ്ത്രങ്ങൾ ധരിക്കുകയും, കസേരയിൽ ഇരുന്ന് ഭക്ഷണം കഴിക്കുകയും, ഇങ്ഗ്ളിഷ് സംസാരിക്കുകയും, അവരുടെ യജമാന ജനം അവരെ സംബോധനയും, പരാമർശിക്കലും ചെയ്യുന്ന അതേ വാക്കുകളാൽ തിരിച്ചും അത് ചെയ്യുകയും, മറ്റും ചെയ്യും. ഫ്യൂഡൽ ഭാഷകളിൽ ഒട്ടും തന്നെ ഇല്ലാത്ത Good morning, Thank you, Please, I beg your pardon, excuse me, I am sorry, May I?, Can I? തുടങ്ങിയ ഉൽകൃഷ്ടമായ പദപ്രയോഗങ്ങൾ കേട്ടും ഉപയോഗിച്ചും മാനസികമായി ഉയരും. എന്നാൽ, ഇവർക്ക് ഇങ്ഗ്ളിഷുകാർ ആകാൻ ആകില്ല.

അതേ സമയം മുക്കുവരുടെ അടിമകളായി പോകുന്ന ഈ പ്രഭുവനിതകൾക്ക്, മുക്കുവരുടെ തരംതാഴ്ത്തുന്ന വാക്കുകൾ ഏൽക്കേണ്ടിവരികയും, അവർതിരിച്ച് ബഹുമാനമുള്ള വാക്കുകൾ നൽകേണ്ടിയും വരും. പണ്ട് അവർ തരംതാഴ്ത്തി പരാമർശിച്ച അതേ ആളുകൾ ഇന്ന് അവരെ 'എടി', 'എന്താടി', 'നീ', തുടങ്ങിയവാക്കുകളാൽ സംബോധനചെയ്യും. വെറും പേര് വിളിക്കും. അത് പ്രാദേശിക ഭാഷയിൽ ഒരു പിടിച്ച് താഴ്ത്തലും, പിടിച്ച് കുലുക്കലും തന്നെയാണ്.

വസ്ത്രധാരണത്തിൽ, മുക്കുവ സമുദായത്തിന് ലഭിച്ചിട്ടുള്ള എല്ലാവിധ പരിധികളും പരിമിതികളും ഇവരുടെ മേലും മുക്കുവർ സ്ഥാപിക്കും. പരുക്കൻ വാക്കുകളോടൊപ്പം, അവയെ കാര്യക്ഷമമാക്കാൻ പലപ്പോഴും പരുക്കൻ സ്വരവും വരും. ഇതും താങ്ങേണ്ടിവരും.

ഇവർക്ക് ഉണ്ടാവുന്ന മക്കൾ മുക്കുവരുടെ സാമുദായിക നിലവരത്തിന്റെ നിലയിൽ പെടും. ഇവർ മുക്കുവർ ആകും. പ്രഭുകുടുംബാംഗങ്ങൾ ആവില്ല.

ഈ ഭയാനകമായ വിധി അനുഭവിച്ച ഈ കൂട്ടത്തിലെ ഏതെങ്കിലും ഒരു പ്രഭു-വനിതയെക്കുറിച്ച് ഒന്ന് ആലോചിച്ച് നോക്കുക. ഐഎഎസ്സുകാരന്റെ ഭാര്യയ്ക്ക് ഓഫിസ് അടിച്ചുവരാൻവരുന്ന ആളിന്റെ വീട്ടിലെ വേലക്കാരിയാകാൻ ഉള്ള വിധിവന്നാലുള്ളതിനേക്കാൽ ഭയാനകമായിക്കും ഇത്. (കാരണം, ഇന്ന് സർക്കാർ ഉദ്യോഗസ്ഥനും സാധാരണ ജനവും തമ്മിലുള്ളത് പോലുള്ള അതേ ഉച്ചനീചത്വം ജാതിയെന്ന രീതിൽ അന്ന് സമൂഹത്തിൽ നിലനിന്നുരുന്നു.) എന്നാൽ, ഈ അനുഭവത്തിന്റെ പൂർണ്ണമായ ഭയാനകത ഇങ്ഗ്ളിഷിൽ നിന്നും ചിന്തിച്ചാൽ മനസ്സിലാകാൻ ആവില്ല.

ഈ വക കാര്യങ്ങളെക്കുറിച്ച് ഇന്ന് യൂഎസ്സിൽ വിലസുന്ന കാപ്പിരികൾക്ക് യതോരുവിവരവും ഇല്ല. അവർക്ക് ശരിക്കും ലഭിച്ചിട്ടുള്ള അത്യുജ്വലമായ ജീവിതാനുഭവത്തെക്കുറിച്ച് യാതോരു ബോധവും ഇല്ലതന്നെ. യഥാർത്ഥത്തിൽ ലോകത്തിൽ ഏറ്റവും നല്ലനിലയിൽ ജീവിക്കുന്ന കാപ്പിരി ജനക്കൂട്ടം യൂഎസ്സിൽ ഉള്ള കാപ്പിരികളാണ്. എന്നിട്ടും, ഏറ്റവും കൂടുതൽ പരാതികളും പ്രക്ഷോഭങ്ങളും ഇവർക്കാണ്.

അതേ സമയം, ഭൂഖണ്ഡ യൂറോപ്പിൽ നിന്നും യൂഎസ്സിലേക്ക് വന്ന് അവിടെ ജീവിക്കുന്ന വെള്ളക്കാർക്കും ഇതേ പ്രശ്നം ബാധകമാണ്. അവരും അറിയുന്നില്ല, അവരും ഇങ്ഗ്ളിഷിന്റെ ദിവ്യമായ നിഴലിലാണ് ജീവിക്കുന്നത് എന്ന്. ഭൂഖണ്ഡ യൂറോപ്പിൽ നിന്ന് വളരെ അസൂയയോടും, മറ്റും കാലാകാലങ്ങളായി വീക്ഷിച്ചിരുന്ന ഇങ്ഗ്ളണ്ടിന്റെ ഭാഷാപരമായ മിക്ക സൌകര്യങ്ങളും ഇന്ന് യൂഎസ്സിലും ലഭിക്കുന്നുണ്ട്. എന്നാൽ ഈ പുറത്ത് നിന്നും വന്നവർക്ക് അതിനോട് മതിപ്പില്ലതന്നെ. കാരണം, വലിയ ചിലവൊന്നുമില്ലാതെയാണ് ഇതിന്റെ ഗുണം ഇവർക്ക് ലഭിക്കുന്നത്.

..............ഇനി ഈ എഴുത്തിന്റെ ഒഴിക്കിലേക്ക് തിരിച്ച് പോകുകയാണ്.

96. ഇങ്ഗ്ളിഷിൽ എന്താണ് ദിവ്യമായിട്ടുള്ളത്

90-ആം അദ്ധ്യായത്തിൽ നിന്നും തുടരുകയാണ്........

English nursery rhymes, English fairytales, English Classical writings എന്നിവയിൽ എന്താണ് ഇത്രമാത്രം ഗുണമേന്മയുള്ളത് എന്ന ചോദ്യം ന്യായമായും ഉദിക്കാം. കാരണം, ഈ വക കാര്യങ്ങളിലെ കഥയും ഉള്ളടക്കവും മറ്റ് ഭാഷകളിൽ രചിക്കാവുന്നതല്ലെ എന്ന ചോദ്യമാണ് മനസ്സിൽ ഉദിക്കുക.

ഈ എഴുത്തകാരന്, പണ്ഡിതനല്ലെങ്കിലും, മലയാളം ഭാഷ മോശമില്ലാത്ത രീതിയിൽ അറിയാം. മലയാളം എഴുത്തുകളിലെ ഗാംഭീര്യം ഇങ്ഗ്ളിഷിൽ ഇല്ലാ എന്നുവരെ ചിന്തിക്കാവുന്നതാണ്. കാരണം, മലയാളം പ്രതിനിധീകരിക്കുന്ന സമൂഹിക ജീവിതം അതി സങ്കീർണ്ണമാണ്.

കോട്ടയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള, ചിലയിടത്ത് ആഴവും ചിലയിടത്ത് തികച്ചും ബലിശവുമായ അപക്വ ചിന്തകളും ഉള്ള ഒരു നോവലിന് ബുക്കർ പ്രൈസ് (Booker Prize) ലഭിച്ചു എന്നുള്ളത് തന്നെ ഇങ്ഗ്ളണ്ടിൽ നിന്നും വീക്ഷിച്ചാൽ ഈ സാമൂഹികാന്തരീക്ഷം എത്രത്തോളം കഠിനവും സങ്കീർണവും ആണ് എന്ന് കാണാവുന്നതാണ്. ഈ നോവൽ ഒരു മലയാളം ഭാഷ അതേ പോലെ ഇങ്ഗ്ളിഷിലേക്ക് തർജ്ജമചെയ്യത് പോലെയാണ് എഴുതിയിട്ടുള്ളത് എന്ന് ഒരു തോന്നൽ ലഭിച്ചിരുന്നു. എന്നാൽ, മലയാളത്തിൽ ഉളവാകുന്ന അതിഗംഭീരമായ മാനസിക വിഭ്രാന്തിയുടെ ഹേതുക്കൾ ഈ നോവലിൽ ഇങ്ഗ്ളിഷിൽ എത്തിയില്ല എന്നുള്ളതാണ് വാസ്തവം. എന്നിട്ടുപോലും സമ്മാനം ലഭിച്ചു!

പോലീസ് ഉദ്യോഗസ്ഥൻ മുഖ്യകഥാപാത്രങ്ങളിൽ ഒരാളും സാമൂഹികമായി ഉയർന്ന കുടുംബത്തിലെ അംഗവുമായ വനിതയെ പോലീസ് സ്റ്റേഷനിൽ വച്ച് തരംതാഴ്ത്തിയും അപമാനിച്ചും സംസാരിക്കുന്നതിലെ, 'നീ', 'എടി', 'എന്താടി' '.....മോളെ' തുടങ്ങിയ പ്രയോഗങ്ങൾ ഇങ്ഗ്ളിഷിൽ എത്തിയില്ല എന്നുള്ളതാണ് ഇതിന് കാരണം. ഇങ്ങിനെയെല്ലാമുള്ള സംഗതികൾ ഉള്ള കാര്യം വരെ സൂചനയായിപ്പോലും ഈ നോവലിൽ ഇല്ലാ എന്നാണ് ഓർമ്മ.

ഈ രീതിയിൽ നോക്കിയാൽ, ഇത്രയ്ക്കും ഘനഗാംഭീര്യമുള്ള സാഹിത്യ കൃതികൾ ഇങ്ഗ്ളിഷിൽ ഇല്ലാ എന്നുവരെ വേണമെങ്കിൽ പറയാവുന്നതാണ്. ഇങ്ഗ്ളിഷ് സാഹിത്യത്തിലെ മിക്ക കഥകളും മറ്റ്

ഭാഷകളിലേക്ക് തർജ്ജമ ചെയ്താൽ, അവയിൽ കാര്യമായ എന്തെങ്കിലും ഉള്ളതായി അനുഭവപ്പെടില്ല.

ഇതിലെ വാസ്തവം, ഇങ്ഗ്ളിഷുകാരുടെ മിക്ക തൊഴിലുകളും മലയാളത്തിൽനിന്നും നോക്കിയാൽ തരംതാണവയാണ്. ആരുണ്ട് അവിടെ ഒരു ഐഏഎസ്സുകാരൻ, അല്ലെങ്കിൽ ഒരു എസ്സ് ഐ, അതുമല്ലെങ്കിൽ ഒരു സർക്കാർ ക്ളാർക്ക്, അല്ലെങ്കിൽ ഒരു സർക്കാർ പ്യൂൺ? അയാൾ ഒരു ഡോക്ടറോ, വക്കീലോ, തൊഴിലുടമയോ, ബിസിനസ് മാനേജറോ അല്ല. 'അവൻ' വെറും ഒരു ലോറി ഡ്രൈവർ, അല്ലെങ്കിൽ വെറും ഒരു കൂലിക്കാരൻ.

എന്നാൽ ഇങ്ഗ്ളിഷിൽ ഈ ആളുകളെല്ലാം ഒരേ വാക്ക് കോഡുകളിലാണ് നിർവ്വചിക്കപ്പെടുന്നത്. അതാണ് വ്യത്യാസം.

97. നാറുന്ന നിർവ്വചനം എങ്ങിനെ ഇങ്ഗ്ളിഷ് വാക്യത്തിൽ ഒളിപ്പിക്കുന്നു

യൂഎസ്ഏയിലെ കാപ്പിരികൾ രണ്ടുതരക്കാരാണ്. ഒന്ന്, പണ്ട് കാലങ്ങളിൽ അടിമകളായി വന്ന്, അവിടെ നിന്നും അതിഗംഭീരമായ ഇങ്ഗ്ളിഷ് സംവിധാനങ്ങളിൽ പരിശീലനം ലഭിച്ചവർ. രണ്ടാമത്, ഈ അടുത്തകാലങ്ങളിൽ ആഫ്രിക്കയിൽനിന്നും കയറിക്കൂടിയവർ. ഇവർക്ക് ഇങ്ഗ്ളിഷുമായി പലരീതിയിലുള്ള അനുവഭപരിചയമാണ് ഉള്ളത്. പലർക്കും ഇത് വളരെ കുറവ് മാത്രമേ ഉണ്ടായിരിക്കുള്ളു, യൂഎസ്ഏയിൽ കയറുന്നത് വരെ.

ഇതിന് സമാന്തരമായ പ്രശ്നം ഭൂഖണ്ഡ യൂറോപ്പിൽ നിന്നും വന്ന വെള്ളക്കാരും ഇങ്ഗ്ളിഷുകാരും തമ്മിൽ നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ചും, ഫ്രഞ്ചുകാരും, ജർമൻകാരും, സ്പെയ്നുകാരും മറ്റുമായി. ഇവർ പാരമ്പര്യമായി ഇങ്ഗ്ളണ്ടിനോട് പലരീതിയിൽ മത്സരിച്ചും പടവെട്ടിയും പരാജയപ്പെട്ടവരാണ്. എന്നാൽ യൂഎസ്ഏയിൽ തൊലിയുടെ നിറം വെളുത്തതായത് കൊണ്ടും, തൊലിക്ക് മറ്റ് നിറമുള്ള കാപ്പിരികളും, ഏഷ്യക്കാരും, മറ്റും ഉള്ളത് കൊണ്ടും ഇവരും ഇങ്ഗ്ളിഷ് പാരമ്പര്യക്കാരും തമ്മിലുള്ള വ്യത്യാസം പെട്ടന്ന് ശ്രദ്ധിക്കപ്പെടില്ല. എന്നാൽ, വാസ്തവത്തിൽ ഈ രണ്ടു പക്ഷവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്.

ഭൂഖണ്ഡ യൂറോപ്പുകർ ഇങ്ഗ്ളിഷുകാരെയും ഇങ്ഗ്ളണ്ടിനേയു താഴ്ത്തിപ്പറയുകയും മറ്റും ചെയ്യുമെങ്കിലും, ഇങ്ഗ്ളിഷുകാരോട് ഒട്ടിത്തന്നെയാണ് ഇവർ നിലനിൽക്കാൻ ആഗ്രഹിക്കുക. കാരണം, ഇങ്ഗ്ളിഷുകാരെ വിട്ട് സ്വതന്ത്രമായി നിന്നാൽ, ഇവരും കാപ്പിരികളും, ഏഷ്യക്കാരും തമ്മിൽ, നേരത്തെ സൂചിപ്പിച്ച ഇങ്ഗ്ളിഷ് പാരമ്പര്യങ്ങളുടെ കാര്യത്തിൽ വ്യത്യാസം കുറയും.

ഇവിടെല്ലാം ഉള്ള പ്രശ്നവും ഇങ്ഗ്ളിഷുകാർക്ക് ഒട്ടുംതന്നെ അറിയാത്തതുമായ കാര്യം, വ്യക്തികൾ ഫ്യൂഡൽ ഭാഷകളിൽ ഒരേ നിലവാരമുള്ള മനുഷ്യർ അല്ല എന്നുള്ളതാണ്. ഫ്യൂഡൽ ഭാഷകളിൽ 'അവൻ' എന്ന് നിർവ്വചിക്കപ്പെടുന്ന വ്യക്തി, 'അദ്ദേഹം' എന്ന് നിർവ്വചിക്കപ്പെടുന്ന വ്യക്തിയുമായി കാര്യമായ വ്യത്യാസം ഉള്ള ആളാണ്. ഇവർ രണ്ട് കൂട്ടരുടേയും വാക്കുകളും, പരിഹാസ വാക്കുകളും, മതിപ്പുളവാക്കുന്ന വാക്കുകളും വ്യക്തിപരമായ അടുപ്പവും, ബന്ധവും, നേത്രങ്ങൾ കോണ്ടുള്ള നോട്ടവും, ഉച്ചത്തിലുള്ള ചിരിയും, ഇവർ മനസ്സിൽ

ചിന്തിക്കുന്നതും മറ്റും മറ്റുവ്യക്തികളിൽ രണ്ട് തികച്ചും വ്യത്യസ്തമായ അനുഭവമാണ് ഫ്യൂഡൽ ഭാഷകളിൽ ഉളവാക്കുക.

ഈ രണ്ട് കൂട്ടരും (അവൻ & അദ്ദേഹം) ഇങ്ഗ്ളിഷിലേക്ക് കടന്ന് വന്ന് ഒരു സമൂഹത്തിലെ മാന്യനെക്കുറിച്ച് Where is he now? എന്നോ Where is she now? എന്നോ ചോദിച്ചാൽ, ശരിക്കും പറഞ്ഞാൽ രണ്ട് വ്യത്യസ്ത സാമൂഹിക അനുഭവമായിരിക്കും.

സാമൂഹിക മഹിമയുള്ള ആളും സാമൂഹിക നിലവാരമില്ലാത്ത ആളും ഈ വാക്കുകൾ 'അവൻ എവിടെയാണ് ഇപ്പോൾ?' എന്നോ 'അവൾ എവിടെയാണ് ഇപ്പോൾ?' എന്ന് മനസ്സിൽ പ്രോസസ് ചെയ്ത് കൊണ്ടാണ് ഈ വാക്കുകൾ ഇങ്ഗ്ളിഷിൽ ഉപയോഗിക്കുന്നത് എന്ന് കരുതുക. ആദ്യത്തെ ആൾ ഐഏഎസ്സുകാരൻ. രണ്ടാമത്തെ ആൾ ലോറി ലോഡ് ചെയ്യുന്ന ആൾ. പറയുന്നത് മറ്റൊരു ഐഏഎസ്സുകരനെക്കുറിച്ച്.

ആദ്യത്തെ ആളുടെ സംഭാഷണം, ഒരു പ്രത്യേക രീതിയിലുള്ള സമത്വത്തെ പ്രതിനിധീകരിക്കുന്നു. രണ്ടാമത്തെ ആളുടെ അതേ സംഭാഷണം, പരാമർശിക്കപ്പെടുന്ന ആളെ സാമൂഹികമായി നാറ്റുന്ന വാക്കുകളാണ്. എന്നാൽ ഈ സാമൂഹിക നാറ്റൽ, ഇങ്ഗ്ളിഷ് ഭാഷാകോഡുകൾ ആവരണം ചെയ്ത് മറ്റുള്ളവരിൽനിന്നും ഒളിപ്പിക്കുന്നു എന്നുമാത്രം. എന്നാൽ, നാറുന്ന വസ്തു പൊതിക്കുള്ളിൽ ഉണ്ട്.

ഇതാണ് ഇന്നുള്ള ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിൽ സംജാതമായിക്കൊണ്ടിരിക്കുന്ന സാമൂഹികാവസ്ഥ.

98. ഇങ്ഗ്ളിഷ് ഉപയോഗിക്കുന്ന മറ്റുള്ളവർ

ഈ എഴുത്തുകാരന് ഈ ഉപഭൂഖണ്ഡത്തിലെ പുരാണങ്ങളിലും ഐതിഹ്യങ്ങളിലും, ക്രൈസ്തവ കഥകളിലും, ഇസ്ലാമിക കഥകളിലും ചെറുതായുള്ള അറിവ് ഉണ്ട്. മാത്രവുമല്ല, ശാസ്ത്രം, ഗണിതം, ചരിത്രം, രാഷ്ട്രതന്ത്രം തുടങ്ങി മറ്റ് പലകാര്യങ്ങളിലും ചെറുതും വലുതുമായ കാര്യങ്ങൾ ചെറിയ രീതിയിലെങ്കിലും അറിയാം. ഇവയോടെല്ലാം താരതമ്യം ചെയ്യുമ്പോൾ, കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് പാരമ്പര്യങ്ങൾക്കും, സാഹിത്യത്തിനും, സാമൂഹിക ആശയവിനിമയത്തിനും കുടുംബ ബന്ധങ്ങൾക്കും വ്യക്തി സ്വാതന്ത്ര്യങ്ങൾക്കും മറ്റും ഒരു ഗുണമേന്മയുള്ള വ്യത്യാസം ഉണ്ട് എന്ന് ഉറപ്പിച്ച് പറയാനുള്ള വിവരം ഉണ്ട് എന്നാണ് പറയാൻ തോന്നുന്നത്.

മാത്രവുമല്ല, ഇവയെല്ലാത്തിനും ഒരു കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് പരിവേഷം വന്നുചേർന്നാൽ, അവയ്ക്ക് കാര്യമായ ഗുണമേന്മ വന്നുചേരും എന്നും ഒരു തോന്നൽ.

ഇനി പറഞ്ഞ് തീർക്കാനുള്ള ഒരു ചെറിയ കാര്യം കൂടിയുണ്ട്.

ഈ അവതാരികയിൽ ഇങ്ഗ്ളിഷ് എന്ന ഭാഷയെക്കുറിച്ച് നിരന്തരം പ്രതിപാദിച്ചിട്ടുണ്ട്. ഇങ്ഗ്ളിഷ് എന്നുള്ളതും, അത് പ്രതിനിധാനം ചെയ്യുന്നതുമായ സംസ്ക്കാരത്തെക്കുറിച്ച് ഏതാനും കാര്യങ്ങൾ പറയാനുണ്ട്.

ഭൂഖണ്ഡ യൂറോപ്പിന് തികച്ചും പുറത്തായുള്ള ദ്വീപായ ബ്യട്ടണിലെ ഇങ്ഗ്ളണ്ട് (England) എന്ന് പേരുള്ള പ്രദേശത്തിലെ പ്രാദേശിക ഭാഷയാണ് ഇങ്ഗളിഷ്. ബ്യട്ടണിൽ പാരമ്പര്യമായി മൂന്ന് മറ്റ് ഭാഷകൾ ഉണ്ട്. ഐറിഷുകാരുടെ ഐറിഷ് (Irish) ഭാഷയും, സ്ക്കോട്ലന്റ്കാരുടെ ഗാലിക്ക് (Gaelic) ഭാഷയും, വെൽഷ്ക്കാരുടെ വെൽഷും (Welsh). ഇവ മൂന്നും സെൽട്ടിക്ക് (Celtic) ഭാഷകളാണ്.

ഈ എഴുത്തുകാരന്റെ പൊതുവായുള്ള നിഗമനം ഇവ മൂന്നിനും ഫ്യൂഡൽ ഭാഷാ സ്വഭാവങ്ങൾ ഉണ്ട് എന്നതാണ്. ഈ നിരീക്ഷണത്തിനുള്ള കാരണം ഇവിടെ ഇപ്പോൾ കുറിച്ചിടുന്നില്ല.

കലർപ്പില്ലാത്ത ഇങ്ഗ്ളിഷ് ഭാഷ നൽകുന്ന സാമൂഹിക ശക്തിയും സാമൂഹിക മഹിമയും അതിഗംഭീരമാണ്. താരതമ്യേന ചെറിയ ദ്വീപായ ബ്രിട്ടണിനെ ഭൂഖണ്ഡ യൂറോപ്പിലെ വൻ രാജ്യങ്ങളായ സ്പെയിൻ, ഫ്രാൻസ്, ജർമനി തുടങ്ങിയ പലരും പലരീതിയിൽ കീഴ്പ്പെടുത്താൻ നോക്കിയിട്ടുണ്ടെങ്കിലും, ഈ ഭാഷ കലർപ്പില്ലാതെ നിലനിർത്തിയിരുന്നത് കൊണ്ട്, ഈ ശ്രമങ്ങളൊക്കെ, അവിടെയും, ലോകത്തെമ്പാടും പരാജയപ്പെടുകയാണ് ചെയ്തത്.

എന്നാൽ, ഇന്ന് ഇങ്ഗ്ളിഷ് എന്ന പേരിൽ പല ദേശക്കാരും പല രീതിയിൽ ഈ ഭാഷ പഠിക്കുന്നുണ്ട്. മാത്രവുമല്ല, യുഎസ്ഏയിൽ പുറത്ത് നിന്നും ഇങ്ഗ്ളിഷ് അറിയാത്തവർവരെ വന്ന് ഇങ്ഗ്ളിഷ് സംസാരിക്കുന്നുണ്ട്. ഇവരെല്ലാംകൂടി, കലർപ്പില്ലാത്ത ഇങ്ഗ്ളിഷിനെ ഞെക്കിപ്പിരിച്ച് അവരവരുടെ സാമൂഹിക കീഴ്വഴക്കങ്ങൾക്ക് അനുസൃതമായി ഘടനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ഇന്ത്യയിൽത്തന്നെ ഇങ്ഗ്ളിഷ് ഉപയോഗിക്കുന്നവരെ രണ്ട് കൂട്ടമായി തരംതിരിക്കാവുന്നതാണ്. ഒന്ന്, കലർപ്പില്ലാത്ത ഇങ്ഗ്ളണ്ടിലെ സാമൂഹീക ആശയവിനിമയ അന്തരീക്ഷത്തിന് അനുസൃതമായും, ആ ഭാഷയെ വികലപ്പെടുത്താതെയും ഉപയോഗിക്കുന്നവർ. ഇക്കൂട്ടരിൽ മിക്കവരും (അല്ലാത്തവരും ഉണ്ട്) ഇങ്ഗ്ളിഷ് ക്ലാസിക്കൽ സാഹിത്യവുമായി കാര്യമായി ബന്ധമുള്ളവരാണ്. മുൻകാല ഇങ്ഗ്ളണ്ടിനോട് മാനസികാടുപ്പം ഉള്ളവരാണ് ഇക്കൂട്ടരിൽ പലരും. ഈ പക്ഷം താരതമ്യേന അംഗംസംഖ്യയിൽ വളരെ കുറവാണ്.

രണ്ടാമത്തെക്കൂട്ടർ, ഇങ്ഗ്ളിഷിനെ വെറും ഒരു സാമൂഹിക പദവിയായും, സാമൂഹിക ഉന്നമന ആയുധമായും, തൊഴിൽ വേദിയിൽ ഉപയോഗിക്കാവുന്ന ഒരു പണിയായുധമായും ആണ് കാണുന്നത്. ഇവരിൽ ചിലരെല്ലാം (എല്ലാവരും അല്ല), പ്രാദേശിക ഭാഷയിലൂടെ പഠിച്ച് വളർന്ന് വന്ന്, പിന്നീട് ഇങ്ഗ്ളിഷ് പ്രാവീണ്യം നേടിയവരാണ്. ഇവർക്ക് ഇങ്ഗ്ളിഷ് ഭാഷയോട് പ്രത്യേകമായ കടപ്പാടോ, കൂറോ ഇല്ലതന്നെ. ഈ ഭാഷയ്ക്ക് എന്ത് സംഭവിച്ചാലും വലിയ മനപ്രയാസം ഇവർക്കില്ലതന്നെ. ഇവരിൽ പലരും അവരുടെ പാരമ്പര്യ ഭാഷയിലെ അസഭ്യവാക്കുകൾ വളരെ ലാഘവത്തോടുകൂടി ഉപയോഗിക്കാൻ സഹായിക്കുന്ന ഒരു സൌകര്യമായിട്ടാണ് ഇങ്ഗ്ളിഷിനെ കാണുന്നത്.

എന്നാൽ കലർപ്പില്ലാത്ത ഇങ്ഗ്ളിഷിൽ ഈ വക പദപ്രയോഗങ്ങൾ ഒരു തരം 'ഹറാം' തന്നെയായിരുന്നു.

ഇസ്ലാം വിശ്വാസികൾ മക്കത്തിനെ കാണുന്നത് പോലെയാണ് ആദ്യ പക്ഷം കലർപ്പില്ലാത്ത ഇങ്ഗ്ളണ്ടിനെ കാണുന്നത്. അതേ സമയം രണ്ടാം കൂട്ടർക്ക് ഇങ്ഗ്ളണ്ട് (എന്നുള്ളത് ഇടിച്ച് താഴ്ത്തിപ്പറയാനും, ഇടിച്ച്കയറി വിക്രിയങ്ങൾ കാട്ടാനും ഉള്ള ഒരു സൌകര്യപ്രദമായ വേദിയാണ്.

99. ഫ്യൂഡൽ ഭാഷകളിലെ സാമൂഹിക പരിവർത്തകരുടെ ഉള്ളിലിരിപ്പ്

ഈ അവതാരികയുടെ അന്ത്യത്തിൽ എത്തിനിൽക്കുന്ന അവസരത്തിൽ ഫ്യൂഡൽ ഭാഷകളെക്കുറിച്ചുള്ള പലതരം ചിന്തകൾ, ഈ അവതാരികയിൽ ഇടംതേടിനടക്കുന്നതായി മനസ്സിലാക്കുന്നു. എന്നാൽ, അവയെ എല്ലാംതന്നെ ഈ ഇടത്തിലേക്ക് കയറാൻ അനുവദിച്ചാൽ, ഈ അവതാരിക അനന്തമായി മുന്നോട്ട് നീങ്ങും.

ഫ്യൂഡൽ ഭാഷകളെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ എങ്ങിനെയാണ് കൈകാര്യം ചെയ്യുന്നത് എന്നത് കൂടി പരിശോധിച്ച്, ഈ അവതാരികയുടെ അറ്റം കണ്ടെത്തുകയാണ്.

ജനങ്ങളെ നന്നാക്കുക എന്ന ഉദ്യമം പൊതുവായിത്തന്നെ ഫ്യൂഡൽ ഭാഷകളിൽ ഒരു ചെറിയ കാപട്യത്തോട് കൂടിയാണ് നിലകൊള്ളുന്നത്. ആരേയും നന്നാക്കാൻ ഉദ്യമിക്കുന്ന ഏതൊരാളും, നന്നാക്കപ്പെടുന്നവരിൽ നിന്നും ചെറുതായൊന്ന് ഉയർന്നോ വിട്ടോ നിൽക്കുന്നതാണ് ഫ്യൂഡൽ ഭാഷകളിൽ അഭികാമ്യം.

ഇങ്ങിനെ ചെയ്യില്ലെങ്കിൽ, താഴെനിന്ന് ഉയർന്നുവരുന്നവർ, അവരെ ഉയർത്തിയവരെ കടത്തിവെട്ടുകയും, ഉയർത്തിയവരുടെ സ്വന്തമായുള്ള പ്രദേശങ്ങൾ കൈയടക്കുയും, അവരുടെ തരംതാണ പെരുമാറ്റരീതികൾ ഉയർത്തിയവരുടെയും അവരുടെ സ്വന്തക്കാരുടേയും മേൽ സ്ഥാപിക്കുകയും ചെയ്യും.

ഈ വിവരം ഫ്യൂഡൽ ഭാഷക്കാർക്ക് നന്നായി അറിവുള്ളതിനാൽ, അവർ സ്വന്തം ബഹുമാനവും, ഉയർത്തപ്പെടുന്നവരുടെ അടിയാളത്തവും ഉറപ്പ് വരുത്തിയതിന് ശേഷമേ ഈ പ്രകാരമുള്ള പരോപകാരത്തിന് ഉദ്യമിക്കുള്ളു. ഉദാഹരണത്തിന്, സ്വന്തം പേരിന് പിന്നിൽ എന്തെങ്കിലും ബഹുമാന വാചകമായ ജീ, ചേട്ടൻ, ഭായി, സ്വാമി (പേരിന് മുന്നിലും), സ്വാമികൾ, ഗുരു (പേരിന് മുന്നിലും), അച്ഛൻ, ഇക്ക, അണ്ണൻ, മാഷ്, സാറ്, മാഡം, അമ്മ, മാതാവ്, ദേവി, തിരുമേനി, മഹാത്മ (പേരിന് മുന്നിൽ) തുടങ്ങിയ പദപ്രയോഗങ്ങൾ ആദ്യം തന്നെ പൊതുജന മനസ്സിൽ സ്ഥാപിക്കും.

അതോടൊപ്പം തന്നെ, ഇവർ നന്നാക്കുന്നവരെ 'നീ', 'തൂ', 'അവൻ', 'അവൾ', 'മോൻ', 'മോള്', 'കുട്ടി', വെറും പേര് തുടങ്ങിയ രീതിയിൽ സ്ഥാപിക്കും.

"ഞാൻ ദിവ്യൻ, നീ അടിയാളൻ" എന്ന സാമൂഹിക കോഡ് ഈ വിധ ബന്ധങ്ങളിൽ നിലനിൽക്കും.

പൊതുവായിപ്പറഞ്ഞാൽ, ഇങ്ഗ്ളിഷുകാർ ഇത്യാദി പരോപകാര പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ, ഈ ഒരു ആവശ്യകതയെക്കുറിച്ച് സാധാരണഗതിയിൽ ബോധവാന്മാരല്ല. എന്നിരുന്നാലും, കൊളോണിയൽ കാലഘട്ടത്തിൽ, ഫ്യൂഡൽ ഭാഷാ പ്രദേശങ്ങളിൽ ജീവിക്കുന്ന അവസരങ്ങളിൽ, ഇവരുടെ കീഴിൽ തൊഴിൽ ചെയ്തിരുന്ന പ്രാദേശിക ജീവനക്കാർ ഇത്യാദികാര്യങ്ങൾ ഉറപ്പ് വരുത്തിയിരുന്നു.

ഉദാഹരണത്തിന്, ഹിന്ദിയിൽ 'സാബ്' എന്നും 'മേംസാബ്' എന്നുമുള്ള പ്രാദേശിക ബഹുമാന സൂചകവാക്കുകൾ ഇവർക്ക് നൽകപ്പെടാൻ ഇക്കൂട്ടർ മെനക്കെട്ടിരുന്നു. ഇത് ഭാഷാകോഡുകളിലെ ഒരു ആവശ്യകതായണ്. മലയാളത്തിൽ 'സായിപ്പ്', 'മദാമ', 'മദാമക്കുട്ടി' എന്ന പ്രയോഗങ്ങൾ ഈ രീതിയിൽ ഉപയോഗപ്പെട്ടിരുന്നു എന്നു തോന്നുന്നു. മലബാറിയിൽ എന്തായിരുന്നു വാക്കുകൾ എന്ന് അറിയില്ല. ചിലപ്പോൾ മലയാളത്തിലും, മലബാറിയിലും ഒരേ പദങ്ങളായിരിക്കും, ഇപ്രകാരം ഉപയോഗിക്കപ്പെട്ടിരുന്നത്. മലബാറും മെഡ്രാസും ആയിരുന്നു കൂടുതൽ അടുപ്പം എന്നതിനാൽ, തമിഴിലെ പദങ്ങളും മലബാറിൽ ഉപയോഗിച്ചിട്ടുണ്ടാവാം.

മാത്രവുമല്ല, ഫ്യൂഡൽ ഭാഷക്കാരിൽ നിന്നും വിട്ടുനിൽക്കാനായുള്ള ഒരു ഇടത്തിനായി ഇങ്ഗ്ളിഷുകാർ പലപ്പോഴും അന്യപ്രവേശനമില്ലാത്ത (exclusive) ഇടങ്ങൾ സ്ഥാപിച്ചിരുന്നു. ഉദാഹരണത്തിന്, അവർക്ക് മാത്രമായുള്ള ക്ളബ്ബുകൾ, കടലോരങ്ങൾ (Beaches) തുടങ്ങിയ സ്ഥലങ്ങൾ. ഇത് പലപ്പോഴും മറ്റ് തൊക്കിന് വെള്ള നിറമുള്ളവരുമായി അവർ പങ്കിടേണ്ടിവന്നിട്ടുണ്ട്. ഈ കാരണത്താൽ പലപ്പോഴും ഇവ വർണ്ണവിവേചനത്തിന്റെ പ്രതീകങ്ങളായി സുചിപ്പിക്കപ്പെട്ടിട്ടുണ്ട്. കാരണം, പല ഭൂഖണ്ഡ യൂറോപ്യൻ വംശജരുടെ ഭാഷകളിലും ഫ്യൂഡൽ കോഡുകൾ ഉണ്ട് എന്നാണ് തോന്നുന്നത്. എന്നാൽ ഇക്കൂട്ടർ ഇങ്ഗ്ളിഷുകാരോട് ഒട്ടിയാണ് നിൽക്കാൻ താൽപ്പര്യപ്പെടുക.

എന്നാൽ, ഗാഢമായി ചിന്തിച്ചാൽ, അന്യപ്രവേശനമില്ലാത്ത (exclusive) ഇടങ്ങളിൽ വലിയ ഒരു പ്രശ്നം കാണേണ്ടതില്ല. ഈ ഉപദ്വീപിൽത്തന്നെ

പലവിധ ജാതിക്കാരും തൊഴിലുകാരും, സാമൂഹികാധിപന്മാരും, സർക്കാർ ഉദ്യോഗസ്ഥരും മറ്റും അവർക്ക് മാത്രമായുള്ള ക്ളബ്ബുകളും, പലരീതിയിൽ വിവേചനം ചെയ്ത് ആളുടെ തരംതിരിച്ച്, തിരഞ്ഞെടുത്ത് അംഗത്വം നൽകുന്ന വേദികൾ ഉണ്ട്. ഇവയിലേക്കൊന്നും മറ്റാർക്കും ഇടിച്ച് കയറാൻ വലിയതാൽപ്പര്യം ഇല്ലതന്നെ. കാരണം, മറ്റുള്ളവർ ഇങ്ങിനെ സ്വാഗതമില്ലാതെ കയറിച്ചെന്നാൽ, അവിടുള്ള ചെറുകിട തൊഴിലുകാരുടെവരെ തരംതാണ വാക്കുകൾ ശ്രവിക്കേണ്ടിവരും.

എന്നാൽ ഇങ്ഗ്ളിഷുകാരുടെ പ്രദേശങ്ങളിൽ കയറിച്ചെന്നാൽ, അവർകാണിച്ചേക്കാവുന്ന വർണ്ണവിവേചനമോ, മറ്റേതെങ്കിലും വിവേചനമോ, അവിടങ്ങളിലേക്ക് പ്രവേശിക്കാനുള്ള ക്രാന്തിയെ ഇല്ലാതാക്കില്ല. മറിച്ച് അതിനെ അധികരിപ്പിക്കുകയാണ് ചെയ്യുക.

അതേ സമയം, ഫ്യൂഡൽ ഭാഷക്കാരുടെ ഇത്യാദി ഇടങ്ങളിൽ ഏതെങ്കിലും ആൾ ഇടിച്ച് കയറിച്ചെന്നാൽ, ബഹുമാനം നൽകാതെ, അവിടുത്തെ ഏതെങ്കിലും പണിക്കാരൻ ഒന്ന് സംബോധന ചെയ്താൽ, അവിടുന്ന ജീവനുംകൊണ്ട് ഓടി മറയാനുള്ള പ്രേരണ വരും. ഈ സംബോധന മറ്റാരെങ്കിലും കേട്ടോ, കണ്ടോ എന്നതും മനസ്സിനെ വിഷമിപ്പിക്കും.

നൂറ് കണക്കിന് കടലോരങ്ങൾ വേറെയുണ്ടെങ്കിലും, ഇങ്ഗ്ളിഷുകാർ അവർക്ക് സ്വന്തമായി വെച്ചിട്ടുള്ള കടലോരങ്ങളിൽ പ്രവേശനമില്ല എന്നുള്ളത് ഒരു വലിയ മനോവേദനയായി പ്രഖ്യാപിക്കപ്പെടും. എന്നാൽ വാസ്തവത്തിൽ, പണം ഉള്ളവൻ, ഇല്ലാത്തവൻ എന്ന വൻ വിവേചനത്താൽ എത്രയോ വേദികളിലേക്ക് ഒരു വൻകൂട്ടം ജനങ്ങൾക്ക് പ്രവേശനം ഇല്ലാ എന്നുള്ളത് ആരും തന്നെ ശ്രദ്ധിക്കുന്നില്ലതന്നെ.

പണ്ട് കാലങ്ങളിൽ ബ്രാഹ്മണ ക്ഷേത്രങ്ങളിൽ ബ്രാഹ്മണരല്ലാത്തവർക്കും മറ്റും പ്രവേശനം അനുവദിച്ചിരുന്നില്ല. വാസ്തവം പറയുകയാണെങ്കിൽ, മറ്റ് ജനക്കൂട്ടങ്ങൾക്ക് സ്വന്തമായുള്ള ദേവീ ദേവന്മാരും ആരാധനാ ഇടങ്ങളും ഉണ്ടായിരുന്നു. എന്നിട്ടും, അവർക്ക് ബ്രാഹ്മണ ക്ഷേത്രങ്ങളിൽ പ്രവേശനം ഇല്ലാ എന്നുള്ളതാണ് പ്രശ്നമായിക്കണ്ടത്. സ്വന്തം ആരാധനായലങ്ങൾക്ക് ഗുണമേന്മയുടെ മുതൽക്കൂട്ട് നൽകാൻ ആവാത്തതാവാം ഇതിനുപിന്നിലെ ചേതോവികാരം.

ഈ മനോവികാരവും ഫ്യൂഡൽ ഭാഷകൾ തരംതാഴ്ത്തുന്നവരിൽ അധമ ഭാവം കയറ്റിവിടുന്നതിന്റെ ഉദാഹരണം ആവാം.

100. ബിലാത്തിയുമായൊരു ബന്ധത്തിന്റെ മെച്ചം

വെറും പേര് അപകടകരമായ അവസ്ഥയാണ്. ഉദാഹരണത്തിന് 'ബാലൻ' എന്ന പേരിന്റെ പിന്നിൽ ഏട്ടൻ, അമ്മാവൻ, സാർ, മാഷ് തുടങ്ങിയ പദപ്രയോഗങ്ങൾ ഒരു മതിൽക്കെട്ടായി ഇല്ലായെങ്കിൽ, ആ ആളുടെ ബഹുമാനവും, വ്യക്തിത്വവും പൊതുജന മനസ്സിൽ, ഉരുണ്ട് നിലംപതിക്കും. നേരെ 'അവൻ', 'നീ', 'എടാ', 'എന്താടാ' തുടങ്ങിയവ വാക്കുകൾ വിഹരിക്കുന്ന അഗാധ ഗർത്തത്തിലേക്ക് ആ ആൾ ഉരുണ്ട് വീഴാൻ സാധ്യത ഏറും. ഈ അത്യന്താപേക്ഷിതമായ സുരക്ഷാ കവചത്തെക്കുറിച്ച് ഇങ്ഗ്ളിഷുകാർക്ക് യാതോരു അറിവും ഇല്ലാ എന്നുള്ളത് തന്നെ അവരുടെ ശുദ്ധ മനസ്സിന്റെ വിവരക്കേടാണ്.

ഇവിടെ പ്രതിപാദിക്കാൻ പോകുന്നത്. മതങ്ങളും ആത്മീയ നേതാക്കളും ഈ കാര്യങ്ങളെ എങ്ങിനെയാണ് നേരിട്ടത് എന്നതാണ്. വേഷ വിധാനങ്ങളിലും, വാസസ്ഥലത്തിനും ഒരു ഗാംഭീര്യം ഉള്ളത്, പിടിച്ചുവാങ്ങേണ്ടുന്ന ബഹുമാന വാക്ക് കോഡുകൾക്ക് ഊക്ക് നൽകും. ചിലർ കുടുംബപരമായ ബന്ധങ്ങൾ ഉപയോഗിക്കും.

ഇങ്ഗ്ളിഷ് കൊളോണിയൽ കാലഘട്ടത്തിൽ ഈ ഉപദ്വീപിലെ പല ആദ്ധ്യാത്മിക പ്രസ്ഥാന നേതാക്കുളും ഇങ്ഗ്ളണ്ടിൽ ജീവിച്ചിട്ടുണ്ട് എന്ന ഒരു കാര്യം സ്ഥാപിക്കും. (ഭൂഖണ്ഡ യൂറോപ്പിലാണ് ജീവിച്ചതെങ്കിലും ഇങ്ഗ്ളണ്ടിലാണ് എന്ന പ്രതീതി നാട്ടിൽ ജനിക്കും. പലർക്കും ഇങ്ഗ്ളണ്ടും ഭൂഖണ്ഡ യൂറോപ്പും തമ്മിൽ ആനയും ആടും തമ്മിലുള്ള വ്യത്യാസം ഉണ്ട് എന്ന അറിവില്ലായിരുന്നു.)

അമേറിക്കയിൽ പോയിട്ടുണ്ട് എന്ന പ്രശസ്തി നേടിയാലും ഇതുപോലുള്ള അവസ്ഥതന്നെ.

പലരും ഇങ്ഗ്ളണ്ടിലോ അമേരിക്കയിലോ പോയി, അവിടുള്ള വെളുത്ത വർഗ്ഗക്കാരിൽപെട്ട ഏതെങ്കിലും സ്ത്രീകളെ തങ്ങളുടെ പദ്ധതിയുമായി ബന്ധപ്പെടുത്തും. ഈ വിവരവും ഈ ഉപഭൂഖണ്ഡത്തിൽ, കരുതിക്കൂട്ടിയല്ലാ എന്ന ഭാവത്തിൽ, സ്വന്തം പേരിനോടൊപ്പം പ്രചരിപ്പുക്കും. പലപ്പോഴും ഈ വിധ അടുപ്പം, വെറും ഔപചാരികമാണെങ്കിൽപ്പോലും, ഫോട്ടോവിലൂടെയും ശബ്ദരേഖകളിലൂടെയും നാട്ടുകാരുടെ ശ്രദ്ധയിൽ വരുത്തും. ചിലർ സ്വന്തം പത്രവും മാസികളും പ്രസിദ്ധീകരിച്ച്

ഉയരങ്ങളിലും, ബിലാത്തിയിലും ഉള്ള തങ്ങളുടെ ബന്ധങ്ങളെ നിത്യവും പൊതുജനത്തെ അറിയിച്ചുകൊണ്ടിരിക്കും.

സിലോൺ, ബർമ, മറ്റ് ഏഷ്യൻ പ്രദേശങ്ങൾ, ആഫ്രിക്കൻ പ്രദേശങ്ങൾ തുടങ്ങിയ ഇടങ്ങളിലും ആളുകൾ ഈ ഉപഭൂഖണ്ഡത്തിൽ നിന്നും പോയിട്ടുണ്ടെങ്കിലും, മുകളിൽപ്പറഞ്ഞ കാര്യങ്ങൾ ഇക്കൂട്ടർക്ക് ലഭിച്ചിരുന്നില്ല. ഈ ഉപഭൂഖണ്ഡത്തിലെ ധനികർക്ക് മാത്രമേ ഇങ്ഗ്ളിഷ് രാഷ്ട്രങ്ങളിലും, യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും പോയി ഈ വിധം പ്രശസ്തി സാധാരണ ഗതിയിൽ പ്രാപ്യമായിരുന്നുള്ളു.

ഇവിടെ ഓർമ്മിക്കേണ്ടത്, 1917ൽ ബ്യട്ടിഷ്-ഇന്ത്യൻ രൂപയുടെ മൂല്യ 5 മുതൽ 7 യൂഎസ്സ് ഡോളറായിരുന്നു. ഈ പാതയിലൂടെ കണക്ക് കൂട്ടിയാൽ, അന്നത്തെ 100 ബ്യട്ടിഷ്-ഇന്ത്യൻ രൂപയുടെ മൂല്യം ഇന്നതെ ഏതാണ്ട് 47000 രൂപയ്ക്ക് അടത്ത് വരും. 700 ഡോളിറിന് ഇന്ന് ഏതാണ്ട് ആ മൂല്യം ഉണ്ട്. ഈ ഉപഭൂഖണ്ഡത്തിലെ ധനികർ ഇങ്ഗ്ളണ്ടിൽ പോയാൽ, അവിടെ അമിത ധനികരായി മാറുന്നു.

ഇങ്ഗ്ളണ്ടിൽ ജീവിച്ചിട്ടുള്ള ആൾ, ബ്യട്ടിഷ്-ഇന്ത്യയിൽ ഭരണം നടത്തുന്ന ഇങ്ഗ്ളിഷ് ഉദ്യോഗസ്ഥരെ പേര് വിളിച്ച്കൊണ്ട് അവരോട് സംസാരിക്കാൻ കെൽപ്പുള്ള ആളാണ്. അത് തന്നെ പൊതുജന മനസ്സിൽ, ഇവർക്ക് ബഹുമാനം നൽകണം എന്ന പ്രതീതി ജനിപ്പിക്കും. ആദരിക്കപ്പെടുന്ന ആളുടെ വാക്കുകൾക്ക് വിലയുണ്ട്. അതില്ലാത്ത ആളുടെ വാക്കുകൾക്ക് ദിവ്യത്വം കുറയും.

ഈ മുകളിൽ സൂചിപ്പിച്ചവരിൽ ഒരു വ്യത്യസ്തനായി നിലകൊള്ളുന്നത് രാജാറാം മോഹൻ റോയ് (Raja Ram Mohan Roy) മാത്രമാണ് എന്നാണ് തോന്നുന്നത്. ഇങ്ഗ്ളണ്ടിലേക്ക് കുതിച്ച് ഓടി എത്തിയത്, അതിഗംഭീരമായ ഒരു സാമൂഹിക വിപത്തിനെ നിർത്താനായിട്ടാണ് : സതി. സ്ത്രീകളെ ജീവനോട് കൂടി കത്തിക്കുന്നത് നിർത്തലാക്കാൻ പാടില്ല എന്നുള്ള ആവശ്യവുമായി ഇങ്ഗ്ളണ്ടിലേക്ക് പോയ പ്രാദേശിക ദൌത്യസംഘത്തിന്റെ വാദഗതികൾക്ക് എതിരായും ഈ ഉപഭൂഖണ്ഡത്തിൽ സാമൂഹിക അഭിപ്രായം ഉണ്ട് എന്ന് ബ്യട്ടിഷ് പാർലമെന്റിനെ ഇദ്ദേഹമാണ് അറിയിച്ചത്.

'സതി' എന്ന ഭീകര ആചാരാനുഷ്ഠാനത്തെ ഉടൻ അടിച്ചമർത്തണമെന്ന് ഇങ്ഗ്ളിഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക്, ഇതോടെ ബ്യട്ടിഷ് പാർലമെന്റ്

കൽപന നൽകി. ഈ ഉപഭൂഖണ്ഡത്തിലെ പ്രാദേശിക ആചാരങ്ങളിൽ ഇടപെടില്ലാ എന്ന നയമാണ് കമ്പനി അതുവരെ എടുത്തിരുന്നത്.

101. ദൈവവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സംഭാഷണങ്ങൾ

പൊതുവായിപ്പറഞ്ഞാൽ, ദൈവത്തെ 'നീ' എന്നാണ് സംബോധന ചെയ്ത് കാണുന്നത്. അതിൽ ദൈവത്തിന് പരാതിയില്ലാ എന്ന് അനുമാനിക്കാം. കാരണം, ഈ വിധ വാക്ക് കോഡുകൾ ദൈവത്തെ ബാധിക്കില്ലാ എന്ന് തോന്നുന്നു. സമുദ്രത്തെ ചാട്ടവാറ് കൊണ്ട് പ്രഹരിച്ചാൽ, സമുദ്രത്തിന് അത് ഏശില്ലാ എന്നത് പോലെ.

അതേ സമയം 'അങ്ങ്' എന്ന വാക്കും ഉപയോഗിച്ച് കാണുന്നുണ്ട്. ഇതിനെക്കുറിച്ച് കൂടുതലായി അറിയില്ല. മുത്തപ്പൻ വെള്ളാട്ടത്തെ ആരും 'നീ' എന്ന് സംബോധന ചെയ്ത് കണ്ടില്ല. ഇങ്ങിനെ ചെയ്യാറുണ്ടോ എന്ന് അറിയില്ല.

ഇങ്ഗ്ളിഷിൽ ദൈവത്തെ പരാമർശിക്കുമ്പോൾ He, Him എന്ന വാക്കുകൾ ഉപയോഗിക്കുമ്പോൾ H വലിയക്ഷരത്തിലാണ് എഴുതുക. ഈ കാര്യം ഇങ്ഗ്ളിഷ് ഭാഷയിൽ വന്നത് ഏത് സ്വാധീനത്തിൽ നിന്നും ആണ് എന്ന് അറിയില്ല.

ബ്രാഹ്മണമത (ഹൈന്ദവ മത) ദൈവങ്ങളെ 'നീ' എന്ന് തന്നെയാണ് പ്രാർത്ഥനയിൽ സംബോധന ചെയ്യാറ് എന്നാണ് അറിയുന്നത്. യഥാർത്ഥത്തിൽ ഈ 'നീ' എന്ന സംബോധന ആത്മ മിത്രത്തോടുള്ള സംബോധന പോലെയാണ്. മാനസിക അടുപ്പത്തിന്റെയും സ്നേഹ ബന്ധത്തിന്റേയും പ്രതീകാത്മകതയാകാം. എന്നാൽ ഈവിധമുള്ള സംബോധന മനുഷ്യർ തമ്മിലുള്ള പ്രണയങ്ങളിൽ ദിശാഘടകാംശം നിയന്ത്രിക്കാനിടയുണ്ട്.

സംസ്കൃതത്തിന് കാര്യമായ ഫ്യൂഡൽ (ഉച്ചനീചത്വ) ചുവയുണ്ട് എന്നതിനാൽ, ഹൈന്ദവ ആദ്ധ്യാത്മിക നേതാക്കളും ദിവ്യവ്യക്തികളും ഇതിന് അനുസൃതമായാണ് ഗുരു-ശിക്ഷ്യബന്ധം വിളർത്തിയത് എന്ന് തോന്നുന്നു.

ആരാധനാ മൂർത്തികളുടെ പേരിന് മുന്നിലായി 'ശ്രീ' എന്ന പദം പലപ്പോഴും ഉപയോഗിച്ച് കാണുന്നുണ്ട്.

കൃസ്ത്യൻ മതം യഥാർത്ഥത്തിൽ ഒരു പടിഞ്ഞാറൻ ഏഷ്യൻ മതമായതിനാൽ, ഈ ഫ്യൂഡൽ ഭാഷകളുടെ സ്വാധീനമുണ്ടായിരുന്നില്ലെ

എന്നൊരു സന്ദേഹം. വിശുദ്ധ ബൈബിൾ (പഴയ നിയമം Old Testament) ഹീബ്രുവിലാണ് എഴുതപ്പെട്ടത് എന്നാണ് തോന്നുന്നത്.

യഹൂദന്മാരുടെ മതവിശ്വാസങ്ങളുമായി ബൈബിൾ പഴയനിയമത്തിന് കാര്യമായ ബന്ധമുണ്ട് എന്ന്തോന്നുന്നു. യഹൂദരുടെ പാരമ്പര്യ ഭാഷയായ ഹീബ്രുവിന് ഫ്യൂഡൽ പരിവേഷമാണോ, അതോ പരന്ന കോഡുകളാണോ ഉള്ളത് എന്ന് അറിയില്ല. എന്നാൽ, അവരുടെ ഭാഷാ കോഡുകൾ അവരുടെ ചരിത്രത്തെ കാര്യമായി ബാധിച്ചിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്.

യഹൂദരുടെ ലോകൈകമായിട്ടുള്ള അനുഭവത്തെ വിലയിരുത്തണമെങ്കിൽ അവരുടെ പാരമ്പര്യ ഭാഷയിലെ കോഡുകൾ കൂടി പരിശോധിക്കേണ്ടതാണ് എന്നാണ് തോന്നുന്നത്. പാലസ്ത്തീൻ പ്രദേശം യഹൂദന്മാർ കൈയ്യേറി ഇസ്റായേൽ എന്ന രാജ്യം ഉണ്ടാക്കുന്നതിന് മുൻപ്, യഹൂദരെ ഏറ്റവും കൂടുതൽ വെറുപ്പോട് കൂടി വീക്ഷിച്ചിരുന്നത് യൂറോപ്പിലെ ജനതയായിരുന്നു. ഇതിന്റെ കാരണം അറിയില്ല. ഭാഷാ കോഡുകൾ പരിശോധിച്ചാൽ, കാരണം മിക്കവാറും വ്യക്തമായി ദൃഷ്ടിക്കാൻ കഴിഞ്ഞേക്കാം.

ഈ എഴുത്തുകാരൻ വളരെ ചെറുപ്പകാലത്ത്, ഇങ്ഗ്ലിഷ് ക്രിസ്ത്യാനിറ്റിയുടെ ചുറ്റുപാടുകൾ ചെറുതായി അനുഭവിച്ചറിഞ്ഞിരുന്നു. ഇത് ആങ്ഗ്ളോ-ഇന്ത്യൻ ക്രിസ്ത്യാനികളുടെ സാമീപ്യത്തിൽനിന്നുമാണ്. ഇന്ന് ഇങ്ങിനെ ഒരു സാമൂഹിക പ്രസ്ഥാനം തന്നെ ഈ നാട്ടിൽ നിന്നും തുടച്ച് മാറ്റപ്പെട്ടിട്ടുണ്ട്.

കൃസ്ത്യാനികൾ ലോകത്തിന്റെ പലദിക്കിലും ഉണ്ട്. ഇങ്ഗ്ലിഷ് രാജ്യങ്ങളിൽ അല്ലാതെ മറ്റെവിടെയെങ്കിലും ഇങ്ഗ്ലിഷ് ക്രിസ്ത്യാനിറ്റി നിലവിൽ ഉണ്ടോ എന്ന് അറിയില്ല. അനുഭവം വച്ച് പറയുകയാണെങ്കിൽ, ഫ്യൂഡൽ ഭാഷകളിൽ പ്രവർത്തിക്കുന്ന ക്രിസ്ത്തീയ മതവും ഇങ്ഗ്ലിഷിൽ പ്രവർത്തിക്കുന്ന ക്രിസ്ത്തീയ മതവും തമ്മിൽ മാനസിക ഭാവത്തിൽ വലിയ ബന്ധം ഇല്ലാ എന്നാണ് തോന്നുന്നത്.

മലയാളത്തിൽ യേശുവിനെ 'അവൻ' എന്നാണ് ആദ്ധ്യാത്മിക വേദികളിൽ പരാമർശിക്കുന്നത് എന്നാണ് തോന്നുന്നത്. എന്നാൽ, പൊതുവേദികളിൽ ഈ ഒരു വാക്ക് പ്രയോഗം അനുചിതമായേക്കാം. യേശുവിനോട് പ്രാർത്ഥിക്കുമ്പോഴും, 'നീ' എന്നാണ് ഉപയോഗിക്കുന്നത് എന്ന് തോന്നുന്നു.

'നിങ്ങൾ' എന്ന പ്രയോഗം അതീവ അരോചകമാകും. എന്നാൽ 'അങ്ങ്' എന്ന പ്രയോഗത്തിൽ പ്രശ്നമില്ലാ എന്ന് തോന്നുന്നു.

102. ഫ്യൂഡൽ ഭാഷകളും ഇസ്ലാമും

ഇസ്ലാം മതസ്ഥരുടെ വിശുദ്ധ ഖുറ്ആൻ അറബി ഭാഷയിലാണ് എന്ന് കാണുന്നു. അറബി ഭാഷയ്ക്ക് ഫ്യൂഡലിസം (ഉച്ചനീച്ത്വ കോഡുകൾ) കുറവാണ് എന്നാണ് പൊതുവായി ലഭിച്ച വിവരം. എന്നാൽ, അറബികളിൽ കാര്യമായ സാമൂഹിക പ്രശ്നങ്ങൾ ഉണ്ടായിരുന്നതായി കാണുന്നു. ഇത് പ്രവാചകനായ മുഹമ്മദിന്റെ ജീവിതം വായിക്കുമ്പോൾ കാണുന്നുണ്ട്.

അറബി ഭാഷയിൽ സാമൂഹിക ആശയവിനിമയത്തിൽ പിശകായിട്ടുള്ളത് എന്താണ് എന്ന് അറിയില്ല. എന്നാൽ ഭാഷാ കോഡുകൾ പരിശോധിച്ചാൽ പിശകുണ്ടെങ്കിൽ അത് കണ്ടെത്താനായേക്കാം. എന്നാൽ, ചുറ്റുമുള്ള ഫ്യൂഡൽ ഭാഷക്കാരുടെ സ്വാധീനം സംസാര-അറബിയിൽ നിഴലിക്കുന്നുണ്ടാവാം. ഫ്യൂഡൽ ഭാഷക്കാർ ചുറ്റും ഉള്ളപ്പോൾ, അവരുടെ ഇടയിലെ സാമൂഹിക ഉച്ചനീചത്വങ്ങളെ ഉൾക്കൊള്ളാൻ ഭാഷയിലെ വാക്ക്-കോഡുകളിൽ മാറ്റം സംഭവിക്കും.

ഇത് ഇങ്ഗ്ളിഷിലും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്.

പ്രവാചകനായ മുഹമ്മദിന്റെ ജീവചരിത്രം ഒരു മലയാളി എഴുത്തുകാരൻ ഇങ്ഗ്ളിഷിൽ എഴുതിയതിൽ, ഇങ്ഗ്ളിഷ് വാക്യങ്ങളുടെ ഗുണമേന്മ വരുത്താനായി ഈ എഴുത്തുകാരൻ പ്രവർത്തിച്ചിട്ടുണ്ട്. അന്നാണ് പ്രവാചകനെക്കുറിച്ച് കാര്യമായ വിവരം ലഭിച്ചത്.

ഈ അവസരത്തിലാണ്, പല രീതിയിലും ഉച്ചനീചത്വ കോഡുകളോട് താദാത്മ്യത്തിലാവാൻ പ്രവാചകൻ താൽപ്പര്യം കാണിക്കാത്ത കാര്യം ശ്രദ്ധയിൽ വന്നത്. ഇത് തികച്ചും ഒരു ആശ്ചര്യകരമായ കാര്യമായിട്ടാണ് തോന്നിയത്.

താൻ കയറി വരുമ്പോൾ, വലിയ ആൾ വരുന്നു എന്ന ഭാവത്തിൽ അടിയാളത്തം സൂചിപ്പിക്കുന്ന രീതിയിൽ എഴുന്നേൽക്കരുത് എന്ന് പ്രവാചകന്റെ തന്നെയുള്ള താക്കീത് ഉണ്ടായിരുന്നു എന്ന് കാണുന്നു. ഈ കാര്യം വാസ്തവത്തിൽ ഇങ്ഗ്ളിഷ് ഭാഷാ ചട്ടങ്ങൾക്ക് താദാത്മ്യത്തിൽ ഉള്ള കാര്യമാണ്. ഇങ്ഗ്ളിഷിലെ സമത്വാധിഷ്ഠിത കോഡുകളോട് ഇങ്ങിനെ വ്യക്തമായി താദാത്മ്യം തോന്നിക്കുമാറ്, മറ്റാരും ഇങ്ങിനെയൊരു പ്രമാണം പ്രഖ്യാപിച്ചതായി അറിവില്ല.

ഈ താക്കീത്, പ്രവാചകന്റെ സ്വന്തം അനുയായികൾക്ക് തന്നെ, അവരുടെ സ്വന്തം കാര്യത്തിൽ പ്രാവർത്തികമാക്കാൻ ആയിരുന്നുവോ എന്ന് അറിയില്ല. ഉദാഹരണത്തിന്, പ്രവാചകന്റെ വളരെ അടുത്ത അനുയായിയായ അബുബക്കർ സിദ്ദിക്ക് ഇത് തന്റെ അനുയായികളോട് അനുവർത്തിക്കാൻ പറഞ്ഞിരുന്നോ എന്ന് അറിയില്ല.

ഫ്യൂഡൽ വാക്ക്-കോഡുകളുടെ പ്രശ്നത്തെക്കുറിച്ച് ഇസ്ളാം മതത്തിന് വിവരം ഉണ്ടായിരുന്നു എന്ന് തോന്നുന്നു. പ്രവാചകന്റെ പേരായ മുഹമ്മദ് എന്നത് തനിയായി ഉച്ചരിക്കാൻ പാടില്ല എന്നൊരു പ്രമാണം ഉണ്ട് എന്ന് അറിയുന്നു. ഇങ്ങിനെ ഒരു നിയമത്തിന് പിന്നിൽ പ്രവർത്തിച്ചത് എന്താണ് എന്ന് അറിയില്ല. എന്നിരുന്നാലും, ഫ്യൂഡൽ ഭാഷകളുടെ കോഡുകളെക്കുറിച്ചുള്ള ധാരണയാണോ ഇത് എന്നതിനെക്കുറുച്ചും അറിയില്ല. ആ നിയമം ഖുറ്ആനിൽ നിന്നുമാണോ, അതോ ഹദീസിൽ നിന്നുമാണോ എന്നും അറിയില്ല.

എന്നാൽ, ഇസ്ലാം ദക്ഷിണേഷ്യൻ ഉപഭൂഖണ്ടത്തിൽ പടർന്നപ്പോൾ, ഈ പ്രദേശങ്ങളിലെ ഫ്യൂഡൽ ഭാഷാ കോഡുകളുടെ പ്രഹരത്തെ നേരിടാൻ ചെറുതായെങ്കിലും ഒരു ശ്രമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നു. ഇക്കാര്യത്തിൽ ക്രിസ്തീയ മതം ഈ ഉപഭൂഖണ്ടത്തിൽ ഭാഷാപരമായി എടുത്ത നിലപാടിൽനിന്നും വ്യത്യസ്തമായാണ് ഇസ്ലാം എടുത്ത നിലപാട് എന്ന് തോന്നുന്നു. ക്രിസ്ത്തീയർ വാക്ക് കോഡുകളുടെ ഏറ്റവും താഴത്തനിലയിലേക്ക് നീങ്ങി, 'അവൻ', 'നീ', തുടങ്ങിയ വാക്കുകളുടെ ആത്മബന്ധത്തിന്റെ നിലവാരങ്ങളാണ് ഉപയോഗപ്പെടുത്തിയത് എന്ന് തോന്നുന്നു.

അതേ സമയം ഇസ്ലാം പലയിടത്തും ഈ ഉപഭൂഖണ്ടത്തിലെ വാക്ക് കോഡുകളുടെ അള്ളിപ്പിടുത്തത്തിൽനിന്നും വിട്ടുനിൽക്കാനും, മതപരമായ ദിവ്യവ്യക്തിത്ത്വങ്ങളെ ഈ ഭാഷാകോഡുകളുടെ നിഷേധാത്മകമായ പിടിയിൽ വിട്ടുകൊടുക്കാതെയും നിലകൊണ്ടു എന്ന് തോന്നുന്നു.

പ്രവാചകനെ പരാമർശിക്കുമ്പോൾ, 'അദ്ദേഹം' എന്ന പദമാണ് ഉപയോഗിക്കുന്നത് എന്നാണ് തോന്നുന്നത്. പ്രവചകനെ ഏത് വാക്കിനാലാണ് സംബോധന ചെയ്യുന്നത് എന്ന് അറിയില്ല. എന്നാൽ, പ്രവാചകനോട് ദൈവത്തിനോടുള്ള പ്രാർത്ഥനയിൽ മദ്ധ്യസ്ഥം വഹിക്കാൻ ആവശ്യപ്പെടാറില്ല എന്നാണ് തോന്നുന്നത്. യേശുവിന്റെ കാര്യത്തിൽ, അങ്ങിനെയല്ല.

പ്രവാചകനെ 'നബി തിരുമേനി' എന്ന് മലയാളത്തിൽ എവിടെയോ എഴുതിയത് കണ്ടതായി ഓർക്കുന്നു. ഈ 'തിരുമേനി' എന്ന പദപ്രയോഗം, മൌലികമായ ഇസ്ലാമിൽ ഉള്ളതാണോ എന്ന് ഒരു സംശയം. കാരണം, പ്രവാചകൻ ഇങ്ങിനെയൊരു നിലപാട് എടുത്തിരുന്നു എന്നു തോന്നുന്നില്ല.

പ്രവാചകനായ മുഹമ്മദുമായി നേരിട്ട് കുടുംബ ബന്ധമുള്ളവർ എന്ന് അറിയപ്പെടുന്ന തങ്ങൾമാരെയും, അവരുടെ കുട്ടികളെയും 'നീ' എന്നോ, 'ഇഞ്ഞി' എന്നോ സംബോധന ചെയ്യരുത് എന്നൊരു ചട്ടംതന്നെ സുന്നി ഇസ്ലാമുകരുടെ ഇടയിൽ ഉണ്ട് എന്ന് അറിയുന്നു. ഈ ഒരു പ്രശ്നം അറബിയിൽ ഉണ്ടായിരുന്നതാണോ എന്ന് അറിയില്ല. എന്നാൽ, തോന്നുന്നത്, ഉപഭൂഖണ്ടത്തിലെ ഭാഷകളുടെ ക്രൌര്യത്തിൽനിന്നും മതപരമായി ഔന്നിത്യത്തിൽ നിലകൊള്ളുന്ന വ്യക്തികളെയെങ്കിലും മാറ്റിനിർത്താനുള്ള ശ്രമമാകാം ഇത് എന്ന് തോന്നുന്നു. ഇതിനെക്കുറിച്ചും കാര്യമായ വിവരം ഈ എഴുത്തുകാരന് ഇല്ല.

പ്രവാചകനായ മുഹമ്മദിനെക്കുറിച്ച് വളരെ നല്ല അഭിപ്രായമേ പറയാനുള്ളു. അമിതമായ പ്രകോപനങ്ങൾക്കിടിയിലും അമിതമായ ആത്മസംയമനവും, മറ്റ് ജീവജാലങ്ങളോട് അനുകമ്പയും ഉള്ളതായാണ് കാണുന്നത്. മാത്രവുമല്ല, മനസ്സിൽ പകവച്ചില്ല എന്നു കാണുന്നു. പോരാത്തതിന് തന്നോട് കടുത്ത അപരാധം ചെയ്തവരോടും മാപ്പ് നൽകുന്നതും കാണുന്നു.

എന്നിട്ടും, ഇന്ന് ഇസ്‌ളാമിന് ലോകൈകമായിട്ടുള്ള നിർവ്വചനം പലദിക്കിലും ഇതിന് നേരെ വിപരീതമാണ്. ഇങ്ങിനെയൊരു സംഭവവികാസത്തിൽ, പലർക്കും ഉത്തരവാദിത്വം ഉണ്ട് എന്നത് ശരിയായിരിക്കാം. വ്യത്യസ്ത ഇസ്ലാം മതസ്ഥരുടെ പ്രാദേശിക ഭാഷാ സംസ്ക്കാരത്തിന് ഇതിലൊരു പങ്ക് ഉണ്ടാവാം. കാരണം, പ്രവാചകനായ മുഹമ്മദിന്റെ ഏറ്റവും നിസ്സാരമായി കാണാവുന്ന, താൻ കടന്നുവരുമ്പോൾ ബഹുമാന സൂചകമായി എഴുന്നേൽക്കേണ്ട എന്ന പ്രമാണം ഫ്യൂഡൽ ഭാഷകളിൽ നടപ്പില്ലതന്നെ.

വ്യക്തിപരമായതും, സാമൂഹികമായതും, മതപരമായതുമായ പ്രകോപനങ്ങളുടെ ഉറവിടം പലപ്പോഴും ഭാഷാകോഡുകളിലാണ് സ്ഥിതിചെയ്യുന്നത്. ഈ പ്രകോപനങ്ങളുടെ ഉറവിടത്തെ അന്വേഷിച്ച്, മതങ്ങളുടെ വിശുദ്ധ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ, യഥാർത്ഥ പ്രകോപനങ്ങളെ കണ്ടെത്താനാവില്ല, എന്നാണ് തോന്നുന്നത്. ഈ

ഉപഭൂഖണ്ഡത്തിലെ വർഗ്ഗീയ കലാപങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രകോപനം നൽകിയത് ഭാഷാകോഡുകൾതന്നെയാണ്. തെക്കേ മലബാറിലെ മാപ്പിള ലഹളയുടെ പ്രകോപനങ്ങളിൽ പോലും, ഇത് കാര്യമായി പ്രവർത്തിച്ചിട്ടുണ്ട് എന്നാണ് തോന്നുന്നത്.

മറ്റ് ചിലകാര്യങ്ങളും പറയാനുണ്ട്. പിന്നീട് ആകാം.

ലോകത്തിന് മുഴുവനായും ഒരു ഭാഷ, ദൈവം നടപ്പിൽവരുത്തും എന്ന സങ്കൽപം പല ആദ്ധ്യാത്മിക സംസക്കാരങ്ങളും സൂചിപ്പിച്ചുകാണുന്നുണ്ട്. ആ ഭാഷ ഉച്ചനീചത്വ കോഡുകളുള്ളതാവുമോ, അതോ നിരപ്പുള്ള കോഡുകൾ ഉള്ളതായിരിക്കുമോ എന്നത് കണ്ടറിയേണ്ടിയിരിക്കുന്നു.

103. പ്രത്യയശാസ്ത്രങ്ങൾ ഫ്യൂഡൽ ഭാഷാകോഡുകൾക്ക് മുന്നിൽ പരാജയപ്പെടുന്നു

പ്രവാചകനായ മുഹമ്മദ് ദൃഷ്ടാന്തീകരിച്ച ഇസ്ലാമും ഫ്യൂഡൽ ഭാഷകളിൽ അനുഭവസിദ്ധമായ ഇസ്ലാമും തമ്മിലുള്ള അന്തരത്തെ ചിത്രീകരിക്കുന്ന ഒരു സംഭവവിവരണം ഇവിടെ നൽകാം.

ഈ കഥ ഈ എഴുത്തുകാരനോട് പറഞ്ഞത് ഒരു മുസ്ലീം വ്യക്തിതന്നെയാണ്. ഇതിലെ മുഖ്യ കഥാപാത്രത്തോട് അതീവ ആരാധ്യമനോഭാവത്തോട് കൂടിയാണ് ആ ആൾ ഈ കഥ പറഞ്ഞത്.

കോഴിക്കോട് പട്ടണത്തിൽ നിന്നും ഏതാണ്ട് 85 കിലോമീറ്റർ കിഴക്ക് ഉള്ള ഒരു ചെറിയ ഗ്രാമമായിരുന്നു കുറ്റ്യാടി എന്ന പ്രദേശം. കഥയുടെ കാലഘട്ടം ഏതാണ്ട് 60കൾ ആണ് എന്ന് തോന്നുന്നു. ഇന്ന് കുറ്റ്യാടിയും കോഴിക്കോടും തമ്മിൽ ഏതാണ്ട് 50 കിലോമീറ്റർ ദൂരം മാത്രമേ ഉള്ളു.

കുറ്റ്യാടിക്കടുത്ത് ഒരു മുസ്ലിം ഭൂജന്മിയുണ്ടായിരുന്നു. ആ ആളുടെ പേരിന് പിന്നിൽ സാഹിബ് എന്ന സ്ഥനാനാമവും ഉണ്ടായിരുന്നു. ഈ സ്ഥാനനാമം എന്തിനെയാണ് പ്രതിനിധീകരിക്കുന്നത് എന്ന് അറിയില്ല.

നിർത്താതെ തേങ്ങ പറിക്കാനും മാത്രം ഭൂസ്വത്ത് ഉള്ള അതിഗംഭീര സമ്പത്തുള്ളവ്യക്തിയായിരുന്നു ഈ ആൾ. ഒരു പ്രാദേശിക രാജാവിന്റെ സാമൂഹിക അധികാരം ഈ വ്യക്തിയിൽ സാധാരണക്കാർ കണ്ടിരുന്നു. ഇവിടെ ചെറുതായൊന്ന് സൂചിപ്പിക്കാനുള്ളത്, ഈ വ്യക്തിയുടെ അമിത സമ്പത്ത് മറ്റ് ജനങ്ങളുടെ സാമൂഹിക ഉന്നമനത്തിൽ കലാശിക്കില്ല എന്നുള്ളതാണ്. ഇത് ഈ ഉപഭൂഖണ്ഡതിന്റെ സ്വഭാവം.

കുറ്റ്യാടി അങ്ങാടി വെറും ഏതാനും ചെറിയ പീടികൾ ഉള്ള, ചുറ്റും വയലുകൾ ഉള്ള ഒരു പ്രദേശം. ഒരു നാൾ ഈ സാഹിബ് അങ്ങാടിയിൽ വന്നു.

പീടികകളിൽ ഇരിക്കുന്ന ആളുകൾ എല്ലാവരും, തലയിലെ കെട്ടഴിച്ച് വിധേയ ഭാവത്തിൽ എഴുന്നേറ്റ് നിന്നു. എന്നാൽ ഒരു പീടികയിൽ പുതുതായി ആ പ്രദേശത്ത് വന്നിരുന്ന ഒരു മുസ്ലിം വ്യക്തി ഇരിക്കുന്നുണ്ടായിരുന്നു. ഈ വ്യക്തി എഴുന്നേറ്റില്ല. ഈ വ്യക്തിയുടെ ഭാവം തികച്ചും മൌലികമായ ഇസ്ലാം പ്രകാരം ആയിരുന്നു എന്ന് തോന്നുന്നു.

മറ്റൊരു വ്യക്തിയോട് വിധേയത്വം കാണിക്കേണ്ടുന്ന കാര്യമില്ലതന്നെ. രണ്ട് പേരും ഇസ്ലാം.

വിധേയത്വവും ബഹുമാനവും ഫ്യൂഡൽ ഭാഷാ സമൂഹത്തിലെ ഏറ്റവും ബലവത്തായ അടയാളങ്ങളാണ്. ഇത് പ്രതീക്ഷിക്കപ്പെടും. നൽകപ്പെടും. വളരെ അപൂർവ്വമായി ഇവ നിഷേധിക്കപ്പെടുന്ന അവസരങ്ങൾ വളരെ കൃത്യമായി മനസ്സിൽ അടയാളപ്പെടുത്തും.

സാഹിബ് ഒറ്റനോട്ടത്തിൽ വിധേയത്വം നൽകാത്ത ഈ ആളെ ശ്രദ്ധിച്ചു. ആ ആളുടെ അടുത്തേക്ക് പോയി വിശേഷങ്ങൾ ചോദിച്ചു.

ആളുകൾ ഞെട്ടി. നാട്ടിലെ സർവ്വശക്തനായ വ്യക്തിയോട് ഈ പുതിയ ആൾ യാതോരു വിധേയത്വവും പ്രകടിപ്പിക്കാതെ പെരുമാറുന്നു. സംസാരിക്കുന്നു.

ദിവസങ്ങൾക്കുള്ളിൽ കൂടുതൽ ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ. ഈ വ്യക്തി സാഹിബിന്റെ കൂടെ കാറിൽ യാത്ര ചെയ്യുന്നു. സാഹിബിന്റെ വീട്ടിൽ പോയി ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നു.

പിന്നെ അതിലും ഗംഭീര വാർത്ത. സാഹിബും ഈ വ്യക്തിയും കൂറുകൂടി കച്ചവടം തുടങ്ങിയിരിക്കുന്നു. കല്ലായിയിൽ മരത്തടി വ്യാപാരം. സാഹിബ് കാര്യമായി പണം ഇറക്കിയിട്ടുണ്ട്. ഈ ആൾ അയാളുടെ സർവ്വസ്വത്തും മുതൽമുടക്കിയിട്ടുണ്ട്. ഈ ആൾ ഇപ്പോൾ നാട്ടിലെ പ്രമാണിയെപ്പോലെയാണ്.

പിന്നെ വന്നത് പൊട്ടിത്തെറി പോലുള്ള വാർത്തയാണ്. കുത്തി ഒഴുകിവന്ന മഴവെള്ളത്തിൽ, കല്ലായിപ്പുഴയിൽ സൂക്ഷിച്ചുവച്ചിരുന്ന മരത്തടി മൊത്തം ഒഴുകിപ്പോയി. സാഹിബിന് നഷ്ടമായത് സമ്പത്തിന്റെ നിസ്സാരമായ ഒരു വിഹിതം. മറ്റേ ആളുടെ സ്വത്തിൽ സർവ്വതും വെള്ളത്തിൽ ഒലിച്ചുപോയി.

ഈ കഥ പറഞ്ഞ വ്യക്തി, കഥ അവസാനിപ്പിച്ചത് ഇപ്രകാരമാണ്: പിന്നുള്ള ദിവസങ്ങളിൽ അങ്ങാടിയിൽ സാഹിബ് വരുമ്പോൾ ആദ്യം എഴുന്നേൽക്കുന്നത് ഈ ആളായിരിക്കും. അയാൾ പൂർണ്ണമായും സാഹിബ്ബിന്റെ ദാസ്യനും ആശ്രിതനും ആയി മാറിയിട്ടുണ്ടായിരുന്നു.

ഇവിടെ പറയാനുള്ളത്, ബഹുമാനവും വിധേയത്വവും പ്രതീക്ഷിക്കപ്പെടുന്നിടത്ത് ലഭിച്ചില്ലെങ്കിൽ, മനുഷ്യ മനസ്സിൽ വിഷം

കയറും എന്നുള്ളത്, ഫ്യൂഡൽ ഭാഷാ കോഡുകളുടെ പ്രവർത്തനത്താലാണ്. സമത്വവാദം (egalitarianism) പ്രോത്സാഹിപ്പിക്കുന്ന യാതോരു തത്വസംഹിതയ്ക്കും മതത്തിനും ഈ ഭാഷാ കോഡുകളുടെ ബലത്തെ നിയന്ത്രിക്കാനോ തടയാനോ ആകില്ലതന്നെ. വേദാന്തങ്ങളും ധർമ്മതീതികളും, സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രങ്ങളും മറ്റും ഇവയുടെ മുന്നിൽ തികച്ചും അർത്ഥശൂന്യവും നിഷ്പ്രഭവും ആവുന്നു.

104. കുറുക്കുവഴികളിലൂടെ പ്രശ്നപരിഹാരത്തിന് മുതിരുന്നവർ

ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചരിത്രത്തെകുറിച്ചുള്ള ഒരു അനുഭാവ്യചിത്രീകരണം എഴുതുന്നതിന് മുൻപായി ഉള്ള അവതാരിക ഇവിടെ ഉപസംഹരിക്കുകയാണ്. ഈ അവതാരികയിൽ ഈ ഉപഭൂഖണ്ഡത്തിനെ ആകമാനമായി ആവരണം ചെയ്യുന്നതും ഗ്രസിക്കുന്നതുമായ ഫ്യൂഡൽ ഭാഷകളുടെ സ്വഭാവ വിശേഷണങ്ങൾ ചിത്രീകരിക്കുകയാണ് ചെയ്തത്.

ചരിത്രത്തിന്റെ അനുഭാവ്യ ചിത്രീകരണം നൽകുന്നതിന് ഇത്രയും വിശാലമായി, കേവലം നിസ്സാരമായ, ഭാഷയെന്ന ഘടകത്തിന് ഇത്രമാത്രം പ്രാധാന്യം എന്തിന് നൽകിയെന്നൊരു ചോദ്യം മനസ്സിലുദിക്കുന്നുവെങ്കിൽ, പറയാനുള്ളത്, ചരിത്രത്തെ മാത്രമല്ല മറ്റ് പലതിനേയും ഭാഷാ കോഡുകളിലൂടെ വിശകലനം ചെയ്യേണ്ടതാണ് എന്നാണ്.

സാമ്പത്തിക ശാസ്ത്രം, സാമൂഹിക ശാസ്ത്രം, മനശ്ശാസ്ത്രം, രാഷ്ട്ര തന്ത്ര ശാസ്ത്രം, വൈവാഹിക ജീവിതം, തൊഴിൽ മേഖല, വിദ്യാഭ്യാസ മേഖല, ഭരണയന്ത്രം, പോലീസ് പെരുമാറ്റം, സോഷ്യൽ എൻജിനീയറിങ്ങ് (Social Engineering) തുടങ്ങി മറ്റെല്ലാ വിഷയങ്ങളിലും ഈ ഭാഷാ കോഡുകളെക്കുറിച്ചുള്ള വ്യക്തമായ വിവരം കാര്യമായതും, സൂക്ഷ്മമായതുമായ അറിവ് നൽകും. കാരണം, ഇങ്ഗ്ളിഷിൽ കാണുന്നത് പോലെയല്ല കാര്യങ്ങൾ. വ്യക്തികളും എല്ലാവിധ കാര്യങ്ങളിലും ഫ്യൂഡൽ ഭാഷാ കോഡുകൾ, അവയിൽ കോഡ്ചെയ്യപ്പെട്ടിട്ടുള്ള പ്രവർത്തനരീതികൾക്കനുസൃതമായി കാര്യങ്ങളെ സ്വാധീനിക്കും.

എന്നാൽ, ഈ വിഷയത്തെക്കുറിച്ച് ഒരു കാര്യം കൂടി പറയാനുണ്ട്. 'ജീവൻ' എന്ന പ്രതിഭാസത്തെയും, മനസ്സിനെയും (Brain software (https://t.me/VED_036/1857)) മസ്ത്തിഷ്ക്കത്തെയും, ഭൌതിക യാഥാർത്ഥ്യത്തേയും (Codes of reality (https://t.me/VED_036/2014)) മറ്റും രൂപകൽപ്പന ചെയ്യുന്നതും, നിർവ്വഹണം ചെയ്യുന്നതുമായ അമാനുഷ സോഫ്ട്വേറുകളുമായി ഭാഷാകോഡുകൾക്ക് ബന്ധമുണ്ട്. ഈ വിഷയത്തെക്കുറിച്ച് പിന്നീട് ആവുമെങ്കിൽ പ്രതിപാദിക്കാം.

ഹോമിയോപ്പതിയെന്ന രോഗചികിത്സാ സമ്പ്രദായത്തിന്റെ പിന്നണിയിൽ പ്രവർത്തിക്കുന്ന യന്ത്ര സംവിധാനത്തെക്കുറിച്ചും ഇതിനോടൊപ്പം വിശകലനം ചെയ്യാനായേക്കാം.

ഭാഷാ കോഡുകൾ എന്ന വിശാലമായ വിഷയത്തെക്കുറിച്ച് യാതോരു വിവരവും ഇല്ലാതെയാണ് ഇന്ന് ഇന്ത്യയിൽ പല നിയമങ്ങളും നടപ്പിൽവരുത്തുന്നത്. കേവലം തരിശായ ഏതെങ്കിലും ഒരു ഔപചാരിക വിദ്യാഭ്യാസ ബിരുദത്തിന്റെ പിൻബലത്തോടു കൂടിയാണ് പലരും ഇതിന് മുൻകൈ എടുക്കുന്നത്.

ഇങ്ഗ്ളിഷ് ഭരണകാലത്ത്, ബ്രിട്ടിഷ്-ഇന്ത്യയിലെ (ഇവിടുണ്ടായിരുന്ന സ്വതന്ത്ര രാഷ്ട്രങ്ങളിലെ അല്ല) ജനക്കൂട്ടങ്ങളിലെ വിവിധ വ്യത്യസ്ത ഘടകങ്ങളുടെ സാമൂഹിക പെരുമാറ്റങ്ങളെയും താൽപ്പര്യങ്ങളെയും കണക്കിൽ എടുത്ത്, വളരെ ശ്രദ്ധയോടും, സൂക്ഷ്മമായും, ക്രമേണയും മറ്റുമായി നടപ്പിൽ വരുത്തിയ നിയമങ്ങളിൽ, ഇന്ന് ഗഹനമായുള്ള യാതോരു ശ്രദ്ധയും ഇല്ലാതെ, ദുരവ്യാപകമായ സാമൂഹിക സ്വാധിനം ചെലുത്തുന്ന മാറ്റങ്ങൾ യാതോരു ലക്കും ലഗാനും ഇല്ലാതെ വരുത്തുന്നുണ്ട്.

എല്ലാറ്റിനും ഏകമായ ഒരു സിവിൽകോഡ് എന്ന ആശയംതന്നെ വിപത്തുകൾ നിറഞ്ഞതാണ്. കാരണം, ഇങ്ങിനെയുള്ള ഒരു നിയമം, വ്യത്യസ്ത മാനസിക അനുഭവങ്ങൾ നേരിടുന്ന ജനക്കൂട്ടങ്ങളുടെ വിചാര ധാരയെ കണക്കിലെടുക്കുന്നില്ല എന്നുള്ളതാണ് വാസ്തവം. എല്ലാവർക്കും ഒരുതരം ഒറ്റമൂലിയെന്ന രീതിയിൽ സർവ്വതിനേയും ബാധിക്കുന്ന, കുറുക്ക് വിദ്യാ പ്രയോഗമാണ് ഇന്ന് മിക്ക നിയമനിർമ്മാണവും.

വിദ്യാഭ്യാസം, ശൈശവ വിവാഹം, ചെറുപ്രായക്കാർക്ക് തൊഴിൽ ചെയ്യാനുള്ള അവകാശം, കുടുംബ ബന്ധങ്ങൾ, തൊഴിൽ ബന്ധങ്ങൾ എന്നിവയിലെല്ലാം വ്യത്യസ്ത ജീവിതാനുഭവങ്ങൾക്ക് ജനങ്ങളും, വ്യക്തികളും അനുഭവസ്ഥരാണ്. എല്ലാവരുടേയും മേൽ ഏകമായ ഒരു നിയമം നടപ്പിൽ വരുത്തുന്നതിന് മുൻപായി, ഈ വ്യത്യസ്ത വ്യക്തികൾ നേരിടുന്ന വ്യത്യസ്ത പ്രശ്നങ്ങൾ അറിഞ്ഞിരിക്കേണം, എന്നാണ് തോന്നുന്നത്.

105. ഈ എഴുത്തിനെക്കുറിച്ച്

ഫ്യൂഡൽ ഭാഷകൾ മനുഷ്യ ജീവിതത്തിന്റെ ഓരോ ഘടകങ്ങളെയും എങ്ങിനെ സ്വാധീനിക്കും എന്ന് വിവരിച്ചും, അവയ്ക്ക് യുക്തമായ ചിത്രീകരണങ്ങൾ നൽകിയും എഴുതുകയാണെങ്കിൽ, അത് മഹാഭാരതം എന്ന ഗ്രന്ഥത്തിനേക്കാളും വലിയ ഗ്രന്ഥമായിരിക്കും.

ഭാഷ കോഡുകളെക്കുറിച്ച് പലതും പറയാനുണ്ട്. സൌകര്യപ്പെടുമെങ്കിൽ അത് പിന്നീട് ചെയ്യുന്നതായിരിക്കും.

ഈ ചരിത്രം എഴുത്തിന്റെ അവതാരികാ അദ്ധ്യായം ഇവിടെ അവസാനിക്കുകയാണ്. അടുത്ത അദ്ധ്യായം തുടങ്ങാനുദ്ദേശിക്കുന്നു. അടുത്ത ചുവട് എവിടെ വെക്കണം എന്ന് തീരുമാനിക്കാനായി ഇവിടെ ഉപസംഹരിക്കുന്നു.

അച്ചടി രൂപത്തിലും ഡിജിറ്റൽ പുസ്തകരൂപത്തിലും ഇറക്കുന്ന ഈ പുസ്തകം മിക്കവാറും എല്ലാ രീതിയിലും നിത്യപ്രക്ഷേപണമായി അയച്ച അതെ വാക്ക്യങ്ങളാണ്. എന്നാൽ, പ്രക്ഷേപണത്തിൽ ചെറിയ രീതിയിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള അസഭ്യവാക്കുകൾ, അവയുടെ പൂർണ്ണരൂപത്തിലാണ് ഈ അച്ചടിച്ച ഗ്രന്ഥത്തിലും ഡിജിറ്റൽ ഗ്രന്ഥത്തിലും നൽകിയിട്ടുള്ളത്.

ഇതിന്റെ കാരണം, ചരിത്രപരമായി, സൂക്ഷ്മതയും സ്പഷ്ടതയും നിലനിർത്താനാണ്.

ഇതുമായി ബന്ധപ്പെട്ട ഒരു അനുഭവം ഈ എഴുത്തുകാരന് ഉണ്ടായിട്ടുണ്ട്. കുറച്ച് കാലം മുൻപ്, കൊടുങ്ങല്ലൂർ ഭരണിയെക്കുറിച്ച് ഗഹനമായ ഒരു ലേഖനം എഴുതാൻ ഒരുമ്പെട്ടപ്പോൾ കണ്ടത്, ഈ വാർഷിക ആഘോഷവുമായി ബന്ധപ്പെട്ട് നൂറ്റാണ്ടുകൾക്ക് മുൻപ് ചൊല്ലാറുള്ള അസഭ്യവചനങ്ങൾ എവിടെയും രേഖപ്പെടുത്തിക്കാണുന്നില്ലാ എന്നതാണ്. ആകെ ലഭ്യമായതിൽ മിക്കവയും ഏതാണ്ട് കഴിഞ്ഞ ഒരു 100 വർഷങ്ങൾക്കുള്ളിൽ ഉപയോഗത്തിൽ വന്നവയാണ്. ഈ ആഘോഷങ്ങൾ ചരിത്രകാലഘട്ടങ്ങളിൽ ഏത് ഭാഷയിലാണ് നടത്തപ്പെട്ടത് എന്നുപോലും കൃത്യമായി അറിയാൻ പറ്റിയില്ല.

മലയാളവും, മലബാറിയും ഭാഷകൾ സംസാരിച്ച ആളുകൾ ഉപയോഗിച്ച അസഭ്യവാക്കുകൾ, അവരുടെ സാമൂഹിക ചരിത്രവുമായി കാര്യമായി ബന്ധപ്പെട്ടുകിടക്കുന്നുണ്ട്.

ഉദാഹരണത്തിന്, തിരുവിതാംകൂറിൽ, 1800കളിൽ ശൂദ്രരും താഴ്ന്ന ജാതിക്കാരും തമ്മിൽ തെരുവു യുദ്ധങ്ങൾ നടന്നിരുന്നു. ഇതിന്റെ സാമൂഹികമായ കാരണം, ഇങ്ഗ്ളണ്ടിൽനിന്നും വന്ന ക്രിസ്ത്യൻ മിഷിനറിമാരുടെ സ്വാധീനത്തിൽ കീഴ്ജാതിക്കാർ പലരും സാമൂഹികവും വിജ്ഞാനപരമായും ഉയർന്നു. വാസ്ത്രധാരണത്തിൽ അവർക്ക് ഉണ്ടായ പരിമിതികൾക്ക് അപ്പുറമുള്ള വസ്ത്രധാരണത്തിന് ശ്രമിച്ചു.

ഇങ്ങിനെ തെരുവീധികളിലൂടെ അനുവദിക്കപ്പെട്ട നിലവാരത്തിന് അതീതമായി വസ്ത്രധാരണം നടത്തിയ കീഴ്ജാതിക്കാരും, അവരെ എതിർത്ത ശൂദ്രരും തമ്മിൽ ഏറ്റുമുട്ടി.

ഈ വക ഏറ്റുമുട്ടലുകളുടെ ക്രൌര്യം മനസ്സിലാക്കണമെങ്കിൽ, അവർ തമ്മിൽ ഉപയോഗിച്ച അസഭ്യവാക്കുകളെപ്പറ്റി ഒരു വിവരം ഉണ്ടായിരിക്കേണം.

ഇതുമായി ബന്ധപ്പെട്ട് വളരെ വ്യക്തമായി കാണാവുന്ന ഒരു ചിത്രീകരണം ഉണ്ട്. 1946ന് ചുറ്റുപാടിൽ പുന്നപ്രയിലും വയലാറിലും സംഘടിച്ച കീഴ്ജാതിക്കാരും പോലീസും തമ്മിൽ സംഘർഷം നിലവിൽവന്നു. ഇതിനെ പറഞ്ഞുതീർക്കാനായി അവിടെക്ക് പോയ തിരുവിതാംകൂർ രാജ്യത്തിലെ പോലീസ് ഇൻസ്പക്ടറെ കീഴ്ജാതിക്കാർ അടിച്ചുകൊന്നു. ഈ സംഭവവികാസം തന്നെ ലണ്ടൻ മിഷിനറി സൊസൈറ്റിയിലെ മിഷിനറിമാർ വർഷങ്ങൾക്ക് മുൻപ് സമൂഹത്തിൽ വരുത്തിവച്ച വിപ്ളവാത്മകമായ മാറ്റിമറിക്കലുകളുടെ അനന്തര ഫലമായി കാണാവുന്നതാണ്.

ഈ സംഭവവുമായി ബന്ധപ്പെട്ട ഏറ്റുമുട്ടലിനെ പുന്നപ്രവയലാർ എന്ന പേരിൽ സിനിമായാക്കിയപ്പോൾ, തികച്ചും വ്യത്യസ്തമായ ഒരു ചിത്രീകരണമാണ് പുറത്ത് വന്നത്. പ്രേംനസീറും ഷീലയും ഈ വിപ്ളവപക്ഷത്തെ പ്രതിനിധീകരിച്ചപ്പോൾ, തികച്ചും സ്ത്രൈണ സ്വഭാവവും, വളരെ മയമുള്ള ജനതയേയും മറ്റുമാണ് കാണപ്പെട്ടത്. എന്നാൽ, വാസ്തവം തികച്ചും പരുക്കൻ തന്നെയാകാനാണ് സാധ്യത.

‘വസന്തപുഷ്പാഭരണം ചാർത്തിയ വയലേലകളിൽ’നിന്നും മറ്റുമായിരിക്കില്ല പ്രചോദനം. മറിച്ച് രണ്ടുപക്ഷത്തേയും ഇളക്കിമറിച്ചിട്ടുണ്ടാവുക തികച്ചും പരുക്കനായ അസഭ്യവാക്ക് പ്രയോഗമായിരിക്കും.

YouTubeൽനിന്നും, **പുന്നപ്രവയലാർ** എന്ന **സിനിമയിലെ സഖാക്കളെ മുന്നോട്ട്** എന്ന ഗാനം കാണുക. (LFyoAFslBnk)

Go to CONTENTS

VED from VICTORIA INSTITUTIONS

It is foretold! The torrential flow of inexorable destiny!

VICTORIA INSTITUTIONS

Aaradhana

DEVERKOVIL

Website

Telegram

Go to CONTENTS

Books by
VED from VICTORIA INSTITUTIONS

01. Software codes of mantra, tantra, witchcraft, black magic, evil eye, evil tongue &c.

02. MARCH of the EVIL EMPIRES; ENGLISH versus the FEUDAL LANGUAGES

03. The SHROUDED SATANISM in FEUDAL LANGUAGES! Tribulations and intractability of improving others!!

04. Codes of reality! What is language?

05. Software codes of Reality, Life and Languages!

06. A different perspective on International Relationship

07. The machinery of Homoeopathy

08. Gandhi and his 'Ji'; Grooming up of a fake

09. Vintage English

10. ENTERING the WORLD of ANIMALS

11. Indian Culture! What is it exactly?

12. INDIAN MARRIED LIFE: The undercurrents!

13. An urgent appeal for ENGLISH RACISM

14. Idiocy of the Indian Protection of Women from Domestic Violence Act!

15. VED's ONLINE WRITINGS 2004 to 2007

16. Feudal languages! What are they?

17. Horrendous India! A parade of facade in verbal codes!

18. The tragic consequences of teaching Hindi in Australia!

19. An impressionistic history of the South Asian subcontinent

20. VEILED routes to resources in Computers & on the Internet, unVEILED!

21. British sailors in Indian stinking jails!

22. What is different about pristine ENGLISH?

23. Compulsory Formal Education: A travesty

24. Prospects for research studies on language codes

English & Vernacular mix

1. Old Malayalam Film Songs' Annotations in English

2.D angers of making Malayalam the language of administration in Kerala

3. Writ Petition against Compulsory Malayalam Study: An argument against teaching feudal languages മലയാളം നിർബന്ധിച്ച് പഠിപ്പിക്കുന്നതിന് എതിരെ ഒരു റിറ്റ് ഹരജി: ഫ്യൂഡൽ ഭാഷകൾ പഠിപ്പിക്കുന്നതിന് എതിരെയുള്ള ഒരു വാദഗതി

4.W ords from Malabar Language

5. FENCE EATING the CROPS! A treatise on the bureaucratic loot & swindle of India.

6. ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡ ചിരിത്രത്തെക്കുറിച്ചുള്ള ഒരു അനുഭാവ്യ ചിത്രീകരണം

7. Why can't you speak English? നിങ്ങൾക്ക് എന്ത്കൊണ്ട് ഇങ്ഗ്ളിഷ് സംസാരിച്ചുകൂടാ? (മലയാളം സംസാരിക്കുന്നവർക്കായുള്ള ഇങ്ഗ്ളിഷ് പഠന പദ്ധതി)

8. An English-Malayalam Dictionary by Tobias Zacharias

9. The Prophet by Kahlil Gibran (along with Malayalam Translation)

Commentaries attached to famous books

01. NATIVE LIFE IN TRAVANCORE by REV. Samuel Mateer

02. TRAVANCORE STATE MANUAL by V Nagam Aiya

03. Castes & Tribes of Southern India - Volume 1 by Edgar Thurston

04. Malabar (Manual) by William Logan

05. OSCAR WILDE and MYSELF by Lord Alfred Douglas

06. THE NATIVE RACES OF SOUTH AFRICA by GEORGE W. STOW

Go to CONTENTS

07. MEIN KAMPF by Adolf Hitler - A demystification!

Other books published by VICTORIA INSTITUTIONS

1. Omens and superstitions of Southern India by Edgar Thurston
2. English Self-learning book - English learning book
3. Kama Sutra by Vatsyayan
4. Holy Bible King James Version
5. Notes, Splices and Rope Work by A. HYATT VERRILL
6. Minutes on Indian Education by Thomas Babington Macaulay
7. MANUSCRIPTS, ANNOTATIONS and LETTERS - Oscar Wilde
8. THE MAHABHARATHA by Krishna-Dwaipayana Vyasa
9. MULTIPLICATION TABLES 1 - 2
10. Slavery in the South-Asian Subcontinent
11. Chambers's Twentieth Century Dictionary Of The English Language
12. DE PROFUNDIS by Oscar Wilde
13. AMUSEMENTS IN MATHEMATICS by HENRY ERNEST DUDENEY
14. The Captivity, Sufferings and Escape of James Scurry
15. THE STORY OF CAWNPORE by CAPT. MOWBRAY THOMSON

Direct ENGLISH and other classes via TELEGRAM.

Or Search inside Telegram for : DEVERKOVIL Inc.